

അല്ലാമാ നദ്‌വി ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി മുൻ വൈസ്ചാൻസലർ സർ പാട്രിയറ്റ് നെയ്ൽ ക്യൂസി മുസ്‌ലിം വേൾഡ്‌ലീഗ് മുൻ ജന.സെക്രട്ടറി ഡോ.അബ്ദുല്ല ഉമർ നസീഫ് എന്നിവരോടൊപ്പം

www.abulhasanalinadwi.org

www.abulhasanalinadwi.org

# സയ്യിദ് അബുൽഹസൻ നദ്‌വി

## ജീവിതവും ദർശനവും

www.abulhasanalinadwi.org

# سید ابو الحسن علی الندوی

## حیاتــه وأفــكــاره

(لغة مليالم)

مؤلف:

يوسف محمد الندوى

الناشر:

اكادمية سيد ابوالحسن على الندوى الإسلامية

ص.ب: ٧٠١ ، كاليكوت – ٣

كيرالا – الهند

www.abulhasanalinadwi.org

# സയ്യിദ് അബുൽഹസൻ നദ്‌വി
## ജീവിതവും ദർശനവും

സന്ദേശം:
ഹസ്റത്ത് മൗലാനാ മുഹമ്മദ് റാബിअ് നദ്‌വി

അവതാരിക:
എം.പി.അബ്ദുസ്സമദ് സമദാനി എം.പി

രചന:
യൂസുഫ് മുഹമ്മദ് നദ്‌വി

സയ്യിദ് അബുൽഹസൻ അലി നദ്‌വി ഇസ്‌ലാമിക് അക്കാദമി
പി.ബി. 701, കോഴിക്കോട്-3

www.abulhasanalinadwi.org

# SAYYID ABUL HASAN NADWI

Jeevithavum Darshanavum (Malayalam)

| | | |
|---|---|---|
| Author | : | Yoosuf Mohammed Nadwi |
| First Edition | : | 2002, March |
| Copies | : | 3000 |
| Publishers | : | Sayyid Abul Hasan Ali Nadwi Islamic Academy<br>P.B.No. 701 , Kozhikode - 3<br>Kerala, India |
| Typesetting | : | Sinergi Plus, Calicut -2, Ph: 702381 |
| Price Rs. | : | 50.00 |

www.abulhasanalinadwi.org

## സമർപ്പണം

വാത്സല്യനിധികളായ
എന്റെ മാതാപിതാക്കൾക്ക്....

www.abulhasanalinadwi.org

# താളുകളിൽ


സന്ദേശം 8

അവതാരിക 10

മുഖമൊഴി 24

സയ്യിദ് അബുൽ ഹസൻ നദ്‌വി 26

**കുടുംബം 27**

കുടുംബ പരമ്പര 29

ഹസനീസാദത്ത് ഇന്ത്യയിൽ 31

പിതാവ് 33

മാതാവ് 34

സഹോദരൻ 36

സഹോദരിമാർ 37

പത്നി 38

**വിദ്യാഭ്യാസം 39**

പ്രാഥമിക വിദ്യാഭ്യാസം 42

വായനാശീലം 42

പഠന പര്യടനം 44

ഇഖ്ബാൽ കവിതകളിലൂടെ 46

**കർമപഥം 49**

ഡോ: അംബേദ്കറെ കാണുന്നു 51

അധ്യാപനവും പത്രപ്രവർത്തനവും 53

സിലബസ് പരിഷ്കരണം 54

രചയിതാവ് 56

സംഘടനാ നിലപാട് 57

നദ്‌വത്തുൽ ഉലമാ 61

പ്രഭാഷണം 63

പ്രബോധനം 64

പുതിയ ശൈലി 66

**വ്യക്തിത്വം 71**

കാലഘട്ടത്തിന്റെ ഇമാം 73

വിനയാന്വിതനായ ഗുരു 75

വിരക്തൻ 77

വിശ്വപണ്ഡിതൻ 79

രാജ്യസ്നേഹി 81

ഐക്യത്തിന്റെ വക്താവ് 83

ത്വരീഖത്തുകളുടെ ശൈഖ് 84

നദ്‌വിയിലെ നദ്‌വി 85

ദിനചര്യ 86

കേരളാ സന്ദർശനം 90

വഫാത്ത് 92

**അംഗീകാരവും പുരസ്കാരവും 95**

ദമസ്കസ് 97

റാബിത്വ 98

മദീനായൂനിവേഴ്സിറ്റി 98

മൊറോക്കൊ 98

ഫൈസൽ അവാർഡ് 99

ജോർദാൻ 100

ഡോക്ടറേറ്റ് 100

ഓക്സ്ഫോർഡ് യൂനിവേഴ്സിറ്റി 100

യൂനിവേഴ്സൽ ലീഗ് 101

ലക്സംബർഗ് 101

ഇസ്താംബൂൾ 101

ഇന്റർ നാഷ്ണൽ പേഴ്സനാലിറ്റി 102

ബൈത്തുൽ മുഖദ്ദസ് 102

ഇന്ത്യയിൽ 102

മരണാനന്തരം 103


www.abulhasanalinadwi.org

## വീക്ഷണങ്ങൾ 105

സാഹിത്യ നവീകരണം 107

ലീഗ് ഓഫ് ഇസ്‌ലാമിക് ലിറ്ററേച്ചർ 108

മാനവത 111

ഹ്യൂമാനിറ്റി മൂവ്മെന്റ് 111

പ്രവാചക സ്നേഹം 114

തസ്വവ്വുഫ് 119

മതേതര ഇന്ത്യ 120

## പ്രമുഖരുടെ ദൃഷ്ടിയിൽ 127

ശഹീദ് സയ്യിദ് ഖുത്വ്ബ് 129

ഡോ: മുസ്ത്വഫാസ്സിബാഈ 130

മുഹമ്മദുൽ ഗസ്സാലി 131

ശൈഖ് അഹ്മദ് ശർബാസ്വി 132

ശൈഖ് അബ്ദുൽ ഖുദ്ദൂസ് അബൂസ്വാലിഹ് 133

ഡോ: മുഹമ്മദ് അബ്ദയമാനി 134

ഡോ: അഹ്മദ്ബ്നു ഉസ്മാൻ തൗജിരി 135

ഡോ: മുസത്വഫാ സഊദ് ഖന്ന 136

ഡോ: അഹ്മദ് കഫ്താർ 137

ഡോ: യൂസുഫുൽ ഖറദാവി 138

മൗലാനാ സഊദ് മുർതദാ നദ്‌വി 149

## പ്രധാന കൃതികൾ 157

മാദാഖസിറൽ ആലം 159

രിജാലുൽ ഫിക്‌രി വദ്ദഅ്‌വ 161

അൽഅർകാനുൽ ഇബാദ: 163

അൽ അർകാനുൽ അർബഅ: 164

അസ്സ്വിറാഉ ബൈനൽ ........... 165

അത്ത്വരീഖു ഇലൽ മദീന 166

ഫീ മസീറത്തിൽ ഹയാത്ത് 167

ഗ്രന്ഥങ്ങളിലൂടെ.......... 169


www.abulhasanalinadwi.org

بسم الله الرحمن الرحيم


**Mohammad Rabey Nadwi**

Nadwatul Ulama, P.O. Box 93 Lucknow-226007 (INDIA)
Ph. : (0522) (Off.) 382681, (Res.) 323864/229174
Fax : 330020-E-mail airp@lwl.vsnl.net.in

**محمد الرابع الحسني الندوي***

ندوة العلماء، ص.ب. ٩٣، لكهنؤ. ٢٢٦٠٠٧ (الهند)
الهاتف : (مكتب) ٣٨٢٦٨١، فاكس : ٣٣٠٠٢٠
(منزل) ٣٢٣٨٦٤/٢٢٩١٧٤ :


Date ..................

تحريراً في:

بسم الله الرحمن الرحيم

الحمد لله رب العالمين والصلاة والسلام على خاتم أنبيائه الكريم محمد وعلى آله وصحبه أجمعين

وبعد فقد علمت ما قام به أخونا الشيخ يوسف محمد من تأليف كتاب على حياة سماحة العلامة الشيخ أبي الحسن علي الحسني الندوي رحمه الله تعالى وعلى سيرته وإنجازاته التربوية والدعوية والفكرية من طريق كتاباته وخطاباته في جمهور المسلمين في اللغتين العربية والأردية والمقالات ومقابلاته مع الشخصيات النابهة والقيادية من المسلمين ومن غيرهم كذلك

وكان قد صدر عن سيرته عدد من الكتب في اللغة العربية والأردية وهاتان قد لا يفهمهما كثير من أصحاب اللغات السائدة في الجنوب الهندي وكذلك صدر لسماحة الشيخ الندوي رحمه الله كتاب كان الله معي في وقائع حياته فاستفاد أخونا الشيخ يوسف محمد من هذه الكتب وبين كتبه في لغة ملايالم واطلعت على هذا الكتاب بواسطة أخ يعرف هذه اللغة فوجدت أن المؤلف الكريم قد أحسن الاختيار والتأليف ولذا أرجو أن يقوم بأداء عمل مفيد وهو تعريف أبناء الجنوب الهندي بشخصية سماحة الشيخ وبما قام به من واجب لصحوة المسلمين وتربية ناشئتهم وجيلهم الصاعد وكذلك من واجب توعية أذهانهم وعقولهم لغزو الفكر الإسلامي بتربية صالحة ونعتقد أن هؤلاء من شبابنا وشيوخنا في الجنوب الهندي سيستفيدون بهذا الكتاب ويطلعون على أفكار سماحته وعلى إنجازاته الطيبة فجزى الله خيراً أخانا الشيخ وتقبل منه عمله المفيد الكريم والله هو الموفق

١/٣/٢٢هـ

الداعي

محمد الرابع الحسني


* رئيس دار العلوم ندوة العلماء ورئيس المجمع الإسلامي العلمي، ونائب الرئيس لرابطة الأدب الإسلامي العالمية


**സന്ദേശത്തിന്റെ അറബി പകർപ്പ്**

www.abulhasanalinadwi.org

# സന്ദേശം

അളവറ്റ ദയാപരനും കാരുണ്യനിധിയുമായ അല്ലാഹുവിന്റെ തിരുനാമത്തിൽ

സ്തോത്രങ്ങളഖിലവും പ്രപഞ്ചപരിപാലകനായ അവനു മാത്രം. അന്ത്യപ്രവാചകനായ മുഹമ്മദ് നബി(സ)ക്കും കുടുംബത്തിനും അനുചരന്മാർക്കും അവന്റെ അനുഗ്രഹാശിസ്സുകൾ സദാ വർഷിക്കട്ടെ.

അല്ലാമാ ശൈഖ് അബുൽഹസൻ അലി അൽഹസനി നദ്‌വി റഹ്മതുല്ലാഹി അലൈഹിയുടെ അറബി-ഉർദു ഗ്രന്ഥങ്ങൾ, പ്രഭാഷണങ്ങൾ, വിശിഷ്ട വ്യക്തികളുമായുള്ള അഭിമുഖങ്ങൾ എന്നിവ പ്രയോജനപ്പെടുത്തി അദ്ദേഹത്തിന്റെ ജീവിതത്തെയും ദർശനങ്ങളെയും സംബന്ധിച്ച് നമ്മുടെ സഹോദരനായ ശൈഖ് യൂസുഫ് മുഹമ്മദ് തയാറാക്കിയ ഗ്രന്ഥം ഞാൻ ശ്രദ്ധിക്കുകയുണ്ടായി.

ദക്ഷിണേന്ത്യയിലെ പൊതുജനങ്ങൾക്ക് മനസ്സിലാക്കാൻ പ്രയാസകരമായ അറബി, ഉർദു ഭാഷകളിൽ ഇവ്വിഷയകമായി ധാരാളം പുസ്തകങ്ങൾ പുറത്തിറങ്ങിയിട്ടുണ്ട്. അല്ലാമയുടെ ആത്മകഥ നേരത്തെതന്നെ പ്രചാരത്തിലുമുണ്ട്. അവ പ്രയോജനപ്പെടുത്തി നമ്മുടെ സഹോദരനായ ശൈഖ് യൂസുഫ് മുഹമ്മദ് മലയാളത്തിൽ രചിച്ച ഈ ഗ്രന്ഥം ആ ഭാഷ അറിയുന്ന ഒരു സഹോദരന്റെ സഹായത്തോടെ ഞാൻ വായിച്ചു. അല്ലാമാ നദ്‌വിയുടെ ജീവിതവും ദർശനവും സേവനങ്ങളും ദക്ഷിണേന്ത്യക്കാർക്ക് പരിചയപ്പെടുത്തുകവഴി വളരെ പ്രയോജനകരമായ ഒരു ദൗത്യമാണ് മാന്യസഹോദരൻ ഈ ഗ്രന്ഥത്തിലൂടെ നിർവഹിച്ചിട്ടുള്ളത്. ഇതിന്റെ ക്രോഡീകരണം മനോഹരമായിട്ടുണ്ട്. വളരുന്ന തലമുറക്ക് ഇത് പ്രയോജനപ്പെടുകയും നമ്മുടെ സഹോദരന്റെ ആദരണീയവും ഫലപ്രദവുമായ ഈ കൃത്യം അല്ലാഹു സ്വീകരിക്കുകയും മതിയായ പ്രതിഫലം നൽകുകയും ചെയ്യുമാറാകട്ടെ. അല്ലാഹുവാണ് തൗഫീഖ് ചെയ്യുന്നവൻ.

25-04-01

സയ്യിദ് മുഹമ്മദ് റാബിഅ് നദ്‌വി

www.abulhasanalinadwi.org

# അവതാരിക

മനുഷ്യവംശത്തിന്റെ മാർഗദർശനത്തിനായി സ്രഷ്ടാവായ അല്ലാഹു പ്രദാനം ചെയ്ത ജീവിത മാർഗരേഖയാകുന്നു ഇസ്‌ലാം. അതുകൊണ്ടുതന്നെ ഇസ്‌ലാമിക ദൈവിക ജീവിതപദ്ധതിക്ക് സാർവലൗകികവും സാർവകാലികവുമായ മാനങ്ങളുണ്ട്. ഭൂമിയുടെ എല്ലാ ഭാഗത്തും കാലത്തിന്റെ എല്ലാ ഘട്ടത്തിലും മർത്യകുലത്തിന് ദൈവികദർശനം ലഭിക്കാനാവശ്യമായ സംവിധാനം സ്രഷ്ടാവു തന്നെ സ്ഥാപിച്ചേകി.

വിവിധ കാലങ്ങളിൽ വ്യത്യസ്ത ദേശങ്ങളിൽ ആഗതരാവുന്ന പ്രവാചകന്മാരിലൂടെ ഇസ്‌ലാമികസന്ദേശം പ്രബോധനം ചെയ്യുക എന്ന ദൈവികപദ്ധതി ഈ സംവിധാനത്തിന്റെ മൗലികഭാവമായി. എന്നാൽ, മനുഷ്യരുടെ തന്നെ ഏകീകരണത്തിനുവേണ്ടി പ്രവാചകശൃംഖലക്ക് സ്രഷ്ടാവ് വിരാമമിടുകയായിരുന്നു. അന്ത്യപ്രവാചകതിരുമേനി(സ)യുടെ ആഗമനം പ്രവാചകത്വപരിസമാപ്തിക്കു മാത്രമല്ല ഇസ്‌ലാമിക ജീവിതപദ്ധതിയുടെ പൂർത്തീകരണത്തിനും വഴിതെളിച്ചു.

ബാഹികവും ആന്തരികവുമായ ശൈഥില്യങ്ങളാൽ ക്ഷീണം പറ്റുകയോ തകർന്നുപോവുകയോ ചെയ്ത മതങ്ങളും ദർശനങ്ങളും തത്ത്വശാസ്ത്രങ്ങളും പ്രത്യയശാസ്ത്രങ്ങളും നിരവധിയാണ്. അനുയായികൾ എന്ന് അവകാശപ്പെടുന്നവരുടെ അപഥസഞ്ചാരവും ദുർവ്യാഖ്യാനശ്രമങ്ങളുമാണ് പല സിദ്ധാന്തങ്ങളുടെയും തകർച്ചക്ക് വഴിവെച്ചത്. ദൈവിക മാർഗദർശനവുമായി മനുഷ്യന് വഴികാണിക്കാൻ വന്നണഞ്ഞ ഏറ്റവും വലിയ ഗുരുനാഥന്മാരായ പ്രവാചകന്മാരുടെ അധ്യാപനങ്ങളെപ്പോലും വളച്ചൊടിക്കാൻ അധർമകാരികളായ മനുഷ്യർ തയാറായി. തൽഫലമായി ചില പ്രവാചകന്മാരുടെ പ്രബോധനങ്ങൾ മായം ചേർത്തതും വിഷം കലർത്തിയതുമായ ഔഷധങ്ങളെപ്പോലെയായി. മനുഷ്യന്റെ രോഗത്തെ മാറ്റാനല്ല, കൂടുതൽ സങ്കീർണവും മാരകവുമാക്കാനാണ് ഈ തിരുത്തൽപ്രക്രിയ സഹായിച്ചത്.

ഇസ്‌ലാമികസത്യത്തിന്റെ സാർവകാലികതയുടെ സംര

www.abulhasanalinadwi.org

ക്ഷണം അല്ലാഹു ഏറ്റെടുത്ത ഉത്തരവാദിത്തമാകുന്നു. "നിശ്ച യമായും നാം തന്നെയാണ് അനുസ്മരണത്തെ അവതരിപ്പിച്ചത്; അതിനെ കാത്തുസംരക്ഷിക്കുന്നതും നാം തന്നെയാണ്" എന്ന ദൈവികവിളംബരത്തിലൂടെ ഇസ്‌ലാമിന്റെ മൗലികപ്രമാണമായ വിശുദ്ധഖുർആൻ മനുഷ്യർക്ക് തൽസംബന്ധമായ അറിവു നൽകി. ലോകാവസാനം വരെ ഭേദഗതികളിൽനിന്നും തിരുത്തൽ ശ്രമങ്ങളിൽനിന്നും പൂർണ സുർക്ഷിതത്വത്തോടെ അന്യൂനമായി നിലനിൽക്കുക എന്നത് ദൈവികഗ്രന്ഥത്തിന്റെ പ്രത്യേകതയാ കുന്നു. ഖുർആൻ നിലനിൽക്കുക എന്നത് ഖുർആന്റെ മാത്രം നിലനിൽപ്പല്ല; അതുല്യവും അസാധാരണവുമായ രീതിയിൽ മനുഷ്യരുടെ മുമ്പാകെ ഖുർആൻ അവതരിപ്പിച്ച ജീവിതദർശന ത്തിന്റെ നിലനിൽപ്പാണ്. ഖുർആന്റെ വാഹകനായ വിശുദ്ധ നബി(സ)യുടെ തിരുസുന്നത്തിന്റെ സുരക്ഷിതത്വമാണത്.

ഖുർആനും സുന്നത്തും എന്ന ഇസ്‌ലാമിന്റെ അടിസ്ഥാ നമായ ഇരട്ടപ്രമാണങ്ങൾ ലോകാവസാനംവരെ സുരക്ഷിതമാ കുന്നു. അതു രണ്ടും ജീവനോടെ നിലനിൽക്കുവോളം കാലം മാർഗഭ്രംശത്തിന്റെയും ദുർവ്യാഖ്യാനത്തിന്റെയും പ്രശ്നമേ ഉദി ക്കുന്നില്ല. അന്ത്യനാൾവരെ മനുഷ്യനെ വഴിനടത്താൻ ഖുർആൻ ഉണ്ട്. അതിന്റെ വിശദീകരണത്തിനായി തിരുസുന്നത്തിന്റെ സമാ ഹാരമായ ഹദീസുമുണ്ട്. ഖുർആനിനെ കാത്തുസൂക്ഷിക്കുമെന്ന് വാഗ്ദാനം ചെയ്ത അല്ലാഹുതന്നെ നിങ്ങൾക്ക് അല്ലാഹുവിന്റെ റസൂലി(സ)ൽ ഉത്തമമാതൃകയുണ്ട് എന്നും വിശ്വാസികളെ ഉദ്ബോധിപ്പിച്ചു. വിശുദ്ധ ഖുർആനെന്ന ഭരണഘടനയും പുണ്യ റസൂലി(സ)ന്റെ ഉത്തമമാതൃകയും രണ്ടും ചേർന്നാൽ ദീൻ ആ യി, ദീനിന്റെ നിയമവ്യവസ്ഥയായ ശരീഅത്തുമായി. പിന്നെയു ള്ളതെല്ലാം ഈ രണ്ടിന്റെയും വിശദീകരണങ്ങൾമാത്രം.

ദീനിന്റെയും ശർഇന്റെയും സുരക്ഷക്കായി ശക്തവും സൂക്ഷ്മവും മനോഹരവുമായ സംവിധാനമാണ് അല്ലാഹു ചെയ്തുവെച്ചിരിക്കുന്നത്. ഈ സംവിധാനസുഭഗതയുടെ മാറ്റ് അറിയാൻ കഴിഞ്ഞ പതിനാല് നൂറ്റാണ്ട് കാലത്തെ മുസ്‌ലിം സമൂഹത്തിന്റെ ചരിത്രത്തിലേക്ക് നോക്കിയാൽ മതിയാകും. ഖുല ഫാഉർറാശിദീന്റെ ഉത്തമനേതൃത്വം, അഇമ്മത്തുൽ മുജ്തഹിദീ

www.abulhasanalinadwi.org

ന്റെ അമൂല്യസേവനം, മുജദ്ദിദുകളുടെ നവോത്ഥാനപരിശ്രമം, ചിന്തകരും മഹാ പണ്ഡിതരുമായ മഹത്തുക്കളുടെ കഠിന ാധ്വാനം എന്നിങ്ങനെ ചരിത്രത്തിൽ ജ്വലിച്ചുനിൽക്കുന്ന അധ്യാ യങ്ങളിലൂടെയെല്ലാം ഈ ദൈവികരീതി പ്രവർത്തിച്ചു. അന്ത്യ പ്രവാചകതിരുമേനി(സ)യിലൂടെ അവതീർണമായ ദൈവിക മാർഗദർശനമന്ദിരത്തിന് കാവൽനിൽക്കുക എന്ന മഹനീയ ദൗത്യമാണ് അവർ നിർവഹിച്ചത്. അപഥസഞ്ചാരത്തിന്റെയും ദുർവ്യാഖ്യാനത്തിന്റെയും വക്താക്കളിൽനിന്ന് ദൈവികദീനിനെ രക്ഷിക്കാൻ കണ്ണിലെണ്ണയൊഴിച്ച് കാത്തിരുന്ന അവരിലോരോ രുത്തരും പുറത്തുനിന്നു വന്ന ഭീഷണികളെയും കരുത്തോടു കൂടി നേരിട്ടു തോൽപിച്ചു. കപ്പലിനുള്ളിലെ കള്ളന്മാരെയും പുറത്തുനിന്ന് പാഞ്ഞെത്തിയ കടൽകൊള്ളക്കാരെയും ഒരുപോലെ അമർച്ചചെയ്യുന്നതിൽ വിജയിച്ച മഹാരഥന്മാരാണ് ഇസ്‌ലാമികനൗകയെ നടുക്കടലിലും കാത്തുപോന്നത്.

ഖിലാഫത്തുർറാശിദയുടെ ചരിത്രപരമായ ദൗത്യം ഇസ്‌ലാമികദർശനത്തിന്റെ വികാസത്തിലെ ഈടുറ്റ അധ്യായ മായത് ദീനിനെ കാത്തുരക്ഷിക്കാനുള്ള നാലു ഖലീഫമാരു ടെയും പ്രതിബദ്ധതകൊണ്ടാണ്. വ്യാജന്മാരായ പ്രവാചകത്വ വാദികളും സകാത്ത്നിഷേധികളും മറ്റും ചേർന്ന് ദീനിന്റെ നിലനിൽപ്പിനുതന്നെ ഭീഷണിയുയർത്തിയപ്പോൾ ഒന്നാം ഖലീഫ അമീറുൽമുഅ്മിനീൻ അബൂബക്ർ സിദ്ദീഖ് (റ) കാരി രുമ്പിന്റെ നെഞ്ചൂക്കോടുകൂടി ചോദിച്ചു:-

"അയൻഖുസുദ്ദീനു വഅന ഹയ്യുൻ"

(ഞാൻ ജീവിച്ചിരിക്കെ ദീൻ ദുർബലമാവുകയോ?)

ചോദ്യത്തിനുള്ള ധീരോദാത്തമായ മറുപടിയായിരുന്നു സിദ്ദീഖുൽ അക്ബറി(റ)ന്റെ പിന്നീടുള്ള സകല പ്രവൃത്തികളു ടെയും ആകത്തുക. ഈ ചോദ്യവും അതിനുള്ള ഉത്തരവും ചേർന്നാൽ ചരിത്രപുരുഷന്മാരായ ഇസ്‌ലാമികവ്യക്തിത്വങ്ങളുടെ കഥാകഥനമായി.*

പിന്നീടുള്ള മൂന്ന് ഖലീഫമാരുടെ ഭരണനേതൃത്വം ഒന്നാം ഖലീഫ തുടങ്ങിവെച്ച ദൗത്യത്തിന്റെ തുടർച്ച തന്നെയായിരു ന്നു. അമവിയ്യാഭരണകാലത്തെ അധർമങ്ങളെ തടുക്കാൻ അതേ

www.abulhasanalinadwi.org

കുടുംബത്തിൽനിന്ന് ദീനിന്റെ അഭിമാനമായ ധീരസന്താനത്തെ അല്ലാഹു ജനിപ്പിച്ചു; ഉമറുബ്നു അബ്ദുൽഅസീസ്. ഇസ്‌ലാമിക കർമശാസ്ത്രത്തിന്റെ ക്രോഡീകരണചരിത്രത്തിൽ അത്യുജ്ജ്വലമായ പങ്കുവഹിച്ച നാലു മദ്ഹബുകളുടെ ഇമാമുമാരും ദീനിന്റെ മൗലികഭാവത്തെ നിലനിർത്താനാണ് ത്യാഗം ചെയ്തത്. ചിന്താമണ്ഡലത്തിലെ ജീർണതക്കെതിരെ പടപൊരുതിയ ഇമാം ഗസ്സാലിയും വിശ്വാസമേഖലയിലെ ബലഹീനതകളെ ചെറുക്കാൻ കഠിനയത്നം ചെയ്ത ഇമാം ഇബ്നു തൈമിയ്യയും ഒന്നാം ഖിബ്ല തിരിച്ചുപിടിക്കാൻ പടപൊരുതിയ സ്വലാഹുദ്ദീൻ അയ്യൂബിയുമെല്ലാം ഉമ്മത്തിന് ഉണർത്തുപാട്ട് പാടിക്കൊടുക്കാൻ വന്ന തേജസ്വികൾതന്നെ.

മുജദ്ദിദുകൾ, മുജ്തഹിദുകൾ, ഇമാമുമാർ, ആലിമുകൾ, മുഫസ്സിറുകൾ, മുഹദ്ദിസുകൾ, ഫഖീഹുകൾ............ വെളിച്ചം പരത്തിയവരുടെ ആ പട്ടിക ദീർഘിച്ചതാണ്. സമുദായത്തിന്റെ ദീനീകാര്യം നവീകരിക്കുന്നവരെ ഓരോ നൂറ്റാണ്ടിന്റെ തലപ്പത്തും അല്ലാഹു നിയോഗിക്കുന്നു എന്ന നബിവചനം മുൻചൊന്ന ദൈവിക സംരക്ഷണസംവിധാനത്തിന്റെ മറ്റൊരു സ്തംഭത്തെയാണ് സൂചിപ്പിക്കുന്നത്. ദുർവ്യാഖ്യാനക്കാരുടെ അസത്യജൽപനങ്ങൾക്കെതിരെ സത്യമാർഗത്തിൽ സുധീരം ഉറച്ചുനിന്നുകൊണ്ട് പോരടിക്കുന്ന ഒരു വിഭാഗം തന്റെ സമുദായത്തിൽ എപ്പോഴും ഉണ്ടാകുമെന്ന പുണ്യറസൂലിന്റെ പ്രവചനം ഇസ്‌ലാമിന്റെ ഗതകാലചരിത്രത്തിൽ നിരവധി തവണ പുലർന്നു. എതിർപ്പുകൾ കൂസാതെ ഉറച്ചുനിന്ന ആ പണ്ഡിതകേസരികളാണ് ദീനിന്റെ ധർമവും മർമവും സമൂഹത്തെ ബോധ്യപ്പെടുത്തിയത്. അവർ ഭൂമി ഉഴുതുമറിക്കുകയും പാകമായ പാടത്ത് വിതക്കുകയും ചെയ്തു. ആകാശത്തുനിന്ന് അനുഗ്രഹത്തിന്റെ മഴവർഷം കൂടി ചേർന്നപ്പോൾ അവരുടെ വയലേലകളിലെ തളിരുകൾ തഴച്ചുവളരുകയും പൂക്കുകയും ഭൂമിയിൽതന്നെ ഓരോരോ തോട്ടങ്ങളുടെ ഉടമസ്ഥരാവുകയും ചെയ്തു. നാളെയിലെ സ്വർഗപ്പൂന്തോപ്പുകൾ അവരെ കാത്തിരിക്കുകയും ചെയ്യുന്നു.

ഹസ്റത്ത് മൗലാനാ സയ്യിദ് അബുൽഹസൻ അലി നദ്‌വിയിലൂടെ സമുദായത്തിന് കൈവന്ന ഉദ്യാനം അത്ഭുതകരവും ആനന്ദകരവുമാണ്. വിശ്വാസത്തിന്റെയും വിജ്ഞാനത്തിന്റെയും

www.abulhasanalinadwi.org

അധ്വാനത്തിന്റെയും വിസ്മയസൂനങ്ങളാണ് അതിൽ വിടർന്നു നിൽക്കുന്നത്.

ഹസ്റത്ത് മൗലാനയുടെ ജീവിതമോ സേവനങ്ങളോ വിവരിക്കുകയല്ല ഇവിടെ ഉദ്ദേശ്യം. ആ ജോലി ഭംഗിയായി നിർവഹിക്കുന്നൊരു ഗ്രന്ഥത്തിനായി എഴുതുന്ന ഇത്തരമൊരു ലഘു കുറിപ്പിൽ അതിന്റെ ആവശ്യവുമില്ല. മൗലാനാ അലീമിയാൻ നിർവഹിച്ച ദൗത്യത്തിന്റെ മഹിമയെ. കണ്ണ് തുറന്നൊന്ന് കാണാൻ ശ്രമിക്കുക മാത്രമാണ് ഇവിടെ ചെയ്യുന്നത്. മൗലാന ഒറ്റപ്പെട്ടുനിൽക്കുന്ന ഒരു വ്യക്തിത്വമല്ല. ഇസ്ലാമിലെ പൂർവസൂരികളുടെ അതീവധന്യമായ പരമ്പരയിലെ മഹിമയുറ്റ കണ്ണിയാണദ്ദേഹം. നമ്മുടെ കാലഘട്ടത്തെ അദ്ദേഹത്തിന്റെ മഹനീയകർമങ്ങളാൽ അല്ലാഹു പ്രശോഭിപ്പിച്ചു. ദീനിനു വേണ്ടി അദ്ദേഹം ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്ത കാലഘട്ടത്തിന് സാക്ഷികളാവാൻ അവസരമുണ്ടായത് നമ്മുടെ മഹാഭാഗ്യമാകുന്നു.

മൗലാനാ അലീമിയാന്റെ വ്യക്തിത്വത്തിന്റെ മുഖ്യവശങ്ങളെ മൂന്നായിട്ട് കാണാൻ സാധിക്കും: ഒന്ന്, അദ്ദേഹം പുലർത്തിയതും സമുദായത്തെ പഠിപ്പിച്ചതുമായ വിശ്വാസത്തിന്റെ വിശുദ്ധി. രണ്ട്, കൈവശമുണ്ടായിരുന്ന അഗാധമായ ജ്ഞാനം. മൂന്ന്, സമുദായത്തിന്റെ സംസ്കരണത്തിനും ദീനിന്റെ പ്രബോധനത്തിനുമായി നടത്തിയ കർമസമരം.

വിശ്വാസത്തിന്റെ കാര്യത്തിൽ ഏറ്റവും നേരായ പാതയാണ് മൗലാനാ അലീമിയാൻ കാട്ടിത്തന്നത്. സ്വിറാതുൽ മുസ്തഖീം എന്ന ഇസ്ലാമികസംജ്ഞയിൽ വ്യവഹരിക്കപ്പെടുന്ന നേരായ മാർഗത്തിന്റെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചക്കും അദ്ദേഹം തയാറായിരുന്നില്ല. അനുഗൃഹീതമായ ആ തൂലികത്തുമ്പിൽനിന്ന് നിർഗളിച്ച അതീവസുന്ദരമായ ആശയങ്ങൾ പരസഹസ്രം സഹോദരങ്ങൾക്ക് വിശ്വാസരംഗത്തെ തെറ്റുകൾ തിരുത്താനും സൽപന്ഥാവിലൂടെ ചരിക്കാനും അവസരമൊരുക്കി.

അറിവിന്റെ കാര്യത്തിൽ ഹസ്റത്ത് മൗലാന തന്റെ കാലഘട്ടത്തെ അതിജീവിച്ചു. അറിവുള്ളവർക്കിടയിലെ അറി

www.abulhasanalinadwi.org

വുള്ളവനായി അല്ലാഹു അദ്ദേഹത്തെ അനുഗ്രഹിച്ചു. അറിവാണ് ലോകത്തിലെ ഏറ്റവും വലിയ അധികാരശക്തിയെന്ന് തന്റെ കാലഘട്ടത്തെ അദ്ദേഹം ബോധ്യപ്പെടുത്തി. ദുബൈ ഭരണകൂടത്തിന്റെ ഖുർആൻ അവാർഡ് സ്വീകരിക്കാൻ അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടതും അത് സ്വീകരിക്കാനായി ആദരപൂർവം അറബ്നേതാക്കൾ അദ്ദേഹത്തെ കൊണ്ടുപോയതും സാത്വികനായ ആ പണ്ഡിതനായകന്റെ മൗനം പോലെ മധുരമായ മൊഴികൾ കേൾക്കാൻ ശക്തരായ അറബ്ഭരണാധികാരികൾ ബഹുമാനപൂർവം എഴുന്നേറ്റുനിന്നതും അറിവിനെ സ്നേഹിക്കുന്നവർക്ക് മുഴുവൻ അഭിമാനമേകുന്ന സംഭവങ്ങളായി. നിറഞ്ഞ കണ്ണുകളോടെയാണ് അറബ്നേതാക്കൾ അന്ന് മൗലാനയുടെ വാക്കുകൾ കേട്ടത്. ദീനിനെ കുറിച്ച് ധീരമായി അവരെ അദ്ദേഹം ഉദ്ബോധിപ്പിച്ചു. അല്ലാഹുവിനെ മറക്കരുതെന്നും അറബികൾക്ക് കൈവന്ന സകല അനുഗ്രഹങ്ങളുടെയും കാരണക്കാരൻ, ഏറ്റവും മഹാനായ അറബി വിശുദ്ധ മുഹമ്മദ് മുസ്ത്വഫ(സ) യാണെന്ന വസ്തുത ഒരിക്കലും വിസ്മരിക്കരുതെന്നും തന്റെ ജീവിതത്തിന്റെ അന്ത്യഘട്ടത്തിൽ ചെയ്ത ആ ഉപദേശത്തിൽ ഹസ്റത്ത് മൗലാന ഉപദേശിച്ചു.

മൗലാനാ അലീമിയാൻ നിര്യാണം പ്രാപിച്ചപ്പോൾ അതൊരു മഹാപണ്ഡിതന്റെ അന്ത്യമായിട്ടാണ് ലോകം നോക്കിക്കണ്ടത്. *മൗതുൽആലിമി മൗതുൽആലം* (പണ്ഡിതന്റെ വിയോഗം ലോകത്തിന്റെ മരണമാകുന്നു) എന്ന ആശയത്തിന്റെ താൽപര്യം അന്ന് എല്ലാവരും നേരിട്ടനുഭവിച്ചു. പക്ഷേ, നിര്യാണാനന്തരവും ഹൃദയങ്ങളിൽ ഈമാന്റെ വിളക്ക് കൊളുത്തിയും ജീവിതങ്ങളിൽ തഖ്‌വയുടെ വെളിച്ചം പരത്തിയും മൗലാനയുടെ സ്മരണ ജീവിക്കുന്നു. അതിന് മുഖ്യകാരണം നിരവധി ഗ്രന്ഥങ്ങളിൽ പരന്നുകിടക്കുന്ന അദ്ദേഹത്തിന്റെ വിജ്ഞാനസാഗരമാണ്.

പണ്ഡിതനും കർമധീരനായ പ്രബോധകനുമായിരുന്നു ശൈഖ് അബുൽഹസൻ. ലോകമാസകലം അദ്ദേഹം ദീനിനുവേണ്ടി സഞ്ചരിച്ചു. നാവിലൂടെയും പേനയിലൂടെയും എണ്ണമറ്റ ആളുകളെ അഭിസംബോധന ചെയ്തു. സംസ്കരണപാതയിലെ

www.abulhasanalinadwi.org

മാർഗദർശിയായും അദ്ദേഹം പ്രവർത്തിച്ചു. എത്രയോ ആളുകൾ പൂർവികരുടെ പാത പിൻപറ്റിക്കൊണ്ട് അദ്ദേഹത്തിന്റെ കൈപിടിച്ച് ദീനീമാർഗത്തിൽ ഉടമ്പടി ചെയ്തു. ലോകം മുഴുവൻ പരന്നുകിടന്ന ശിഷ്യഗണങ്ങളിലൂടെ ദഅ്വത്തിന്റെയും തർബിയത്തിന്റെയും തസ്കിയത്തിന്റെയും ലക്ഷ്യങ്ങളെ അദ്ദേഹം സാക്ഷാത്കരിച്ചു. അംബേദ്കറുടെ അകത്തളങ്ങളിലും ഹഃഖിന്റെ ശബ്ദം അദ്ദേഹം മുഴക്കി.

ഹസ്റത്ത് മൗലാനയുടെ സ്വഭാവത്തിലും സംഭാവനയിലും രണ്ട് മഹൽ സുകൃതങ്ങൾ ഉജ്വലശോഭയോടെ തിളങ്ങിനിന്നു: ഒന്ന്, അല്ലാഹുവിലുള്ള അചഞ്ചലമായ വിശ്വാസവും തളരാത്ത തവക്കുലും. രണ്ട്, പുണ്യനബി(സ)യുടെ തിരുവ്യക്തിത്വത്തോടുള്ള അടങ്ങാത്ത അനുരാഗം. ഈ രണ്ട് നിഅ്മത്തുകളാണ് മൗലാനക്ക് അല്ലാഹു നൽകിയ ഏറ്റവും വലിയ അനുഗ്രഹങ്ങൾ. അദ്ദേഹത്തിന്റെ സകല അന്തസ്സും ഈ രണ്ട് കാര്യങ്ങളോട് ബന്ധപ്പെട്ടതായിരുന്നു. അഭൗമികമായ ഈ രത്നദ്വയം കൈവരുന്നവരാരും തോറ്റിട്ടില്ല. ഇരുലോകവിജയങ്ങളുടെ കൂട്ടത്തിലെ ഉന്നതസ്ഥാനീയരാണവർ. അല്ലാഹു നമ്മെയും അവരോട് ചേർക്കുമാറാകട്ടെ- ആമീൻ.

മൗലാനാ അലീമിയാന്റെ മൗനം പോലും ദിക്ർ ആയിരുന്നു. സദാ ദൈവസ്മരണയിൽ ലയിച്ചുനിന്ന അദ്ദേഹത്തിന്റെ സാമീപ്യം മറ്റുള്ളവരെയും അല്ലാഹുവിനെക്കുറിച്ച ചിന്തയിലേക്ക് നയിച്ചു. മുഅ്മിന്റെ ഏറ്റവും വലിയ ലക്ഷണമായി പുണ്യ നബി(സ) ചൂണ്ടിക്കാട്ടിയ അടയാളത്തോടു ബന്ധപ്പെട്ട ഈ പ്രകൃതം ഹസ്റത്ത് മൗലാനയിൽ കണ്ടപോലെ മറ്റധികം പേരിൽ കാണാൻ ഈ വിനീതന് സാധിച്ചിട്ടില്ല. ഹസ്റത്തിന്റെ സദസ്സിൽ ചെന്നിരിക്കുമ്പോഴും ഒറ്റക്ക് അവിടുത്തെ സാന്നിധ്യം അനുഭവിക്കുമ്പോഴും എത്രയോ തവണ ഈ പുണ്യം അനുഭവിക്കാൻ ഈയുള്ളവന് അല്ലാഹുവിന്റെ അനുഗ്രഹത്താൻ അവസരമുണ്ടായി. ഹസ്റത്ത് ഒന്നും പറയണമെന്നില്ല, മൗനമായിരുന്നാൽ മതി, നമ്മൾ വെറുതെ അടുത്തിരുന്ന് ഹൃദയത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചാൽ മതി–ആന്തരികത്തിൽ അല്ലാഹുവിന്റെ ഓർമ ഉണരുകയായി.

www.abulhasanalinadwi.org

ഒരിക്കൽ ഈ ലേഖകൻ ഇറാനിൽ പോയി മടങ്ങിവരുമ്പോൾ ആ സന്ദർശനത്തിന്റെ വിവരങ്ങൾ അറിയിക്കാൻ ലഖ്നൗവിൽചെന്ന് ഹസ്റത്തിനെ കണ്ടു. നദ്‌വത്തുൽഉലമയിലെ ഒരു മുറിയിൽ അസ്വ്‌റിനു ശേഷം ആ സാമീപ്യം അനുഭവിച്ച് വിവരങ്ങൾ പറഞ്ഞപ്പോൾ അതിനോടു പ്രതികരിച്ച ശേഷം പിന്നെ മൗനമായി. ഇടക്ക് അല്ലാഹുവിനോടുള്ള ആവലാതി മാത്രം പതുങ്ങിയ ശബ്ദത്തിൽ മുഴങ്ങിക്കേട്ടു. യാ അല്ലാഹ്..... ഓരോരോ ദുആകൾ. അറബിയിലെ ഉത്തമ ദുആവചനങ്ങൾക്കു പുറമെ മാതൃഭാഷയായ ഉർദുവിലും റബ്ബിന്റെ മുമ്പിൽ പരാതി പറഞ്ഞു. ആ സമയത്ത് ഈ വിനീതൻ അനുഭവിച്ച ദിക്റിന്റെ മധുരവും മനഃശ്ശാന്തിയും ആനന്ദാതിരേകവും വാക്കുകളിൽ വിവരിക്കാൻ കഴിയില്ല. ജീവിതത്തിൽ അല്ലാഹു നൽകിയ സൗഭാഗ്യങ്ങളിൽപെടുന്ന നിമിഷങ്ങളാണത്.

പുണ്യനബി(സ)യോട് അഗാധമായ സ്നേഹമാണ് ഹസ്റത്ത് മൗലാനക്കുണ്ടായിരുന്നത്. അദ്ദേഹത്തിന്റെ വ്യക്തിത്വത്തെ രൂപപ്പെടുത്തുന്നതിൽ പരമപ്രധാനമായ പങ്കുവഹിച്ച ഘടകമാണിത്. ഹുബ്ബുന്നബി(സ)യുടെ ശുദ്ധവികാരത്തിൽ ഊട്ടപ്പെട്ട മൗലാനയുടെ തൂലികയിൽനിന്നൊഴുകിയ മദ്ഹിന്റെ വചനങ്ങൾ അസംഖ്യം പേരുടെ ഹൃദയങ്ങളെ പ്രവാചക(സ)സ്നേഹത്തിന്റെ പരിരംഭണത്തിലേക്ക് നയിച്ചു. മൗലാനയുടെ ഹൃദയം പലപ്പോഴും മദീനയിലായിരുന്നു. പുണ്യറസൂലി(സ)നോടുള്ള സ്നേഹത്താൽ കണ്ണുകൾ വുദൂ ചെയ്തുവെന്ന് അദ്ദേഹം എഴുതി. കണ്ണുനീരിന്റെ മാണിക്യമുത്തുകൾ നിറഞ്ഞ സാഗരമായിത്തീർന്നു അലീമിയാന്റെ രചനകൾ. മദീനയിലെ കാരക്കയുടെ കുരുകൊണ്ട് നിർമിതമായ തസ്ബീഹ്മാല ഹസ്റത്ത് മൗലാന വാൽസല്യപൂർവം ഈ വിനീതന് നൽകുകയുണ്ടായി.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ കോഴിക്കോട് കടപ്പുറത്ത് 'മദീനയിലേക്കുള്ള പാത' എന്ന ശീർഷകത്തിൽ നടന്നുവരുന്ന മദ്ഹുർറസൂൽ(സ)പ്രഭാഷണത്തെ മൗലാനാ അലീമിയാൻ ഏറെ ഇഷ്ടപ്പെട്ടിരുന്നു. രോഗാവസ്ഥയിൽ അവശനായിരുന്നപ്പോഴും പരിപാടിയിലേക്ക് സന്ദേശം

www.abulhasanalinadwi.org

എഴുതിക്കൊടുത്തയക്കാനും തന്റെ കുടുംബാംഗമായ യുവപണ്ഡിതൻ മൗലാനാ സയ്യിദ് സൽമാൻ ഹുസൈനി നദ്‌വിയെ പ്രതിനിധിയായി നിയോഗിച്ചയക്കാനും മൗലാന പ്രത്യേക താൽപര്യമെടുത്തു. സമ്മേളനത്തിന്റെ വിജയത്തിനുവേണ്ടി അദ്ദേഹം പ്രത്യേകം പ്രാർഥിക്കുകയുമുണ്ടായി. അവിടെവെച്ച് തന്റെ പുസ്തകത്തിന്റെ വിവർത്തനം പ്രകാശനം ചെയ്യപ്പെട്ടത് ജീവിതത്തിന്റെ മഹാഭാഗ്യമായിട്ടാണ് താൻ കാണുന്നതെന്ന് മൗലാന എഴുതി.

പുണ്യനബി(സ)യുടെ സ്നേഹപുത്രി ഫാത്തിമത്തുസ്സഹ്റാ(റ)യുടെ രക്തത്തിൽ അവിടുത്തെ പ്രിയപൗത്രൻ ഇമാം ഹസൻ(റ)ന്റെ പരമ്പരയിൽ ജന്മംകൊണ്ട സയ്യിദ് അബുൽഹസൻ തന്റെ കാലഘട്ടത്തിന്റെ ഹൃദയം കവർന്നതിൽ എന്തത്ഭുതം! ഹൃദയത്തിലും മനസ്സിലും രക്തത്തിലും ശ്വാസത്തിലും വികാരത്തിലും വിചാരത്തിലും അദ്ദേഹം നബികുടുംബത്തോട് ബന്ധപ്പെട്ടാണ് ജീവിച്ചത്.

ലോകമുസ്‌ലിംകളുടെ പൊതുസമ്പത്തായിരുന്നു ശൈഖ് അബുൽഹസൻ അലി നദ്‌വി. നമ്മുടെ കാലഘട്ടത്തിൽ ആഗോളതലത്തിൽ ഇത്രയേറെ പ്രശസ്തനാവുകയും ലോകമെമ്പാടും ഇത്രയധികം ആദരിക്കപ്പെടുകയും ചെയ്ത ഇസ്‌ലാമികവ്യക്തിത്വം വേറെയില്ല. ഹസ്രത്ത് ശാഹ് വലിയുല്ലാഹ് മുഹദ്ദിസ് ദഹ്‌ലവി കഴിഞ്ഞാൽ അറബ്ലോകത്ത് ഇത്ര വ്യാപകമായ അംഗീകാരം നേടിയ ഇന്ത്യൻപണ്ഡിതനും വേറെയില്ല. അറബികൾ ബഹുമാനപൂർവം മൗലാനയെ ശ്രവിക്കുകയും സ്നേഹപൂർവം അദ്ദേഹത്തിന്റെ ഉപദേശങ്ങൾ ശ്രദ്ധിക്കുകയും ചെയ്തു. അറബിഭാഷയിലുള്ള വ്യുൽപത്തിയും സംസാരശൈലിയുമാകട്ടെ, അദ്ദേഹം ജന്മം കൊണ്ട് അനറബിയാണെന്ന വസ്തുത പോലും മറന്നുകളയാൻ അറബികളെ സജ്ജരാക്കി.

മുസ്‌ലിംകളുടെ ഐക്യവും യോജിപ്പും മൗലാനാ അലീമിയാന് വളരെ പ്രധാനപ്പെട്ടതായിരുന്നു. സമുദായത്തിൽ അനൈക്യമുണ്ടാക്കുന്ന കാര്യങ്ങളെ അദ്ദേഹം വെറുത്തു. ഒരു കാര്യത്തിലും തീവ്രതയില്ലായിരുന്ന അദ്ദേഹം സമുദായകാര്യങ്ങളിൽ സദാ മധ്യമമാർഗമാണ് അവലംബിച്ചുപോന്നത്. ആത്യന്തികത മൗലാനയുടെ വ്യക്തിത്വത്തിന് അന്യമായിരുന്നു.

മുസ്ലിം സംഘടനകളോടെല്ലാം ഗുണകാംക്ഷയുടെ നില പാടാണ് അലീമിയാൻ പുലർത്തിയത്. ദീനിനും സമുദായത്തിനും ഗുണംചെയ്യുന്ന കാര്യങ്ങളോടും കേന്ദ്രങ്ങളോടും അദ്ദേഹം സർവാത്മനാ സഹകരിച്ചു. സമുദായത്തിലെ മതസംഘടനകളുടെ സമ്മേളനങ്ങളിലേക്ക് കടന്നുചെന്ന് മുസ്ലിം സഹോദരങ്ങളോട് സംസാരിക്കാനുള്ള സന്ദർഭങ്ങൾ അദ്ദേഹത്തിന് ധാരാളം ലഭിച്ചു. പക്ഷേ, അദ്ദേഹം ഏതെങ്കിലും സംഘടനയുടെ വക്താവായില്ല. ഇസ്ലാമികസാഹോദര്യത്തിന്റെ വിശാലമായ ലോകമായിരുന്നു അദ്ദേഹത്തിന്റെ സംഘടന. യഥാർഥത്തിൽ മൗലാന സ്വയമൊരു പ്രസ്ഥാനമായിരുന്നു. സംഘടനയുള്ളവരും ആ മഹനീയനേതൃത്വത്തിനു കീഴിൽ ഇസ്ലാമിന്റെ വ്യക്തി ജീവിതവും സാമൂഹികജീവിതവും സാക്ഷാത്കരിച്ചു.

ഇന്ത്യൻമുസ്ലിംകളുടെ നായകസ്ഥാനത്ത് മൗലാനാ അലീമിയാനുണ്ടായിരുന്നു. അവരുടെ ഏതു പ്രശ്നത്തിലും വ്യാകുലപ്പെട്ട അദ്ദേഹം അത് ഭരണകൂടത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനും പരിഹരിച്ചുകിട്ടാനും തന്റെ ബന്ധവും സ്വാധീനവും ഉപയോഗപ്പെടുത്തി. പലപ്പോഴും അദ്ദേഹത്തിന് ഭരണാധികാരികളെ ചെന്ന് കാണേണ്ടിവന്നില്ല. അവർ അദ്ദേഹത്തെ തേടി വാസസ്ഥാനത്തണഞ്ഞു. പ്രധാനമന്ത്രിമാരുടെയും മറ്റു രാഷ്ട്രീയനേതാക്കളുടെയും സന്ദർശനകേന്ദ്രമായിരുന്നു ആ മഹാപണ്ഡിതന്റെ കൊച്ചുഭവനം. തനിക്കോ ബന്ധുക്കൾക്കോ വേണ്ടി അവരോട് ഒന്നും അദ്ദേഹം ആവശ്യപ്പെട്ടില്ല. അദ്ദേഹത്തിന്റെ ഓരോ വാക്കും ദീനിനും മില്ലത്തിനും വേണ്ടിയായിരുന്നു. ഇന്ത്യൻമുസ്ലിംകൾക്ക് മൗലാനയുടെ വിയോഗത്തോടെ വലിയൊരു നേതാവിനെയും വഴികാട്ടിയെയുമാണ് നഷ്ടമായത്.

ശരീഅത്ത് ചർച്ചാവേളയിൽ മൗലാനാ അലീമിയാൻ നൽകിയ ശക്തവും പരിപക്വവും സഫലവുമായ നേതൃത്വം ഇന്ത്യൻമുസ്ലിംസമൂഹം ഒരിക്കലും വിസ്മരിക്കുകയില്ല. ദിമുഖനയത്തോടെയാണ് അക്കാലത്ത് മൗലാന പ്രവർത്തിച്ചത്. സമുദായത്തിന്റെ മറ്റു നേതാക്കൾക്കൊപ്പം രാജ്യമൊട്ടും ചുറ്റി സഞ്ചരിച്ച് വൻ പൊതുസമ്മേളനങ്ങളിലൂടെ ശരീഅത്തിനെക്കുറിച്ചും അതനുസരിച്ച് ജീവിക്കേണ്ട മതപരമായ ബാധ്യതയെക്കുറിച്ചും മുസ്ലിം

www.abulhasanalinadwi.org

കളെ വിപുലമായ രീതിയിൽ ബോധവത്കരിക്കുന്ന സംരംഭത്തിനും മൗലാന നേതൃത്വം നൽകി. അതോടൊപ്പം ഗവൺമെന്റുമായും രാഷ്ട്രീയനേതാക്കളുമായും ബന്ധപ്പെട്ട് കോടതിവിധി വഴി മുസ്‌ലിം വ്യക്തിനിയമത്തിന് സംഭവിച്ച ആഘാതം പരിഹരിക്കുന്നതിനാവശ്യമായ നിയമനിർമാണം നടത്താൻ പിന്നിൽനിന്ന് എല്ലാ സഹായവും നൽകി. അഖിലേന്ത്യാ മുസ്‌ലിം പേഴ്‌സനൽ ലോ ബോർഡിന്റെ പ്രസിഡന്റ് എന്ന നിലയിൽ അക്കാലത്ത് മൗലാന അസാമാന്യമായ നേതൃപാടവമാണ് പ്രകടിപ്പിച്ചത്. ശാന്തനായ ആ മനുഷ്യന്റെ നേതൃത്വത്തിൽ നടന്ന സമാധാനസമ്പൂർണമായ സമരമാണ് ശരീഅത്ത് അനുസരിച്ച് ജീവിക്കാനുള്ള ഇന്ത്യൻമുസ്‌ലിംകളുടെ മതസ്വാതന്ത്ര്യമെന്ന മൗലികാവകാശം അവർക്ക് തിരിച്ചുനൽകിയത്.

സമുദായസൗഹൃദത്തിന്റെയും മനുഷ്യമൈത്രിയുടെയും ഏറ്റവും വലിയ വക്താവായിരുന്ന മൗലാനാ .അബുൽഹസൻ അലി നദ്‌വി ഇന്ത്യയുടെ ദേശീയമായ ഉദ്ഗ്രഥനവും ഇവിടത്തെ ജനങ്ങളുടെ പരസ്പര ധാരണയും സ്നേഹവും ശക്തിപ്പെടുത്താൻ അക്ഷീണയത്നം ചെയ്തു.

"പയ്ഗാമെ ഇൻസാനിയ്യത്ത് " എന്ന വേദി സ്ഥാപിച്ചുകൊണ്ട് വിവിധ മതസ്ഥരായ സഹോദരങ്ങളെ സൗഹാർദത്തിൽ കൊണ്ടുവരാനും വർഗീയതയും വിദ്വേഷവും തകർക്കാനും അലീമിയാൻ അമൂല്യമായ സംഭാവനകൾ നൽകി. വൈരം അദ്ദേഹത്തിന് അജ്ഞാതമായിരുന്നു. സ്നേഹത്തിന്റെയും ഹൃദയത്തിന്റെയും ഭാഷയിലാണ് ഹസ്റത്ത് മൗലാന എപ്പോഴും സംസാരിച്ചത്.

കേരളത്തോടും കേരളീയരോടും പ്രത്യേകമായ സ്നേഹബന്ധം മൗലാന പുലർത്തിയിരുന്നു. കേരളത്തിലെ ചില സമ്മേളനങ്ങളിൽ മൗലാന പങ്കെടുത്ത് സംസാരിച്ചിട്ടുണ്ട്. മൗലാനയുടെ പല കൃതികൾക്കും മലയാളത്തിൽ ഭാഷാന്തരമുണ്ട്. ഹസ്റത്ത് ശാഹ് വലിയ്യുല്ലാഹ് ദഹ്‌ലവിയുടെ *ഫുയൂദുൽ ഹറമൈനി*യുടെ മലയാളവിവർത്തനത്തിന് അവതാരിക എഴുതിയിരിക്കുന്നത് അലീമിയാനാണ്. ഖുർആനികപ്രബുദ്ധതയും പ്രവാചകസ്നേഹവും പ്രയോഗത്തിൽ വരുത്താനായി പ്രവർത്തി

www.abulhasanalinadwi.org

ക്കുന്ന ഇന്നത്തെ എം.ഇ.എം. പ്രസ്ഥാനത്തിന്റെ മൂലരൂപമായ എം. ആർ.എമ്മിന്റെ ഉപദേശകൻ മൗലാനയായിരുന്നു.

ശരീഅത്ത്ചർച്ചാവേളയിൽ കോഴിക്കോട്ടും എറണാകുളത്തും മൗലാന പ്രസംഗിച്ചു. കോഴിക്കോട്ടെ യോഗം കഴിഞ്ഞ് താമസ സ്ഥലത്തേക്ക് മടങ്ങുമ്പോൾ കേരളമുസ്ലിംകളുടെ ഭിന്നതയെച്ചൊല്ലി അദ്ദേഹം വേദനപ്പെട്ട് സംസാരിച്ചത് ഓർമയുണ്ട്. എറണാകുളത്തേക്കുള്ള യാത്രാമധ്യേ നമസ്കാരത്തിനുവേണ്ടി മസ്ജിദിന്റെ മുമ്പിൽ വാഹനത്തിൽനിന്നിറങ്ങവെ പള്ളി, പള്ളി എന്നു പറഞ്ഞുകൊണ്ടിരുന്ന സഹയാത്രികരായ മലയാളികളെ നോക്കി മൗലാന എന്നോട് പറഞ്ഞു: 'കഴിയുന്നിടത്തോളം മസ്ജിദ് എന്നു പറയാൻ ശ്രദ്ധപുലർത്തണമെന്ന് അവരെ ഉണർത്തൂ. ഇസ്ലാമിൽ ആരാധനാലയത്തിന്റെ പേര് മസ്ജിദ് എന്നാകുന്നു.' അതായിരുന്നു മൗലാനാ സയ്യിദ് അബുൽഹസൻ അലി നദ്വി. കൊച്ചുകാര്യങ്ങളിൽപോലും ഇസ്ലാമികസംസ്കാരം കൈമോശം വന്നുപോകാതിരിക്കാൻ നിതാന്ത ജാഗ്രത പുലർത്തിയ ക്രാന്തദർശി.

ആ ജീവിതത്തിന്റെ പഠനം ഇസ്ലാമികസംസ്കാരത്തെ സംബന്ധിച്ച വിലപ്പെട്ട വിജ്ഞാനത്തിലേക്കാണ് നമ്മെ നയിക്കുക. അതിന് നമ്മെ സഹായിക്കുന്നവർ നമ്മുടെ ഗുണകാംക്ഷികളാണ്. വായനക്കാരുടെ കൈയിലിരിക്കുന്ന മഹത്തായ കൃതിയിലൂടെ പ്രിയഗ്രന്ഥകാരൻ യൂസുഫ് മുഹമ്മദ് നദ്വി അത്തരമൊരു ഗുണകാംക്ഷിയായിട്ടാണ് നമ്മിലേക്കണയുന്നത്. മൗലാനാ അലീമിയാന്റെ മഹനീയമായ ജീവിതചരിത്രം മലയാളികൾക്കായി അവതരിപ്പിക്കുകവഴി അസാധാരണമായ സേവന കൃത്യമാണ് അദ്ദേഹം നിർവഹിച്ചിരിക്കുന്നത്.

ലക്ഷണമൊത്തൊരു ജീവചരിത്രഗ്രന്ഥമാണിത്. ഹസ്റത്ത് മൗലാനയുടെ ജന്മം മുതൽ നിര്യാണം വരെയുള്ള ജീവിതഘട്ടങ്ങളും പ്രധാന സംഭവങ്ങളുമെല്ലാം ക്രമത്തോടെയും ഭംഗിയോടെയും വിവരിച്ചിരിക്കുന്നു. മൗലാനയുടെ സേവനങ്ങൾ, സംഭാവനകൾ, കൃതികൾ, പ്രവർത്തനങ്ങൾ എന്നിവയും ഗ്രന്ഥകാരൻ വിശേഷമായ വിശകലനത്തിനു വിധേയമാക്കുന്നുണ്ട്.

www.abulhasanalinadwi.org

അലീമിയാനെപ്പോലുള്ള ഒരു മഹാവ്യക്തിത്വത്തിന്റെ ജീവിതചരിത്രരചന എന്നത് എളുപ്പമുള്ള കാര്യമല്ല. മൗലാനയുടെ നിര്യാണാനന്തരം ഉർദുവിൽതന്നെ ചെറുതും വലുതുമായ നിരവധി ജീവചരിത്രഗ്രന്ഥങ്ങൾ പ്രസാധനം ചെയ്യപ്പെടുകയുണ്ടായി. അതിൽ ചിലതെല്ലാം വൻഗ്രന്ഥങ്ങളാണ്. അറബിയിലും ഉർദുവിലുമുള്ള ഗ്രന്ഥങ്ങളും ലേഖനങ്ങളുമെല്ലാം ഉപയോഗപ്പെടുത്തിയ നമ്മുടെ ഗ്രന്ഥകാരൻ കടലിനെ കമണ്ഡലുവിൽ ഒതുക്കുന്ന ജോലിയാണ് കഠിനാധ്വാനത്തോടെ നിർവഹിച്ചിരിക്കുന്നത്. മൗലാനയുടെ ജീവിതത്തിലെ പ്രധാന ഭാഗങ്ങളൊന്നും വിട്ടുകളയാതെ ഇങ്ങനെയൊരു കൃതി രചിക്കാൻ അദ്ദേഹത്തിനു സാധിച്ചത് ഒരു വലിയ നേട്ടം തന്നെയാണ്.

യൂസുഫ് മുഹമ്മദ് നദ്‌വിക്ക് ഈ പുസ്തകമെഴുതുന്നതിന് സഹായകമായി വർത്തിച്ച ചില ഘടകങ്ങളുണ്ട്. അത് അദ്ദേഹത്തിന്റെ യോഗ്യതയെയും ധന്യമാക്കി. നദ്‌വത്തുൽഉലമയിൽ പഠിച്ച് ബിരുദം നേടിയ അദ്ദേഹത്തിന് മൗലാനയുടെ ശിഷ്യനാകാൻ മാത്രമല്ല, ആ ധന്യജീവിതത്തെ അടുത്തു നിന്ന് കാണാനും സസൂക്ഷ്മം ശ്രദ്ധിക്കാനും അവസരമുണ്ടായി. ആ അനുഭവ സമ്പത്ത് ഇത്തരമൊരു രചനയെ അനൽപമായ രീതിയിൽ സഹായിച്ചത് സ്വാഭാവികം മാത്രം. ഇതിന്റെ രചന പൂർത്തിയായ ശേഷവും അദ്ദേഹം ലഖ്നൗ സന്ദർശിച്ചുവെന്നറിഞ്ഞു. ഹസ്റത്ത് മൗലാനയുടെ പിൻഗാമികളായ ഗുരുനാഥന്മാരെ കണ്ട് ജീവചരിത്രസംബന്ധിയായി കൂടുതൽ പഠിക്കുന്നതിനു വേണ്ടിയായിരുന്നു ആ യാത്ര. ഈ രീതിയിലുള്ള പ്രയത്നവും കർമവാഞ്ഛയും ഒരിക്കലും പാഴാവുകയില്ല.

യൂസുഫ് നദ്‌വി യുവപണ്ഡിതനും നല്ലൊരു പ്രഭാഷകനുമാണ്. പ്രസംഗങ്ങളോടൊപ്പം അദ്ദേഹത്തിൽനിന്ന് പുസ്തകങ്ങളും ലഭ്യമാവാൻ പോകുന്നുവെന്നത് നമുക്ക് സന്തോഷകരമാണ്. ഇനിയും കനപ്പെട്ട പുസ്തകങ്ങൾ രചിക്കാൻ അല്ലാഹു അദ്ദേഹത്തിന്റെ കൈകൾക്ക് കരുത്തേകട്ടെ എന്ന് നമുക്ക് പ്രാർഥിക്കുക.

ഹസ്റത്ത് മൗലാനയുടെ മലയാള ജീവചരിത്രഗ്രന്ഥത്തിനു വേണ്ടി ഈ വരികൾ കൂട്ടിച്ചേർക്കപ്പെട്ടതിൽ അഭിമാനവും സംതൃപ്തിയുമുണ്ട്– അതിന് അവതാരിക എന്ന് വിളിക്കപ്പെടാനുള്ള യോഗ്യത ഉണ്ടെങ്കിലും ഇല്ലെങ്കിലും. ഹസ്റത്ത് മൗലാനയുമായി

www.abulhasanalinadwi.org

ലഭ്യമായ സാമീപ്യസമ്പർക്കം ജീവിതത്തിൽ അല്ലാഹുവിന്റെ വലിയൊരു അനുഗ്രഹമായി കണക്കാക്കുന്ന ഈ വിനീതന് ഇതും ഒരു ഭാഗ്യം തന്നെ. അല്ലാഹു ഹസ്റത്ത് മൗലാനയുടെ പരലോകപദവി ഉയർത്തിക്കൊടുക്കട്ടെ. അതോടൊപ്പം അവൻ നമുക്കും പൊറുത്തുതന്ന് അദ്ദേഹത്തെയും നമ്മെയും പുണ്യ നബി(സ)ക്കൊപ്പം സ്വർഗത്തിൽ സന്ധിപ്പിക്കുമാറാകട്ടെ. പ്രിയങ്കരനായ യൂസുഫ് നദ്വിയുടെ അമൂല്യമായ ഈ തൂലികാസേവനത്തെ അവൻ സ്വീകരിച്ച് ഖബൂൽചെയ്യട്ടെ- ആമീൻ.

**എം.പി. അബ്ദുസ്സമദ് സമദാനി എം.പി.**

www.abulhasanalinadwi.org

# മുഖമൊഴി

അല്ലാഹുവിന്റെ തിരുനാമത്തിൽ

പ്രപഞ്ചനാഥനായ അല്ലാഹുവിന്റെ അളവറ്റതും അവാച്യവുമായ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും ഭാഗമാണ് മാനവസംസ്കരണത്തിനു വേണ്ടി അവർക്കിടയിൽനിന്നുതന്നെ അവൻ ദൂതന്മാരെ തെരഞ്ഞെടുത്തത്. മനുഷ്യോൽപത്തി മുതൽ ആരംഭിച്ച ഈ പ്രക്രിയ മുഹമ്മദ് നബി(സ)യിൽ പരിസമാപ്തി കുറിക്കപ്പെടുകയുണ്ടായി. പിന്നീട് ആ ദൗത്യം സച്ചരിതരായ പണ്ഡിതന്മാരിലാണ് അല്ലാഹു അർപ്പിച്ചത്. "പണ്ഡിതന്മാർ പ്രവാചകന്മാരുടെ അനന്തരാവകാശികളാണ്," "എന്റെ സമുദായത്തിലെ പണ്ഡിതർ ഇസ്റാഈലീസമുദായത്തിലെ പ്രവാചകന്മാരെപ്പോലെയാണ് " എന്ന രണ്ട് പ്രവാചകവചനങ്ങൾ അത് വിളംബരം ചെയ്യുന്നു.

സത്യം, വിനയം, ക്ഷമ, ലാളിത്യം, വിശ്വാസദാർഢ്യം, ഭൗതികവിരക്തി, പ്രബോധനപ്രവർത്തനങ്ങളിൽ അലിഞ്ഞുചേർന്ന ജീവിതം തുടങ്ങിയ ഉത്കൃഷ്ടസ്വഭാവങ്ങളാൽ വ്യതിരിക്തമായിരിക്കും അത്തരം പണ്ഡിതന്മാരുടെ ജീവിതം. ഈ രംഗത്ത് സമകാലികരിൽ മുൻഗണനീയനായിരുന്നു ഹസ്റത്ത് മൗലാനാ സമാഹതുശ്ശൈഖ് സയ്യിദ് അബുൽഹസൻ അലി നദ്‌വി സാഹിബ്. നന്മനിറഞ്ഞ മനസ്സും നന്മ പൊടിയുന്ന വചസ്സും നന്മയിൽ ഒഴുകുന്ന രചനയും തപസ്യയാക്കി, തഖ്‌വയിൽ ചാലിച്ച ജീവിതം കൊണ്ട് ലോകമുസ്‌ലിം ഉമ്മത്തിന് ഇമാമും മുർശിദുമായി നിലകൊണ്ട സയ്യിദ് നദ്‌വിസാഹിബ് ഇസ്‌ലാമികലോകത്തിന് ഇന്ത്യ സമ്മാനിച്ച അപൂർവ സംഭാവനയായിരുന്നു.

സയ്യിദിന്റെ വഫാത്തിനെത്തുടർന്ന് അദ്ദേഹത്തെയും ദർശനങ്ങളെയും കൈരളിക്ക് പരിചയപ്പെടുത്തുന്ന ഒരു കൃതി തയാറാക്കണമെന്നുദ്ദേശിച്ചപ്പോൾ അത് സയ്യിദിന്റെ ശിഷ്യരും എന്റെ അഭിവന്ദ്യ ഗുരുനാഥന്മാരുമായ നദ്‌വത്തുൽഉലമയിലെ പണ്ഡിതന്മാരോട് ചർച്ചചെയ്ത് തീരുമാനിക്കാമെന്ന് കരുതി 2000 മെയ് മാസത്തിൽ സയ്യിദിന്റെ പ്രവർത്തനകേന്ദ്രമായിരുന്ന ലഖ്നൗവിൽ പോയി വിഭവങ്ങൾ ശേഖരിച്ച ശേഷമാണ് ഇതിന്റെ രചന നിർവഹിച്ചിട്ടുള്ളത്. രചന പൂർത്തീകരിച്ചശേഷം ചില സൂക്ഷ്മ വിവരങ്ങൾ ശേഖരിക്കാനും പുസ്തകം പരിശോധിപ്പിക്കാനുമായി 2001 ഏപ്രിലിൽ ലഖ്നൗവിലേക്കും സയ്യിദ് നദ്‌വി സാഹിബിന്റെ ജന്മഗ്രാമമായ റായ്ബറേലിയിലെ തകിയാ കലാനിലേക്കും വീണ്ടും യാത്രചെയ്യുകയുണ്ടായി.

www.abulhasanalinadwi.org

അല്ലാമാ നദ്‌വിസാഹിബിനെയും ദർശനങ്ങളെയും അദ്ദേഹത്തിന്റെ സ്വന്തം കൃതികളിലൂടെ വരച്ചുകാണിക്കാനാണിവിടെ പരമാവധി ശ്രമിച്ചിട്ടുള്ളത്. "ഫീ മസീറതിൽ ഹയാത് " (വാല്യം:3, പേജ് 1097)എന്ന സയ്യിദിന്റെ അറബിയിലുള്ള ആത്മകഥയാണ് ഈ രചനയിലെ മുഖ്യാധാരം. കൂടാതെ അദ്ദേഹത്തിന്റെ മറ്റു ചില ഗ്രന്ഥങ്ങൾ, അദ്ദേഹത്തോട് കൂടുതൽ സമ്പർക്കം പുലർത്തിയിരുന്ന നദ്‌വയിലെ പ്രധാന ഉസ്താദുമാരുമായി നടത്തിയ അഭിമുഖങ്ങൾ, ഈ എളിയവന് സയ്യിദ് സാഹിബുമായുള്ള അനുഗൃഹീത ഗുരുശിഷ്യബന്ധത്തിലെ അനർഘാനുഭവങ്ങൾ എന്നിവയും ഇതിന്റെ അവലംബങ്ങളാണ്.

ഈ പുസ്തകം കണ്ട് സന്തോഷം പ്രകടിപ്പിക്കുകയും അനുഗൃഹീതസന്ദേശം നൽകി ആശീർവദിക്കുകയും ചെയ്ത എന്റെ വന്ദ്യഗുരുവും സയ്യിദ് സാഹിബിന്റെ പിൻഗാമിയുമായ ഹസ്റത്ത് മൗലാനാ സയ്യിദ് മുഹമ്മദ് റാബിഅ് നദ്‌വി സാഹിബിനോടും, കൃത്യാന്തരബാഹുല്യങ്ങൾക്കിടയിൽ തികഞ്ഞ ആത്മാർഥതയോടെ ഈ പുസ്തകം പരിശോധിക്കുകയും വേണ്ട നിർദേശങ്ങൾ നൽകുകയും പ്രൗഢഗംഭീരമായ അവതാരിക എഴുതിത്തരികയും ചെയ്ത അനുഗൃഹീത പണ്ഡിതനും അല്ലാമാ നദ്‌വി സാഹിബിന്റെ സ്നേഹവാത്സല്യങ്ങൾക്ക് വിധേയനാവുകയും ചെയ്ത(1). മലയാളത്തിന്റെ വരദാനം എം.പി. അബ്ദുസ്സമദ് സമദാനി (എം.പി.) സാഹിബിനോടുമുള്ള അനൽപമായ കൃതജ്ഞത ഇവിടെ രേഖപ്പെടുത്തുകയാണ്.

കൂടാതെ നദ്‌വത്തുൽഉലമയിലെ എന്റെ വന്ദ്യ ഗുരുനാഥന്മാരായ മൗലാനാ സയ്യിദ് വാദിഹ് റശീദ് നദ്‌വി, മൗലാനാ നദ്റുൽ ഹഫീദ് നദ്‌വി അൽ അസ്ഹരി, മൗലാനാ സഈദുർ റഹ്മാൻ അഅ്സമി, മൗലാനാ സൽമാൻ ഹുസൈനി നദ്‌വി, മൗലാനാ ശംസുൽഹഃഖ് നദ്‌വി, കേരളത്തിലെ പ്രമുഖ നദ്‌വിമാരായ എം.എം.നദ്‌വി, ഡോ: ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി, എന്റെ സുഹൃത്തുക്കളായ സയ്യിദ് ആർ.പി. മുജീബ്, മുഹമ്മദ് ഉഗ്രപുരം, എന്റെ പ്രിയപത്നി ശരീഫ തുടങ്ങിയവരുടെ വിവിധ സേവനങ്ങൾ ഈ ഗ്രന്ഥരചനക്ക് ലഭിച്ചിട്ടുണ്ട്. എല്ലാവർക്കും അല്ലാഹു അർഹമായ പ്രതിഫലം നൽകുകയും ഇതൊരു സൽക്കർമമായി സ്വീകരിക്കുകയും ചെയ്യട്ടെ.

14-09-2001

ബദരിയ്യ അറബിക്കോളേജ്

കൊയിലാണ്ടി - 673 305

**യൂസുഫ് മുഹമ്മദ് നദ്‌വി**

(1) തന്റെ ഗ്രന്ഥങ്ങളുടെ മലയാള വിവർത്തകനായി ആത്മകഥയിൽ (5-ാം ഭാഗം) സമദാനി സാഹിബിനെ അല്ലാമാ പരിചയപ്പെടുത്തുന്നുണ്ട്.

www.abulhasanalinadwi.org

# സയ്യിദ് അബുൽഹസൻ നദ്‌വി

ഇരുപതാം നൂറ്റാണ്ട് ദർശിച്ച ഇസ്‌ലാമികപ്രതിഭകളിൽ പ്രഗത്ഭനായിരുന്നു ഹസ്‌റത്ത് മൗലാനാ സമാഹതുശ്ശൈഖ് സയ്യിദ് അബുൽഹസൻ അലി അൽഹസനി നദ്‌വി സാഹിബ്. ഇസ്‌ലാമികലോകത്തെ പണ്ഡിതകുലപതി, സാമൂഹിക പരിഷ്കർത്താവ്, പ്രബോധകൻ, പ്രഭാഷകൻ, ഗ്രന്ഥകർത്താവ്, ചരിത്രകാരൻ, മാനവികതയുടെ ശക്തനായ പ്രചാരകൻ എന്നീ നിലകളിലെല്ലാം ആഗോള മത-വൈജ്ഞാനിക-സാഹിത്യ-സാമൂഹിക-സാംസ്കാരിക മേഖലകളിലൊക്കെ അദ്ദേഹം ഒരുപോലെ വ്യക്തിമുദ്ര പതിപ്പിച്ചു.

ഇസ്‌ലാമിന്റെ നിത്യനൂതനസന്ദേശങ്ങളെ സംബന്ധിച്ച് മനസാ വാചാകർമണാ മാനവതയോട് സംവദിച്ചു ജീവിച്ച അദ്ദേഹം, ദൃഢവിശ്വാസത്തിന്റെയും നിഷ്കളങ്കതയുടെയും ദൈവികസമർപ്പണത്തിന്റെയും മൂർത്തരൂപമാവുകവഴി ലോക മുസ്‌ലിം ഉമ്മത്തിന്റെ സമാദരണീയനായ ഇമാമായിത്തീർന്നു.

പുണ്യനബി(സ)യുടെ സന്താനപരമ്പരയിൽ അവിടുത്തെ നാൽപതാമത്തെ പൗത്രനും അല്ലാമാ സയ്യിദ് അബ്ദുൽഹയ്യ് അൽഹസനി – അൽഹാഫിളഃ സയ്യിദത്ത് ഖൈറുന്നിസ ദമ്പതികളുടെ പ്രിയപുത്രനുമായി ഹിജ്റ:1333 (ക്രി.വ:1914) മുഹർറം ആറിന് വെള്ളിയാഴ്ച ഉത്തർപ്രദേശിലെ റായ്ബറേലി പട്ടണത്തിനടുത്ത തകിയാകലാൻ എന്ന മനോഹര ഗ്രാമത്തിൽ അബുൽഹസൻ ജനിച്ചു.

www.abulhasanalinadwi.org

# കുടുംബം

www.abulhasanalinadwi.org

ഹൃദയധമനികളിൽ അലിഞ്ഞുചേർന്ന ഈമാനികാവേശത്തോടെ, നാഡി-ഞരമ്പുകൾക്ക് ബലം നൽകുന്ന മനക്കരുത്തോടെ, ദിവ്യഗ്രന്ഥത്തിന്റെയും സത്യപ്രബോധനത്തിന്റെയും അചഞ്ചലമായ ലക്ഷ്യബോധത്തോടെ, സൃഷ്ടിപൂജയിൽനിന്ന് ഏകനായ സ്രഷ്ടാവിനെ അനുസരിക്കുന്നതിലേക്ക്, സങ്കുചിതലോകത്തുനിന്ന് വികസിതലോകത്തേക്ക്, മതങ്ങളുടെ വഞ്ചനകളിൽനിന്ന് ഇസ്‌ലാമിന്റെ നീതിന്യായവ്യവസ്ഥിതിയിലേക്ക് ജനങ്ങളെ മോചിപ്പിക്കാനാണ് അല്ലാഹു ഞങ്ങളെ നിയുക്തരാക്കിയത് എന്ന് പേർഷ്യൻസ്ഥാനപതി റുസ്തമിന് മുസ്‌ലിം സമുദായത്തെ പരിചയപ്പെടുത്തിയ രിബ്ഇയ്യുബ്നു ആമിറി (റ)ന്റെ വചനങ്ങൾ എത്ര അർഥഗർഭമാണ്! ആ വചനങ്ങൾ എന്റെ മനസ്സിൽ സൃഷ്ടിച്ച കോളിളക്കം നിങ്ങൾക്കനുഭവപ്പെട്ടോ എന്ന് എനിക്കറിയില്ല.

സയ്യിദ് അബുൽഹസൻ അലി നദ്‌വി

www.abulhasanalinadwi.org

## മുഹമ്മദ് നബി(സ)യിലേക്ക് ചേരുന്ന മൗലാനയുടെ കുടുംബപരമ്പര

1 സയ്യിദ് അബുൽഹസൻ അലി നദ്‌വി അൽഹസനി
2 സയ്യിദ് അബ്ദുൽഹയ്യ് അൽഹസനി
3 സയ്യിദ് ഫഖ്‌റുദ്ദീൻ അൽഹസനി
4 സയ്യിദ് അബ്ദുൽഅലി അൽഹസനി
5 സയ്യിദ് അലി മുഹമ്മദ് അൽഹസനി
6 സയ്യിദ് അക്ബർശാഹ് അൽഹസനി
7 സയ്യിദ് മുഹമ്മദ്ശാഹ് അൽഹസനി
8 സയ്യിദ് മുഹമ്മദ് തഖിയ്യ് അൽഹസനി
9 സയ്യിദ് അബ്ദുർറഹീം അൽഹസനി
10 സയ്യിദ് ഹിദായത്തുല്ലാഹ് അൽഹസനി
11 സയ്യിദ് മുഹമ്മദ് ഇസ്ഹാഖ് അൽഹസനി
12 സയ്യിദ് മുഹമ്മദ് മുഅസ്സം അൽഹസനി
13 സയ്യിദ് ഖാദീ അഹ്മദ് അൽഹസനി
14 സയ്യിദ് ഖാദീ മഹ്മൂദ് അൽഹസനി
15 സയ്യിദ് ഖാദീ അലാഉദ്ദീൻ അൽഹസനി
16 സയ്യിദ് അമീർ ഖുത്‌ബുദ്ദീൻ അൽഹസനി
17 സയ്യിദ് സ്വദ്‌റുദ്ദീൻ അൽഹസനി
18 സയ്യിദ് സൈനുദ്ദീൻ അൽഹസനി
19 സയ്യിദ് അഹ്മദ് അൽഹസനി
20 സയ്യിദ് അലി അൽഹസനി
21 സയ്യിദ് ഖിയാമുദ്ദീൻ അൽഹസനി
22 സയ്യിദ് സ്വദ്‌റുദ്ദീൻ അൽഹസനി

www.abulhasanalinadwi.org

23 സയ്യിദ് ഖാദീ റുക്നുദ്ദീൻ അൽഹസനി

24 സയ്യിദ് അമീർ നിസാമുദ്ദീൻ അൽഹസനി

25 സയ്യിദ് അമീറുൽകബീർ ഖുത്ബുദ്ദീൻ മുഹമ്മദ് മദനി അൽഹസനി

26 സയ്യിദ് റശീദുദ്ദീൻ അഹ്മദ് അൽഹസനി

27 സയ്യിദ് യൂസുഫ് അൽഹസനി

28 സയ്യിദ് ഈസാ അൽഹസനി

29 സയ്യിദ് ഹസൻ അൽഹസനി

30 സയ്യിദ് അബുൽഹസൻ അലി അൽഹസനി

31 സയ്യിദ് അബൂജഅ്ഫർ മുഹമ്മദ് അൽഹസനി

32 സയ്യിദ് ഖാസിം അൽഹസനി

33 സയ്യിദ് അബൂമുഹമ്മദ് അബ്ദുല്ലാഹ് അൽഹസനി

34 സയ്യിദ് ഹസനുൽ അഅ്വാർ അൽജവാദ് അൽഹസനി

35 സയ്യിദ് മുഹമ്മദ് സാനി അൽഹസനി

36 സയ്യിദ് അബ്ദുല്ലാഹിൽ അശ്തർ അൽഹസനി

37 സയ്യിദ് മുഹമ്മദ് ദിന്നഫ്സിസ്സകിയ്യ: അൽഹസനി

38 സയ്യിദ് അബ്ദുല്ലാഹ് അൽമഹ്ദ് അൽഹസനി

39 സയ്യിദ് ഹസനുൽമുസന്നാ അൽഹസനി

40 സയ്യിദുനാ വ ഇമാമുനാ ഹസനുബ്നു അലിഅൽ മുർതദാ

സയ്യിദത്ത് ഫാത്വിമതുസ്സഹ്റാ

(റദിയല്ലാഹു അൻഹും)

സയ്യിദുനാ വനബിയ്യുനാ മുഹമ്മദുർറസൂലുല്ലാഹ്

(സല്ലല്ലാഹു അലൈഹിവസല്ലം)[1]

---

*1. സയ്യിദ് നദ്‌വി സാഹിബിന്റെ പിതാമഹനായ മൗലാനാ സയ്യിദ് ഫഖ്റുദ്ദീൻ അൽഹസനിയുടെ സീറത്തുസ്സാദാത്ത് എന്ന പേർഷ്യൻഗ്രന്ഥത്തിന്റെ കൈയെഴുത്തു പ്രതിയിൽനിന്ന് നദ്‌വയിലെ ലൈബ്രേറിയൻ മൗലാനാ ബുർഹാനുദ്ദീൻ നദ്‌വിയുടെ സഹായത്തോടെ സംഗ്രഹിച്ചത്.*

www.abulhasanalinadwi.org

# ഹസനീസാദാത്ത് ഇന്ത്യയിൽ

ഈ കുടുംബത്തിൽനിന്ന് ആദ്യമായി ഇന്ത്യയിലെത്തിയത് അമീർ സയ്യിദ് ഖുത്ബുദ്ദീൻ മുഹമ്മദ് അൽ മദനിയാണ്[1]. ഹിജ്റ ഏഴാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഒരു വലിയ സംഘത്തോടൊപ്പം ബഗ്ദാദ് വഴി ഇന്ത്യയിലെത്തിയ അദ്ദേഹം കുറച്ചു കാലം ദൽഹിയിൽ താമസിച്ച് അവിടത്തെ ഇസ്‌ലാമികപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും പിന്നീട് മതപ്രബോധനാർഥം ഉത്തർപ്രദേശിന്റെ വിവിധ ഭാഗങ്ങളിൽ പര്യടനം നടത്തുകയുമുണ്ടായി. വിശുദ്ധവിശ്വാസത്തിന്റെയും സത്യബോധനത്തിന്റെയും ധർമസമരത്തിന്റെയും മാർഗങ്ങളിൽ വെളിച്ചമേകുന്ന ഒരു വലിയ സംഘത്തെ വാർത്തെടുത്ത ആ മഹാരഥൻ ഹി.677ൽ ഉത്തർപ്രദേശിലെ ഇലാഹാബാദിനടുത്ത കറഹ്മാൻക്പൂരിൽ ദിവംഗതനായി.

സയ്യിദ് ഖുത്ബുദ്ദീന്റെ കുടുംബം പിന്നീട് ഇസ്‌ലാമികപ്രബോധകരുടെയും റബ്ബാനീപണ്ഡിതരുടെയും നേതൃവാഹകരാവുകയും വിഭിന്ന കാലഘട്ടങ്ങളിലെ ഇസ്‌ലാമികപ്രവർത്തനങ്ങളുടെ കേന്ദ്രബിന്ദുവായി മാറുകയും ചെയ്തു. ഇവരിൽ പ്രസിദ്ധനും പണ്ഡിതശ്രേഷ്ഠനും മുറബ്ബിയുമായ സയ്യിദ് അലമുല്ലാഹി അന്നഖ്ശബന്ദി ഇബ്നു സയ്യിദ് ഫുദൈൽ അൽ ഹസനി[2] എന്നവർ ഹിജ്റ പതിനൊന്നാം നൂറ്റാണ്ടിൽ റായ്ബറേലിയിൽ വന്ന് സ്ഥിരതാമസമാക്കുകയും അതുവഴി ഹസനീകുടുംബത്തിന് ആ മണ്ണിൽ അടിത്തറ പാകുകയും ചെയ്തു. തന്റെ ഇസ്‌ലാമിക പ്രവർത്തനങ്ങളുടെ കേന്ദ്രമായി ഹിജ്റ: 1083–ൽ ശൈഖ് ഇവിടെ ഒരു മസ്ജിദ് പണികഴിപ്പിക്കുകയുണ്ടായി. താഴികക്കുടമോ മിനാരമോ ഇല്ലാത്ത വിശുദ്ധ കഅ്ബാലയത്തിന്റെ മാതൃകയിലായിരുന്നു അതിന്റെ നിർമാണം. വിശുദ്ധ കഅ്ബയോടുള്ള ആദരവ് നിലനിർത്തുന്നതിനു വേണ്ടി അതിന്റെ ഉയരത്തേക്കാൾ അൽപം ഉയരം കുറച്ചാണ് ഈ മസ്ജിദ് പണികഴിപ്പിച്ചത്. അനുഗൃഹീ

*1. ജനനം ഹിജ്റ: 581*

*2 ഹിജ്റ: 1096 ൽ വഫാത്തായ ഇദ്ദേഹത്തിന്റെ നാമത്തോട് ചേർത്തി 'ദാഇറെ ശൈഖ് അലമുല്ലാഹ്' എന്നാണ് മൗലാനാ നദ്‌വി സാഹിബിന്റെ കുടുംബവീട് അറിയപ്പെടുന്നത്.*

www.abulhasanalinadwi.org

തമായ സംസംവെള്ളം ഉപയോഗിച്ചുള്ള ചുമർ നിർമാണമാണ് ഇതിന്റെ മറ്റൊരു സവിശേഷത.

ക്രമേണ ധാരാളം ധീരരായ മുജാഹിദുകളുടെയും മുജദ്ദിദുകളുടെയും പണ്ഡിതശ്രേഷ്ഠരുടെയും സിരാകേന്ദ്രമായി ഈ കുഗ്രാമം മാറുകയായി. ഇവരിൽ ഏറ്റവും പ്രസിദ്ധനായിത്തീർന്നത് ഇമാം അഹ്മദുബ്നു ഇർഫാൻ ശഹീദാണ്. ഇസ്ലാമിക ഖിലാഫത്ത് മാതൃകയിലുള്ള ഒരു ശരീഅത്ത്ഭരണം കാഴ്ചവെച്ചുകൊണ്ട് അദ്ദേഹം ഇന്ത്യയിലെ ഇസ്ലാമികചരിത്രത്തിൽ അദ്വിതീയനായി. ദുഃഖകരമെന്നു പറയട്ടെ, ഈ ഇസ്ലാമികരാഷ്ട്രത്തിന്ന് അൽപായുസ്സ് മാത്രമാണുണ്ടായത്. 1246 ൽ പാലക്കോട്ട്(1) എന്ന പ്രദേശത്തു വെച്ച് സിക്കുകാരുമായുണ്ടായ ശക്തമായ ഏറ്റുമുട്ടലിൽ അദ്ദേഹം രക്തസാക്ഷിയായി.

ശൈഖ് നദ്‌വിയുടെ കുടുംബത്തിലെ ഗ്രന്ഥകാരന്മാരിൽ പ്രമുഖനാണ് സയ്യിദ് ഫഖ്റുദ്ദീനുബ്നു അബ്ദുൽഅലി അൽഹസനി(2). പേർഷ്യൻഭാഷയിലുള്ള *മഹർജാൻ താബ്* എന്ന സർവവിജ്ഞാനകോശത്തിന്റെ രചയിതാവാണദ്ദേഹം. പുറമെ ധാരാളം കവിതാസമാഹാരങ്ങളും അദ്ദേഹത്തിന്റെ തൂലികയിൽനിന്ന് രൂപംകൊണ്ടിട്ടുണ്ട്. അല്ലാമയുടെ പിതാവായ സയ്യിദ് അബ്ദുൽഹയ്യ് അൽ ഹസനിയും ഇതുപോലെ ഒരനുഗൃഹീത തൂലികയുടെ ഉടമ തന്നെയായിരുന്നു.

ശൈഖ് എഴുതുന്നു:

“പണ്ഡിതന്മാരുടെയും ഗ്രന്ഥകാരന്മാരുടെയും കുടുംബമായിരുന്നു ഞങ്ങളുടേത്. സമകാലീന എഴുത്തുകാരിൽ വളരെ പ്രസിദ്ധനായിരുന്നു പിതാവ്. സമൂഹത്തിൽ ഞങ്ങളുടെ കുടുംബപൈതൃകത്തിനും ചുറ്റുപാടുകൾക്കും അനിഷേധ്യമായ സ്വാധീനമുണ്ടായിരുന്നു. കുടുംബത്തിലെ ചെറിയവരെയും വലിയവരെയും പുരുഷന്മാരെയും സ്ത്രീകളെയും ഒരുപോലെ ഇത് ആവരണം ചെയ്തിട്ടുണ്ടായിരുന്നു. അഭിവന്ദ്യനായ പിതാവിന്റെ പുസ്തകപ്രേമം അന്തരീക്ഷത്തെ ആവരണംചെയ്ത കാർമേഘം കണക്കെ ഞങ്ങളുടെ കുടുംബത്തിലെ എല്ലാവരെയും ബാധിച്ചിരുന്നു. അതുമൂലം വായന ഞങ്ങളുടെ ഹോബിയായിമാറുകയും ദൃഷ്ടിയിൽപെടുന്ന പുസ്തകങ്ങൾ വാങ്ങി വായിക്കുക ഞങ്ങ

1. ഇപ്പോൾ പാകിസ്താന്റെ പടിഞ്ഞാറുഭാഗത്താണ് ഈ സ്ഥലം.
2. വഫാത്ത് ഹിജ്റ : 1326

www.abulhasanalinadwi.org

ളുടെ പതിവായിത്തീരുകയും ചെയ്തു. മാത്രമല്ല, കൈയിൽ കിട്ടുന്ന കാശിന് മുഴുക്കെയും പുസ്തകങ്ങൾ വാങ്ങിക്കൊണ്ടിരുന്നു. ഇടക്കിടെ വീട്ടിൽ വരുന്ന കുടുംബാംഗങ്ങൾ നൽകുന്ന നാണയത്തുട്ടുകൾ പുസ്തകങ്ങൾ വാങ്ങാനായിരുന്നു ഞങ്ങൾ വിനിയോഗിച്ചിരുന്നത്. അങ്ങനെ ഞങ്ങളുടെ ഏറ്റവും പ്രിയങ്കരമായ ക്രയവിക്രയം പുസ്തകങ്ങളായിത്തീർന്നു."(1)

# പിതാവ്

അറിയപ്പെട്ട ചരിത്രകാരനും നിപുണനായ യൂനാനീ ഭിഷഗ്വരനുമായിരുന്ന അല്ലാമാ അബ്ദുൽഹയ്യ് ഫഖ്റുദ്ദീൻ അൽഹസനിയാണ് ശൈഖിന്റെ പിതാവ്. *നുസ്ഹതുൽ ഖവാതിർ വബഹ്ജതുൽ മസാമിഅ് വന്നവാദിർ* എന്ന അദ്ദേഹത്തിന്റെ ഗ്രന്ഥം പ്രസിദ്ധമാണ്. എട്ട് വാള്യങ്ങളുള്ള ഈ ഗ്രന്ഥത്തിൽ മുസ്‌ലിം ഇന്ത്യയിലെ 4500-ൽപരം ശ്രേഷ്ഠപ്രതിഭകളുടെ ജീവ ചരിത്രമാണ് പ്രതിപാദിക്കുന്നത്. *അൽഹിന്ദ് ഫിൽ അഹ്ദിൽ ഇസ്‌ലാമി, അസ്സഖാഫതുൽ ഇസ്‌ലാമിയ്യ ഫിൽ ഹിന്ദ്* എന്നീ അറബിഗ്രന്ഥങ്ങളും മറ്റു ചില മത സാംസ്കാരിക ഉപന്യാസങ്ങളും അദ്ദേഹത്തിന്റേതായി പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്.

ശൈഖ് എഴുതുന്നു:

"ഗ്രന്ഥരചന, ആതുരസേവ, നദ്‌വയുടെ ഓഫീസ്ജോലി എന്നിവയിൽ വ്യാപൃതനായിരുന്നു പിതാവ്. മിക്ക സമയങ്ങളിലും ഏകാന്തനായി റൂമിലിരുന്ന് ഗ്രന്ഥരചന, പുസ്തകവായന എന്നിവയിൽ മുഴുകുമായിരുന്നു. നിശ്ശബ്ദതയും ശാന്തതയും ഭക്തിയും നിറഞ്ഞ അദ്ദേഹത്തിന്റെ സാന്നിധ്യം ഞങ്ങൾക്ക് വല്ലാത്ത അനുഭൂതിയായിരുന്നു. ഒഴിവുസമയം എന്നത് അദ്ദേഹത്തിന്റെ ജീവിതപ്പട്ടികയിൽ ഇല്ലായിരുന്നു. വിജ്ഞാനപ്രചാരണത്തിലും ഗ്രന്ഥരചനയിലും മുഴുകിയതായിരുന്നു ഗാർഹിക ജീവിതം. ധാരാളം ഗ്രന്ഥങ്ങൾ അദ്ദേഹം വാങ്ങിക്കൂട്ടിയിട്ടുണ്ട്. രചയിതാക്കൾ തങ്ങളുടെ പുസ്തകങ്ങളും ഉപന്യാസങ്ങളും ഗ്രന്ഥകാരനായ പിതാവിന് അയക്കുമായിരുന്നു. ആവശ്യമുള്ളവ തന്റെ ഗ്രന്ഥശേഖരത്തിൽ ഉൾപ്പെടുത്തി ബാക്കിയുള്ളവ മാറ്റിവെക്കും.

1. ഫീമസീറത്തിൽ ഹയാത്ത്: 1/56

www.abulhasanalinadwi.org

ഞാനാകട്ടെ, അവയിൽനിന്ന് എനിക്ക് ഇഷ്ടപ്പെട്ട പുസ്തകങ്ങൾ തെരഞ്ഞെടുക്കുകയും വീട്ടിലെ ഒരു ഒഴിഞ്ഞ അലമാരയിൽ ക്രമപ്പെടുത്തിവെക്കുകയും ചെയ്യും. അങ്ങനെ പുസ്തകങ്ങൾ ക്രമപ്പെടുത്തിവെച്ച അലമാരയുടെ മുമ്പിൽ "അബുൽഹസന്റെ ലൈബ്രറി" എന്ന് എഴുതിയ ഒരു കടലാസ് ഞാൻ പതിക്കുകയുണ്ടായി".(1)

ഹിജ്റ: 1341 (ക്രി.വ.1923) ജമാദുൽഉഖ്റാ 19-ന് വെള്ളിയാഴ്ച ദിക്റിൽ നിർഭരമായിരുന്ന ഹൃദയത്തോടെ ആ ജ്ഞാനജ്യോതിസ്സ് ഇഹലോകവാസം വെടിഞ്ഞു. അബുൽഹസന്റെ പ്രായം അന്ന് ഒമ്പത് വയസ്സിനു താഴെയായിരുന്നു.

## മാതാവ്

മൗലാനയുടെ മാതാവായ സയ്യിദഃ ഖൈറുന്നിസ ഖുർആൻ ഹാഫിളഃയും പണ്ഡിതയും കവയിത്രിയുമായിരുന്നു. രണ്ട് കവിതാസമാഹാരങ്ങൾ ഉൾപ്പെടെ അവരുടെ ഏതാനും ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഗ്രാമീണ സ്ത്രീകൾക്കിടയിൽ പ്രത്യേക പദവി ഉണ്ടായിരുന്ന അവരായിരുന്നു റമദാനിൽ സ്ത്രീകളുടെ ജമാഅത്തായുള്ള തറാവീഹ് നമസ്കാരത്തിനു നേതൃത്വം വഹിച്ചിരുന്നത്. സ്ത്രീകൾക്കിടയിൽ ഇസ്‌ലാമിക ബോധവത്കരണത്തിനു നേതൃത്വം നൽകിയ അവർ പ്രാർഥന സ്വീകരിക്കപ്പെട്ടിരുന്ന സദ്‌വൃത്തയായ ഒരു മഹതിയായിരുന്നു.

ആരാധനാകർമങ്ങളിലും പ്രാർഥനകളിലും സജീവത നിലനിർത്തിയ നല്ലൊരു ഭക്ത കൂടിയായിരുന്ന അവർ അനേകം പ്രാവശ്യം നബി(സ)യെ സ്വപ്നത്തിൽ ദർശിച്ചിട്ടുണ്ട്. നബി(സ)യുമായി സ്വപ്നത്തിൽ ബൈഅത്ത് ചെയ്യാൻ ഭാഗ്യം ലഭിച്ച പുണ്യവതിയായിരുന്നു തന്റെ മാതാവെന്ന് അല്ലാമ അനുസ്മരിച്ചിട്ടുണ്ട്. മൗലാനയുടെ വ്യക്തിത്വരൂപീകരണത്തിൽ മുഖ്യമായ പങ്കും അവർക്കായിരുന്നു. പാതിരാവുകളിലെ ഏകാന്തതയിൽ ഹൃദയം ഭക്തിസാന്ദ്രമാവുമ്പോഴും റബ്ബിനെ സ്മരിച്ച് നയനങ്ങൾ ബാഷ്പകണങ്ങൾ പൊഴിക്കുമ്പോഴും ആ മാതൃഹൃദയത്തിൽ നിറഞ്ഞുനിന്നത് മകൻ അലിയുടെ ഇസ്‌ലാമിക പുരോഗതിയായിരുന്നു.

സ്വഹാബിമാരുടെ സവിശേഷതകളും ഖലീഫമാരുടെ സ്വഭാവഗുണങ്ങളും എല്ലാവിധ നന്മകളും അബുൽഹസനിലുണ്ടാ

1. ഫീമസീറത്തിൽ ഹയാത്ത്: 1/62

www.abulhasanalinadwi.org

വാൻ ആ മഹതി നിരന്തരം അല്ലാഹുവോട് പ്രാർഥിച്ചുകൊണ്ടിരുന്നു. ജമാഅത്തായുള്ള നമസ്കാരം, കളങ്കമേൽക്കാത്ത തൗഹീദ്, കവിഞ്ഞൊഴുകുന്ന പ്രവാചകസ്നേഹം, പ്രധാന ഖുർആൻസൂറകളും പ്രാർഥനകളും ദിനചര്യയാവൽ തുടങ്ങിയ ഗുണങ്ങൾ മകനിൽ ഉണ്ടാവാൻ സയ്യിദഃ ഖൈറുന്നിസ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. വീട്ടുജോലിക്ക് വരുന്നവരോട് ജനമധ്യത്തിൽ വെച്ച് തന്നെ ക്ഷമാപണം നടത്താൻ പഠിപ്പിച്ച തന്റെ പ്രിയമാതാവിന്റെ ശിക്ഷണം പിഴവുകൾ സംഭവിക്കുമ്പോൾ മാപ്പപേക്ഷിക്കാൻ തനിക്ക് പ്രചോദകമായിട്ടുണ്ടെന്ന് അല്ലാമ പറയാറുണ്ടായിരുന്നു.

മകന്റെ വിദ്യാഭ്യാസകാര്യത്തിൽ പ്രത്യേകം ശ്രദ്ധയുണ്ടായിരുന്ന അവർ തന്നെയായിരുന്നു മൗലാനയുടെ ഖുർആൻ ഹിഫ്ളിന്റെ പ്രഥമ ഗുരു. അബുൽഹസൻ ജീവിക്കുന്ന ഒരു ഇസ്‌ലാമികമാതൃകയായി മാറണമെന്ന് അത്യധികം അഭിലഷിച്ച ആ മാതൃഹൃദയം മകന്റെ പഠനമേഖലകളിലെല്ലാം സജീവമായി ശ്രദ്ധിച്ചുകൊണ്ടിരുന്നു. ലഖ്നൗവിലെ പഠനകാലത്തിനിടയിൽ ഇംഗ്ലീഷ്‌വിദ്യാഭ്യാസം ആരംഭിച്ച അബുൽഹസൻ ഇംഗ്ലീഷ്സാഹിത്യവുമായി കൂടുതൽ അടുപ്പം കാണിച്ചുതുടങ്ങിയപ്പോൾ മാതാവിന്റെ ഒരു കത്താണ് അദ്ദേഹത്തെ അതിൽനിന്ന് പിന്തിരിപ്പിച്ചതും അറബ്-ഇസ്‌ലാമികവിജ്ഞാനങ്ങളിലേക്ക് തിരിച്ചുവിട്ടതും. ഇംഗ്ലീഷ്‌വിദ്യാഭ്യാസം അത്യാവശ്യത്തിനു മാത്രം മതിയെന്നായിരുന്നു മാതാവിന്റെ നിലപാട്.

ധന്യമായ 93 വർഷത്തെ ജീവിതത്തിനു ശേഷം 1968 ആഗസ്റ്റ് 31-ന് അവർ ഇഹലോകവാസം വെടിഞ്ഞു. വിയോഗത്തിന്റെ രണ്ട് ദിവസം മുമ്പാണ് ശൈഖ് നദ്‌വി ഭോപാലിൽനിന്ന് റായ്ബറേലിയിൽ എത്തുന്നത്. മകനെ കണ്ട മാത്രയിൽ അദ്ദേഹത്തെ അടുത്തേക്ക് വിളിച്ച്കൊണ്ട് മാതാവ് പറഞ്ഞു: മോനേ, എന്റെ ശരീരത്തിലെ ഓരോ രോമവും റബ്ബിന് തസ്ബീഹ് ചൊല്ലുന്നതായും അതുകണ്ട് ഞാൻ ഹർഷപുളകിതയാവുന്നതും ഞാൻ സ്വപ്നം കണ്ടു.'' ഇതുകേട്ട് മൗലാന പറഞ്ഞു: ''ഈ സ്വപ്നം വ്യാഖ്യാനമാവശ്യമില്ലാത്തതും അനുഗൃഹീതവുമാണ്. അദ്ദേഹം എഴുതുന്നു:

“അവർ മരണമടഞ്ഞ ദിവസം പൂർണ ഉന്മേഷവതിയായി കാണപ്പെട്ടു. ളുഹ്റ് നമസ്കരിച്ചശേഷം കൈവിരലുകൾകൊണ്ട്

www.abulhasanalinadwi.org

എണ്ണി തസ്ബീഹ് ചൊല്ലിക്കൊണ്ടിരുന്നു. ഈ വേളയിൽ മരണത്തിന്റെ പിടിയിലേക്ക് അവർ സാവധാനം നടന്നു നീങ്ങുകയായിരുന്നു. പിന്നീട് 'അല്ലാ..ഹ് ' എന്ന ശബ്ദത്തിലാണ് അവരുടെ നിശ്വാസം കേട്ടുകൊണ്ടിരുന്നത്. ആ ശബ്ദം നിലച്ചുകഴിഞ്ഞപ്പോൾ ആ മഹതി പരലോകത്തേക്ക് യാത്രയായി എന്ന് ഞങ്ങൾക്ക് ബോധ്യപ്പെട്ടു."(1)

# സഹോദരൻ

ഇസ്‌ലാമികപണ്ഡിതനും വൈദ്യശാസ്ത്രജ്ഞനുമായിരുന്ന മൗലാനാ ഡോ.സയ്യിദ് അബ്ദുൽഅലി അൽ ഹസനി നദ്‌വി (B.Sc, MBBS) ശൈഖിന്റെ ഏക സഹോദരനായിരുന്നു. പിതാവിന്റെ ഒന്നാം ഭാര്യയിലാണ് അബ്ദുൽഅലി ജനിക്കുന്നത്. നദ്‌വയിൽനിന്നും ദാറുൽഉലൂം ദയൂബന്ദിൽനിന്നും ഇസ്‌ലാമികവിഷയങ്ങളിൽ ബിരുദം നേടിയ അദ്ദേഹം ഇലഹാബാദ് യൂണിവേഴ്സിറ്റിയിൽനിന്ന് സയൻസിൽ മെഡലുകളും ലഖ്നൗ യൂനിവേഴ്സിറ്റിയിൽനിന്ന് മോഡേൺ മെഡിസിൻ ബിരുദവും നേടി. ഇസ്‌ലാമികവിജ്ഞാനങ്ങളിലും പാശ്ചാത്യ-പൗരസ്ത്യ വിദ്യകളിലും അവഗാഹം നേടിയ അദ്ദേഹം ആധുനികവും പൗരാണികവുമായ നാഗരികതകളെ കർമപഥത്തിൽ സസൂക്ഷ്മം സമന്വയിപ്പിച്ച വ്യക്തിയായിരുന്നു.

സഹോദരന്റെ ഉന്നതസംസ്കാരവും തന്റെ വിദ്യാഭ്യാസത്തിലുള്ള അദ്ദേഹത്തിന്റെ സജീവ ശ്രദ്ധയും ദീനീവളർച്ചയിലുള്ള കണിശമായ ശിക്ഷണവും തന്റെ വ്യക്തിത്വരൂപീകരണത്തിൽ വലിയ പങ്ക്‌വഹിച്ചതായി അല്ലാമ പലപ്പോഴും അനുസ്മരിക്കാറുണ്ട്. പ്രാചീന അറേബ്യൻ (യൂനാനി) വൈദ്യത്തിലും മോഡേൺ മെഡിക്കൽ സയൻസിലും നല്ല പരിജ്ഞാനമുണ്ടായിരുന്ന അദ്ദേഹം ഒരുന്നതനായ ചികിത്സകൻ കൂടിയായിരുന്നു.

മതവിജ്ഞാനമേഖലകളിലും ആതുരശുശ്രൂഷാരംഗത്തും പ്രത്യേകം വ്യക്തിമുദ്ര പതിപ്പിച്ച അദ്ദേഹം കൂടുതൽ ചിന്തിക്കുകയും കുറച്ചു മാത്രം സംസാരിക്കുകയും ചെയ്യുന്ന പ്രകൃതക്കാരനായിരുന്നു. പിതാവിന്റെ വിയോഗാനന്തരം നദ്‌വ

1. ഫീ മസീറത്തിൽ ഹയാത്ത് 1/319

ത്തുൽഉലമായുടെ റെക്ടർ സ്ഥാനം വഹിച്ച അദ്ദേഹം 1961 മെയ് 7-ന് ഇഹലോകവാസം വെടിഞ്ഞു. മരണസമയത്ത് അല്ലാമ സ്ഥലത്തുണ്ടായിരുന്നില്ല. ഖബ്റടക്കം കഴിഞ്ഞ് ഏതാനും സമയം കഴിഞ്ഞ ശേഷമാണ് വിദൂര യാത്ര കഴിഞ്ഞ് അദ്ദേഹം തിരിച്ചെത്തിയത്. തന്റെ ജീവിതത്തിലെ ഏറ്റവും ദുഃഖപൂർണമായ അനുഭവം, തനിക്ക് ഗുരുവും മാർഗദർശിയും പിതാവും സഹോദരനും കൂട്ടുകാരനും എല്ലാമായിരുന്ന ജ്യേഷ്ഠന്റെ വിയോഗമായിരുന്നുവെന്ന് മൗലാന രേഖപ്പെടുത്തിയിട്ടുണ്ട്.(1)

# സഹോദരിമാർ

അബുൽഹസന് രണ്ട് സഹോദരിമാരുണ്ടായിരുന്നു. രണ്ടുപേരും അദ്ദേഹത്തേക്കാൾ മുതിർന്നവർ. ജീവിതവിശുദ്ധി, പാണ്ഡിത്യം, പ്രബോധന ദൗത്യം എന്നിവകൊണ്ട് ഇരുവരും അഹ്‌ലുബൈത്തിന്റെ സവിശേഷതകൾ കാത്തുസൂക്ഷിക്കുന്നവരായിരുന്നു. ഏറ്റവും മുതിർന്നവരായ സയ്യിദത്ത് അമതുൽഅസീസ് എന്നവർ, മൗലാനാ മഹ്മൂദ് ഹസൻ, മുഹമ്മദ് സാനി, പ്രമുഖ പണ്ഡിതനും അറബി, ഉർദു സാഹിത്യകാരനും ഗ്രന്ഥകർത്താവും റാബിത്വതുൽ അദബിൽ ഇസ്‌ലാമി ജനറൽ സെക്രട്ടറിയും നദ്‌വയുടെ ഇപ്പോഴത്തെ റെക്ടറുമായ മുഹമ്മദ് റാബിഅ് നദ്‌വി, നദ്‌വയിലെ അറബിക് കോളേജ് പ്രിൻസിപ്പലും "അർറാഇദ്", "അൽ ബഅ്സുൽ ഇസ്‌ലാമി" എന്നീ പ്രസിദ്ധീകരണങ്ങളുടെ എഡിറ്ററുമായ മൗലാനാ മുഹമ്മദ് വാഹിദ് നദ്‌വി തുടങ്ങിയ പ്രമുഖരുടെ മാതാവാണ്. ഇവരെ സംബന്ധിച്ച് "കുടുംബത്തിന്റെ ബർകത്ത്" എന്നായിരുന്നു അല്ലാമാ നദ്‌വി വിശേഷിപ്പിക്കാറുണ്ടായിരുന്നത്.

രണ്ടാമത്തെ സഹോദരിയായ അമതുല്ലാഹ് തസ്നീം മികച്ച എഴുത്തുകാരിയും പണ്ഡിതയും കവയിത്രിയും ആരാധനാനുഷ്ഠാനങ്ങളിൽ വ്യാപൃതയുമായിരുന്നു. ഇമാം നവവി

1. പ്രമുഖ പണ്ഡിതനും എഴുത്തുകാരനും നദ്‌വയിൽനിന്ന് പുറത്തിറങ്ങിക്കൊണ്ടിരിക്കുന്ന 'അൽ ബഅ്സുൽ ഇസ്‌ലാമി' മാസികയുടെ സ്ഥാപകനുമായിരുന്ന മൗലാനാ മുഹമ്മദ് ഹസനി ഇദ്ദേഹത്തിന്റെ പുത്രനാണ്.

www.abulhasanalinadwi.org

യുടെ *രിയാദുസ്സ്വാലിഹീൻ* എന്ന ഹദീസ് ഗ്രന്ഥത്തിന് "സാദുസ്സഫർ" എന്ന പേരിലുള്ള ഉർദുവിവർത്തനം ഉൾപ്പെടെ അവരുടെ അനവധി ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്.

## പത്നി

*സിംസാമുൽ ഇസ്‌ലാം* എന്ന കൃതിയുടെ കർത്താവും അല്ലാമാ വാഖിദിയുടെ *ഫുതൂഹുശ്ശാമി*ന്റെ പദ്യവിവർത്തകനുമായ സയ്യിദ് അബ്ദുർറസ്സാഖ് സാഹിബിന്റെ പുത്രിയും സയ്യിദ് ദിയാഉന്നബിയ്യ് സാഹിബിന്റെ പൗത്രിയും തന്റെ മാതൃസഹോദരീപുത്രിയുമായിരുന്ന സയ്യിദത്ത് ത്വയ്യിബാ ഖാതൂനായിരുന്നു നദ്‌വി സാഹിബിന്റെ ജീവിതസഖി. 1934 നവംബറിലായിരുന്നു വിവാഹം. പ്രശസ്ത ഹദീസ് പണ്ഡിതൻ ശൈഖ് ഹൈദർ ഹസൻഖാൻ നികാഹിന്റെ ഖുത്വ്ബ നിർവഹിച്ചു. പിതാവിന്റെ വേർപാട് അറിയിക്കാതെ സഹോദരൻ ഡോ. സയ്യിദ് അബ്ദുൽഅലി നദ്‌വി സാമാന്യം നല്ലൊരു വിവാഹസദ്യ സംഘടിപ്പിക്കുകയുണ്ടായി. തികഞ്ഞ മതഭക്തയും മാതൃകാവനിതയുമായിരുന്ന സയ്യിദത്ത് ത്വയ്യിബഃ 1989-ൽ ഇഹലോകവാസം വെടിഞ്ഞു. നദ്‌വി സാഹിബുമായുള്ള അവരുടെ അമ്പത്തിയഞ്ചു വർഷത്തെ ദാമ്പത്യജീവിതത്തിനിടയിൽ സന്താനങ്ങളൊന്നും ജനിച്ചില്ല.

www.abulhasanalinadwi.org

# വിദ്യാഭ്യാസം

അറബികളുടെ വിജയവും പ്രതാപവും മുഹമ്മദ് നബിയുടെ പാദമുദ്രകളിലാണ് അല്ലാഹു നിശ്ചയിച്ചത്. ഏതെങ്കിലും സോഷ്യലിസ്റ്റ് നേതാവിന്റെയോ ഡെമോക്രാറ്റിക് വക്താവിന്റെയോ കീഴിലല്ല അറബികളുടെ - അല്ല; മാനവതയുടെ - സുരക്ഷ. മുഹമ്മദ് (സ) യുടെ വാഹനത്തിൽ കയറാത്തവർ രക്ഷപ്പെടില്ല. ശരീഅത്ത്നിയമങ്ങൾ പൂർണമായി നടപ്പാക്കാതെ അറബ്‌രാഷ്ട്രങ്ങൾക്ക് അന്തസ്സും അഭിമാനവും ലഭിക്കില്ല. മാനവതയുടെ മോചനം മുഹമ്മദി(സ)ന്റെ നേതൃത്വം അംഗീകരിക്കുന്നതിലും അതംഗീകരിച്ച് ജീവിക്കുന്നതിലുമാണെന്ന് പ്രപഞ്ചസ്രഷ്ടാവ് തിരുമാനിച്ചുകഴിഞ്ഞതാണ്.

സയ്യിദ് അബുൽഹസൻ അലി നദ്‌വി

# പ്രാഥമിക വിദ്യാഭ്യാസം

അബുൽഹസന്റെ പ്രാഥമികപഠനം സ്വന്തം വീട്ടിൽ വെച്ച് തന്നെയായിരുന്നു. ഉർദു അക്ഷരാഭ്യാസവും ബാലപാഠവും പഠിച്ച ശേഷം അടുത്ത മസ്ജിദിൽനിന്നാണ് ഉർദുപഠനം തുടർന്നത്. കൂടെ പേർഷ്യൻഭാഷയും അഭ്യസിച്ചു. പിതാവിന്റെ ബാലകൃതികളായ "തഅ്ലീമുൽ ഇസ്ലാം", "നൂറുൽ ഈമാൻ" എന്നീ പുസ്തകങ്ങളും പഠിച്ചു. ഈ കാലയളവിലായിരുന്നു അബുൽഹസനെ അനാഥയാക്കി പിതാവ് ഇഹലോകവാസം വെടിഞ്ഞത്. അന്ന് അദ്ദേഹത്തിന് ഒമ്പത് വയസ്സ് തികഞ്ഞിരുന്നില്ല. എന്നാൽ, മാതാവ് ഖൈറുന്നിസയും ജ്യേഷ്ഠൻ അബ്ദുൽഅലിയും അബുൽഹസന്റെ പഠനത്തിൽ സജീവശ്രദ്ധ പതിപ്പിച്ചു. മാതാവിന്റെ ശിഷ്യത്വത്തിൽ ഖുർആനിൽനിന്ന് കുറേ ഭാഗങ്ങൾ മനഃപാഠമാക്കുകയുണ്ടായി. പിന്നീട് ലഖ്നൗവിൽ വസിക്കുന്ന കാലത്താണ് ഖുർആൻ പൂർണമായും മനഃപാഠമാക്കിയത്. പത്താം വയസ്സിൽ(1924)ജ്യേഷ്ഠൻ ഡോ.അബ്ദുൽഅലി അബുൽഹസനെ ലഖ്നൗവിൽ കൊണ്ടുവരികയും തന്റെ സുഹൃത്തും ലഖ്നൗ യൂനിവേഴ്സിറ്റിയിലെ അറബിക് അധ്യാപകനും സാഹിത്യകാരനും ഉന്നത വ്യക്തിത്വത്തിന്റെ ഉടമയുമായിരുന്ന ശൈഖ് ഖലീലുൽ യമാനിയുടെ ശിഷ്യത്വത്തിൽ അറബിഭാഷ പഠിപ്പിക്കാൻ ഏർപ്പാടു ചെയ്യുകയും ചെയ്തു. ശൈഖ് യമാനിയുടെ വാത്സല്യപൂർണമായ ശിക്ഷണത്തിൽ അബുൽ ഹസൻ അറബിഭാഷ പഠിച്ചു. അറബി രചനയും സംസ്കാരവും തനിക്ക് വശമാക്കിത്തരാൻ ശൈഖ് യമാനിയുടെ ആത്മാർഥതയും അറബിസാഹിത്യവൈഭവവും വശ്യമായ അധ്യാപനശൈലിയും ഗണ്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ടെന്ന് ശൈഖ് നദ്‌വി തന്റെ ആത്മകഥയിൽ അനുസ്മരിച്ചിട്ടുണ്ട്.(1)

1. ഫീ മസീറത്തിൽ ഹയാത്ത്; 1/79

www.abulhasanalinadwi.org

1926-ൽ കാൺപൂരിൽ നടന്ന നദ്‌വത്തുൽ ഉലമയുടെ സമ്മേളനത്തിൽ പങ്കെടുക്കാനെത്തിയ സഹോദരൻ ഡോ.സയ്യിദ് അബ്ദുൽഅലി നദ്‌വിയെ അനുജനും അനുഗമിച്ചിരുന്നു. സമ്മേളനത്തിനുവന്നിരുന്ന വിദേശപ്രതിനിധികളുമായി അബുൽ ഹസൻ ബന്ധപ്പെടുകയും അവരോട് അറബിയിൽ ആശയവിനിമയം നടത്തുകയും ചെയ്തു. അനറബിയായ കൊച്ചു ബാലന്റെ അറബിപാടവത്തിൽ മതിപ്പ് തോന്നിയ അറബികൾ അങ്ങാടിയിലേക്ക് പോവുമ്പോഴും മറ്റും പരിഭാഷകനായി അബുൽഹസനെ കൂടെ കൂട്ടുകയുണ്ടായി.

*നഹ്ജുൽ ബലാഗ, ദലാഇലുൽ ഇഅ്ജാസ്, ദീവാൻ ഹമാസ, മഖാമാതുൽ ഹരീരി* എന്നീ ഗ്രന്ഥങ്ങളാണ് അറബി സാഹിത്യപഠനത്തിന് അബുൽഹസൻ പ്രധാനമായും അവലംബിച്ചത്.

## വായനാശീലം

എഴുത്തും വായനയും പഠിച്ചതു മുതൽപുസ്തകവായന അബുൽ ഹസന്റെ പ്രധാന ഹോബിയായിരുന്നു. പ്രവാചകചരിത്രങ്ങളായിരുന്നു ഏറെ പ്രിയങ്കരം. നബിചരിത്രങ്ങൾ കൂടുതൽ വായിക്കാൻ മാതാവിന്റെയും ജ്യേഷ്ഠസഹോദരന്റെയും സ്ഥിരമായ പ്രോത്സാഹനവും ഉണ്ടായിരുന്നു.

അദ്ദേഹം പറയുന്നു: പുസ്തകപരസ്യങ്ങളും കാറ്റ്ലോഗുകളും ഞാൻ പ്രത്യേകം ശ്രദ്ധിക്കുക പതിവായിരുന്നു. ഒരിക്കൽ *റഹ്മത്തുല്ലിൽ ആലമീൻ* എന്ന ഒരു പുസ്തകത്തിന്റെ പേര് ശ്രദ്ധയിൽപെട്ടപ്പോൾ അത് ഞാൻ തപാലിൽ ആവശ്യപ്പെടുകയുണ്ടായി. രണ്ടു വാള്യങ്ങളുണ്ടായിരുന്നു അത്. എന്നാൽ, ഗ്രന്ഥത്തിന്റെ വില നൽകാൻ മാത്രം പത്തുപതിനൊന്ന് വയസ്സുകാരനായ എന്റെ സാമ്പത്തികനില വളർന്നിട്ടുണ്ടായിരുന്നില്ല. അങ്ങനെയിരിക്കെ ഒരു ദിവസം ആ പുസ്തകവുമായി ഞങ്ങളുടെ കൊച്ചുഗ്രാമത്തിലേക്ക് പോസ്റ്റ്മാൻ വരുന്നു. പക്ഷേ, പുസ്തകം വിലകൊടുത്തുവാങ്ങാൻ എന്റെ കൈവശം ഒന്നുമുണ്ടായിരുന്നില്ല. ഞാൻ പ്രിയമാതാവിനെ സമീപിച്ചു. യതീമായ തന്റെ കുട്ടി

യുടെ അഭിലാഷം പൂർത്തീകരിക്കാൻ ഏറെ ഉൽസാഹിയായിരുന്ന അവരുടെ കൈവശവും പക്ഷേ കാശുണ്ടായിരുന്നില്ല. ഒരു വഴിയും കാണാതായപ്പോൾ ഞാൻ കുട്ടികളുടെ ശിപാർശകനായ "ബാഷ്പകണങ്ങളെ" തന്നെ പ്രാപിച്ചു. കണ്ണുനീരിന്റെ ശിപാർശ, അവഗണിക്കപ്പെടുകയില്ല എന്നു മനസ്സിലാക്കിയവരാണല്ലോ കുട്ടികൾ. ബദ്റിൽ പങ്കെടുക്കാൻ വന്ന സഅ്ദുബ്നു അബീവഃഖാസി(റ)നെ പ്രായക്കുറവ് കാരണം നബി(സ) മാറ്റിനിർത്തിയപ്പോൾ തന്റെ കണ്ണുനീർ അദ്ദേഹത്തിന് 'ശിപാർശ' ചെയ്യുകയും അതുമൂലം നബി(സ) യുദ്ധത്തിൽ പങ്കെടുക്കാൻ അനുവാദം നൽകുകയും ചെയ്തത് പ്രസിദ്ധമാണല്ലോ. ആ ശിപാർശയാണ് ഇവിടെയും വിജയിച്ചത്. എന്റെ കണ്ണീരു കണ്ട് മനസ്സലിഞ്ഞ വാത്സല്യനിധിയായ മാതാവ് കുടുംബക്കാരെ സമീപിച്ച് പണം സ്വരൂപിച്ച് പുസ്തകത്തിന്റെ വിലനൽകി. ഞാൻ അത്യാവേശത്തോടെ വായന തുടങ്ങി. അതിലെ വരികൾ ഹൃദയത്തെ ഉൾപുളകം കൊള്ളിക്കുന്നതായിരുന്നു. ഹൃദ്യവും മൃദുലവുമായ ഉൾപുളകം(1)"

മറ്റൊരു സംഭവം അല്ലാമ അനുസ്മരിക്കുന്നത് ഇങ്ങനെയാണ്: "ഞാൻ ഒരു രസകരമായ സംഭവം ഓർക്കുന്നു. ഞാൻ സൂക്ഷിച്ചുവെച്ചിരുന്ന നാണയത്തുട്ടുകളുമായി ഒരിക്കൽ അമീനാബാദ്[2] അങ്ങാടിയിലേക്കിറങ്ങി. അന്നെനിക്ക് അഞ്ചോ ആറോ വയസ്സ് കാണും. പുസ്തകങ്ങൾ ബുക്സ്റ്റാളുകളിൽ മാത്രമേ ലഭിക്കൂവെന്നും ഓരോ സാധനത്തിനും പ്രത്യേകം കടകളുണ്ടാവുമെന്നും അഞ്ചാറ് വയസ്സുകാരനായ എനിക്ക് അറിയില്ലായിരുന്നു. അങ്ങനെ ഞാനൊരു മെഡിക്കൽ ഷോപ്പിൽ കയറി കൈവശമുണ്ടായിരുന്ന നാണയങ്ങൾ നൽകി പുസ്തകം ആവശ്യപ്പെട്ടു. ഈ കുട്ടി ഏതോ ഉന്നത കുടുംബത്തിലെ അംഗമാണെന്ന് മനസ്സിലാക്കിയ കടക്കാരൻ ഉർദുവിലുള്ള മരുന്നുകളുടെ കാറ്റലോഗ് എനിക്കെടുത്തു തന്നു; കൂടെ ഞാൻ കൊടുത്ത നാണയങ്ങളും. അപ്പോഴുണ്ടായ അതിരറ്റ സന്തോഷവും ആഹ്ലാദവും എത്രയാണെന്ന് ആരും എന്നോട് ചോദിക്കരുത്. കാരണം എനിക്ക് പുസ്തകവും കിട്ടി; ഞാൻ കൊടുത്ത വിലയും തിരിച്ചുകിട്ടി. വീട്ടിലെത്തി പുസ്തകം എന്റെ കൊച്ചു ഗ്രന്ഥാലയത്തിൽ ഭംഗിയായി വെച്ചു. (പിതാവിന് ആവശ്യമില്ലാതെ അദ്ദേഹം ഉപേക്ഷിക്കുന്ന

1. ഫീ മസീറത്തിൽ ഹയാത്ത് 1/57
2. ലഖ്നൗ പട്ടണത്തിലെ ഒരു അങ്ങാടി

www.abulhasanalinadwi.org

പുസ്തകങ്ങളാണ് എന്റെ ലൈബ്രറിസ്വത്തെന്നറിയാമല്ലോ). എന്റെ രണ്ടു സഹോദരിമാരും പുസ്തകഭ്രമത്തിൽ എന്നിൽനിന്ന് ഒട്ടും വ്യത്യസ്തരായിരുന്നില്ല. വായനയിൽ ഉൽസാഹികളായിരുന്നു ഞങ്ങളെല്ലാം."[1]

# പഠനപര്യടനം

1929–ൽ ലഖ്നൗ യൂനിവേഴ്സിറ്റിയിൽനിന്ന് അറബി സാഹിത്യത്തിൽ ഉന്നത ബിരുദം നേടി സ്വർണമെഡൽ കരസ്ഥമാക്കി. ഇതേ വർഷം ലാഹോറിൽ പോവുകയും ഡോക്ടർ അല്ലാമാ മുഹമ്മദ് ഇഖ്ബാൽ, പ്രസിദ്ധ ഖുർആൻവ്യാഖ്യാതാവായ ശൈഖ് അഹ്മദ് അലി ലാഹോരി,[2] ഹാഫിള് ജലന്ദരി തുടങ്ങിയ പ്രതിഭകളെ പരിചയപ്പെടുകയും ജൂലൈ മാസത്തിൽ ലഖ്നൗവിലേക്കുതന്നെ മടങ്ങുകയും ചെയ്തു. നദ്‌വയിലെ ഹദീസ് പണ്ഡിതൻ ശൈഖ് ഹൈദർ ഹസനുബ്നു അഹ്മദ് ഹസന്റെ[3] ശിഷ്യത്വം സ്വീകരിക്കുകയും രണ്ട് വർഷം പൂർണമായി അദ്ദേഹത്തിൽനിന്ന് ഹദീസ് പഠിക്കുകയും ചെയ്തു. *ബുഖാരി, മുസ്‌ലിം, തിർമിദി* എന്നീ സുപ്രസിദ്ധ ഹദീസ്ഗ്രന്ഥങ്ങൾ പൂർണമായും തഫ്സീറുൽ ബൈദാവി ഭാഗികമായും കുറേ മൻതിഖ് പാഠങ്ങളും ഇക്കാലത്ത് പഠിച്ചു. നദ്‌വയിലെ ഭാഷാധ്യാപകനായ മുഹമ്മദ് തഖിയ്യുദ്ദീനിൽ മറാകിശിയുമായി സഹവസിച്ചുകൊണ്ട് ഒട്ടനവധി അറിവുകൾ കരസ്ഥമാക്കി. 1930, 31,32 വർഷങ്ങളിൽ വീണ്ടും ലാഹോറിൽ ചെന്ന് തഫ്സീറിൽ ശൈഖ് അഹ്മദ് അലി ലാഹോരിയുടെ ശിഷ്യത്വം സ്വീകരിക്കുകയുണ്ടായി. സൂറത്തുൽബഖറയും ശാഹ് വലിയുല്ലാഹിദ്ദഹ്‌ലവിയുടെ *ഹുജ്ജതുല്ലാഹിൽ ബാലിഗ*യും ഈ കാലയളവിലാണ് ശൈഖ് അപഗ്രഥനം ചെയ്തത്. 1932–ലെ ലാഹോർയാത്രയിൽ മതപാഠ

1. അത്ത്വരീഖു ഇലൽ മദീന: പേജ്: 12,13
2. ത്വരീഖത്തിൽ ശൈഖിന്റെ ഒരു പ്രധാന ഗുരുവാണ് ഇദ്ദേഹം.
3. ഇദ്ദേഹത്തിലൂടെയാണ് സ്വിഹാഹുസ്സിത്ത ഉൾപ്പെടെയുള്ള മൗലാനയുടെ ഹദീസ് പഠനത്തിന്റെ സനദ് തിരുനബി(സ)യിൽ ചെന്നെത്തുന്നത്. ഈ സനദിലൂടെ മൗലാനാ റഹിമഹുല്ലാഹിയിൽനിന്ന് സിഹാഹുസ്സിത്തയുടെയും മുവത്ത്വയുടെയും സനദ് സ്വീകരിക്കാൻ എളിയവനായ കുറിപ്പുകാരനും അല്ലാഹു ഭാഗ്യം ചെയ്തു. പരിശുദ്ധ ഹദീസുകളുടെ യഥാർഥ സംരക്ഷകരിൽ അല്ലാഹു ഈ പരമ്പരയെ സ്വീകരിക്കട്ടെ- ആമീൻ.

www.abulhasanalinadwi.org

ശാലകളിലെ ബിരുദധാരികൾക്കായുള്ള ഖാസിമുൽഉലൂം കലാലയത്തിൽ വിദ്യാർഥിയായി ചേർന്നു പഠിക്കുകയുണ്ടായി. പരീക്ഷയിൽ നല്ല നിലയിൽ വിജയം നേടുകയും ഹദീസ് പണ്ഡിതനായ ഹുസൈൻ അഹ്മദിൽനിന്ന് സർട്ടിഫിക്കറ്റ് കരസ്ഥമാക്കുകയും ചെയ്തു. ഇതേവർഷം തന്നെ ദയൂബന്ദിൽ പോവുകയും ശൈഖ് മദനിയുടെ ഹദീസ്ദർസിൽ പങ്കെടുക്കുകയും സ്വഹീഹുൽബുഖാരിയിലും തിർമിദിയിലും പ്രത്യേകപഠനം നടത്തുകയും ശൈഖ് ഹൈദർ ഹസൻഖാൻ തൂകിയിൽനിന്ന് സനദ് സ്വീകരിക്കുകയും ചെയ്തു.

ഇന്ത്യയിലെ ആനുകാലികപ്രസിദ്ധീകരണങ്ങൾക്കുപുറമെ അറബ് ലോകത്തെ പ്രസിദ്ധീകരണങ്ങളുടെയും വായനകാരനായിരുന്നു നദ്‌വിസാഹിബ്. മുസ്‌ലിംലോകത്തിന്റെ ചലനങ്ങൾ സംബന്ധിച്ച് മനസ്സിലാക്കാൻ ഇതുമൂലം അദ്ദേഹത്തിന് കൂടുതൽ അവസരങ്ങളുണ്ടായി. ഇസ്‌ലാമികചരിത്രം- വിശിഷ്യാ നബിചരിത്രം, ലോകചരിത്രം, ലോകമതങ്ങൾ, ചിന്താപ്രസ്ഥാനങ്ങൾ, ദർശനങ്ങൾ, വിവിധ നാഗരികതകൾ, വർത്തമാനകാലത്തിന്റെ ചലനങ്ങൾ തുടങ്ങിയവ അദ്ദേഹത്തിന്റെ പ്രത്യേക പഠനങ്ങളിൽ ഉൾപ്പെട്ടിരുന്നു. നദ്‌വീകൃതികളിലൂടെ കണ്ണോടിക്കുന്ന ഏതൊരാൾക്കും ഈ വസ്തുത മനസ്സിലാക്കാം. മൗലാനയുടെ *മാദാ ഖസിറ, അസ്സിറാഅ്, സീറത്തുന്നബവി* തുടങ്ങിയ ഗ്രന്ഥങ്ങളിൽ ഇത് കൂടുതൽ സ്പഷ്ടമാണ്.

1927-നും 1930-നും ഇടയിലാണ് നദ്‌വിസാഹിബ് ഉർദു സാഹിത്യപഠനത്തിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കുന്നത്. ഇക്കാലത്തുതന്നെയാണ് ഇംഗ്ലീഷ് പഠിച്ചതും. പിതാവിന്റെ സുഹൃത്തായ ശൈഖ് മുഹമ്മദ് ഖലീലിൽനിന്ന് പ്രാഥമിക പഠനം നടത്തിയ ശേഷം അദ്ദേഹത്തിന്റെ പ്രേരണകൊണ്ട് നാട്ടിലെ പ്രശസ്ത ഇംഗ്ലീഷ് അധ്യാപകനായ മുഹമ്മദ് സമീഹ് സിദ്ദീഖിയിൽനിന്ന് പഠനം തുടർന്നു. ഇതോടെ അബുൽഹസന്റെ ഇംഗ്ലീഷ് പഠനത്തിനുള്ള അഭിനിവേശം വർധിച്ചുകൊണ്ടിരുന്നു. കൂടുതൽ ഇംഗ്ലീഷ് സാഹിത്യങ്ങൾ വാങ്ങി വായിക്കുകയും പരമാവധി സമയം ഇംഗ്ലീഷ് സാഹിത്യപഠനത്തിനു വേണ്ടി ഉപയോഗപ്പെടുത്തുകയും ചെയ്യാൻ തുടങ്ങി. ഇംഗ്ലീഷ് പഠനമാണ് ഗവൺമെന്റ് ജോലി ലഭിക്കുന്നതിനും വ്യത്യസ്തങ്ങളായ ഭൗതികനേട്ടങ്ങൾക്കും കാരണമാവുക എന്ന കാഴ്ചപ്പാടിൽ ചില കുടുംബസുഹൃത്തുക്കൾ അദ്ദേഹത്തെ അതിന് പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു. എന്നാൽ, തകി

www.abulhasanalinadwi.org

യാകലാനിലുള്ള വന്ദ്യമാതാവ് ഇതറിഞ്ഞപ്പോൾ വിഷമത്തോടെ മകന് കത്തെഴുതി. അറബിഭാഷയുടെ മഹിമകൾ, ഇസ്‌ലാമികവിജ്ഞാനങ്ങളിൽ തന്നെ ആഴ്ന്നിറങ്ങേണ്ടതിന്റെ ആവശ്യകത, പ്രബോധനരംഗത്ത് സജീവമാവുന്നതിന്റെ അനിവാര്യത, ഭൗതികനേട്ടങ്ങളേക്കാൾ കൂടുതൽ പരലോകവിജയത്തിന്ന് ഊന്നൽ നൽകേണ്ടതിന്റെ ആവശ്യം എന്നിവയായിരുന്നു കത്തിലെ ഉള്ളടക്കം. കൂടാതെ അറബിഭാഷയിലേക്ക് മകന്റെ ശ്രദ്ധ തിരിച്ചുവിടാൻ ആ വാത്സല്യ മാതൃഹൃദയം മനംനൊന്ത് അല്ലാഹുവോട് പ്രാർഥിച്ചുകൊണ്ടിരിക്കുകയും ചെയ്തു. പ്രാർഥനക്ക് ഉത്തരം ലഭിച്ചിരുന്ന മഹതിയുടെ ആഗ്രഹം പോലെത്തന്നെ അബുൽഹസൻ വീണ്ടും അറബിയിൽ സജീവമാവുകയുണ്ടായി.

## ഇഖ്ബാൽകവിതകളിലൂടെ

ശൈഖിനെ ഹഠാദാകർഷിച്ച ഒരു മഹാപ്രതിഭയായിരുന്നു ലോകപ്രശസ്ത ഇസ്‌ലാമികകവി ഡോ.അല്ലാമാ മുഹമ്മദ് ഇഖ്ബാൽ. കവിയുടെ ഇസ്‌ലാമികചിന്തകളും അർഥഗർഭമായ കവിതകളും ശൈഖിനെ വല്ലാതെ സ്വാധീനിക്കുകയുണ്ടായി. അദ്ദേഹം പറയുന്നു: "വിശ്വാസം, സ്നേഹം, പ്രത്യാശ എന്നിവയുടെ കവി, ഭൗതിക പാശ്ചാത്യ നാഗരികതക്കെതിരെയുള്ള ശക്തനായ വിപ്ലവകാരി, പടിഞ്ഞാറൻസംസ്കാരത്തെ പഠിച്ചറിഞ്ഞ നിരൂപകൻ, ഇസ്‌ലാമികപൈതൃകത്തിലേക്കും മുസ്‌ലിമിന്റെ ഔന്നത്യത്തിലേക്കുമുള്ള ആത്മാർഥതയുള്ള ധന്യനായ ക്ഷണിതാവ്, സങ്കുചിത ദേശീയതയുടെയും കപട ജനാധിപത്യത്തിന്റെയും ശക്തനായ എതിരാളി, വിശ്വമാനവികതയുടെയും വിശാലമായ ഇസ്‌ലാമികാദർശത്തിന്റെയും ഉന്നതനായ വക്താവ് എന്നീ നിലകളിലാണ് ഞാൻ അല്ലാമാ ഇഖ്ബാലിനെ ഇഷ്ടപ്പെടുന്നതും അദ്ദേഹത്തിന്റെ കവിതയിൽ വ്യാപൃതനാവുന്നതും"(1)

ചെറുപ്രായത്തിൽതന്നെ ശൈഖ് ഇഖ്ബാലിയൻകവിതകൾ പഠിക്കുകയും അതിൽ ആകൃഷ്ടനാവുകയും അവ അറബിയിലേക്ക് വിവർത്തനം ചെയ്യാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. 1929-ൽ ലാഹോറിൽ ചെന്ന് അല്ലാമയെ സന്ദർശിച്ചപ്പോൾ താൻ അറബിയിലേക്ക് വിവർത്തനം ചെയ്ത അദ്ദേഹത്തിന്റെ ഏതാനും


1. റവാഇഉ ഇഖ്ബാൽ, പേജ്: 10

www.abulhasanalinadwi.org

കവിതകൾ ഇഖ്ബാലിനെ കാണിക്കുകയും അദ്ദേഹം ശൈഖിനെ അഭിനന്ദിക്കുകയുമുണ്ടായിട്ടുണ്ട്. എന്നാൽ, 1935-ൽ ലാഹോറിൽ പോയി അല്ലാമയെ സന്ദർശിക്കുന്നതുവരെ അദ്ദേഹത്തിന്റെ കവിതകളിൽ ശൈഖിന്റെ താൽപര്യം ഒരു പരിധിവരെ കുറവായിരുന്നു. ഇഖ്ബാലിന്റെ പ്രഥമ കവിതാസമാഹാരമായ "ബാങ്കേദറാ" മാത്രമായിരുന്നു ആ കാലയളവിൽ മൗലാനയുടെ ദൃഷ്ടിയിൽപെട്ടിരുന്നത്. പിന്നീട് വന്ന ഇഖ്ബാലിയൻകവിതകളിലെ ആശയചക്രവാളങ്ങളും ഉന്നതചിന്തയും അത്രതന്നെ ഉൾക്കൊള്ളുന്നതായിരുന്നില്ല അത്.

*ദർബേ കലീം, ബാൽ ജിബ്‌രീൽ* എന്നീ കവിതാസമാഹാരങ്ങൾ വായിക്കാനിടയായപ്പോൾ ശൈഖിന്റെ ഇഖ്ബാൽകവിതകളോടുള്ള ആകർഷണം ഇരട്ടിക്കുകയായിരുന്നു. അതിലെ വരികളിൽ നിറഞ്ഞുനിന്ന ഇസ്‌ലാമികചിന്തകളും ആഖ്യാനസൗന്ദര്യവും സംഗീതശക്തിയും ശൈഖിനെ വളരെ ആകർഷിച്ചു. തുടർന്ന് ഇഖ്ബാലിന്റെ പേർഷ്യൻഭാഷയിലെ കവിതകളും ശൈഖ് പഠന വിധേയമാക്കി. ഇതിന്റെ ഫലമാണ് പിന്നീട് ശൈഖ് എഴുതിയ '*അത്വരീഖു ഇലൽ മദീന*' എന്ന പുസ്തകത്തിലെ '*ഇഖ്ബാൽ റസൂലിന്റെ മദീനയിൽ*' എന്ന അധ്യായവും '*റവാഇഉ ഇഖ്ബാൽ*' എന്ന മനോഹരമായ പുസ്തകവും.

www.abulhasanalinadwi.org



ശൈഖ് നദ്‌വി സ്ഥാപിച്ച ലഖ്നോവിലെ ശിബ്‌ലി നുഅ്മാനി ലൈബ്രറി

www.abulhasanalinadwi.org

# കർമപഥം

www.abulhasanalinadwi.org

കണ്ടവരെയെല്ലാം കൂട്ടുകാരാക്കി, അധിനിവേശത്തിനു കീഴടങ്ങി, തിന്മയോട് മൗനം ദീക്ഷിച്ച്, അനീതിയോട് സന്ധിയായി, ആത്മവീര്യം കളഞ്ഞുകുളിച്ച്, ബാധ്യതകൾ വിസ്മരിച്ച്, ശത്രുവിനെയും മിത്രത്തെയും മനസ്സിലാക്കാൻ കഴിയാത്ത, ഒന്നിലധികം തവണ ഒരേ മാളത്തിൽനിന്ന് കടിയേൽക്കുന്ന, കാലത്തിന്റെ ചുവരെഴുത്ത് വായിക്കാത്ത, കാര്യബോധം ഉൾക്കൊള്ളാത്ത, ഒഴുക്കിനൊത്ത് നീന്തുന്ന ഒരു അധമസമൂഹമായി ഏതു കാലത്തെയും മുസ്‌ലിം ഉമ്മത്ത് അധഃപതിക്കരുത്.

സയ്യിദ് അബുൽഹസൻ അലി നദ്‌വി

www.abulhasanalinadwi.org

# ഡോ. അംബേദ്കറെ കാണുന്നു

സവർണരുടെയും വരേണ്യവർഗത്തിന്റെയും അടിച്ചമർത്തലുകൾക്കും പീഡനതാണ്ഡവങ്ങൾക്കും വിധേയരായിക്കൊണ്ടിരിക്കുന്ന അവർണ-ആദിവാസി-ദലിത് വിഭാഗങ്ങളുടെ മോചനത്തിനു വേണ്ടി ഡോ.അംബേദ്കറിന്റെ നേതൃത്വത്തിൽ വലിയൊരു കീഴാളവർഗം ഹിന്ദുമതം ഉപേക്ഷിച്ച് മറ്റേതെങ്കിലും മതം സ്വീകരിക്കാൻ തീരുമാനിച്ചതിന്റെ പശ്ചാത്തലത്തിൽ അദ്ദേഹത്തെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുക എന്ന ദൗത്യവുമായി 1935 ഒക്ടോബറിൽ ശൈഖ് നദ്‌വി ബോംബെയിലേക്ക് തിരിച്ച സംഭവം അദ്ദേഹത്തിന്റെ പ്രബോധനവീഥിയിലെ നാഴികക്കല്ലാണ്.

രാഷ്ട്രീയ നിയമനിർമാണ മണ്ഡലങ്ങളിൽ തിളങ്ങിനിന്നിരുന്ന ഡോക്ടർ അംബേദ്കർ ബോംബെ ലോകോളേജ് പ്രിൻസിപ്പലും ദലിത് പിന്നോക്ക വിഭാഗത്തിന്റെ അനിഷേധ്യനേതാവുമായിരുന്നു. അദ്ദേഹത്തിന്റെ മതപരിവർത്തന തീരുമാനമറിഞ്ഞ ക്രിസ്ത്യൻ, ബുദ്ധ മിഷനറിമാരും അദ്ദേഹത്തെ സമീപിച്ചുകൊണ്ട് തങ്ങളുടെ മതങ്ങളിലേക്ക് ക്ഷണിച്ചിരുന്നു.

തന്റെ ഈ തീർഥയാത്രയെക്കുറിച്ച് ശൈഖ് എഴുതുന്നു "ഞാൻ ബോംബെയിൽ ഇറങ്ങിയശേഷം കൈവശം കൊണ്ടുവന്ന പുസ്തകങ്ങളും ലഘുലേഖകളുമായി ഡോ.അംബേദ്കറുടെ വീട് അന്വേഷിച്ചിറങ്ങി. എന്റെ ഉദ്യമം ചിലരുമായി പങ്കുവെച്ചപ്പോൾ അവർ ചിരിക്കുകയും എന്നെ തുറിച്ചുനോക്കുകയുമായിരുന്നു. ഏഴോ എട്ടോ മണിക്ക് ഞാൻ അംബേദ്കറുടെ വസതിയിലെത്തി. അദ്ദേഹം പ്രഭാതസവാരിക്ക് ഇറങ്ങിയിരുന്നു. സ്വീകരണമുറിയിൽ സന്ദർശകർ നിറഞ്ഞിരുന്നു. കൂട്ടത്തിൽ ഏറ്റവും ചെറിയവനായി എനിക്ക് എന്നെ അനുഭവപ്പെട്ടു. പക്ഷേ, കാര്യങ്ങൾ അല്ലാഹുവിൽ അർപ്പിച്ചുകൊണ്ട് ഞാനും സന്ദർശകർക്കിടയിൽ ഇരുന്നു.

www.abulhasanalinadwi.org

അൽപസമയത്തിനകം ഡോക്ടർ വീട്ടിലെത്തി. സന്ദർശകരെ സശ്രദ്ധം വീക്ഷിച്ച ശേഷം എന്നെയും കൂട്ടി അദ്ദേഹം തന്റെ വായനാമുറിയിലേക്ക് നടന്നു. കസേരയിലേക്ക് ചൂണ്ടിക്കൊണ്ട് എന്നോട് ഇരിക്കാൻ പറഞ്ഞു. ഖുർആൻപരിഭാഷ അദ്ദേഹത്തിന്റെ മേശപ്പുറത്തിരിക്കുന്നത് ഞാൻ കണ്ടു. രാഷ്ട്രീയമോ സാമൂഹികമോ ആയ ലക്ഷ്യങ്ങളൊന്നുമില്ലാത്ത ഒരു ശുദ്ധ മുസ്‌ലിമിന്റെ ഭാഷ്യത്തിൽ എന്റെ വിനീതമായ അറിവുവെച്ച് ഞാൻ സംസാരിച്ചു.

'ഡോക്ടർ, വിഭിന്നമതങ്ങളുടെ ഉന്നതരായ നേതാക്കൾ താങ്കളെ സന്ദർശിക്കുകയും ഉന്നതതല സംഭാഷണങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ടാവാം. അതിനാൽ എനിക്ക് കൂടുതലായി ഒന്നും പറയാനില്ല. താങ്കളുടെയും സമൂഹത്തിന്റെയും സുരക്ഷിതത്വം ആത്മാർഥമായും താങ്കൾ ആഗ്രഹിക്കുകയും യഥാർഥ മതത്തെ അന്വേഷിക്കുകയും ചെയ്യുന്നുവെങ്കിൽ ഞാൻ താങ്കളെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുന്നു. രാഷ്ട്രീയമോ സാമൂഹികമാ ആയ പദവികളോ മറ്റു ഭൗതിക നേട്ടങ്ങളോ ഒന്നുംതന്നെ എനിക്ക് താങ്കളോട് വാഗ്ദാനം ചെയ്യാനില്ല.'

എന്റെ വാക്കുകൾ വളരെ ആദരവോടെ കേട്ടശേഷം അദ്ദേഹം പറഞ്ഞു: 'കാര്യം വളരെ ഗൗരവമുള്ളതാണ്. ചിന്തിച്ചു വേണം തീരുമാനമെടുക്കാൻ. ഞാൻ ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുകയാണ്. പിന്നീട് മാത്രമേ തീരുമാനം പ്രഖ്യാപിക്കൂ'. ദൗത്യ നിർവഹണത്തിനു ശേഷം കൈവശമുണ്ടായിരുന്ന ഇംഗ്ലീഷ് ലഘുലേഖകൾ ഞാൻ അദ്ദേഹത്തിനു നൽകി യാത്രചോദിച്ചപ്പോൾ വളരെ മാന്യമായ യാത്രയയപ്പാണ് എനിക്ക് ലഭിച്ചത്. 'നീ ഇഛിച്ചവരെ നിനക്ക് സന്മാർഗത്തിലെത്തിക്കാൻ കഴിയില്ല. എന്നാൽ അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ സന്മാർഗത്തിലെത്തിക്കുന്നതാണ്' എന്ന ഖുർആൻവാക്യം പുലരുകയാണ് പിന്നീടുണ്ടായത്. അദ്ദേഹം അനുയായികളോടൊപ്പം ബുദ്ധമതം സ്വീകരിക്കുകയുണ്ടായി. ഈ മതപരിവർത്തനമാകട്ടെ, അവർക്ക് പ്രത്യേകിച്ച് ഒന്നും നേടിക്കൊടുത്തതുമില്ല. തന്റെ ജീവിതകാലത്ത് തന്നെ അദ്ദേഹത്തിന് ഈ പിഴവ് ബോധ്യപ്പെട്ടിട്ടുണ്ടാവണം. അദ്ദേഹത്തിന്റെ അനുയായികൾ, വിശിഷ്യാ അവരിലെ അഭ്യസ്തവിദ്യർ ഈ കാര്യം ശരിക്കും മനസ്സിലാക്കിയിട്ടുണ്ട്. വി.ടി.രാജശേഖർ "AMBEDKER AND HIS CONVERSION" എന്ന പുസ്തക

ത്തിൽ ഇത് വളരെ വ്യക്തമായി എഴുതിയിട്ടുണ്ട്."(1)

# അധ്യാപനവും പത്രപ്രവർത്തനവും

പഠനപൂർത്തീകരണാനന്തരം ലാഹോറിൽനിന്ന് തിരിക്കുമ്പോൾ അദ്ദേഹത്തിന് ഇരുപത് വയസ്സ് പൂർത്തിയായിരുന്നു. പഠനപര്യടനം തുടരണമെന്ന് തന്നെയായിരുന്നു ആഗ്രഹം. പക്ഷേ, മഹാന്റെ വിജ്ഞാനവൈഭവവും സാഹിത്യപാടവവും അവതരണശൈലിയും സർവോപരി വിശുദ്ധവ്യക്തിത്വവും മനസ്സിലാക്കിയ നദ്‌വത്തുൽഉലമയുടെ വിദ്യാഭ്യാസ കാര്യദർശിയായിരുന്ന സയ്യിദ് സുലൈമാൻ നദ്‌വിയും പ്രവർത്തകസമിതി അംഗമായിരുന്ന മസ്ഊദ് ആലം നദ്‌വിയും 1934 ആഗസ്റ്റ് മാസം മുതൽ നദ്‌വിസാഹിബിനെ ദാറുൽഉലൂമിലെ ഖുർആൻവ്യാഖ്യാനം, അറബിസാഹിത്യം എന്നീ വകുപ്പുകളിൽ അധ്യാപകനായി നിയമിച്ചു. ചുരുങ്ങിയ കാലംകൊണ്ട് നദ്‌വിസാഹിബ് നദ്‌വാ വിദ്യാർഥികളുടെ ഏറ്റവും പ്രിയപ്പെട്ട ഗുരുനാഥനായി മാറുകയുണ്ടായി. ശിഷ്യന്മാരിൽ പലരും അദ്ദേഹത്തേക്കാൾ മുതിർന്ന പ്രായക്കാരായിരുന്നു.

നദ്‌വയിലെ അധ്യാപനജീവിതത്തിനിടയിൽ പത്രപ്രവർത്തനത്തിലും അദ്ദേഹം ഏർപ്പെടുകയുണ്ടായി. നദ്‌വത്തുൽഉലമ പ്രസിദ്ധീകരിച്ചിരുന്ന "അദ്ദിയാഅ്" അറബിമാസികയുടെയും "അന്നദ്‌വ" ഉർദുമാസികയുടെയും സബ് എഡിറ്ററായി. പിന്നീട് "തഅ്മീറേ ഹയാത്ത്" എന്ന ഉർദുമാസിക ആരംഭിക്കുകയും ചെയ്തു.(ഇപ്പോൾ നദ്‌വയിൽ നിന്ന് പുറത്തിറങ്ങിക്കൊണ്ടിരിക്കുന്നത് അർറാഇദ് അറബിദ്വൈവാരിക, അൽബഅ്സുൽ ഇസ്‌ലാമി അറബി മാസിക, തഅ് മീറെ ഹയാത്ത് ഉർദു ദ്വൈവാരിക, എന്നിവയാണ്.)

1. ഫീ മസീറത്തിൽ ഹയാത്ത് 1/122,123

www.abulhasanalinadwi.org

# സിലബസ് പരിഷ്കരണം

അധ്യാപനത്തിലും പാഠ്യപദ്ധതിയിലുമുള്ള തന്റെ വീക്ഷണങ്ങളും പുരോഗമനാശയങ്ങളും മൗലാന നദ്‌വയിലെ സമുന്നതരായ അധ്യാപകരുടെ മുമ്പിൽ സമർപ്പിക്കുകയും അവരുടെ ആശീർവാദത്തോടെ അവ നടപ്പാക്കുകയും ചെയ്യുകയുണ്ടായി. ദഅ്‌വാചിന്ത ഹൃദയത്തിൽ അലിഞ്ഞുചേർന്ന ശൈഖ് നദ്‌വി പാഠപുസ്തകങ്ങളിലെല്ലാം സമൂലമായ മാറ്റം ആവശ്യമാണെന്ന് അഭിപ്രായപ്പെടുകയും അതിനു വേണ്ടിയുള്ള ശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തു.

ആഭാസങ്ങൾ നിറഞ്ഞ ജാഹിലിയ്യാ കവിതാസമാഹാരങ്ങളും സ്ത്രീകളെയും മദ്യത്തെയും അമിതമായി വർണിക്കുന്ന കാവ്യശകലങ്ങളും മാത്രം അറബിസാഹിത്യപഠനത്തിന് അവലംബമാക്കിയിരുന്ന അറബിക്കോളേജുകളുടെയും യൂനിവേഴ്സിറ്റികളുടെയും സരണിയോട് അതൃപ്തി തോന്നിയ ശൈഖ്, സാഹിത്യപഠനത്തോടൊപ്പം വിദ്യാർഥികൾക്ക് ധാർമിക ബോധവത്കരണവും സദാചാരബോധവും വളർത്താൻ ഉതകുന്ന ഒരു സാഹിത്യകൃതി തയാറാക്കാൻ തീരുമാനിക്കുകയായിരുന്നു. അതിനുവേണ്ടി വിശാലമായ വായന നടത്തുകയും ഖുർആനിൽനിന്നും ഹദീസിൽനിന്നും ഇസ്‌ലാമികപ്രബോധനവും ധാർമികബോധവത്കരണവും ലക്ഷ്യമാക്കി രചിക്കപ്പെട്ട മറ്റു ഗ്രന്ഥങ്ങളിൽനിന്നും സാഹിത്യശൈലിയിലും രൂപഭംഗിയിലും ഭാഷയുടെ ഒഴുക്കിലും അതിമനോഹരങ്ങളായ ഭാഗങ്ങൾ ശേഖരിച്ചുകൊണ്ട് 1940-ൽ "*മുഖ്താറാത്തുൻ മിൻ അദബിൽ അറബി*" എന്ന രണ്ട് വാള്യങ്ങളുള്ള കൃതി തയാറാക്കുകയുണ്ടായി. അറബിഭാഷയിലെ എല്ലാ കാലങ്ങളിലെയും പ്രമുഖരായ എഴുത്തുകാരുടെ സൃഷ്ടികൾ ഈ പുസ്തകത്തിലുണ്ട്. വിവിധ രചയിതാക്കളുടെ വ്യതിരിക്ത ശൈലികളിലുള്ള പാഠങ്ങൾ നിറഞ്ഞ ഈ പുസ്തകം വിദ്യാർഥികൾക്ക് അറബിസാഹിത്യവുമായി നല്ലൊരു ബന്ധമുണ്ടാക്കാൻ സഹായകവും ഭാഷാവൈഭവം നേടിക്കൊടുക്കുന്നതുമാണ്. അറബിസാഹിത്യരംഗത്ത് പതിറ്റാണ്ടുകളായി നിലനിന്ന വിടവ് നികത്തിയ ഈ പുസ്തകം ഇന്ന് ലോകത്തിലെ പല ഉന്നത കലാലയങ്ങളിലും പാഠപുസ്തകമാണ്(1)

1. കാലിക്കറ്റ് യൂനിവേഴ്സിറ്റിയുടെ അഫ്ദലുൽ ഉലമാ കോഴ്സിൽ ഈ പുസ്തകം പഠിപ്പിക്കുന്നുണ്ട

www.abulhasanalinadwi.org

അറബിഭാഷ പഠിപ്പിക്കാൻ ആഗോള ഇസ്‌ലാമിക കലാലയങ്ങളിൽ വ്യാപകമായി ഉപയോഗിച്ചുവന്നിരുന്ന പുസ്തകമായിരുന്നു ഈജിപ്തിലെ വിദ്യാഭ്യാസ മന്ത്രാലയം പ്രസിദ്ധീകരിച്ച "അൽ ഖിറാഅത്തുർറശീദ". ഭാഷയിൽ മികച്ചു നിന്ന ഈ പുസ്തകം കുട്ടികളുടെ പ്രകൃതിയോട് യോജിച്ചതായിരുന്നുവെങ്കിലും ഈജിപ്തിൽ താമസിച്ചിരുന്ന ക്രൈസ്തവരെയും ഖിബ്ത്വികളെയും കൂടി പരിഗണിച്ചായിരുന്നു അതിന്റെ ഉള്ളടക്കം. മുസ്‌ലിംകുട്ടികളെ അറബി പഠിപ്പിക്കുമ്പോൾ അതോടൊപ്പം ഇസ്‌ലാമികസംസ്കാരവും അവരിൽ വളർത്തിയെടുക്കണം എന്ന കാഴ്ചപ്പാടിൽ ശൈഖ് നദ്‌വി "ഖിറാഅതുർറാശിദ"(1) എന്ന പേരിൽ ഒരു പുസ്തകം രചിക്കുകയും അത് സിലബസിൽ ഉൾപ്പെടുത്തുകയും ചെയ്തു. അതുപോലെ കാമിൽ കീലാനിയുടെ "ഹികായതുൽ അത്ഫാൽ"എന്ന പുസ്തകത്തിന്റെയും ഒരു ബദൽരചനക്ക് ശൈഖ് തീരുമാനിച്ചിറങ്ങുകയുണ്ടായി. മേൽ പുസ്തകവും കുട്ടികളുടെ അറബി ഭാഷാപഠനത്തിന് നദ്‌വയിലടക്കം ഉപയോഗിച്ചുവരുന്നതായിരുന്നു. നബിമാരുടെ കഥകൾ കുട്ടികളുടെ ഭാഷയിൽ അവതരിപ്പിച്ചുകൊണ്ടാണ് ആ മഹനീയകൃത്യം അദ്ദേഹം നിറവേറ്റിയത്. "ഖസ്വസ്വുന്നബിയ്യീൻ" എന്ന പേരുള്ള ഈ പുസ്തകം അഞ്ച് ഭാഗങ്ങളുണ്ട്. 1944-ലാണ് രചന നടന്നത്. ലോകത്തിലെ ഇസ്‌ലാമികകലാലയങ്ങളിൽ വമ്പിച്ച സ്വീകരണമാണ് ഈ രണ്ട് പുസ്തകങ്ങൾക്കും ലഭിച്ചത്. ഇന്ത്യയിലെ മിക്ക അറബിക്കോളേജുകളിലും അവ പാഠപുസ്തകങ്ങളാണ്. ലോകപ്രശസ്തരായ ഇസ്‌ലാമികപണ്ഡിതർ ഈ പുസ്തകങ്ങളുടെ മഹിമയെ സംബന്ധിച്ച് എഴുതിയിട്ടുണ്ട്. സയ്യിദ് ഖുത്വ്ബ്, അലി ത്വൻത്വാവി, ശൈഖ് അഹ്മദ് ശർബാസ്വി എന്നിവർ അവരിൽ പ്രമുഖരാണ്.

1. ഇത് മൂന്ന് വാള്യങ്ങളുണ്ട്.

www.abulhasanalinadwi.org

# രചയിതാവ്

വായനയും പഠനവും ഉപാസനയാക്കിയ നദ്‌വിസാഹിബിന് ചെറുപ്പത്തിൽതന്നെ എഴുത്തിനോട് ഇഷ്ടമായിരുന്നു. പരന്ന വായനക്കാരനായ അദ്ദേഹം ഉർദുഭാഷയിൽ പിതാവ് അല്ലാമാ അബ്ദുൽഹയ്യ് ഹസനിയുടെയും അറബിഭാഷയിൽ പ്രസിദ്ധ സാഹിത്യകാരൻ മുസ്ത്വഫാ ലുത്ഫി അൽമൻഫലൂത്വിയുടെയും രചനാശൈലികളോട് പ്രത്യേക ആഭിമുഖ്യം പുലർത്തി. ബ്രിട്ടീഷ് അധിനിവേശത്തിനെതിരെയുള്ള ശക്തനായ പോരാളിയും ഇസ്‌ലാമിക മുന്നേറ്റത്തിന്റെ പടനായകനുമായിരുന്ന സയ്യിദ് ഇമാം അഹ്മദ് ശഹീദിനെ സംബന്ധിച്ച പ്രബന്ധമാണ് നദ്‌വി സാഹിബിന്റെ ആദ്യരചന. സ്ഫുടമായ അറബിയിൽ തയാർചെയ്ത ഈ പ്രബന്ധം ഈജിപ്തിൽനിന്ന് പുറപ്പെടുന്ന *അൽമനാർ* മാസികയിലേക്ക് അയക്കുകയും താമസിയാതെ പ്രസിദ്ധീകരിക്കപ്പെടുകയും ചെയ്തു. മാത്രമല്ല, സമകാലികരിൽ സുപ്രസിദ്ധ പണ്ഡിതനായിരുന്ന *അൽമനാർ* എഡിറ്റർ ശൈഖ് റശീദ്‌രിദായെ ആ പ്രബന്ധം വളരെ ആകർഷിക്കുകയും അത് ഒരു കൊച്ചുപുസ്തകമായി പുറത്തിറക്കാൻ താൽപര്യം പ്രകടിപ്പിക്കുകയും നദ്‌വിസാഹിബിനോട് സമ്മതം വാങ്ങിയ ശേഷം അദ്ദേഹം അത് പ്രസിദ്ധീകരിച്ച് വിതരണം ചെയ്യുകയും ചെയ്തു. അങ്ങനെ പതിനാറ് വയസ്സ് തികയാത്ത ഒരിന്ത്യൻ ബാലന്റെ പ്രഥമരചന അറബിഭാഷയിൽ ഈജിപ്തിൽ പുസ്തകരൂപത്തിൽ പുറത്തിറങ്ങി. നദ്‌വിസാഹിബിന്റെ തൂലികക്ക് ലഭിച്ച ഏറ്റവും വലിയ പ്രോത്സാഹനമായിരുന്നു അത്.

ഇസ്‌ലാമിക പ്രബോധനരംഗത്ത് ലോകത്ത് അറിയപ്പെട്ടിരുന്ന പ്രമുഖ പണ്ഡിതർ എഴുതാറുണ്ടായിരുന്ന *അൽഫത്ഹ്* (കയ്റോ), *അൽമുസ്‌ലിമൂൻ* (ജനീവ), *ഹദാറത്തുൽഇസ്‌ലാം* (ദമസ്കസ്) തുടങ്ങിയ മാസികകളിൽ അദ്ദേഹം പഠനാർഹങ്ങളായ ലേഖനങ്ങൾ എഴുതിക്കൊണ്ടിരുന്നു. 1939-ൽ "സീറത്ത് അഹ്മദ് ശഹീദ്" എന്ന അദ്ദേഹത്തിന്റെ ആദ്യകൃതി ഉർദുവിൽ പ്രസിദ്ധീകരിക്കപ്പെട്ടു. "മാദാ ഖസിറൽ ആലം ബിൻഹിത്വാത്വിൽ മുസ്‌ലിമീൻ" എന്ന ലോകപ്രസിദ്ധമായ പുസ്തകമാണ് അദ്ദേഹത്തിന്റെ മാസ്റ്റർപീസ്. 1947-ലാണ് ഇതിന്റെ രചന പൂർത്തിയാവുന്നത്.

വിശ്വാസം, വിദ്യാഭ്യാസം, സാഹിത്യം, ആത്മകഥ, ചരിത്രം, സംസ്കരണം, പ്രബോധനം തുടങ്ങിയ വിഷയങ്ങളിലായി 150-ൽപരം ചെറുതും വലുതുമായ പുസ്തകങ്ങൾ അദ്ദേഹത്തിന്റേതായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. പ്രൗഢവും അമൂല്യവുമായ ഗ്രന്ഥങ്ങളിൽ മിക്കതും അറബി, ഉർദു, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

## സംഘടനാ നിലപാട്

സയ്യിദ് അബുൽ അഅ്ലാ മൗദൂദി സാഹിബിന്റെ ഇസ്‌ലാമികചിന്തകൾ നിറഞ്ഞ ലേഖനങ്ങളും പുസ്തകങ്ങളും വായിക്കാൻ തുടങ്ങിയതുമുതൽ ശൈഖിന് അദ്ദേഹത്തോട് പ്രത്യേക ആദരവും അഭിനിവേശവുമുണ്ടായി. വിവിധ മത വൈജ്ഞാനിക വേദികളിൽ പരസ്പരം കണ്ടുമുട്ടിയ ശേഷം അവർ തമ്മിൽ ഗാഢമായ ബന്ധം രൂപപ്പെട്ടു. തദ്വാരാ ശൈഖിനെ ജമാഅത്ത് അംഗമാക്കി സ്വീകരിക്കുകയും ലഖ്നൗവിലെ കാര്യദർശിയാക്കുകയുമുണ്ടായി. തുടർന്ന് 1942-ൽ ലാഹോറിൽ നടന്ന ജമാഅത്തിന്റെ നിർവാഹകസമിതിയിൽ ശൈഖ് പങ്കെടുത്തു.

മൗദൂദിസാഹിബിന്റെ ലേഖനങ്ങളിലെ ചില പരാമർശങ്ങളോടും ചിന്തകളോടും ചില അംഗങ്ങൾക്ക് എതിർപ്പുണ്ടായിരുന്നതുമൂലം അദ്ദേഹത്തെ ജമാഅത്തിന്റെ നേതൃസ്ഥാനത്തു നിന്ന് നീക്കംചെയ്ത് പുതിയ അമീറിനെ തെരഞ്ഞെടുക്കലായിരുന്നു യോഗത്തിലെ മുഖ്യ അജണ്ട. എന്നാൽ, ഈ മാറ്റത്തെ ശൈഖ് അംഗീകരിച്ചില്ലെന്നു മാത്രമല്ല അദ്ദേഹം മൗദൂദിസാഹിബിന് അനുകൂലമായി വോട്ട് രേഖപ്പെടുത്തുകയും ചെയ്തു. പിന്നീട് മൗദൂദിസാഹിബിന്റെ പല ചിന്തകളോടും അഭിപ്രായങ്ങളോടും യോജിക്കാൻ കഴിയാതെ വന്നപ്പോൾ ജമാഅത്തിൽനിന്ന് ശൈഖ് രാജിവെക്കുകയായിരുന്നു. എന്നാൽ, തുടർന്ന് സയ്യിദ് മൗദൂദിയും സയ്യിദ് നദ്‌വിയും തമ്മിൽ വ്യക്തിപരമായ അകൽച്ചയോ വാഗ്വാദങ്ങളോ നിലനിന്നില്ല. പരസ്പരം ഉത്തമസ്നേഹിതരായി അവർ വർത്തിച്ചു. തന്റെ പാകിസ്താൻ സന്ദർശനവേളകളിൽ മൗദൂദിസാഹിബിനെ സന്ദർശിക്കുകയും അദ്ദേഹം ശൈഖിനെ സഹർഷം സ്വീകരിക്കുകയും ചെയ്യുക പതിവായിരുന്നു.

www.abulhasanalinadwi.org

ഇസ്‌ലാമികപ്രബോധനരംഗത്ത് മൗദൂദിസാഹിബിന്റെ തൂലിക നൽകിയ സംഭാവനകളും അഭ്യസ്തവിദ്യരെയും സാംസ്കാരികനായകന്മാരെയും ഇസ്‌ലാമിലേക്ക് ആകർഷിക്കാൻ വേണ്ടി ആധുനികശൈലിയിൽ ഇസ്‌ലാമികശരീഅത്തിനെ അവതരിപ്പിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ രചനകളെ മൗലാന പ്രകീർത്തിക്കുകയും ചിന്താശീലരായ യുവാക്കളോട് മൗദൂദിസാഹിബിന്റെ ഗ്രന്ഥങ്ങൾ വായിക്കാനും പ്രയോജനപ്പെടുത്താനും നിർദേശിക്കുകയും ചെയ്യാറുണ്ടായിരുന്നു.

ജമാഅത്തുമായുള്ള തന്റെ വിയോജിപ്പ് സംബന്ധമായി അദ്ദേഹം എഴുതുന്നു:

"പാശ്ചാത്യനാഗരികതയെയും അവരുടെ വീക്ഷണങ്ങളെയും പ്രത്യയ ശാസ്ത്രങ്ങളെയും വിമർശിച്ചുകൊണ്ട് ഉസ്താദ് മൗദൂദി എഴുതിയ ഉന്നത നിലവാരമുള്ള ലേഖനങ്ങളാണ് അദ്ദേഹവും ജമാഅത്ത് പ്രസിദ്ധീകരണങ്ങളുമായുള്ള എന്റെ ബന്ധത്തിന്റെ അടിസ്ഥാനവും ക്രമേണയുണ്ടായ സ്വാധീനവും. അവയിൽ അധികവും "തൻഖീഹാത്ത്" എന്ന പേരിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ ഞങ്ങൾ തമ്മിൽ പൂർണ യോജിപ്പായിരുന്നു. ചെറിയവർക്ക് വലിയവരോടുള്ള, അല്ലെങ്കിൽ പുതിയ ഗ്രന്ഥകാരന് പരിചയസമ്പന്നനായ ഒരു ഗ്രന്ഥകാരനോടുള്ള മതിപ്പ്. മതത്തിന് അദ്ദേഹത്തിന്റെ തൂലിക നൽകിയ ആധുനികവ്യാഖ്യാനത്തിൽ എനിക്ക് പ്രശ്നമില്ല. എന്നാൽ, *ഖുർആനിലെ നാല് അടിസ്ഥാന സംജ്ഞകൾ, തഫ്ഹീമാത്ത്, റസാഇൽ വസാഇൽ* എന്നീ ഗ്രന്ഥങ്ങളിലെ അഭിപ്രായങ്ങളോട് ഞാൻ പൂർണമായും വിയോജിക്കുന്നു. അദ്ദേഹത്തിൽനിന്നോ മറ്റേതെങ്കിലും ഇസ്‌ലാമികചിന്തകരിൽനിന്നോ മതം മനസ്സിലാക്കാൻ ശ്രമിക്കുന്ന ഇംഗ്ലീഷ്സംസ്കാരത്തിൽ വളർന്ന ഒരു യുവാവിന്റേതിൽനിന്ന് വ്യത്യസ്തമായിരുന്നു ഖുർആൻ, സുന്നത്ത്, ദീനീ തർബിയത് എന്നീ അടിസ്ഥാനപ്രമാണങ്ങളിൽനിന്ന് മതത്തെ മനസ്സിലാക്കാൻ കഴിഞ്ഞ എന്റെ വീക്ഷണം. നേരിട്ടുള്ള എന്റെ മതപഠനവും, ഖുർആനിലും ഹദീസിലും ഇസ്‌ലാമികവിജ്ഞാനങ്ങളിലും അവഗാഹം നേടിയ പണ്ഡിതാചാര്യന്മാരുടെ പുസ്തകപാരായണവും, ഗവേഷണപടുക്കളും ചിന്താകുതുകികളുമായ പണ്ഡിതരുടെ ഗ്രന്ഥങ്ങൾ പഠിക്കുകയും ചെയ്തതിനാൽ ഉസ്താദിനെ നൂറ്റാണ്ടുകൾക്കിടയിലെ അതുല്യനായ ഒരേയൊരു

ഇസ്‌ലാമികചിന്തകനായി കാണാൻ എനിക്ക് കഴിഞ്ഞില്ല. അതേസമയം അദ്ദേഹത്തിന്റെ അടിസ്ഥാന കഴിവുകളും ബുദ്ധി വൈഭവവും മികച്ച ഇസ്‌ലാമിക തൂലികാശക്തിയും ആധുനികവും വശ്യവുമായ പ്രബോധനമാർഗങ്ങളും ഞാൻ എപ്പോഴും അംഗീകരിക്കുന്നു."(1)

1940-ൽ ഇന്ത്യയിലെ ഇസ്‌ലാമികകേന്ദ്രങ്ങളെയും പാഠശാലകളെയും സംബന്ധിച്ചുള്ള പഠനപര്യടനവേളയിലാണ് നദ്‌വിസാഹിബ് തബ്‌ലീഗ് ജമാഅത്തിന്റെ സ്ഥാപകനായ ശൈഖ് മുഹമ്മദ് ഇൽയാസ് സാഹിബിനെ താൻ സംസ്‌കരിച്ചെടുത്ത ഗ്രാമമായ ദൽഹിയിലെ മേവാത്തിൽ വെച്ച് കണ്ടുമുട്ടുന്നത്. ഗ്രാമവാസികളുടെ സ്നേഹവും വാത്സല്യവും ആദരവും വിനയവും ആതിഥ്യമര്യാദയും ഈമാനികബോധവുമായിരുന്നു ശൈഖിനെ ഇൽയാസ് സാഹിബിനെ കാണാൻ പ്രേരിപ്പിച്ചത്. ഇതുസംബന്ധമായി അദ്ദേഹം എഴുതുന്നു: "അധഃപതിച്ചുകൊണ്ടിരുന്ന സമൂഹത്തിന് ആത്മാവ് നൽകി മനസ്സുകളെ സംസ്‌കരിക്കുകയും മതവിജ്ഞാനങ്ങളെ പ്രചരിപ്പിക്കുകയും ചെയ്ത ദൽഹിയിലെ വിനയാന്വിതനായ ഒരു മനുഷ്യനല്ലാതെ ഏതെങ്കിലും സംഘടനയോ കലാലയമോ പത്രമോ പുസ്തകങ്ങളോ മറ്റേതെങ്കിലും പ്രഘോഷണങ്ങളോ ഒന്നുമല്ലായിരുന്നു ആ സാംസ്‌കാരികവിപ്ലവത്തിന്റെ ഉറവിടമെന്ന് എന്റെ അന്വേഷണത്തിൽ കണ്ടെത്തി. അദ്ദേഹത്തെ സന്ദർശിക്കാനുള്ള അവാച്യമായ പ്രേരണ എനിക്കുണ്ടാവുകയും ഞാൻ ദൽഹിയിൽ ചെന്ന് അദ്ദേഹത്തെ കാണുകയും ചെയ്തു. വെളുത്ത് ശോഷിച്ച് ഉയരം കുറഞ്ഞ ശരീരപ്രകൃതം, ഇടതൂർന്ന താടി, ഔന്നത്യവും ഗാംഭീര്യവും പ്രകടമാകുന്ന തിളക്കമുള്ള കണ്ണുകൾ, ശക്തമായ പ്രയത്നങ്ങളുടെയും ചിന്തകളുടേയും ഉടമ, ദൃഢവിശ്വാസത്തിന്റെയും ധീരതയുടെയും ഈമാനികസാന്നിധ്യത്തിന്റെയും മൂർത്തരൂപം. ഇങ്ങനെ എല്ലാ നന്മകളുടെയും സമുച്ചയമായ ഒരു വ്യക്തിത്വമായിരുന്നു അദ്ദേഹം"(2)

മൗലാനാ ഇൽയാസ് സാഹിബുമായുള്ള ഈ പ്രഥമ കൂടിക്കാഴ്ചതന്നെ ശൈഖിനെ അദ്ദേഹത്തിൽ കൂടുതൽ ആകൃഷ്ടനാക്കുകയുണ്ടായി. അദ്ദേഹത്തിൽനിന്ന് ലഭിച്ച വശ്യമായ പെരുമാറ്റവും സ്നേഹവും വാൽസല്യവും തന്റെ ജീവിതത്തിലെ ആദ്യാനുഭവമായി ശൈഖ് രേഖപ്പെടുത്തിയിട്ടുണ്ട്. ലഖ്നൗവിലേക്ക് മട

1. അത്തഫ്സീറുസ്സിയാസി, പേജ് 16,17
2. അദ്ദഅ്‌വത്തുൽ ഇസ്‌ലാമിയ്യ ഫിൽ ഹിന്ദ് : 35,36

www.abulhasanalinadwi.org

ങ്ങിയ നദ്‌വിസാഹിബ് നദ്‌വയിലെ വിദ്യാർഥികളെ സംഘടപ്പിച്ചുകൊണ്ട് ലഖ്നൗയുടെ പ്രാന്തപ്രദേശങ്ങളിലേക്ക് മേവാത്ത് മാതൃകയിൽ ജമാഅത്ത് പുറപ്പെടുകയുണ്ടായി. പൊതുജനങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് പ്രബോധനപ്രവർത്തനങ്ങൾ നടത്താൻ ഏറ്റവും നല്ല മാർഗമായി ശൈഖ് ഈ ശൈലിയെ ഉൾക്കൊണ്ടു. പിന്നീട് നദ്‌വയിൽനിന്ന് നീണ്ട അവധിയെടുത്തുകൊണ്ട് പ്രബോധക സംഘങ്ങൾ സംഘടിപ്പിക്കുകയുണ്ടായി.

ഇസ്‌ലാമികലോകത്ത് കർമനിരതമായ എല്ലാ സംഘടനകളുടെയും പ്രവർത്തനങ്ങളുമായി ശൈഖ് നദ്‌വി സഹകരിച്ചിട്ടുണ്ട്. ഇസ്‌ലാമിന്റെ വളർച്ചക്കും ഉയർച്ചക്കും വേണ്ടി പ്രവർത്തിക്കുന്ന മുഴുവൻ സംഘടനകളെയും അദ്ദേഹം ഇഷ്ടപ്പെടുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അറബ്‌രാജ്യങ്ങളിൽ സജീവ സാന്നിധ്യമുള്ള ഇഖ്‌വാനുൽ മുസ്‌ലിമൂൻ എന്ന പ്രസ്ഥാനത്തിന്റെ പല വേദികളിലും, വിവിധ രാജ്യങ്ങളിലെ വ്യത്യസ്ത ഇസ്‌ലാമിക സംഘടനകൾ നടത്തുന്ന പരിപാടികളിലും അദ്ദേഹത്തിന്റെ സാന്നിധ്യമുണ്ടായിരുന്നു. ഇന്ത്യയിലെ മിക്ക ഇസ്‌ലാമികസംഘടനകളുമായും അവർ നടത്തിവരുന്ന സ്ഥാപനങ്ങളുമായും അദ്ദേഹം ബന്ധപ്പെട്ടു പ്രവർത്തിച്ചു. താനുമായി വീക്ഷണ വൈജാത്യം വെച്ചുപുലർത്തുന്നവരോടുപോലും അദ്ദേഹം ആത്മാർഥമായ സഹകരണം പുലർത്തി. വിശാലമായ ഇസ്‌ലാമികപ്രസ്ഥാനത്തിന്റെ ശക്തനായ വക്താവായിരുന്ന അദ്ദേഹം ഏതെങ്കിലും ഒരു സംഘടനയുടെ ലേബലിൽ അറിയപ്പെടാൻ ആഗ്രഹിച്ചില്ല. ശാഹ് വലിയ്യുല്ലാഹിദ്ദഹ്‌ലവി, ഇമാം ശൈഖ് അഹ്‌മദുസർഹിന്ദി, ശഹീദ് അഹ്‌മദുബ്നു ഇർഫാൻ എന്നീ റബ്ബാനീപണ്ഡിതന്മാരുടെ പാതകൾ സമന്വയിപ്പിച്ച് ലോക മുസ്‌ലിംഉമ്മത്തിന് ഒരു മാതൃകാ പ്രബോധകനായി ജീവിക്കുകയാണ് അദ്ദേഹം ചെയ്തത്.

# നദ്‌വത്തുൽഉലമ

മൗലാനാ മുഹമ്മദ് അലി അൽമുൻകീരി എന്ന മതവിശാരദൻ സ്ഥാപിക്കുകയും അല്ലാമാ ശിബ്‌ലി നുഅ്മാനി, സയ്യിദ് സുലൈമാൻ നദ്‌വി, സയ്യിദ് അബ്ദുൽഹയ്യ് അൽഹസനി, ഡോ. അബ്ദുൽഅലി നദ്‌വി തുടങ്ങിയ പണ്ഡിതർ നേതൃത്വം നൽകുകയും പ്രശസ്തിയുടെയും അംഗീകാരത്തിന്റെയും ഉച്ചകോടി പ്രാപിച്ച ശൈഖ് നദ്‌വിയിൽ എത്തിച്ചേരുകയും ചെയ്ത ഉന്നത പണ്ഡിതസഭയാണ് 1893-ൽ ലഖ്നൗ കേന്ദ്രീകരിച്ച് സ്ഥാപിതമായ നദ്‌വത്തുൽഉലമ.

മതവിജ്ഞാനങ്ങളിൽ അവഗാഹം നേടിയ മതപണ്ഡിതർ ഒരു ഭാഗത്ത്; ആധുനികവിദ്യാഭ്യാസത്തിൽ പ്രാവീണ്യം നേടിയ ബിരുദധാരികൾ മറുവശത്ത്. പരസ്പരം സഹകരിക്കുകയും ഉൾക്കൊള്ളുകയും ചെയ്താൽ വിപ്ലവങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന സമുദായത്തിലെ ഈ രണ്ടു ചേരികൾ രണ്ടു ധ്രുവങ്ങളിലായി നീങ്ങുന്നതായിരുന്നു മുസ്‌ലിം സമുദായത്തിന്റെ അന്നത്തെ അവസ്ഥ. ഈ സാഹചര്യത്തിലാണ് ഇരുവിഭാഗത്തെയും അടുപ്പിക്കുകയും അതുമൂലം ഇസ്‌ലാമിനും സമുദായത്തിനും പ്രയോജനമുണ്ടാക്കുകയും ചെയ്യുന്നതിനുവേണ്ടി 'പഴമയിൽ ഉത്തമമായവയും പുതുമയിൽ ഫലപ്രദമായവയും സമന്വയിപ്പിക്കുക, അടിസ്ഥാനങ്ങളിലും ലക്ഷ്യങ്ങളിലും ഉറച്ചുനിൽക്കുന്നതോടൊപ്പം ശാഖാപരമായ വിഷയങ്ങളിലും സാങ്കേതിക ഉപകരണങ്ങളിലും വിശാലസമീപനം കൈക്കൊള്ളുക എന്നീ തത്ത്വങ്ങളുമായി നദ്‌വത്തുൽ ഉലമ രംഗത്തു വരുന്നത്.

നദ്‌വയുടെ പ്രവർത്തനം പ്രധാനമായും കേന്ദ്രീകരിച്ചത് വിദ്യാഭ്യാസ മേഖലകളിലായിരുന്നു. സിലബസുകൾ കാലോചിതമായി പരിഷ്കരിക്കുകയും ഇസ്‌ലാമിക സ്ഥാപനമേധാവികളെ അതു സംബന്ധമായി ബോധവത്കരിക്കുകയും ചെയ്യാനുള്ള ശ്രമങ്ങളാണ് നദ്‌വയുടെ നായകർ നടത്തിയത്. നദ്‌വത്തുൽഉലമയുടെ ചിന്തയെ സംബന്ധിച്ച് ശൈഖ് നദ്‌വി രേഖപ്പെടുത്തുന്നു:

“ഇസ്‌ലാം അനശ്വരമായ യാഥാർഥ്യമാണ്. അതിൽ മാറ്റത്തിരുത്തലുകളോ നവീകരണങ്ങളോ ആവശ്യമില്ല. എന്നാൽ,

www.abulhasanalinadwi.org

വിജ്ഞാനം എപ്പോഴും കനികൾ നൽകികൊണ്ടിരിക്കുന്ന വളർന്നുപന്തലിച്ച പുഷ്പിത ഫലവൃക്ഷമാണ്. നദ്‌വയുടെ നായകരുടെ വീക്ഷണത്തിൽ ഇസ്‌ലാം സാർവകാലികവും മാനവതയുടെ മുഴുവൻ മതവുമാണ്. എന്നാൽ, വിഭിന്നങ്ങളായ പുരോഗമന യുഗങ്ങളിലുടെയും ചിന്താവികാസങ്ങളിലൂടെയും ഇസ്‌ലാം കടന്നുപോവുക സ്വാഭാവികം മാത്രം. മാറുന്ന ചിന്തകളും മനുഷ്യമനസ്സുകളുടെ വികാസവും അനുസരിച്ച് വിദ്യാഭ്യാസത്തിന്റെ പാത വികസിപ്പിക്കലും കാലോചിതമായി സിലബസ് പരിഷ്കരിക്കലും സമകാലിക ഇസ്‌ലാമികനേതൃത്വത്തിന്റെ ബാധ്യതയാണ്. ഈ രൂപത്തിലുള്ള സിലബസ് പരിഷ്കരണത്തിനും വിജ്ഞാനവികസനത്തിനും വേണ്ടിയാണ് നദ്‌വത്തുൽഉലമയുടെ സ്ഥാപകർ ഉയർത്തിയ ശബ്ദം. എന്നാൽ, പ്രാചീന സിലബസുകളിൽ നിർബന്ധം പിടിച്ചിരുന്ന ഇന്ത്യയിലും ചില ഇസ്‌ലാമികരാജ്യങ്ങളിലും ഇത്തരം ശബ്ദങ്ങൾ പക്ഷേ, അപരിചിതമായിരുന്നു."(1)

ശാഖാപരമായ അഭിപ്രായവ്യത്യാസങ്ങളുടെ പേരിൽ വിവിധ കക്ഷികളും സംഘടനകളുമായി വേർതിരിഞ്ഞ് പരസ്പരം പോരടിക്കുകയും കടിപിടികൂടുകയും ചെയ്യുന്നവരെ ഒരുമിപ്പിക്കുകയും അവർക്കിടയിലെ അകലം കുറക്കുകയും ചെയ്യുന്നത് നദ്‌വത്തുൽഉലമയുടെ മറ്റൊരു പ്രധാന ലക്ഷ്യവും മാർഗവുമാണ്.(2) നദ്‌വയുടെ സ്ഥാപനമായ ദാറുൽഉലൂം ഇസ്‌ലാമിക് യൂനിവേഴ്സിറ്റിയും ഇതേ നിലപാടാണ് പിന്തുടരുന്നത്. വിവിധ വീക്ഷണങ്ങൾ പുലർത്തുന്ന അധ്യാപകർ ഇവിടെ ക്ലാസെടുക്കുകയും വ്യത്യസ്ത സംഘടനാ അനുഭാവികളായ വിദ്യാർഥികൾ പഠനം തുടരുകയും ചെയ്യുന്നുണ്ട്. അതുകൊണ്ടുതന്നെ ലോകത്തെ വിവിധ സംഘടനകൾ നടത്തുന്ന ഇസ്‌ലാമിക സ്ഥാപനങ്ങളിൽ പലതിന്റെയും സ്ഥാപകരായോ പ്രവർത്തകരായോ അധ്യാപകരായോ നമുക്ക് നദ്‌വിമാരെ കാണാം.

1. അസ്സ്വിറാത്ത്: 66
2. കേരളത്തിലെ ഇരു സമസ്ത, മുജാഹിദ്, ജമാഅത്ത്, തബ്‌ലീഗ്, ദക്ഷിണ തുടങ്ങിയ സംഘടനകളുടെ ബന്ധുക്കൾ നദ്‌വയിൽ അധ്യയനത്തിന് എത്താറുണ്ട്. ക്ലാസിൽ തൊട്ടുരുമ്മി ഇരിക്കുകയും ഒരേ പാത്രത്തിൽനിന്ന് ഭക്ഷണം കഴിക്കുകയും ഒരേ ഇമാമിന്റെ പിന്നിൽ തുടർന്ന് നമസ്കരിക്കുകയും ചെയ്യും. മുസ്‌ലിം ഉമ്മത്തിന്റെ ഏകത ആസ്വദിക്കാനും ഏക സമുദായബോധം ഊട്ടിയുറപ്പിക്കാനും ഉതകുന്ന ഇവിടത്തെ വിദ്യാർഥി ജീവിതം അവാച്യമായ അനുഭൂതി തന്നെയാണ്.

www.abulhasanalinadwi.org

1961 ജൂൺ 18-നാണ് ജ്യേഷ്ഠന്റെ വിയോഗത്തെത്തുടർന്ന് ശൈഖ് നദ്‌വി നദ്‌വത്തുൽ ഉലമയുടെ സാരഥ്യം ഏറ്റെടുക്കുന്നത്. സമുദായത്തിലെ എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളുകയും അവർക്കിടയിൽ രഞ്ജിപ്പുണ്ടാക്കുകയും സാമുദായികബോധം വളർത്തിയെടുക്കുകയും ചെയ്യുന്ന നദ്‌വത്തുൽ ഉലമയുടെ നായകനായാണ് പിന്നീട് അദ്ദേഹം മുസ്‌ലിംലോകത്ത് അറിയപ്പെട്ടത്.

ശൈഖിന്റെ കാലത്താണ് ദാറുൽഉലൂം വളർച്ചയുടെ ഒരുപാട് ഘട്ടങ്ങൾ പിന്നിട്ടത്. അറബിസാഹിത്യപഠനത്തിന് പ്രത്യേക കോളേജ് സ്ഥാപിച്ചതും നദ്‌വയൽനിന്ന് ഫിഖ്ഹ്, തഫ്സീർ, ഹദീസ്, സാഹിത്യം എന്നീ ബിരുദാനന്തര കോഴ്സുകളിൽ പഠനം പൂർത്തിയാക്കിയവർക്ക് " അൽ മഅ്ഹദുൽ ആലി ലിൽഫികിരിവദ്ദഅ്‌വ" എന്ന പേരിൽ പ്രത്യേകമായി ഒരു വർഷത്തെ ദഅ്‌വാകോഴ്സ് ആരംഭിച്ചതും അദ്ദേഹമാണ്.

വിദേശരാജ്യങ്ങളിലെ വിദ്യാർഥികളെ വ്യാപകമായി നദ്‌വയിലേക്ക് ആകർഷിക്കാൻ തുടങ്ങിയതും ശൈഖ് നദ്‌വയുടെ സാരഥ്യം ഏറ്റെടുത്ത ശേഷമായിരുന്നു. സുഊദിഅറേബ്യ, യു.എ.ഇ., സിറിയ, ഫലസ്തീൻ, ബംഗ്ലാദേശ്, ബർമ, അഫ്ഗാനിസ്താൻ, യമൻ, അൾജീരിയ, അമേരിക്ക, ഫ്രാൻസ്, മൊറോക്കോ, ഇന്തോനേഷ്യ, മലേഷ്യ, തായ്‌ലാന്റ്, ശ്രീലങ്ക, മാലിദ്വീപ്, കെനിയ തുടങ്ങിയ ധാരാളം വിദേശരാജ്യങ്ങളിലെ എണ്ണമറ്റ വിദ്യാർഥികൾ നദ്‌വയുടെ തേൻതുള്ളി നുകരാൻ വരികയും നദ്‌വീബിരുദമെടുത്ത് തങ്ങളുടെ രാജ്യങ്ങളിലെ ഇസ്‌ലാമികപ്രബോധനരംഗത്ത് സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്.

## പ്രഭാഷണം

ശൈഖിന്റെ ഒരു പ്രധാന ആയുധമായിരുന്നു പ്രഭാഷണം. തീപ്പൊരിശൈലിയോ ശബ്ദഗാംഭീര്യമോ ആയിരരുന്നില്ല അദ്ദേഹത്തിന്റെ പ്രഭാഷണത്തിലെ സ്വാധീനസ്രോതസ്സ്. തികഞ്ഞ ഈമാനും ഇഖ്‌ലാസും തഖ്‌വയും സന്മാർഗദർശനത്തിലുള്ള കറകളഞ്ഞ അഭിലാഷവുമായിരുന്നു അത്. മിതസ്വരത്തിൽ ലളിതമായ ശൈലിയിൽ മനുഷ്യമനസ്സുകളോടുള്ള സാരവത്തായ സംബോധനയായിരുന്നു നദ്‌വിയുടെ പ്രഭാഷണങ്ങളത്രയും. നിർണിത വിഷയത്തെ സംബ

www.abulhasanalinadwi.org

ഡിച്ച് നേരത്തെ തയാറാക്കിയതായിരിക്കും അവയിലധികവും. അതുകൊണ്ടുതന്നെ പരിപൂർണമായ ആധികാരികതയും വിഷയ സംബന്ധമായ ഗൗരവചിന്തകളും അവയുടെ പ്രത്യേകതയായിരിക്കും. അദ്ദേഹത്തിന്റെ കൃതികളിൽ പലതും വിവിധ യൂനിവേഴ്സിറ്റികളിലെ വിദ്യാർഥികൾക്കുവേണ്ടിയും വ്യത്യസ്ത സമ്മേളനങ്ങൾക്കു വേണ്ടിയും തയാറാക്കിയ പ്രഭാഷണങ്ങളുടെ സമാഹാരമാണ്.

ശൈഖിന്റെ വിലപ്പെട്ട ചിന്തകളടങ്ങിയ പ്രഭാഷണങ്ങളിൽ പലതും ചരിത്രപ്രസിദ്ധങ്ങളാണ്. 1957–ൽ യൂനിവേഴ്സൽ ലീഗ് ഓഫ് അറബിക് ലിറ്ററേച്ചറിന് ബീജാവാപം നൽകുന്ന വേളയിൽ ശൈഖ് ദമസ്കസിൽ ചെയ്ത പ്രഭാഷണം ലോക ഇസ്‌ലാമികചരിത്രത്തിൽ തങ്കലിപികളിൽ കുറിക്കപ്പെടേണ്ടതാണ്.

മക്ക, മദീന, ജിദ്ദ, റിയാദ്, ഹിജാസ്, യമൻ, ജോർദാൻ, സ്പെയിൻ, അഫ്ഗാനിസ്താൻ, പാകിസ്താൻ, ദുബൈ, ഷാർജ, അമേരിക്ക, യൂറോപ്പ്, ഇറാൻ ഇറാഖ്, ബുഖാറ, ബ്രിട്ടൻ, ബെൽജിയം, ബംഗ്ലാദേശ്, ബർമ, തുർക്കി, അൾജീരിയ, ജനീവ, ഖത്തർ, ശ്രീലങ്ക, സമർഖന്ദ്, സുഡാൻ, സിറിയ, ഒമാൻ, ഫലസ്തീൻ കുവൈത്ത്, ലബനാൻ, മലേഷ്യ, മൊറോക്കോ, ഈജിപ്ത് തുടങ്ങി ലോകത്തെ ഒട്ടനവധി പ്രദേശങ്ങളിലെ പ്രമുഖവും പ്രശസ്തവുമായ യൂനിവേഴ്സിറ്റികളിലും വിവിധ സമ്മേളനങ്ങളിലും റേഡിയോ നിലയങ്ങളിലും ശൈഖ് നദ്‌വി പ്രൗഢോജ്ജ്വലങ്ങളായ പ്രഭാഷണങ്ങൾ നടത്തിയിട്ടുണ്ട്.

## പ്രബോധനം

ഇസ്‌ലാമികപ്രബോധനപ്രവർത്തനരംഗത്ത് കർമനിരതനായ പണ്ഡിതനെ അറബിയിൽ വിശേഷിപ്പിക്കുന്ന പദമാണ് 'ദാഈ'; പ്രബോധനം തപസ്യയാക്കിയ പണ്ഡിതശ്രേഷ്ഠരെ 'ദാഇയത്' എന്നും പറയും. അതിനോടൊപ്പം 'കബീർ' (ഉന്നതൻ)

www.abulhasanalinadwi.org

എന്നും കൂടി അംഗുലീപരിമിതമായ വ്യക്തിത്വങ്ങൾക്ക് മാത്രമാണ് ഉപയോഗിക്കാറുള്ളത്. എന്നാൽ, ശൈഖിനെ "അദ്ദാഇയത്തുൽ കബീർ" എന്നായിരുന്നു അറബ്‌ലോകം വിശേഷിപ്പിച്ചിരുന്നത്.

മുസ്‌ലിംസമുദായത്തിൽ അർപ്പിതമായ പ്രബോധനദൗത്യത്തെ സംബന്ധിച്ച് ശൈഖ് കൂടുതൽ എഴുതുകയും പ്രസംഗിക്കുകയും ചെയ്തു. പ്രബോധന പ്രവർത്തനങ്ങളിൽ വർത്തമാനകാല മുസ്‌ലിംകൾക്ക് പ്രചോദനം നൽകാൻ സദ്‌വൃത്തരായ പ്രബോധകന്മാരുടെ ജീവിതവും കർമവും പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ രചിച്ചു.(1) പ്രബോധനരംഗത്ത് മർമംതൊട്ടറിഞ്ഞ് പ്രഹരിക്കുന്ന രീതിയാണ് ശൈഖ് സ്വീകരിച്ചത്. ഭൂതകാലത്ത് ഇസ്‌ലാമിന്റെ നേതൃത്വം വഹിച്ചിരുന്നവരും ലോക മുസ്‌ലിം ജനസംഖ്യയിൽ ഗണ്യമായ പങ്കിന്റെ ഉടമകളുമായ അറബികളെ ബോധവൽക്കരിക്കാനും അവരെ വിശുദ്ധ സന്ദേശത്തിന്റെ ഉത്തമ മാതൃകകളാക്കി മാറ്റിയെടുക്കാനും ശൈഖ് കാര്യമായി ശ്രമിച്ചു. ഇസ്‌ലാമിന്റെ വാഹകരും മുസ്‌ലിം രാഷ്ട്രങ്ങളുടെ അവകാശികളുമായ അറബികളിൽ വർധിച്ചുവരുന്ന ഭൗതികഭ്രമവും ആഡംബരപ്രിയവും പാശ്ചാത്യാനുകരണവും, വിശിഷ്യാ ഇസ്‌ലാമികനിയമങ്ങൾ അവഗണിച്ചുകൊണ്ടുള്ള അവിടത്തെ ഭരണാധികാരികളുടെ സുഖലോലുപമായ ജീവിതവും പാശ്ചാത്യ രാജ്യങ്ങളിലുള്ള അവരുടെ സുഖവാസവും തങ്ങളുടെ രാജ്യങ്ങളിൽ ശരീഅത്ത് നിയമങ്ങൾ നടപ്പിലാക്കാനുള്ള അവരുടെ താൽപര്യമില്ലായ്മയും ശൈഖിനെ ഏറെ വിഷമിപ്പിക്കുകയുണ്ടായി. ഇത്യാദി കാരണങ്ങൾകൊണ്ടെല്ലാം തന്റെ പ്രബോധനനൗക അദ്ദേഹം പ്രധാനമായും അറബ്‌ലോകത്തേക്കാണ് നയിച്ചത്.

1. *രിജാലുൽ ഫിക്‌രി വദ്ദഅ്‌വ* എന്ന നാല് വാള്യങ്ങളുള്ള ഗ്രന്ഥം ഇതിൽ ഏറ്റവും പ്രധാനമാണ്.

www.abulhasanalinadwi.org

# പുതിയ ശൈലി

പ്രബോധനരംഗത്ത് പുതിയൊരു ശൈലിക്ക് ശൈഖ് നദ്‌വി തുടക്കമിട്ടു. ചരിത്രത്തിന്റെ നാൽക്കവലകളിൽ ശ്രദ്ധിക്കപ്പെടാതെ കിടന്നിരുന്ന പല ചരിത്രസംഭവങ്ങളും അദ്ദേഹം തന്റെ മാസ്മരികശൈലിയിൽ അനുവാചകർക്ക് പകർന്നുകൊടുത്തു. പ്രബോധനരംഗത്ത് ശൈഖ് സ്വീകരിച്ച ശൈലി ലോകത്തിലെ പല ഉന്നത ഇസ്‌ലാമികപ്രബോധകരെയും അത്ഭുതപ്പെടുത്തിയിട്ടുണ്ട്. ഉന്നത സാഹിത്യമാതൃകകളായി സെക്സും നഗ്നതയും സ്ത്രീവർണനയും മദ്യാസക്തിയും പൊടിപൊടിക്കുമ്പോൾ യഥാർഥ സാഹിത്യമെന്നാൽ അത് മനസ്സിന്റെ നഗ്നമായ ഭാഷയാണെന്നും അതിനാൽ എത്രകണ്ട് ആഴത്തിൽ മനസ്സു തുറന്ന് സാഹിത്യരചന നടത്തുന്നുവോ അത്രകണ്ട് അതിന്റെ വശ്യതയും രൂപഭംഗിയും ആശയചക്രവാളവും വികാസം പ്രാപിക്കുമെന്നും നിർവചിച്ച ശൈഖ് പ്രാർഥനാവചനങ്ങളിലും പ്രവാചകരുടെയും ആത്മീയപ്രഭാഷക രുടെയുംവചസ്സുകളിലും പ്രവാചകകീർത്തന കാവ്യങ്ങളിലും മനുഷ്യമനസ്സുകൾക്ക് ആനന്ദവും അനുഭൂതിയും ആശ്വാസവും നൽകുന്ന സാഹിത്യമാസ്മരികത കണ്ടെത്തി അവ പ്രചരിപ്പിച്ചു.

പ്രശസ്ത അറബി സാഹിത്യകാരനും വിശ്രുത ഇസ്‌ലാമികപണ്ഡിതനുമായിരുന്ന ശൈഖ് അലിത്വൻത്വാവി നദ്‌വി സാഹിബിന്റെ ആത്മകഥയുടെ ആമുഖത്തിൽ അദ്ദേഹത്തെ സംബോധന ചെയ്തുകൊണ്ട് എഴുതുന്നു."എന്റെ സഹോദരനായ അബുൽഹസൻ, താങ്കളും സംഘവും സഞ്ചാര പാതയിൽ മുന്നേറുക. ഇന്നത്തെ ഇസ്‌ലാമികപ്രബോധകരുടെ ശൈലികളിൽ താങ്കളുടേതിനേക്കാൾ മികവുറ്റ ഒരു ശൈലി എനിക്കജ്ഞാതമാണ്." (1)

അദ്ദേഹം തന്നെ എഴുതുന്നു. "കൊട്ടാരം പണിയുന്നവരും സൈന്യത്തെ നയിക്കുന്നവരും മഹാത്മാക്കളായി എണ്ണപ്പെടുന്നു. എന്നാൽ, അബുൽഹസൻ തന്റെ ശിഷ്യരുടെ മനസ്സുകൾക്കുള്ളിൽ കല്ലുകൾകൊണ്ട് നിർമിക്കപ്പെടുന്ന കോട്ടകളേക്കാൾ ശക്തമായ കോട്ടകൾ പണിതിട്ടുണ്ട്. സജ്ജനങ്ങളായ പണ്ഡിതരെയും

---

1.ഫീ മസീറത്തിൽ ഹയാത്ത്. വാള്യം ഒന്ന് - പേജ് 18

www.abulhasanalinadwi.org

ആത്മാർഥതയുള്ള പ്രബോധകരെയുമാണ് അദ്ദേഹം നിർമിച്ചത്(1).

*അത്ത്വരീഖു ഇലൽ മദീന* എന്ന ശൈഖിന്റെ കൃതിയുടെ ആമുഖത്തിൽ ശൈഖ് ത്വൻത്വാവി എഴുതുന്നു: "ശരീഫ് രിദാ മുതൽ ബുർഇ വരെയുള്ള കവികളിൽ ദൃശ്യമായിരുന്ന ശബ്ദമാധുര്യം നമ്മുടെ സാഹിത്യകാരന്മാർക്ക് നഷ്ടപ്പെട്ടതു കാരണം സാഹിത്യത്തെ സംബന്ധിച്ചുള്ള എന്റെ ആത്മവിശ്വാസം ക്ഷയിച്ചുകൊണ്ടിരിക്കുകയായിരുന്നു. എന്നാൽ, താങ്കളുടെ ഗ്രന്ഥം വായിച്ചപ്പോൾ എനിക്കത് വീണ്ടെടുക്കാൻ കഴിഞ്ഞു. ഗദ്യത്തിൽ രചിച്ച താങ്കളുടെ കൃതിയിൽ പ്രാസമില്ലെങ്കിലും ഒരു കാവ്യാലങ്കാരം എനിക്കതിൽ കാണാൻ കഴിഞ്ഞു."

ശൈഖ് യൂസുഫുൽ ഖറദാവി എഴുതുന്നു: "ശൈഖ് നദ്‌വിയുടെ പുസ്തകങ്ങളിൽ പുതിയ ഭാഷയും പുതിയ ആത്മാവും ഞങ്ങളാരും ശ്രദ്ധിക്കാത്ത ചില വസ്തുതകളിലേക്കുള്ള സൂചനയും ഞങ്ങൾക്ക് ദർശിക്കാൻ കഴിഞ്ഞിരുന്നു. പേർഷ്യൻ സാമ്രാജ്യാധിപൻ റുസ്തമിന്റെ മുന്നിൽ ഇസ്‌ലാമികതത്ത്വശാസ്ത്രത്തെ വളരെ സംക്ഷിപ്തമായ ശൈലിയിലും ബലിഷ്ഠമായ ഭാഷയിലും രിബ്ഇയ്യുബ്നു ആമിറി (റ)ന്റെ 'സൃഷ്ടിപൂജയിൽനിന്ന് സ്രഷ്ടാവിനെ വണങ്ങുന്നതിലേക്കും സങ്കുചിതലോകത്തിൽനിന്ന് വിശാല പ്രപഞ്ചത്തിലേക്കും മതങ്ങളുടെ ചൂഷണങ്ങളിൽനിന്ന് ഇസ്‌ലാമിന്റെ നീതിയിലേക്കും മനുഷ്യരെ നയിക്കാനാണ് അല്ലാഹു ഞങ്ങളെ നിയോഗിച്ചിട്ടുള്ളത്'' എന്ന അനശ്വരവചനങ്ങളിലേക്ക് എന്റെ അറിവനുസരിച്ച് ആദ്യമായി ശ്രദ്ധക്ഷണിക്കുന്നത് അബുൽഹസൻ നദ്‌വിയാണ്. പിന്നീടാണത് എഴുത്തുകാരുടെ തൂലികകളിൽ വ്യാപകമായത്'(2)

മലേഷ്യയിലെ ഇന്റർനാഷ്നൽ ഇസ്‌ലാമിക് യൂനിവേഴ്സിറ്റി അറബിക് വിഭാഗം ലക്ചററായ ഡോക്ടർ മുൻജിദ് മുസ്ത്വഫാ ബഹ്ജത് എഴുതുന്നു: "ശൈഖ് നദ്‌വിയെ ഞാൻ ആദ്യമായി നേരിൽ കാണുന്നത് 1988 ആഗസ്റ്റിൽ ഇസ്തംബൂളിൽ വെച്ച് നടന്ന യൂനിവേഴ്സൽ ലീഗ് ഓഫ് ഇസ്‌ലാമിക് ലിറ്ററേച്ചർ കോൺഫറൻസിൽ വെച്ചായിരുന്നു. പരിപാടിയുടെ ഉദ്ഘാടനപ്രഭാഷണത്തിൽ "ഇസ്‌ലാം കേവലം വിശ്വാസങ്ങളിലും നിർണിതമായ ആരാ

1. അൽ ബഅ്സുൽ ഇസ്‌ലാമി ലക്കം 1. വാള്യം: 42
2. അൽബഅ്സുൽ ഇസ്‌ലാമി - 2000 ഏപ്രിൽ, മെയ്, ജൂൺ

www.abulhasanalinadwi.org

ധനാകർമങ്ങളിലും സംക്ഷിപ്തമല്ല. അത് മാനവജീവിതത്തിലെ നിഖില മേഖലകളെയും ആവരണം ചെയ്യുന്നതാണ്'' എന്ന് പറഞ്ഞുതുടങ്ങിയ പ്രഭാഷണം അദ്ദേഹം അവസാനിപ്പിച്ചത് ഇങ്ങനെയായിരുന്നു: "ഇസ്‌ലാമികലോകത്തിലെ സാഹിത്യകാരന്മാർ ഒന്നടങ്കം സംയുക്തമായി ലക്ഷ്യാധിഷ്ഠിതവും മഹത്തായതുമായ ഒരു കാര്യത്തെ വർണിക്കാൻ ഉദ്ദേശിച്ചാലും, 'ഭൂമിയിൽ വേരുറച്ചതും ആകാശങ്ങൾവരെ ചില്ലകൾ പടർന്നതും അതിന്റെ നാഥന്റെ സമ്മതപ്രകാരം എപ്പോഴും കനികൾ നൽകിക്കൊണ്ടിരുന്നതുമായ ഒരു ഫലവൃക്ഷം പോലെയാണ് ഒരു സദ്‌വചനത്തിന്റെ ഉദാഹരണം:'എന്ന ഖുർആന്റെ വർണനയോട് കിടപിടിക്കുന്ന വർണന അവർക്ക് അസാധ്യമായിരിക്കും."

"ഞാൻ ആദ്യമായിരുന്നു ശൈഖ് നദ്‌വിയുടെ പ്രഭാഷണം നേരിൽ കേൾക്കുന്നത്. എനിക്ക് തലകറങ്ങുന്നതുപോലെ തോന്നി. ഞാൻ ഏതോ ലോകത്തേക്ക് ഊളിയിടുന്നതുപോലെ. പിന്നീട് വന്ന സാഹിത്യപടുക്കളുടെ വചനങ്ങൾക്കുവേണ്ടി എന്റെ ബോധമനസ്സ് ഉണർന്നു. അപ്പോൾ ഞാൻ സ്വയം പറഞ്ഞു. ഏത് പ്രകാശസ്രോതസ്സിൽനിന്നാണ് ഈ ശൈഖിന് ഇത്തരം ആശയങ്ങൾ ലഭിക്കുന്നത്? ഇത് റബ്ബിന്റെ വരദാനമല്ലാതെ മറ്റൊന്നുമല്ല. അനറബികൾ അറബി സംസാരിക്കുമ്പോൾ ഉണ്ടാകുന്ന യാതൊരു ന്യൂനതയും ഇദ്ദേഹത്തിന്റെ വചനങ്ങളിൽ ഇല്ല. അറബിഭാഷയിലും അതിന്റെ സാഹിത്യകലകളിലും അസാമാന്യമായ കഴിവുള്ള ഇദ്ദേഹം ഒരത്ഭുതം തന്നെയാണ്."(1)

ഡോക്ടർ മുഹമ്മദ് ഹസൻ ബർഗീസ് എഴുതുന്നു: "തുർക്കിയിലെ ഇസ്‌ലാമികമുന്നണിയുടെ നായകൻ ഡോക്ടർ നജ്മുദ്ദീൻ അർബകാൻ ഇസ്തംബൂളിലെ ഒരു ഹോട്ടലിൽ വെച്ച് ശൈഖിനെ സന്ദർശിച്ചത് ഞാനോർക്കുന്നു. ഇരുവരും തമ്മിൽ നടന്ന സംഭാഷണത്തിൽ തുർക്കിയുടെ ഇസ്‌ലാമിക ഭാവിയെ പരാമർശിക്കവെ അർബകാൻ എന്ന ഉന്നതസ്ഥാനീയനും ദൃഢഹൃദയനുമായ നേതാവ് സശ്രദ്ധം ഉപദേശങ്ങൾ ശ്രവിക്കുന്ന ഒരുത്സാഹിയായ വിദ്യാർഥിയുടെ നിലവാരത്തിലേക്ക് താഴ്ന്നുവന്നു. കഴിവുറ്റ ആ മുറബ്ബിയുടെ ഉപദേശങ്ങൾ ഗ്രഹിച്ചശേഷം നാടിന്റെ ഇസ്‌ലാമികമാനം ഞാൻ സംരക്ഷിക്കുമെന്ന് അദ്ദേഹം വാഗ്ദാനം നൽകുകയും ചെയ്തു. അനന്തരം വിടപറയാൻ എഴു

1. അൽബഅ്സുൽ ഇസ്‌ലാമി - 2000 ഏപ്രിൽ, മെയ്, ജൂൺ


www.abulhasanalinadwi.org

ന്നേറ്റപ്പോൾ അർബകാന്റെ കണ്ണുകൾ ബാഷ്പകണങ്ങൾ പൊഴിക്കുകയായിരുന്നു.

ഇതുപോലുള്ള വശ്യത ശൈഖിന്റെ വചനങ്ങളിൽ ഞാൻ പലപ്പോഴും ദർശിച്ചിട്ടുണ്ട്. ചിലപ്പോൾ അദ്ദേഹം ഏതെങ്കിലും ഖുർആൻവചനം വ്യാഖ്യാനിക്കുകയോ ഏതെങ്കിലും വിഷയം ചർച്ചചെയ്യുകയോ ചെയ്യുമ്പോൾ പ്രകടമാകുന്ന ചിന്തയും ആശയങ്ങളും മറ്റും മനസ്സുകളെ പ്രകാശിപ്പിക്കുകയും ഹൃദയങ്ങളെ അറിയാതെ ആകർഷിക്കുകയും ചെയ്യുന്ന തരത്തിലുള്ളതായിരുന്നു"[1]

1. അൽബഅ്സുൽ ഇസ്‌ലാമി - 2000 ഏപ്രിൽ, മെയ്, ജൂൺ

www.abulhasanalinadwi.org



നദ്‌വാ കാമ്പസിലെ മസ്ജിദ്

www.abulhasanalinadwi.org

# വ്യക്തിത്വം

www.abulhasanalinadwi.org

ഇസ്‌ലാമികലോകത്ത് പരീക്ഷണങ്ങളും പ്രതിസന്ധികളും വർധിച്ചുവരികയാണ്. ഇസ്‌ലാം പുരോഗമനങ്ങൾക്ക് വിഘാതമാണെന്ന് പ്രചരിപ്പിച്ചുകൊണ്ട് അതിന്റെ വേരുകളെ ഭൂമിയിൽനിന്ന് പിഴുതെറിയാൻ അതിനീചവും നിഗൂഢവുമായ ശ്രമങ്ങൾ ലോകത്ത് നടന്നുകൊണ്ടിരിക്കുകയാണ്. അമേരിക്കയുടെ സഹായത്തോടെ ഇസ്രയേലീകുബുദ്ധികൾ നടത്തുന്ന ലോകവ്യാപകമായ ഇസ്‌ലാംവിരുദ്ധ ഗൂഢാലോചനകൾക്കെതിരെ മുസ്‌ലിംകൾ ജാഗ്രത പുലർത്തേണ്ടതുണ്ട്.

സയ്യിദ് അബുൽഹസൻ അലി നദ്‌വി

# കാലഘട്ടത്തിന്റെ ഇമാം

സമകാലിക ഇസ്‌ലാമികപണ്ഡിതന്മാരിലും നേതാക്കളിലും ശൈഖ് നദ്‌വിയോളം മുസ്‌ലിം സമുദായത്തെ സ്വാധീനിച്ച മറ്റൊരു വ്യക്തിത്വമില്ല. ദേശഭാഷകൾക്കതീതമായി എല്ലാ ഇസ്‌ലാമികസംഘടനകൾക്കും സ്ഥാപനങ്ങൾക്കും ശൈഖ് സർവസമ്മതനായിരുന്നു. ഇസ്‌ലാമികപണ്ഡിതലോകത്തിലെ പല പ്രമുഖരും അദ്ദേഹത്തെ ഇമാം റബ്ബാനി, ശൈഖ് മുറബ്ബി, ഇമാമുൽ മുസ്‌ലിമീൻ, സമാഹത്തുൽ ഇമാം എന്നിങ്ങനെയായിരുന്നു വിശേഷിപ്പിച്ചിരുന്നത്. ശൈഖിന്റെ വിയോഗത്തിന് ശേഷം ഡോ.യൂസുഫുൽഖറദാവി, *അശ്ശർഖുൽ ഔസത്* എന്ന അറബിപത്രത്തിൽ എഴുതിയ അനുസ്മരണ ലേഖനരിന്റെ ശീർഷകം "റബ്ബാനിയ്യത്തുൽ ഉമ്മ: വദാഇയത്തുൽ ഇസ്‌ലാം അൽ അല്ലാമാ അബുൽഹസൻ അലി നദ്‌വി ഫീദിമ്മത്തില്ലാഹ്" (അല്ലാഹുവിനാൽ നിയുക്തനായ സമുദായത്തിന്റെ ഇമാമും ഇസ്‌ലാമിന്റെ മഹാപ്രബോധകനുമായ അല്ലാമാ അബുൽഹസൻ അലി നദ്‌വി അല്ലാഹുവിന്റെ സംരക്ഷണത്തിലെത്തി) എന്നായിരുന്നു. മൗലാനയുടെ വിയോഗത്തെ ഇസ്‌ലാമികലോകത്തിന്റെ മൊത്തം നഷ്ടമായാണ് മുസ്‌ലിം ലോക നേതാക്കളെല്ലാം എണ്ണിയത്.

ഒരു യഥാർഥ ഇമാമിന് ആവശ്യമായ നിഷ്കളങ്കമനസ്സും

www.abulhasanalinadwi.org

ശുദ്ധ ആത്മാർഥതയും പൂർണതഖ്‌വയും അല്ലാഹുവുമായുള്ള സ്ഥായിയായ ബന്ധവും അമലുകളിലെ സജീവതയും മാതൃകാജീവിതവും പാണ്ഡിത്യമികവും മുസ്‌ലിം ഉമ്മത്തിന്റെ അംഗീകാരവും ദൃഢമായ ഈമാനും യഖീനും തവക്കുലും ലളിതജീവിതവും സൽസ്വഭാവവും വിനയവും കർമചൈതന്യവും സമ്മേളിച്ച ഒരു മഹൽവ്യക്തിത്വമായിരുന്നു ഇമാം സയ്യിദ് അബുൽഹസൻ അലി നദ്‌വി.

അറബ്‌ലോകത്ത് വർധിച്ചുകൊണ്ടിരിക്കുന്ന പാശ്ചാത്യസംസ്കാരത്തിന്റെ അതിപ്രസരം കാരണം ഇസ്‌ലാമിന്റെ വിശ്വമാനവിക ദർശനത്തിൽനിന്ന് അകന്നുകൊണ്ടിരുന്ന അറബ് മുസ്‌ലിം യുവതയുടെ മനസ്സുകളെ ഇസ്‌ലാമികദർശനങ്ങളിലേക്കു തന്നെ തിരിച്ചുകൊണ്ടുവരാൻ വാമൊഴിയും വരമൊഴിയും വിനിയോഗിച്ച അദ്ദേഹത്തെ ലോകത്തിലെ മിക്ക ഇസ്‌ലാമിക സംഘടനകളും പ്രസ്ഥാനങ്ങളും ഇമാമും വഴികാട്ടിയുമായി അംഗീകരിച്ചു. ശൈഖിന്റെ പ്രഭാഷണങ്ങളും പ്രബന്ധങ്ങളും പ്രസിദ്ധീകരിക്കുകയോ മൊഴിമാറ്റം നടത്തുകയോ ചെയ്യാത്ത ആനുകാലിക പ്രസിദ്ധീകരണങ്ങൾ ഇസ്‌ലാമിക പത്രലോകത്ത് വിരളമാണ്.

www.abulhasanalinadwi.org

# വിനയാന്വിതനായ ഗുരു

കനികളുടെ ആധിക്യം അധികരിക്കുംതോറും ഫലവൃക്ഷം താഴ്ന്നുകൊണ്ടിരിക്കും എന്ന ഉപമയുടെ പൊരുൾ പണ്ഡിതകുലപതിയായ ശൈഖ് നദ്‌വിയെ ജീവിതത്തിൽ ഒരു പ്രാവശ്യമെങ്കിലും കണ്ടവർ മനസ്സിലാക്കിയിരിക്കും. പ്രശസ്തിയുടെ ഉച്ചകോടിയിലെത്തിയിരുന്ന അദ്ദേഹം തന്നെ സന്ദർശിക്കുന്ന ഏതൊരു സാധാരണക്കാരനോടും വളരെ ഭവ്യതയിൽ പെരുമാറുമായിരുന്നു. പുഞ്ചിരിച്ച് ഹസ്തദാനം ചെയ്ത് വിശേഷങ്ങൾ ആരായും. അതിഥികളോട് ഒരു നേരം തന്നോടൊപ്പമിരുന്ന് ഭക്ഷണം കഴിച്ചിട്ടു പോയാൽ മതിയെന്ന് പറയുക പതിവായിരുന്നു.

അരനൂറ്റാണ്ടിലധികം നദ്‌വയിലെ വിജ്ഞാനദാഹികൾക്ക് വിജ്ഞാന വെളിച്ചം വീശിയ ശൈഖ് നദ്‌വാവിദ്യാർഥികളുടെയെന്നല്ല നദ്‌വയിലെ സമുന്നതരായ ഗുരുനാഥന്മാരുടെയും ഇഷ്ടഗുരുവും കണ്ണിലുണ്ണിയുമായിരുന്നു. തിരക്കു പിടിച്ച ജീവിതത്തിനിടയിലും തന്റെ ശിഷ്യത്വം സ്വീകരിച്ചവരെ പ്രത്യേകം ശ്രദ്ധിക്കാനും ഉപദേശിക്കാനും അദ്ദേഹം മറന്നില്ല. ശിഷ്യന്മാരുടെയും സ്നേഹിതന്മാരുടെയും കത്തുകൾക്കെല്ലാം ആ വന്ദ്യ ഗുരു വീഴ്ചകൂടാതെ മറുപടി എഴുതുമായിരുന്നു. ആധുനിക ഇസ്‌ലാമികപ്രവർത്തകർ അനുകരിക്കേണ്ട ഒരുത്തമ മാതൃകയാണിത്.

www.abulhasanalinadwi.org

വന്ദ്യഗുരുവിന്റെ സാന്നിധ്യം ആഗ്രഹിക്കാത്തവർ ആരുമില്ല. അത്രയും വലിയ അനുഭൂതിയായിരുന്നു ആ മഹനീയസാന്നിധ്യം. പ്രശസ്ത ഇസ്‌ലാമികപണ്ഡിതനും അറബി സാഹിത്യകാരനുമായ അലി ത്വൻത്വാവിയോട് ഒരു ടെലിവിഷൻ സംഭാഷണത്തിൽ ഏറ്റവും ഇഷ്ടപ്പെട്ട സ്ഥലത്തെ സംബന്ധിച്ച് ചോദിച്ചപ്പോൾ അബുൽഹസൻ അലി നദ്‌വിയുടെ ലഖ്നൗ ദാറുൽഉലൂം എന്നായിരുന്നു അദ്ദേഹം നൽകിയ മറുപടി.

പാണ്ഡിത്യത്തിന്റെ ഉന്നത ശിഖരങ്ങളിൽ വിരാജിച്ച അദ്ദേഹം പൂർവികപണ്ഡിതരോടും മഹാത്മാക്കളോടും അർഹമായ ആദരവ് പുലർത്തിയിരുന്നു. നാല് മദ്ഹബുകളുടെ ഇമാമുമാരുടെയും വിജ്ഞാനസംഭാവനകളെ അത്യധികം ആദരിച്ച അദ്ദേഹം കർമശാസ്ത്രത്തിൽ ഹനഫീമദ്ഹബ് അവലംബിച്ചുകൊണ്ടാണ് ജീവിച്ചത്.

www.abulhasanalinadwi.org

# വിരക്തൻ

ഇസ്‌ലാമിന്റെ ഉന്നതിമാത്രം ആഗ്രഹിക്കുകയും അതിനുവേണ്ടി ആത്മാർഥമായി ജീവിതം സമർപ്പിക്കുകയും ചെയ്ത നിഷ്കളങ്കനും ഭൗതികവിരക്തനുമായ ഇസ്‌ലാമികസേവകനായിരുന്നു ശൈഖ് നദ്‌വി.

പ്രബോധനം മുസ്‌ലിമിന്റെ ദൗത്യമാണെന്നും അതിനുവേണ്ടി ആർജിതമായ എല്ലാ കഴിവുകളും വിനിയോഗിക്കൽ അവന്റെ ബാധ്യതയാണെന്നും വിശ്വസിച്ച ശൈഖ് നദ്‌വി പ്രബോധനപ്രവർത്തനങ്ങൾക്ക് പ്രതിഫലം പറ്റുന്നത് ഒട്ടും ഇഷ്ടപ്പെട്ടില്ല. തന്റെ ഒരു പ്രഭാഷണത്തിന് സിറിയൻ ഗവൺമെന്റിന്റെ പ്രതിഫലം ലഭിച്ചപ്പോൾ അത് വാങ്ങാൻ അദ്ദേഹം വിസമ്മതിച്ച സംഭവം പല അറബ് പണ്ഡിതന്മാരെയും അത്ഭുതപ്പെടുത്തുകയുണ്ടായി. ഇസ്‌ലാമിക പ്രബോധനപാതയിൽ നിസ്തുലമായ സേവനങ്ങൾ അർപ്പിച്ചതിന് ലഭിച്ച രാജ്യാന്തര അവാർഡുകളെല്ലാം ദാനം ചെയ്തത് ഇവിടെ സ്മരണീയമാണ്. ലളിതമായ ഭക്ഷണം, വില കുറഞ്ഞ വസ്ത്രം, പരിമിത സൗകര്യങ്ങളുള്ള താമസസ്ഥലം എന്നിവ ശൈഖിനെ വ്യതിരിക്തനാക്കുന്നു. റാബിത്വയുടെയും മറ്റും കോൺഫറൻസുകളുണ്ടാകുമ്പോൾ അതിഥികൾക്കുവേണ്ടി നക്ഷത്ര ഹോട്ടലുകളിലാണ് താമസ സൗകര്യം ഏർപ്പെടുത്തുക. എന്നാൽ, ശൈഖ് നദ്‌വിയാകട്ടെ ഇത്തരം സൗകര്യങ്ങൾ തിരസ്കരിച്ച് ഇടവഴികളിലുള്ള തന്റെ ഏതെങ്കിലും പരിചയക്കാരുടെ

www.abulhasanalinadwi.org

ഗൃഹങ്ങളിലോ പള്ളിമൂലകളിലോ ആണ് താമസിക്കാറുള്ളതെന്ന് പ്രശസ്ത പണ്ഡിതനായ യൂസുഫുൽ ഖറദാവി അനുസ്മരിച്ചിട്ടുണ്ട്.

ആഡംബരത്തിന്റെ യാതൊരു കണികയും ശൈഖിന്റെ ജീവിതത്തിലുണ്ടായിരുന്നില്ല. നദ്‌വാ മസ്ജിദിന്റെ അടുത്തുള്ള മെഹ്മാൻ ഖാന (അതിഥി മന്ദിരം)യുടെ ഒരു മുറിയാണ് നദ്‌വയിലെ അദ്ദേഹത്തിന്റെ റൂം. ചാരിയിരിക്കാൻ രണ്ട് തലയിണകളും ഉറങ്ങാൻ കയർകൊണ്ട് നെയ്ത ഒരു കട്ടിലുമാണ് അവിടത്തെ സൗകര്യം. ശൈഖിന്റെ ഓഫീസ് ജോലിയും ഗ്രന്ഥരചനയും ആതിഥേയത്വവും ഭക്ഷണവും ഇബാദത്തും ഉറക്കവും എല്ലാം ഇവിടെത്തന്നെ. റായ്ബറേലിയിലെ കുടുംബവീട്ടിലെ ശൈഖിന്റെ വാസസ്ഥലവും ഇതിനോട് സമാനമായിരുന്നു. പുരസ്കാരങ്ങളും മറ്റുമായി ലക്ഷക്കണക്കിന് രൂപ ലഭിച്ചിട്ടും അതെല്ലാം അല്ലാഹുവിന്റെ മാർഗത്തിൽ ധർമം ചെയ്യുകയല്ലാതെ തനിക്ക് ഒരു വീട് പോലും പണിയാതിരുന്ന അദ്ദേഹം ജീവിതം മുഴുക്കെ ലാളിത്യവും ഭൗതിക വിരക്തിയും കൈമുതലാക്കിയ ഒരു യഥാർഥ സാഹിദാ(ഭൗതികത തിരസ്കരിച്ചവൻ)യിരുന്നു.

www.abulhasanalinadwi.org

# വിശ്വപണ്ഡിതൻ

ഖുർആൻ, ഹദീസ്, ഫിഖ്ഹ്, അഖീദ, സീറ തുടങ്ങിയ ഇസ്‌ലാമിക വിജ്ഞാന ശാഖകളിൽ അവഗാഹം നേടിയ ശൈഖ് നദ്‌വി ലോകചരിത്രം, ഫിലോസഫി, ഭൂമിശാസ്ത്രം, വിവിധ പ്രത്യയശാസ്ത്രങ്ങൾ, മതങ്ങൾ തുടങ്ങിയവയെക്കുറിച്ച് പഠിക്കുകയും അറബി, ഉർദു ഭാഷാസാഹിത്യങ്ങളിൽ പ്രാവീണ്യം നേടുകയും ഇംഗ്ലീഷ്, പേർഷ്യൻ ഭാഷകൾ വശത്താക്കുകയും ചെയ്ത മഹാപ്രതിഭയായിരുന്നു.

ലോകത്തെ ഏറ്റവും വലിയ പണ്ഡിതനായാണ് ശൈഖിനെ ഇസ്‌ലാമികലോകം ഒന്നടങ്കം അംഗീകരിച്ചുവന്നത്. അദ്ദേഹത്തെ അതിരറ്റ് സ്നേഹിക്കുകയും ആദരിക്കുകയും ചെയ്ത അറബ്‌ലോകം അറബിയിലെ പരമോന്നത വിശേഷണമായ "സമാഹതുശ്ശൈഖ്" എന്ന് അദ്ദേഹത്തെ വിശേഷിപ്പിച്ചു. പ്രമുഖ സുഊദീപണ്ഡിതനും സുഊദി അറേബ്യയിലെ ഗ്രാന്റ് മുഫ്തിയുമായിരുന്ന ശൈഖ് അബ്ദുല്ലാഹിബ്നുബാസിനു മാത്രമായിരുന്നു നദ്‌വിസാഹിബിന്റെ ജീവിതകാലത്ത് മേൽ വിശേഷണം അറബ്‌ലോകം നൽകിയിരുന്നത്. അതേസമയം, ഇന്ത്യയിൽ അലീമിയാൻ എന്ന വാത്സല്യനാമത്തിലാണ് അദ്ദേഹം അറിയപ്പെട്ടത്. ശൈഖിന്റെ മഹാപാണ്ഡിത്യം മനസ്സിലാക്കിയ പല അറബ് യൂനിവേഴ്സിറ്റി മേധാവികളും അവിടങ്ങളിൽ അധ്യാപകനാകാൻ വൻശമ്പളം വാഗ്ദാനം ചെയ്ത് അദ്ദേഹത്തെ ക്ഷണിക്കുകയുണ്ടായിട്ടുണ്ട്.

1955 ജൂൺ 12-ന് ലോകപ്രസിദ്ധ ഇസ്‌ലാമികപണ്ഡി

www.abulhasanalinadwi.org

തനും ഗ്രന്ഥകാരനും മുൻ സിറിയൻ പാർലമെന്റ് മെമ്പറുമായിരുന്ന ഡോക്ടർ മുസ്തഫ സ്സിബാഈയുടെ ഒരു കത്ത് ശൈഖിന് ലഭിച്ചു. സിറിയൻ യൂനിവേഴ്സിറ്റിയിൽ പുതുതായി ആരംഭിക്കുന്ന ശരീഅത്ത് കോളേജിൽ ഒന്നോ രണ്ടോ വർഷത്തേക്കെങ്കിലും അധ്യാപകജോലി ഏറ്റെടുക്കണമെന്ന് അഭ്യർഥിക്കുന്നതായിരുന്നു അത്. അതിന് എല്ലാവിധ പ്രതിഫലവും സൗകര്യങ്ങളും ചെയ്യാമെന്നും കത്തിലുണ്ടായിരുന്നു. എന്നാൽ, തന്റെ ഇന്ത്യയിലെ അസാന്നിധ്യം ഇഷ്ടപ്പെടാതിരുന്ന ശൈഖ് ആ അഭ്യർഥന മാനിച്ച് ഏതാനും ദിവസങ്ങളിലായി ഒരു നിശ്ചിത വിഷയത്തെ സംബന്ധിച്ച് കോളേജിൽ വിഷയം അവതരിപ്പിക്കാമെന്ന് ഏൽക്കുകയും ആ കൃത്യനിർവഹണത്തിന് 1957 ഏപ്രിലിൽ സിറിയയിലെത്തുകയും ചെയ്തു. അവിടെ അദ്ദേഹത്തെ സ്വീകരിക്കാൻ ഡോ.മുസ്തഫസ്സിബാഈയടക്കം ഉന്നത വ്യക്തിത്വങ്ങൾ എയർപോർട്ടിലെത്തിയിരുന്നു.

മദീനയിൽ ഒരു ഇസ്‌ലാമിക് യൂനിവേഴ്സിറ്റി സ്ഥാപിക്കാൻ 1921-ൽ സുഊദീ ഭരണകൂടം ഉദ്ദേശിച്ചപ്പോൾ ശൈഖിനെ അവിടെ അധ്യാപകനായി നിയമിക്കാൻ തീരുമാനിക്കുകയും ശൈഖിന്റെ തീരുമാനം അറിയാൻ ഇന്ത്യയിലെ സുഊദീ അംബാസിഡർ ശൈഖ് യൂസുഫ് ഫൗസാൻ മഹാനെ സമീപിക്കുകയുമുണ്ടായി. ഒരു സ്ഥിരംജോലി സ്വീകരിക്കാനുള്ള തന്റെ വിസമ്മതം രേഖപ്പെടുത്തിക്കൊണ്ട്, താൽക്കാലികസേവനത്തിന് ഒരുക്കമാണെന്ന് അറിയിച്ചു. തുടർന്ന് മദീനാ യൂനിവേഴ്സിറ്റിയുടെ സ്റ്റാന്റിംഗ് കൗൺസിൽ മെമ്പറായി അദ്ദേഹത്തെ തെരഞ്ഞെടുക്കുകയാണുണ്ടായത്. കൗൺസിലിന്റെ യോഗങ്ങൾക്കുവേണ്ടിയും യൂനിവേഴ്സിറ്റിവിദ്യാർഥികൾക്കുവേണ്ടി പ്രത്യേക വിഷയങ്ങൾ അവതരിപ്പിക്കാനും ശൈഖ് മദീനയിലേക്ക് ക്ഷണിക്കപ്പെടുക പതിവായിരുന്നു.

ലോകപ്രശസ്ത അന്തർദേശീയ സർവകലാശാലയായ ഇംഗ്ലണ്ടിലെ ഓക്സ്ഫോർഡ് യൂനിവേഴ്സിറ്റി അവിടെ ഒരു ഇസ്‌ലാമിക് ചെയർ സ്ഥാപിക്കാൻ ഉദ്ദേശിച്ചപ്പോൾ അതിന്റെ ചെയർമാനായി ശൈഖിനെ കണ്ടെത്താൻ കാരണവും അദ്ദേഹത്തിന്റെ ആഗോള ഇസ്‌ലാമികപരിജ്ഞാനം മാത്രമായിരുന്നു.

www.abulhasanalinadwi.org

# രാജ്യസ്നേഹി

ദൗർഭാഗ്യകരമായ ഇന്ത്യാ-പാകിസ്താൻ വിഭജനത്തിനു ശേഷം ശൈഖിന്റെ സുഹൃത്തുക്കൾ ഉൾപ്പെടെയുള്ള പല പ്രമുഖ മുസ്‌ലിം പണ്ഡിതന്മാരും നേതാക്കളും പാകിസ്താനിലേക്ക് താമസം മാറ്റിയിരുന്നെങ്കിലും എന്നും ഒരിന്ത്യക്കാരനായി ജീവിക്കാനായിരുന്നു ശൈഖ് ഇഷ്ടപ്പെട്ടിരുന്നത്. പല ഗൾഫ് യൂനിവേഴ്സിറ്റികളും അധ്യാപകജോലിക്ക് ക്ഷണിച്ചപ്പോഴും ഇന്ത്യയിൽനിന്ന് മാറിനിൽക്കുന്നത് തനിക്ക് ഇഷ്ടമില്ല എന്നായിരുന്നു അദ്ദേഹം മറുപടി നൽകിയത്. വിഭജനത്തിന് തീർത്തും എതിരായിരുന്ന അദ്ദേഹം എഴുതുന്നത് കാണുക:

"ഇന്ത്യാവിഭജനത്തിനും പാകിസ്താൻ സംസ്ഥാപനത്തിനും ഞാൻ എതിരായിരുന്നു. മുസ്‌ലിംകൾ വിശാല ഇന്ത്യയിൽ ശേഷിക്കുകയും ഭൂരിപക്ഷത്തിന് സ്വന്തത്തെ സംബന്ധിച്ച അറിവ് നൽകുകയും വിശ്വമാനവികതയുടെയും ഇസ്‌ലാമിക സംസ്കാരത്തിന്റെയും ആത്മസംസ്കരണത്തിന്റെയും ഉത്തമ മാതൃകകളായി അവർക്കിടയിൽ വർത്തിക്കുകയും ചെയ്യുന്നതാണ് ഞാൻ ഏറ്റവും ഇഷ്ടപ്പെടുന്നത്"

"എന്നാൽ, പാകിസ്താൻ നിലവിൽവന്ന ശേഷം ആ രാജ്യത്തിന്റെ നന്മ ആഗ്രഹിക്കുകയും അതിന്റെ പുരോഗതിക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യുക നമ്മുടെ അനിവാര്യതയായി മാറി. എന്റെ പാകിസ്താൻസന്ദർശനവേളയിൽ ഞാൻ പാകിസ്താനികളോടായി പറഞ്ഞു:

ഉസ്മാനിയ്യാഖിലാഫത്തിനുശേഷം മുസ്‌ലിം ലോകത്ത്

www.abulhasanalinadwi.org

ഒരു ശൂന്യത നിലനിൽക്കുന്നുണ്ട്. ഇസ്‌ലാമികലോകത്തിന്റെ പ്രശ്നങ്ങളിൽ ഒരു മുസ്‌ലിം ഭരണകൂടത്തിനും ആർജവമായ ഒരു നിലപാട് സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഒരു യഥാർഥ ഇസ്‌ലാമികലോകത്തിന് ആവശ്യമായ നിബന്ധനകൾ പാലിക്കുകയാണെങ്കിൽ പാകിസ്താന് ആ ശൂന്യത നികത്താൻ കഴിയും."(1)

ശൈഖിന്റെ ഏറ്റവും ഒടുവിലത്തെ പത്രപ്രസ്താവന അദ്ദേഹത്തിന്റെ രാജ്യസ്നേഹത്തിന്റെയും അക്രമപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരോട് മുഖം നോക്കാതെയുള്ള താക്കീതിന്റെയും മികച്ച ഉദാഹരണമാണ്. 1999 ഡിസംബറിൽ ഇന്ത്യൻ എയർലൈൻസ് വിമാനം അഫ്ഗാനിസ്താനിലേക്ക് തട്ടിക്കൊണ്ടുപോയതിനെ ശക്തമായ ഭാഷയിൽ അപലപിച്ചുള്ളതായിരുന്നു അത്. അപഹർത്താക്കൾ മുസ്‌ലിംകളാണെന്നതുകൊണ്ട് അക്രമപ്രവർത്തനത്തിനെതിരെ അദ്ദേഹം മൗനം ദീക്ഷിച്ചിരുന്നില്ല. മുസ്‌ലിംവിരുദ്ധസമീപനങ്ങൾ മുഖ്യ അജണ്ടയാക്കിയ കേന്ദ്രത്തിലെയും യു.പി.യിലെയും സംഘ്പരിവാർ സർക്കാറുകൾ ശൈഖിന്റെ സിരാകേന്ദ്രമായ നദ്‌വയും റായ്ബറേലിയിലെ വസതിയും റെയ്ഡ് നടത്തി പാകിസ്താൻ ചാരന്മാരെ (?) തിരഞ്ഞ് ആ മഹനീയ വ്യക്തിത്വത്തെ അപമാനിച്ചത് ലോകമനസ്സാക്ഷിയെ ഞെട്ടിച്ച സംഭവമായിരുന്നു.

1. ഫീമസീറത്തിൽ ഹയാത്ത് 1/251

www.abulhasanalinadwi.org

# ഐക്യത്തിന്റെ വക്താവ്

വിവിധ സംഘടനകളിലും വ്യത്യസ്ത ചിന്താസരണികളിലുമായി ഇസ്‌ലാമികപ്രവർത്തനങ്ങൾ നടത്തിവന്നിരുന്ന ലോക മുസ്‌ലിം ഉമ്മത്തിനെയാണ് നദ്‌വിസാഹിബ് പ്രതിനിധാനം ചെയ്തത്. സംഘടനാപക്ഷപാതിത്വമോ സങ്കുചിത ചിന്തയോ ഒരിക്കലും ശൈഖിനെ തൊട്ടുതീണ്ടിയില്ല. ഇസ്‌ലാമിന്റെ പ്രചാരണത്തിനും ഉയർച്ചക്കും വേണ്ടി നിലകൊള്ളുകയും പ്രവർത്തിക്കുകയും ചെയ്ത എല്ലാ സംഘടനകളെയും അദ്ദേഹം സ്നേഹിച്ചു. താനുമായി അഭിപ്രായവ്യത്യാസങ്ങളിൽ വർത്തിച്ചവരെപ്പോലും ആ മഹാരഥൻ ബഹുമാനിച്ചിരുന്നു. ജമാഅത്തെ ഇസ്‌ലാമിയുടെ രൂപീകരണനാളുകളിൽ അതുമായി സഹകരിച്ചിരുന്ന അദ്ദേഹം അതിൽനിന്ന് രാജിവെച്ച ശേഷവും ജമാഅത്തെ ഇസ്‌ലാമിയോടും മൗദൂദി സാഹിബിനോടും പുലർത്തിപ്പോന്ന നിലപാടുകളിൽനിന്ന് നമുക്കത് കൂടുതൽ വ്യക്തമാണ്. മൗദൂദി സാഹിബിന്റെ രാഷ്ട്രീയവീക്ഷണങ്ങളോട് വിയോജിപ്പ് പ്രകടിപ്പിച്ചുകൊണ്ട് ശൈഖ് രചിച്ച "അത്തഫ്സീറുസ്സിയാസീ" എന്ന പുസ്തകത്തിൽപോലും അദ്ദേഹം മൗദൂദി സാഹിബിന്റെ പേര് പരാമർശിച്ചത് അൽ ഉസ്താദ് മൗദൂദി എന്നാണ്.

വിവിധ ഗ്രൂപ്പുകളും സംഘടനകളുമായി ചേരിതിരിഞ്ഞ് ശാഖാപരമായ പ്രശ്നങ്ങളുടെ പേരിൽ കടിപിടികൂടിയിരുന്ന സമുദായത്തെ ഒന്നിപ്പിക്കാനും ഐക്യത്തിന്റെ പാതയിൽ കൊണ്ടുവരാനും ശൈഖ് ആത്മാർഥമായി ശ്രമിക്കുകയും ആ

www.abulhasanalinadwi.org

ശ്രമത്തിൽ ഒരു പരിധിവരെ വിജയം കൈവരിക്കുകയും ചെയ്തിട്ടുണ്ട്. 1985 ൽ ശാബാനുകേസിനെ തുടർന്ന് ഇന്ത്യയെ പിടിച്ചുകുലുക്കിയ ശരീഅത്ത് വിവാദത്തിൽ ഇന്ത്യയൊട്ടുക്കും മുഴങ്ങിയ മുസ്ലിം പ്രതിഷേധത്തിനും ചെറുത്തുനിൽപ്പിനും നേതൃത്വം വഹിച്ചത് ആൾ ഇന്ത്യാ മുസ്ലിം പേഴ്സനൽ ലോ ബോർഡ് ചെയർമാൻ കൂടിയായിരുന്ന ശൈഖ് നദ്‌വി തന്നെയായിരുന്നു.

# ത്വരീഖത്തുകളുടെ ശൈഖ്

ലാഹോറിലെ ശൈഖ് അഹ്മദ് ലാഹോരിയും സഹാറൻപൂരിലെ ശൈഖ് അബ്ദുൽഖാദിർ റായ്പൂരിയുമാണ് ശൈഖ് നദ്‌വിയുടെ ആത്മീയ ഗുരുക്കൾ. ശൈഖ് ലാഹോരിയോട് ഖാദിരിയ്യാ ത്വരീഖത്തിലും ശൈഖ് റായ്പൂരിയോട് ഖാദിരിയ്യ, ചിശ്തിയ്യ, നഖ്ശബന്ദിയ്യ, സുഹ്റവർദിയ്യ എന്നീ ത്വരീഖത്തുകളിലും ബൈഅത്ത് ചെയ്യുകയും അവരിൽനിന്ന് ഖിലാഫത്ത് ലഭിക്കുകയും ചെയ്തു. ഇപ്പോൾ നദ്‌വയിലുള്ള മിക്ക പണ്ഡിതരും മേൽ ത്വരീഖത്തുകളിൽ ശൈഖ് നദ്‌വിയുമായി ബൈഅത്ത് ചെയ്തവരാണ്(1). ഇന്ത്യക്കകത്തും പുറത്തുമുള്ള ധാരാളം വ്യക്തികൾ ഇതിനകം നദ്‌വി സാഹിബിനെ മുറബ്ബിയായ ശൈഖായി സ്വീകരിച്ച് ബൈഅത്ത് ചെയ്തിട്ടുണ്ട്. വിദൂര ദിക്കുകളിൽനിന്ന് പലരും ശൈഖിന്റെ ത്വരീഖത്ത് ശിഷ്യത്വംസ്വീകരിച്ച് പോകുന്നത് ഈ വരമൊഴിക്കാരന് പലപ്പോഴും കാണാൻ കഴിഞ്ഞിട്ടുണ്ട്. ശൈഖിന്റെ സഹോദരീപുത്രനും നദ്‌വയുടെ റെക്ടറുമായ മൗലാനാ മുഹമ്മദ് റാബിഅ് ഹസനി നദ്‌വിയാണ് ശൈഖിന്റെ ഇപ്പോഴത്തെ ഖലീഫ.

1. നദ്‌വയിലെ പഠനകാലത്ത് 1991 ഡിസംബർ 16-ന് രാവിലെ റായ്ബറേലിയിൽ വെച്ച് ശൈഖുമായി ബൈഅത്ത് ചെയ്യാൻ ഇതെഴുതുന്നവന് സൗഭാഗ്യമുണ്ടായി.

www.abulhasanalinadwi.org

# നദ്‌വയിലെ നദ്‌വി

ശൈഖ് നദ്‌വി സാഹിബ് നദ്‌വയുടെ ആത്മാവും ചൈതന്യവുമായിത്തീർന്നിരുന്നു. അധ്യാപക, വിദ്യാർഥി, പൊതുജന ഭേദമന്യേ എല്ലാവർക്കും അദ്ദേഹത്തിന്റെ സാന്നിധ്യം ഹൃദ്യവും ആനന്ദപുളകിതവുമായിരുന്നു. ശൈഖ് നദ്‌വയിലുണ്ടാകുമ്പോൾ ഓരോ നമസ്കാരാനന്തരവും പള്ളിയുടെ മുൻനിര മുതൽ വലതുവശത്തെ കവാടം വരെ ഒരു നീണ്ട ക്യൂ കാണാം. നമസ്കാരം കഴിഞ്ഞ് അല്ലാമ തിരിക്കുമ്പോൾ ആ അനുഗൃഹീത കരം ഗ്രഹിക്കാനുള്ള നദ്‌വ വിദ്യാർഥികളുടെ തിരക്കായിരിക്കുമത്.

നദ്‌വയിൽ ശൈഖ് ഉണ്ടായിരിക്കുമ്പോൾ സന്ദർശകരില്ലാത്ത സമയമുണ്ടാവില്ല. മിക്ക സന്ദർശകരും എത്തുന്നത് അല്ലാമയെ കാണാൻതന്നെ. സന്ദർശകരിൽ നല്ലൊരു ശതമാനം ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ ഇസ്‌ലാമികസ്ഥാപനങ്ങളുടെ പ്രതിനിധികളായിരിക്കും. തങ്ങളുടെ സ്ഥാപനങ്ങളെ അല്ലാമയെക്കൊണ്ട് പുറംലോകത്തിന് പരിചയപ്പെടുത്തലാണിവരുടെ ലക്ഷ്യം. ശൈഖിന്റെ ഗുഡ് സർട്ടിഫിക്കറ്റ് നേടിയ സ്ഥാപനങ്ങൾക്ക് ഇന്ത്യക്കകത്തും പുറത്തും നല്ല നിലവാരമായിരിക്കും. പണ്ഡിതർ, ഭരണാധിപർ, ഗവൺമെന്റ് ഉദ്യോഗസ്ഥർ, വിദ്യാഭ്യാസവിചക്ഷണർ, പത്രപ്രവർത്തകർ, വിദേശപ്രതിനിധികൾ, വിദ്യാർഥികൾ, പട്ടിണിപ്പാവങ്ങൾ തുടങ്ങി സമൂഹത്തിലെ വിവിധ തുറകളിലുള്ളവരൊക്കെ നദ്‌വി സാഹിബിന്റെ സന്ദർശകരിലുണ്ടാവും.

www.abulhasanalinadwi.org

അതിഥികൾ നേതാക്കളായാലും സാധാരണക്കാരായും അവരെ വളരെ ആദരവോടെയാണ് ആ ജ്ഞാനജ്യോതിസ്സ് സ്വീകരിച്ചിരുന്നത്.

## ദിനചര്യ

സുകൃതങ്ങളും ഗൗരവമേറിയ ചിന്തകളും പൂർണ ഭക്തിയും നിറഞ്ഞതായിരുന്നു അവിടുത്തെ ദൈനംദിനജീവിതം. 'നിന്റെ നാവ് എപ്പോഴും ദിക്റിന്റെ നനവിലായിരിക്കട്ടെ' എന്ന നബി(സ) യുടെ ഉപദേശം ജീവിതത്തിൽ പാലിച്ച മൗലാനയെ ഏത് സമയവും ദിക്റിൽ മുഴുകിയ നിലയിലായിരുന്നു കാണപ്പെടാറുണ്ടായിരുന്നത്.

സ്വുബ്ഹിന്റെ ഒരു മണിക്കൂർ മുമ്പ് ഉണരും. അംഗശുദ്ധി വരുത്തി തഹജ്ജുദ് നമസ്കരിക്കും (പത്തു വയസ്സുമുതൽ ശീലിച്ചതാണിത്). പിന്നീട് ദിനചര്യയായ 'വളീഫ' (ഇസ്തിഗ്ഫാർ, തസ്ബീഹ്, സ്വലാത്ത്) അനുഷ്ഠിക്കും. സ്വുബ്ഹ് നമസ്കാരാനന്തരം ഒരു ജുസ്ഇൽ കുറയാതെ ഖുർആൻ പാരായണം ചെയ്യും. ഒരു ജുസ്അ് പാരായണത്തിന് ആരോഗ്യനില അനുവദിക്കാതിരുന്നാൽ നിസാറുൽ ഹഃഖ്നദ്‌വിയെക്കൊണ്ടോ മറ്റോ ഒരു ജുസ്അ് ഖുർആൻ തന്റെ സവിധത്തിൽ ഓതിക്കുകയും അത് സശ്രദ്ധം ശ്രവിക്കുകയും ചെയ്യും. ഖുർആൻ ശ്രവിക്കുന്ന സമയങ്ങളിൽ അല്ലാമയുടെ പ്രത്യേക ഭക്തിയും മുഖഭാവവും ഈ കുറിപ്പുകാരൻ പലപ്പോഴും ദർശിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ പരാമർശിക്കുന്ന വചനങ്ങൾ കേൾക്കുമ്പോൾ ശൈഖിന്റെ മുഖം പ്രകാശിക്കുകയും അതിനുവേണ്ടി പ്രാർഥിക്കുകയും ധിക്കാരികളോടുള്ള അല്ലാഹുവിന്റെ പ്രതികാരങ്ങൾ പരാമർശിക്കുന്ന വചനങ്ങൾ കേൾക്കുമ്പോൾ ദുഃഖിതനായി അവയെ തൊട്ട് അഭയം തേടുകയും ചെയ്യുക അവിടുത്തെ പതിവായിരുന്നു. ശേഷം അൽപദൂരത്തെ നടത്തം. പിന്നീട് പ്രാതൽ കഴിച്ച് ദുഹാ നമസ്കാ

www.abulhasanalinadwi.org

രാനന്തരം കത്തുകൾക്ക് മറുപടി എഴുതും. ഏത് ചെറിയവന്റെയും കത്തുകൾക്ക് ആ വലിയ മനുഷ്യൻ മറുപടി എഴുതാറുണ്ടായിരുന്നു(വരമൊഴിക്കാരൻ കത്തെഴുതിയപ്പോഴൊക്കെ മഹാൻ മറുപടി എഴുതുകയും അതിൽ ഇടക്ക് കത്തെഴുതാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്). പിന്നീട് പുസ്തകരചന, പ്രബന്ധമെഴുത്ത് തുടങ്ങിയവയായിരിക്കും.

ളുഹ്റ്നമസ്കാരത്തിനു മുമ്പ് പതിനൊന്ന് പ്രാവശ്യം സൂറത്ത് യാസീൻ പാരായണം ചെയ്യുകയും നബി(സ), ഖലീഫമാർ, അഹ്ലുബൈത്ത്, സ്വഹാബികൾ, ത്വരീഖത്തുകളുടെ ശൈഖുമാർ, ശഹീദുമാർ, സജ്ജനങ്ങൾ, കുടുംബങ്ങൾ, കൂട്ടുകാർ എന്നിവർക്ക് അവയുടെപ്രതിഫലലബ്ധിക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യും. വ്യാഴാഴ്ചകളിൽ യാസീൻ പാരായണം പതിമൂന്ന് പ്രാവശ്യമായി വർധിപ്പിക്കുമായിരുന്നു.

ളുഹ്റ്നമസ്കാരാനന്തരം ഖൈലൂല ഉറക്കം. പിന്നെ, അസ്ർവരെ പുസ്തകവായന. ദിനപത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവയുടെ വായനക്കും സമയം കണ്ടെത്തുന്നു.

അസ്ർനമസ്കാരാനന്തരം വിശിഷ്ടാതിഥികൾക്കുവേണ്ടിയുള്ള മജ്ലിസായിരിക്കും. മത, രാഷ്ട്രീയ, സാമൂഹികപ്രവർത്തകരായിരിക്കും ഈ മജ്ലിസിലെ സന്ദർശകർ. നദ്‌വയിലെ പ്രധാന ഉസ്താദുമാരെല്ലാം വേദിയിൽ സന്നിഹിതരായിരിക്കും. ആനുകാലികസംഭവവികാസങ്ങളെ സംബന്ധിച്ചും മറ്റും ചോദ്യങ്ങളുയരുകയും അല്ലാമ മറുപടി പറയുകയും പതിവാണ്. അതിഥികൾക്ക് ചായവിതരണവും ഉണ്ടാകും.

മഗ്‌രിബ്നമസ്കാരാനന്തരം സ്വലാത്തുൽ അവ്വാബീൻ നിർവഹിക്കും. പിന്നെ വായന, സഹപ്രവർത്തകരോട് കൂടിയാലോചന എന്നിവ നടക്കും. നദ്‌വയിലെ പ്രധാന അധ്യാപകർ ഈ സദസ്സിൽ പ്രധാനമായി പങ്കെടുക്കും. വിവിധ വിഷയങ്ങൾ സംബന്ധമായി മൗലാനമാരുടെ ചോദ്യങ്ങളും അല്ലാമയുടെ ഉത്തരവുമുണ്ടാകും. ഇശാഇന്റെ അരമണിക്കൂർ മുമ്പ് മജ്ലിസ് പിരിഞ്ഞ് രാത്രിഭക്ഷണം കഴിക്കും. പിന്നെ നമസ്കാരം.

ഇശാനമസ്കാരാനന്തരം വീണ്ടും മജ്ലിസുണ്ടാവും. നദ്‌വ യൂനിവേഴ്സിറ്റിയിലെ മുതിർന്ന വിദ്യാർഥികളായിരിക്കും കൂടു

www.abulhasanalinadwi.org

തൽ. മൗലാനമാരും ഖാദിമുമാരുമുണ്ടാകും. വിവിധ വിഷയങ്ങൾ ചോദിക്കപ്പെടുന്നതും ഉത്തരം കൊടുക്കുന്നതും സദസ്സിൽ കാണാം. രാത്രി പതിനൊന്നു മണിയോടെ വിശ്രമമാരംഭിക്കും.

ഒരു തസ്വവ്വുഫീമയം അല്ലാമയുടെ ജീവിതമുടനീളം നിഴലിച്ചുനിന്നിരുന്നു. മൗലാനയുടെ മൂന്ന് മജ്‌ലിസുകളും ഇതുകൊണ്ട് വ്യത്യസ്തമായിരുന്നു. വിവിധ വേദികളിൽ ദർശിക്കാവുന്ന ശബ്ദകോലാഹലങ്ങളോ വാഗ്വാദങ്ങളോ അല്ലാമയുടെ മജ്‌ലിസിനെ തൊട്ടുതീണ്ടിയിരുന്നില്ല. മഹാന്റെ സാന്നിധ്യത്തിൽ മജ്‌ലിസിൽ ഇരിക്കുന്നതുതന്നെ വളരെയധികം ഹൃദയാനുഭൂതിയും മനസ്സമാധാനവും ഇലാഹീചിന്തയും വരുത്തുന്നതായിരുന്നു. അല്ലാമയുടെ വാർധക്യകാലത്താണ് കുറിപ്പുകാരന് അദ്ദേഹത്തെ നേരിട്ട് പരിചയപ്പെടാനും ശിഷ്യത്വം സ്വീകരിക്കാനും ഭാഗ്യമുണ്ടായത്. ഈ നാളുകളിലൊക്കെത്തന്നെ മഹിതമായ മജ്‌ലിസുകൾ കഴിവതും ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

ചുമരിലേക്ക് ചാരിയിരിക്കുന്ന അല്ലാമയുടെ ചുറ്റും സന്ദർശകർ തിങ്ങിക്കൂടിയിരിക്കും. എല്ലാവരുടെയും കണ്ണുകൾ അല്ലാമയുടെ മുഖത്തേക്ക്. നീണ്ട മൗനത്തിനിടക്ക് ഒരു തസ്ബീഹോ തഹ്മീദോ ദിക്റോ മൊഴിയാൻ അവിടുത്തെ അധരങ്ങൾ വിടരും. മൗനവേളകളിൽ ഹൃദയം ഇലാഹീമുനാജാത്തിലായിരിക്കുമെന്ന് കാണികളുടെ മനസ്സ് പറയും. എന്തെങ്കിലും വൈജ്ഞാനികമായ സംശയങ്ങൾ ചോദിച്ചാൽ അല്ലാമ അതിന് ഉത്തരം പറയും. ചോദ്യവും ഉത്തരവുമെല്ലാം വളരെ ഭവ്യതയിലും താഴ്മയിലുമായിരിക്കും. പലപ്പോഴും രണ്ട് മണിക്കൂർ വരെ നീണ്ടുനിൽക്കുന്ന ഈ മജ്‌ലിസിൽ പത്തോ ഇരുപതോ മിനിറ്റ് നേരം മാത്രമായിരിക്കും ചോദ്യോത്തരം. ബാക്കി സമയങ്ങളിലെല്ലാം ശൂന്യതയും മൗനവുമായിക്കും. എന്നാലും മജ്‌ലിസ് പിരിയുമ്പോൾ എന്തെന്നില്ലാത്ത ഉന്മേഷം കൈവന്നിട്ടുണ്ടാകും. മൗലാനയുടെ മജ്‌ലിസിന്റെ ലഘുചിത്രമിതാണ്.

വെള്ളിയാഴ്ചയുടെ ആദരവ് നിലനിർത്താൻ അല്ലാമ ജീവിതത്തിലുടനീളം ശ്രദ്ധിച്ചിരുന്നു.അന്ന് കഴിയുന്നത്ര ഇബാദത്തുകൾ വർധിപ്പിക്കും. ആരോഗ്യനില വഷളാവുന്നതിനു മുമ്പ് അല്ലാമ വെള്ളിയാഴ്ചകളിൽ തസ്ബീഹ്നമസ്കാരം നിർവഹിച്ചിരുന്നു. എട്ടുവയസ്സുമുതൽ ശീലിച്ച സൂറത്തുൽ കഹ്ഫ് പാരായണം ജുമുഅക്ക് പള്ളിയിലേക്ക് പുറപ്പെടുന്നതിനു മുമ്പ്

തീർക്കും. അസ്റിനു ശേഷം തിരുനബി (സ)ക്ക് വേണ്ടി സ്വലാത്തിൽ വ്യാപൃതനാകും. മഗ്‌രിബിനു ശേഷം അൽഫത്ഹ്, അൽവാഖിഅ സൂറകൾ പാരായണം ചെയ്യും.

മഗ്‌രിബിനു ശേഷം തകിയാകലാൻ മസ്ജിദിൽ മൗലാനയുടെ നേതൃത്വത്തിൽ ദിക്ർ മജ്‌ലിസ് നടക്കുക പതിവാണ്.(1) ദിക്റുകൾക്കും സ്വലാത്തുകൾക്കും ശേഷം മൗലാനയുടെ നേതൃത്വത്തിൽ സ്വാലിഹുകൾക്കു വേണ്ടി, വിശിഷ്യാ ഖാദിരിയ്യ, ചിശ്തിയ്യ, സുഹ്റവർദിയ്യ, നഖ്ശബന്തിയ്യ തുടങ്ങിയ ത്വരീഖത്തുകളുടെ ശൈഖുമാർക്ക് വേണ്ടിയുള്ള പ്രത്യേക പ്രാർഥനയോടെ മജ്‌ലിസ് സമാപതിക്കും.

ഒഴിഞ്ഞിരിക്കുമ്പോൾ ചുണ്ടുകൾ ദിക്റിൽ വ്യാപൃതമായിരിക്കും. മൗനിയായി കാണപ്പെടുമ്പോഴും ഹൃദയം ദിക്റിൽ മുഴുകിയിരിക്കുകയാണെന്ന് കൈയിലുള്ള തസ്ബീഹ് മാലയിലെ മണികൾ മറിക്കുന്നതിൽനിന്ന് മനസ്സിലാക്കാൻ കഴിയും.(2)

1. ഇത്തരം രണ്ട് മജ്‌ലിസുകളിൽ കുറിപ്പുകാരൻ പങ്കെടുത്തിട്ടുണ്ട്.
2. വളരെക്കാലം ശൈഖിന്റെ സന്തതസഹചാരിയായി വർത്തിച്ച അഭിവന്ദ്യ ഗുരുനാഥൻ മൗലാനാ നസ്റുൽ ഹഫീദ് നദ്‌വി അൽ അസ്ഹരിയിൽനിന്ന് സംഗ്രഹിച്ച കാര്യങ്ങളും കുറിപ്പുകാരന്റെ അനുഭവങ്ങളുമാണ് 'ദിനചര്യ'യിലെ വിവരങ്ങൾക്ക് ആധാരം.

www.abulhasanalinadwi.org

# കേരളസന്ദർശനം

മൗലാനാ നദ്‌വിയുടെ സാന്നിധ്യം കൊണ്ട് പുളകമണിയാൻ ആറ് പ്രാവശ്യം മലയാളമണ്ണിന് സൗഭാഗ്യം കൈവന്നിട്ടുണ്ട്. 1961 ഫെബ്രുവരി അഞ്ചിന് കോഴിക്കോട്ട് നടന്ന കേരളാ നദ്‌വത്തുൽ മുജാഹിദീൻ സമ്മേളനം ഉദ്ഘാടനം ചെയ്യാനുള്ള ക്ഷണം സ്വീകരിച്ചാണ് അദ്ദേഹം ആദ്യമായി കേരളം സന്ദർശിക്കുന്നത്. പിന്നീട് 1978 ഡിസംബർ 26-ന് മമ്പാട് എം.ഇ.എസ്.കോളേജിൽ നടന്ന അന്താരാഷ്ട്ര അറബിക് സെമിനാർ ഉദ്ഘാടനം ചെയ്യാൻ റാബിത്വ പ്രതിനിധിയായും, 1980 ഡിസംബർ 21-ന് കൊല്ലത്ത് നടന്ന ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമാ സമ്മേളനം ഉദ്ഘാടനം ചെയ്യുന്നതിനും, 1985 മെയ് 8-ന് തിരൂരങ്ങാടിയിൽ എം.കെ.ഹാജി ഹോസ്പിറ്റലിന് തറക്കല്ലിടാനും, 1985-ലെ ശാബാനു കേസ് സംബന്ധമായ സുപ്രീം കോടതിയുടെ ശരീഅത്ത് വിരുദ്ധവിധിക്കും രാജ്യത്ത് ഏക സിവിൽകോഡ് നടപ്പാക്കാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ നീക്കങ്ങൾക്കുമെതിരായി മുസ്‌ലിം പേഴ്സനൽ ലോ ബോർഡ് രാജ്യവ്യാപകമായി സംഘടിപ്പിച്ച ശരീഅത്ത് കാമ്പയിന്റെ ഭാഗമായി 1985 നവംബർ 13-ന് കോഴിക്കോട്ട് നടന്ന ശരീഅത്ത്സമ്മേളനം ഉദ്ഘാടനം ചെയ്യുന്നതിനും, *ഫീ ളിലാലിൽ ഖുർആൻ* എന്ന സയ്യിദ് ഖുത്ബിന്റെ വിശ്വവിശ്രുത ഖുർആൻ വ്യാഖ്യാനത്തിന്റെ മലയാള പരിഭാഷയുടെ ("ഖുർആന്റെ തണലിൽ"- പ്രസാധനം: മനാസ് ഫൗണ്ടേഷൻ, എറണാകുളം) പ്രകാശനകർമത്തിന് 1995 ജനുവരി 26-നും അദ്ദേഹം

www.abulhasanalinadwi.org

കേരളം സന്ദർശിക്കുകയുണ്ടായി.

സന്ദർശനവേളകളിൽ മിക്കപ്പോഴും ശൈഖ് നദ്‌വി കേരളത്തിലെ വിവിധ ഇസ്‌ലാമികകലാലയങ്ങൾ സന്ദർശിക്കുകയുണ്ടായിട്ടുണ്ട്. കേരളത്തിലെ മുസ്‌ലിം സംഘടിതശക്തിയെയും അറബിഭാഷ പഠിപ്പിക്കുന്നതിലുള്ള പ്രത്യേക സംവിധാനങ്ങളെയും അദ്ദേഹം പ്രശംസിക്കാറുണ്ട്. എന്നാൽ, ഉർദു പഠിക്കാനും പരിപോഷിപ്പിക്കാനും കേരളക്കാർ ശ്രമിക്കണമെന്നും(1) സംഘടനാപക്ഷപാതിത്വങ്ങൾ ഉപേക്ഷിക്കാൻ മുസ്‌ലിംസംഘടനകൾ മനസ്സ് കാണിക്കണമെന്നും ശൈഖ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

ദേശീയ-അന്തർദേശീയ, പാരത്രിക വിഷയങ്ങളെല്ലാം ചർച്ചയിൽ വരുന്ന മൗലാനയുടെ മജ്‌ലിസിൽ ചിലപ്പോഴൊക്കെ കേരളം ചർച്ചക്ക് കടന്നുവരാറുണ്ട്. ഈ വരമൊഴിക്കാരന്റെ സാന്നിധ്യത്തിൽ ഒരു ദിവസം കേരളം ചർച്ചക്ക് വന്നപ്പോൾ മൗലാന പുഞ്ചിരിച്ചുകൊണ്ട് കേരളത്തെ സംബന്ധിച്ച് ഒരു ഫലിതം പറഞ്ഞു: 'കേരളീയരിൽ ഒരത്ഭുതം ദർശിക്കാം, അവർ ചായ തണുപ്പിച്ചും വെള്ളം ചൂടാക്കിയുമാണ് കുടിക്കുക' ആ ഫലിതം മൗലാനമാരെല്ലാം നന്നായി ആസ്വദിക്കുന്നതായി കണ്ടു.(2)

1. നദ്‌വയിൽ അധ്യയനത്തിന് ചേർന്നശേഷം ആദ്യമായി മൗലാനയെ സന്ദർശിക്കുകയും സംസാരിക്കുകയും ചെയ്തു. (ഉർദു വശമില്ലാത്തതുകൊണ്ട് അറബിയിലാണ് സംസാരിച്ചത്). രണ്ടാം പ്രാവശ്യത്തെ സന്ദർശനാവസാനം ശൈഖ് ഇതെഴുതുന്നവനോട് പറഞ്ഞു: 'അടുത്ത പ്രാവശ്യം വരുമ്പോൾ ഉർദുവിൽ മാത്രമേ സംസാരിക്കാവൂ'.

2. ഉത്തരേന്ത്യയിൽ സാധാരണ തണുപ്പിച്ച വെള്ളമാണ് കുടിക്കാൻ ഉപയോഗിക്കുന്നത്. ചൂടുവെള്ളം കുടിക്കുന്നത് അവിടെ അപരിചിതമാണ്. ചായ തീരെ തണുപ്പിക്കാതെ അൽപാൽപം ആസ്വദിച്ചാണ് കുടിക്കുക. അതും ഒരു കപ്പ് മാത്രം. ഈ പശ്ചാത്തലത്തിലാണ് ശൈഖ് കേരളത്തിലെ വെള്ളവും ചായയും വിലയിരുത്തിയത്.

www.abulhasanalinadwi.org

# വഫാത്ത്


ക്രിസ്ത്വബ്ദം ഇരുപതാം നൂറ്റാണ്ടിന്റെ അവസാനദിനം (1999 ഡിസംബർ 31-ന്) ഹിജ്റ 1420 റമദാൻ 22-ന് വിശുദ്ധ മാസത്തിലെ ഒടുവിലത്തെ വെള്ളിയാഴ്ച ലോകമുസ്‌ലിംകൾ അത്യധികം ഭക്തിയോടെ ജുമുഅക്ക് പുറപ്പെടാൻ ഒരുങ്ങിക്കൊണ്ടിരിക്കുമ്പോഴാണ് മുസ്‌ലിംഭൂമികയെ ഒന്നടങ്കം തീരാദുഃഖത്തിലാഴ്ത്തിക്കൊണ്ട് നദ്‌വി സാഹിബിന്റെ വിയോഗമുണ്ടായത്. അര നൂറ്റാണ്ടിലേറെക്കാലം തന്റെ ത്യാഗോജ്ജ്വലമായ ജീവിതംകൊണ്ട് പാരിലെങ്ങും പ്രഭപരത്തിയ ആ ജ്ഞാനജ്യോതിസ്സിന്റെ ജീവിതം മുഴുവൻ പുണ്യങ്ങൾ പൂത്തുനിന്നതുപോലെ അവിടുത്തെ വഫാത്ത്‌വേളയും ധന്യമായിരുന്നു. വഫാത്തിൽ ഒത്തുചേർന്ന മാഹാത്മ്യങ്ങൾ ജീവിതത്തിലുടനീളം അദ്ദേഹം പുലർത്തിപ്പോന്നിരുന്ന വിശുദ്ധിയുടെ റബ്ബാനിയായ അംഗീകാരമായിരുന്നു. വഫാത്തിന്റെ ദിവസവും ദിനചര്യയിൽപെട്ട അമലുകൾക്ക് യാതൊരു വിഘ്നവും വന്നിരുന്നില്ല. സാധാരണ ളുഹ്റിന്റെ മുമ്പ് ഉസ്താദുമാർക്കും ശൈഖുമാർക്കും മാതാപിതാക്കൾക്കും പ്രതിഫലം ലഭിക്കാൻ വേണ്ടി പാരായണം ചെയ്യാറുള്ള പതിനൊന്ന് യാസീൻ പോലും ഓതിയിട്ടുണ്ട്. ജുമുഅയുടെ സുന്നത്ത്കുളി കഴിഞ്ഞ് വുദൂ ചെയ്ത് വസ്ത്രം മാറി സൂറത്തുൽ കഹ്ഫ് ഓതാൻ മുസ്ഹഫ് ആവശ്യപ്പെട്ടു. മുസ്ഹഫ് ലഭിക്കാതെ വന്നപ്പോൾ സൂറത്ത് യാസീൻ പാരായണം ചെയ്യാൻ ആരംഭിച്ചു. പത്തു പതിനൊന്ന് ആയത്തുകൾ ഓതിയതേയുള്ളൂ. അപ്പോഴേക്കും

www.abulhasanalinadwi.org

അവിടുത്തെ നാവ് നിശ്ചലമാവുകയായിരുന്നു. അതെ! ഖുർആൻ പാരായണം ചെയ്തുകൊണ്ടിരിക്കെ അവിടുത്തെ പുണ്യാത്മാവ് അല്ലാഹുവിങ്കലേക്ക് പറന്നകലുകയായിരുന്നു. (ഇന്നാലില്ലാഹ്....)

അങ്ങനെ ഒരു നൂറ്റാണ്ടിനെ ധന്യമാക്കിയ ജീവിതം അവിടെ അവസാനിച്ചു. റമദാൻ മാസം, ഒടുവിലെ പത്ത്, വെള്ളിയാഴ്ച, ജുമുഅക്കു വേണ്ടി തയാറാവൽ, വുദു, സുന്നത്ത്കുളി, ഖുർആൻപാരായണം, വ്രതം തുടങ്ങിയ പുണ്യങ്ങളുടെ പൂമാലകൾ ചാർത്തിയാണ് അല്ലാഹു ആ ധന്യാത്മാവിനെ സ്വീകരിച്ചത്. ജീവിതത്തിലുടനീളവും മരണസമയത്തും അല്ലാഹു അദ്ദേഹത്തെ ആദരിച്ചതുപോലെ ധാരാളം സ്വർഗീയസുഖങ്ങൾ നൽകി പരലോകത്തും അനുഗ്രഹിക്കട്ടെ! ആ മഹാത്മാവ് വെട്ടിത്തെളിച്ച പാതയിൽനിന്ന് പാഠമുൾക്കൊണ്ട് ജീവിതം ധന്യമാക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകട്ടെ- ആമീൻ.

www.abulhasanalinadwi.org



ദാറുൽ ഉലൂം നദ്‌വത്തുൽ ഉലമയുടെ മെയിൻ ബിൽഡിംഗ്

# അംഗീകാരവും പുരസ്കാരവും

www.abulhasanalinadwi.org

മുസ്‌ലിംകൾ ഇസ്‌ലാമിൽനിന്നകലുന്നത് അത്യന്തം അപകടം ചെയ്യും. അതുകാരണം സമൂഹത്തിൽ അരക്ഷിതാവസ്ഥയും രാഷ്ട്രത്തിൽ അശാന്തിയും ഉടലെടുക്കും. ഇസ്‌ലാമിനും മുസ്‌ലിമിനും ഇടയിൽ അകൽച്ച ഉണ്ടാവരുത്. മുസ്‌ലിമിന്റെ ജീവിതത്തിൽ ഇസ്‌ലാം പ്രതിബിംബിച്ചുകാണണം. മുസ്‌ലിമിന്റെ ജീവിതനൗകയുടെ കടിഞ്ഞാൺ ഇസ്‌ലാമിനായിരിക്കണം. ഇസ്‌ലാം എന്താണ് എന്ന ചോദ്യത്തിന്, അതാണ് ഇസ്‌ലാം എന്ന് മുസ്‌ലിമിന്റെ ജീവിതത്തെ ചൂണ്ടി കാണിക്കാൻ കഴിയണം.

സയ്യിദ് അബുൽഹസൻ അലി നദ്‌വി

www.abulhasanalinadwi.org

ആത്മാർഥതയും ആഗോള ഇസ്‌ലാമികപരിജ്ഞാനവും തൂലികാവൈഭവവും ഒത്തുചേർന്ന മൗലാനാ നദ്‌വിയുടെ ചിന്തയും വ്യക്തിത്വവും ഭൂഖണ്ഡങ്ങൾ ഭേദിച്ച് ലോകം മുഴുക്കെ പ്രശസ്തമായ നിലയിൽ ജ്വലിച്ചുനിന്നു. ആഗോളതലത്തിലെ ഇസ്‌ലാമികചലനങ്ങളിൽ അദ്ദേഹം സജീവമായി ശ്രദ്ധിക്കപ്പെട്ടു. അനുദിനം വളർന്നുകൊണ്ടിരുന്ന അദ്ദേഹത്തിന്റെ ഖ്യാതി ധാരാളം വിശ്വോത്തര പുരസ്‌കാരങ്ങളും അംഗീകാരങ്ങളും സ്ഥാനമാനങ്ങളും നേടിക്കൊടുക്കുകയുണ്ടായി.

ഒരിക്കലും സ്ഥാനമാനങ്ങളുടെ പിന്നിൽ ഓടിനടക്കുന്ന പതിവ് മൗലാനക്കില്ലായിരുന്നു. ലഭിച്ച എല്ലാ സ്ഥാനങ്ങളും പദവികളും അദ്ദേഹത്തെ തേടിയെത്തിയതായിരുന്നു. അവയിൽ പലതും നിർബന്ധ സാഹചര്യത്തിൽ മാത്രമാണ് ശൈഖ് ഏറ്റെടുത്തത്. ഇസ്‌ലാമിക പ്രബോധന വീഥിയിലെ നിഷ്കളങ്കതയും തഖ്‌വയുമായിരുന്നു ശൈഖിന്റെ ആഗോള അംഗീകാരങ്ങളുടെയും പുരസ്കാരങ്ങളുടെയും മുഖ്യ സ്രോതസ്സ്.

## ദമസ്കസ്

1957–ൽ ദമസ്കസിലെ 'അൽ മജ്മഉൽ ഇൽമി അൽ അറബി' എന്ന മഹത്തായ സ്ഥാപനം ശൈഖിനെ ഒരംഗമായി തെരഞ്ഞെടുക്കുകയും ദമസ്കസിലെ അബിന്നൂർ ഇസ്‌ലാമിക് ഇൻസ്റ്റിറ്റ്യൂട്ട് ശൈഖിന്റെ ഇസ്‌ലാമിക പ്രബോധന പ്രവർത്തനങ്ങളെ മാനിച്ചുകൊണ്ട് അവാർഡ് നൽകുകയും ചെയ്തു.

www.abulhasanalinadwi.org

## റാബിത്വ

ആഗോളാടിസ്ഥാനത്തിലുള്ള ഇസ്‌ലാമിക പ്രബോധനപ്രവർത്തനങ്ങളെ സംബന്ധിച്ച് ചർച്ചചെയ്യാൻ 1962–ൽ സുഊദീ ഭരണാധികാരി മക്കയിൽ വിളിച്ചുചേർത്ത ഇന്റർനാഷ്നൽ ഇസ്‌ലാമിക് കോൺഫറൻസിലേക്ക് ശൈഖ് പ്രത്യേകം ക്ഷണിക്കപ്പെടുകയും അവിടെ വെച്ച് രൂപീകൃതമായ റാബിത്വതുൽ ആലമിൽ ഇസ്‌ലാമി (മുസ്‌ലിം വേൾഡ് ലീഗ്) എന്ന സംഘടനയിൽ അംഗത്വം ലഭിക്കുകയും റാബിത്വാ കോൺഫറൻസുകളുടെ ഉപാധ്യക്ഷനായി തെരഞ്ഞെടുക്കപ്പെടുകയുമുണ്ടായി. കൂടാതെ റാബിത്വയുടെ കീഴിൽ പിന്നീട് നിലവിൽവന്ന ഇന്റർനാഷ്നൽ മസ്ജിദ് കൗൺസിൽ, ഫിഖ്ഹ് കൗൺസിൽ തുടങ്ങിയ സ്ഥാപനങ്ങളിലും ശൈഖിനെ മെമ്പറായി തെരഞ്ഞെടുക്കുകയുണ്ടായി.

## മദീനാ യൂനിവേഴ്സിറ്റി

1962 ൽ സുഊദീ ഭരണകൂടം ഒരിസ്‌ലാമിക സർവകലാശാല മദീനയിൽ സ്ഥാപിക്കാൻ തീരുമാനിച്ചപ്പോൾ അതിന്റെ സ്റ്റാന്റിംഗ് കൗൺസിൽ മെമ്പറായി ശൈഖിനെ തെരഞ്ഞെടുക്കുകയുണ്ടായി.

## മൊറോക്കോ

1971–ൽ റബാത്തിലെ (മൊറോക്കോ) ഫെഡറേഷൻ ഓഫ് ഇസ്‌ലാമിക് യൂനിവേഴ്സിറ്റീസ് എന്ന സംഘടനയിൽ ശൈഖിന് അംഗത്വം നൽകപ്പെട്ടു.

www.abulhasanalinadwi.org

## ഫൈസൽ അവാർഡ്

ഇസ്‌ലാമിക 'നോബൽ സമ്മാന'മായി അറിയപ്പെടുന്ന കിംഗ് ഫൈസൽ അവാർഡിന് 1980 ൽ ശൈഖ് തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. ആ സന്തോഷവാർത്ത അറിയിച്ചുകൊണ്ടും അത് സ്വീകരിക്കാൻ രിയാദിലേക്ക് ക്ഷണിച്ചുകൊണ്ടുമുള്ള അവാർഡ് കമ്മിറ്റി ചെയർമാന്റെ ടെലഗ്രാം സന്ദേശം ശൈഖിന് ലഭിച്ചു.

ചെയർമാനുള്ള മറുപടിയിൽ ശൈഖ് എഴുതി: "ഇസ്‌ലാമികസേവനങ്ങൾക്ക് അതിന്റെ പ്രവർത്തകർക്ക് പരലോകത്ത് പ്രതിഫലം ലഭിക്കുന്നതാണ് ഉത്തമം. എന്റെ അസാന്നിധ്യത്തിലുള്ള നിങ്ങളുടെ തെരഞ്ഞെടുപ്പിന് ഇസ്‌ലാമികസേവകനായ ഫൈസൽ രാജാവിനെ മാനിച്ചുകൊണ്ട് ഞാൻ വിഘ്നം സൃഷ്ടിക്കുന്നില്ല. അവാർഡ് അതിന്റെ ഉദ്ദിഷ്ടഫലം ചെയ്യട്ടെ എന്ന് പ്രാർഥിച്ചുകൊണ്ട് അവാർഡ് സ്വീകരിക്കാൻ എനിക്ക് നേരിട്ട് വരാൻ സാധ്യമല്ല എന്നും എന്റെ പ്രതിനിധി ഡോ.അബ്ദുല്ല അബ്ബാസ് നദ്‌വി അവാർഡ് സ്വീകരിച്ചുകൊണ്ട് എന്റെ കൃതജ്ഞത രേഖപ്പെടുത്തുമെന്നും അറിയിക്കുന്നു. എന്നാൽ, ഈ അവാർഡ് വ്യത്യസ്ത വിശേഷങ്ങളർഹിക്കുന്നുണ്ട്. അംഗീകാരവും ആദരവുമാണ് ഒന്നാമത്തേത്. അത് ഞാൻ അതിന്റേതായ പരിഗണനയിലും നന്ദിയോടെയും സ്വീകരിക്കുന്നു. രണ്ടാമത്തേത് സാമ്പത്തിക ഗുണമാണ്. ഡോ.അബ്ദുല്ല അബ്ബാസ് നദ്‌വി വേദിയിൽ വ്യക്തമാക്കുന്ന ഇസ്‌ലാമികസേവനങ്ങൾക്ക് ഞാനത് വിനിയോഗിക്കുന്നതാണെന്ന് നിങ്ങളെ അറിയിക്കുകയും ചെയ്യുന്നു."(1)

1980 ഫെബ്രുവരി 12-ന് രിയാദിൽ നടന്ന ചടങ്ങിൽവെച്ച് അബ്ദുല്ല അബ്ബാസ് നദ്‌വി അവാർഡ് ഏറ്റുവാങ്ങുകയും അവാർഡ്തുക പകുതി അഫ്ഗാൻ മുജാഹിദുകൾക്കും ബാക്കി റാബിത്വ മുൻ സെക്രട്ടറി ശൈഖ് മുഹമ്മദ് സ്വാലിഹ് നിയന്ത്രി

1. ഫീ മസീറത്തിൽ ഹയാത്ത്. 1/387

www.abulhasanalinadwi.org

ക്കുന്ന ഒരു ഹിഫ്ള് കോളേജിനും മക്കയിലെ അൽമദ്റസ അസ്സൗല തിയ്യക്കും സംഭാവന നൽകുന്നതായി പ്രഖ്യാപിക്കുകയും ചെയ്തു.

## ജോർദാൻ

1980–ൽ ജോർദാനിലെ അറബിക് ലാംഗ്വേജ് ഇൻസ്റ്റിറ്റ്യൂട്ട് മെമ്പറായി തെരഞ്ഞെടുക്കപ്പെടുകയുണ്ടായി.

## ഡോക്ടറേറ്റ്

1981–ൽ ശൈഖിന്റെ സാഹിത്യസേവനങ്ങളെ മാനിച്ചു കൊണ്ട് കശ്മീർ യൂനിവേഴ്സിറ്റി അദ്ദേഹത്തെ ഡോക്ടറേറ്റ് നൽകി ആദരിച്ചു.

## ഓക്സ്ഫോർഡ് യൂനിവേഴ്സിറ്റി

1983–മെയിൽ ബ്രിട്ടനിലെ ഓക്സ്ഫോർഡ് യൂനിവേഴ്സിറ്റിയിൽ ഒരു ഇസ്‌ലാമിക് ചെയർ സ്ഥാപിക്കാൻ അധികൃതർ ഉദ്ദേശിച്ചപ്പോൾ അതിന്റെ രൂപരേഖ തയാറാക്കാനും ഉപദേശങ്ങൾ തേടാനുമായി ശൈഖ് ക്ഷണിക്കപ്പെടുകയുണ്ടായി. ചെയറിന്റെ മേധാവിയായി അദ്ദേഹം തന്നെ തെരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് 'ഇസ്‌ലാമും പടിഞ്ഞാറും' എന്ന വിഷയത്തെ അധികരിച്ച് അല്ലാമ അവിടെ പ്രബന്ധം അവതരിപ്പിച്ചു. ശേഷം പല പ്രാവശ്യവും വിവിധ വിഷയങ്ങൾ അവതരിപ്പിക്കാൻ ഓക്സ്ഫോർഡിലേക്ക് ശൈഖ് യാത്രചെയ്തിട്ടുണ്ട്.'

www.abulhasanalinadwi.org

## യൂനിവേഴ്സൽ ലീഗ്

സാഹിത്യരംഗത്ത് ഇസ്‌ലാമിന്റെ കാഴ്ചപ്പാട് സംബന്ധിച്ച് അറബികൾ ബോധവാന്മാരാവുകയും അത് 1984–ൽ യൂനിവേഴ്സൽ ലീഗ് ഓഫ് ഇസ്‌ലാമിക് ലിറ്ററേച്ചർ എന്ന സംഘടനയായി രൂപം പ്രാപിക്കുകയും ചെയ്തപ്പോൾ അതിന്റെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടത് മൗലാനാ നദ്‌വി സാഹിബായിരുന്നു.

## ലക്സംബർഗ്

1985–ൽ ലക്സംബർഗിൽ (ബെൽജിയം) സ്ഥാപിക്കപ്പെട്ട അക്കാദമി ഓഫ് ഇസ്‌ലാമിക് സ്റ്റഡീസിന്റെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെടുകയുണ്ടായി.

## ഇസ്തംബൂൾ

അറബിസാഹിത്യരംഗത്തും ഇസ്‌ലാമിക പ്രബോധനപ്രവർത്തനരംഗങ്ങളിലും സയ്യിദ് നദ്‌വി മുസ്‌ലിം ലോകത്തിന് നൽകിയ സംഭാവനകളെക്കുറിച്ച് ചർച്ചചെയ്യാൻ ഇസ്തംബൂളിൽ ഒരു ഉന്നതതല സമ്മേളനം നടന്നു. 1992–ലായിരുന്നു ഇത്.

www.abulhasanalinadwi.org

## ഇന്റർനാഷ്നൽ പേഴ്സനാലിറ്റി

പ്രബോധനരംഗത്ത് മികച്ച സേവനങ്ങൾ അർപ്പിച്ച വ്യക്തികൾക്ക് 1998 മുതൽ വർഷംതോറും ഒരു അന്താരാഷ്ട്ര അവാർഡ് നൽകാൻ ദുബൈ ഗവൺമെന്റ് തീരുമാനിക്കുകയും അതിന് ആദ്യമായി ശൈഖ് നദ്‌വിയെ തെരഞ്ഞെടുക്കുകയുമുണ്ടായി.

1999–ജനുവരിയിൽ അവാർഡ് സ്വീകരിക്കാൻ യു.എ.ഇ. ഗവൺമെന്റിന്റെ പ്രത്യേക വിമാനം ലഖ്നൗവിലേക്ക് അയക്കുകയും അവാർഡ് സ്വീകരിച്ചശേഷം അതേ വിമാനത്തിൽതന്നെ അദ്ദേഹത്തെ ലഖ്നൗവിൽ തിരിച്ചെത്തിക്കുകയും ചെയ്തു. (ലഖ്നൗ വിമാനത്താവളത്തിൽ ഒരു ഇന്റർനാഷ്നൽ വിമാനം ഇറങ്ങുന്നത് ഇതാദ്യമായിരുന്നു.)

ഒന്നേകാൽ കോടിയിലധികം രൂപയോളം വരുന്ന അവാർഡ്തുക ഇന്ത്യയിലെ വിവിധ ഇസ്‌ലാമികസ്ഥാപനങ്ങൾക്ക് അദ്ദേഹം സംഭാവനയായി നൽകുകയാണ് ചെയ്തത്.

## ബൈത്തുൽമുഖദ്ദസ്

മുസ്‌ലിംകളുടെ ഒന്നാമത്തെ ഖിബ്‌ലയായ ബൈത്തുൽമുഖദ്ദസിന്റെ മോചനത്തിനും ഫലസ്തീൻജനതയുടെ സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള ശൈഖിന്റെ പ്രയത്നങ്ങളെ മാനിച്ചുകൊണ്ട് 1998–ൽ ഖുദ്സിലെ ലജ്നത്തുത്തുറാസിൽ ഇസ്‌ലാമിയ്യയുടെയും ജംഇയ്യത്തുൽ അഖ്സ്വായുടെയും അവാർഡ് ലഭിച്ചു.

## ഇന്ത്യയിൽ

1997–ൽ ആൾ ഇന്ത്യാ മില്ലീ കൗൺസിലിന്റെ സ്റ്റാർ ഓഫ് ഇന്ത്യ അവാർഡിനും ദൽഹിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒബ്ജക്റ്റീവ് സ്റ്റഡീസിന്റെ 1999–ലെ ശാഹ് വലിയ്യുല്ലാഹ് അവാർഡിനും തെരഞ്ഞെടുക്കപ്പെട്ട സയ്യിദ് നദ്‌വി സാഹിബ് നദ്‌വത്തുൽഉലമ റെക്ടർ, ആൾ ഇന്ത്യാ മുസ്‌ലിം പേഴ്സനൽ ലോ ബോർഡ് ചെയർമാൻ, ഉത്തർപ്രദേശ് ഇസ്‌ലാംമത വിദ്യാഭ്യാസ ബോർഡ്


www.abulhasanalinadwi.org

ചെയർമാൻ, പൈഗാമേ ഇൻസാനിയ്യത്ത് പ്രസിഡന്റ്, അക്കാദമി ഓഫ് ഇസ്‌ലാമിക് റിസർച്ച് ആന്റ് പബ്ലിക്കേഷൻ പ്രസിഡന്റ് അഅ്സംഗഢിലെ ദാറുൽ മുസ്വന്നിഫീൻ മേധാവി തുടങ്ങിയ ഒട്ടനവധി സ്ഥാനങ്ങൾ ഉപഭൂഖണ്ഡത്തിൽ വഹിച്ചിട്ടുണ്ട്.

## മരണാനന്തരം

ഒരു മുസ്‌ലിം പണ്ഡിതന് ജീവിതകാലത്ത് ലഭിക്കാവുന്നതിൽ ഏറ്റവും ഉന്നതമായ അംഗീകാരങ്ങൾ തേടിയെത്തിയ ആ ധന്യമായ ജീവിതം പൊലിഞ്ഞ ശേഷവും ലഭിക്കാവുന്നതിൽ പരമോന്നതമായ അംഗീകാരം നേടുകയുണ്ടായി. സാധാരണഗതിയിൽ മറഞ്ഞ മയ്യിത്ത് നമസ്കാരം നടക്കാത്ത ഹറംശരീഫിലും മസ്ജിദുന്നബവിയിലും സുഊദീ രാജാവിന്റെ പ്രത്യേക ഉത്തരവിനെ തുടർന്ന് റമദാൻ ഇരുപത്തിയേഴാം രാവിൽ ശൈഖിന്റെ ജനാസനമസ്കാരം നടക്കുകയുണ്ടായി. കൂടാതെ ലോകത്തിലെ വിവിധ രാജ്യങ്ങളിലുള്ള ഇസ്‌ലാമികസംഘടനകളും കലാലയങ്ങളും അദ്ദേഹത്തിന്റെ അനുസ്മരണസമ്മേളനങ്ങളും ആ ഉന്നതവ്യക്തിത്വത്തെക്കുറിച്ച് ചർച്ചാസമ്മേളനങ്ങളും സംഘടിപ്പിക്കുകയുണ്ടായി.

www.abulhasanalinadwi.org



നദ്‌വയിലെ അറബിക് കോളേജ് കെട്ടിടം

# വീക്ഷണങ്ങൾ

www.abulhasanalinadwi.org

ഈ ലോകം ഒരു സ്വപ്നനഗരിയാണ്. അതിൽ അചഞ്ചല വിശ്വാസവും വീര്യമുള്ള മനസ്സും യഥാർഥ മുഅ്മിനിന് മാത്രമാണുണ്ടാവുക. തമസ്സ് മുറ്റിയ കൊടുങ്കാട്ടിലെ പുരോഹിതന്റെ റാന്തൽ പോലെയാണ് സ്വപ്നഭൂമിയിൽ മുസ്‌ലിമിന്റെ സാന്നിധ്യം. കൂരിരുൾപരന്ന നടുക്കടലിൽനിന്ന് വിദൂരത്ത് കാണപ്പെടുന്ന പ്രകാശഗോപുരവും അശരണരുടെ അത്താണിയും കൊടുങ്കാറ്റുകൾക്കും പേമാരികൾക്കും കുത്തിയൊഴുക്കാൻ ക്ഷിപ്രസാധ്യമല്ലാത്ത പാറക്കല്ലുകളും പോലെ അവൻ തന്റെ വിശ്വാസത്തിൽ ഉറച്ചുനിൽക്കുന്നതാണ്. അവനെ ആരും അംഗീകരിച്ചില്ലെങ്കിലും അവന്റെ മനോവീര്യം ചോർന്നുപോവുകയില്ല. വിഘാതങ്ങളെ തള്ളിമാറ്റി സ്വപ്ന മേഘപാളികളെ കീറിമുറിച്ച് മാനവവിഹായസ്സിൽ അവൻ ജ്വലിച്ചുനിൽക്കും- എന്നും സുപ്രഭാതങ്ങൾ സമ്മാനിച്ചുകൊണ്ട്.

സയ്യിദ് അബുൽഹസൻ അലി നദ്‌വി

# സാഹിത്യനവീകരണം

സാഹിത്യരംഗത്ത് സ്വതന്ത്ര വീക്ഷണങ്ങളും അറബി സാഹിത്യത്തിന് പുതിയ ശൈലിയും ആത്മാവും സമ്മാനിച്ച അനറബി പണ്ഡിതനും സാഹിത്യകാരനുമായിരുന്നു ശൈഖ് നദ്‌വി. സാഹിത്യരംഗത്ത് പ്രശസ്തരല്ലാത്ത സ്വൂഫികളുടെയും പണ്ഡിതരുടെയും ചരിത്രകാരന്മാരുടെയും രചനകളിലെ സാഹിത്യസൗന്ദര്യവും ഖുർആൻ- ഹദീസ് വചനങ്ങളിലെ രൂപചാരുതയും ഒഴുക്കും വശ്യതയും സാഹിത്യമേന്മയും ശൈഖ് വെളിച്ചത്തു കൊണ്ടുവരികയും അതിലെ സാഹിത്യ ചമൽക്കാരങ്ങളിലേക്ക് മനസ്സുകളെ ക്ഷണിക്കുകയും ചെയ്തു (ശൈഖിന്റെ *മുഖ്താറാത്തുൻ മിനൽ അദബിൽ അറബി* എന്ന കൃതി ഈ ഗണത്തിൽപെടുന്നതാണ്). സാഹിത്യമെന്നാൽ മനസ്സിന്റെ സത്യസന്ധമായ ഭാഷയാണെന്ന് കരുതുന്ന ശൈഖ് സമകാലിക സാഹിത്യ കൃതികളായി പ്രസിദ്ധിയാർജിച്ച പലതിലും ആ മാഹാത്മ്യം കണ്ടില്ല.

അദ്ദേഹം എഴുതുന്നു: "ഏതൊരു സമൂഹത്തിന്റെ സാഹിത്യത്തിനും സംഭവിക്കുന്ന പ്രതിസന്ധികൾ അറബിസാഹിത്യത്തെയും ബാധിച്ചിട്ടുണ്ട്. ഭാഷകളുടെയും സാഹിത്യങ്ങളുടെയും സ്വാഭാവികതയാണത്. സാമൂഹികചുറ്റുപാടുകളും രാഷ്ട്രീയാന്തരീക്ഷങ്ങളും നവോത്ഥാനസംരംഭങ്ങളും വ്യത്യാസപ്പെടുന്നതിനനുസരിച്ച് ഓരോ സമൂഹത്തിന്റെയും ഭാഷയും സാഹിത്യവും ക്ഷയിക്കുകയും വികസിക്കുകയും ചെയ്യുന്നതാണ്."

www.abulhasanalinadwi.org

"സാഹിത്യം തൊഴിലും വരുമാനമാർഗവുമാക്കിയവരുടെ കൈയിൽ അത് കുടുങ്ങിപ്പോയതും കേവലം ഒരു തൊഴിൽ എന്ന നിലയിൽമാത്രം അവർ അതിനെ സമീപിക്കുകമൂലം സാഹിത്യരചനകൊണ്ട് സ്വന്തം കാര്യലബ്ധിയും ലക്ഷ്യപ്രാപ്തിയും മാത്രം ഉന്നംവെച്ചതുമാണ് ഈ പ്രതിസന്ധി ഉടലെടുക്കാൻ കാരണം. സാഹിത്യം ഇത്തരം ആളുകളുടെ കുത്തകസ്വത്തായി മാറിയതിനാൽ അത് അഭിരുചിയോ ആസ്വാദനമോ പുതുമയോ ആത്മാവോ സൗന്ദര്യമോ വശ്യതയോ ശക്തിയോ ഒന്നുമില്ലാത്ത കേവലം അനുകരണശൈലിയും ജീവിതമാർഗവുമായിത്തീരുകയുണ്ടായി. എന്നാൽ, സാഹിത്യസമ്പുഷ്ടവും സരളവും പ്രൗഢോജ്ജ്വലവും മനസ്സ് തുടിപ്പിക്കുന്നതും വിസ്മയമുണ്ടാക്കുന്നതും ഹൃദയത്തിന് ആശ്വാസം നൽകുന്നതുമായ ഒട്ടനവധി സൃഷ്ടികൾ സാഹിത്യകാരന്മാരായി അറിയപ്പെടാത്തവർക്കുണ്ട്. സാഹിത്യത്തെ തൊഴിലും സമ്പാദ്യമാർഗവുമായി സ്വീകരിക്കാത്ത അത്തരക്കാരുടെ ആഖ്യാനസൗന്ദര്യവും രൂപഭംഗിയും ഒത്തുചേർന്ന രചനകൾ എന്നും അവഗണിക്കപ്പെട്ടുകൊണ്ടിരുന്നു. മതവൈജ്ഞാനിക സാമൂഹിക ശാസ്ത്രീയ വീക്ഷണങ്ങളെ അധികരിച്ച് എഴുതപ്പെട്ട അത്തരം കൃതികൾ സാഹിത്യത്തിന്റെ എല്ലാ സവിശേഷതകളും ഒത്തിണങ്ങിയിട്ടും സമൂഹം അവയെ പൂർണമായി അവഗണിച്ചുകൊണ്ടിരിക്കുകയും സാഹിത്യചരിത്രം രചിക്കുന്നവർ അവ കണ്ടില്ലെന്ന് നടിക്കുകയും ചെയ്തു."(1)

സാഹിത്യത്തിന്റെ മർമമറിഞ്ഞ ശൈഖ് കുട്ടികൾക്കും പൊതുജനങ്ങൾക്കും സാഹിത്യകാരന്മാർക്കും വേണ്ടി വെവ്വേറെ ശൈലികളിൽ എഴുതുകയായിരുന്നു. തന്റെ സാഹിത്യവീക്ഷണങ്ങൾ 'അന്നദ്റാത്തുൻ ഫിൽ അദബ്' എന്ന പേരിൽ ശൈഖ് പുസ്തകമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## ലീഗ് ഓഫ് ഇസ്‌ലാമിക് ലിറ്ററേച്ചർ

മൃതാവസ്ഥയിലായിരുന്ന അറബിസാഹിത്യത്തെ പുനരുജ്ജീവിപ്പിച്ചതും പരിപോഷിപ്പിച്ചതും ശൈഖ് നദ്‌വിയുടെ

1. അന്നദ്റാത്തു ഫിൽ അദബ് 21, 22

www.abulhasanalinadwi.org

കിടയറ്റ തൂലികയും മാസ്മരിക പ്രഭാഷണങ്ങളുമായിരുന്നു. ഇസ്‌ലാമിക പ്രബോധനവീഥിയിൽ അറബിസാഹിത്യത്തെ ഉപയോഗപ്പെടുത്തുന്നതിന് നദ്‌വി സാഹിബ് പരമാവധി ശ്രമിക്കുകയും ശ്രമിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ രംഗത്തേക്ക് ആദ്യമായി ശ്രദ്ധക്ഷണിച്ചത് അദ്ദേഹമായിരുന്നു. 1957-ൽ ദമസ്കസിൽ അൽ മജ്മഉൽ ഇൽമിൽ അറബിയുടെ മെമ്പറായി തെരഞ്ഞെടുക്കപ്പെട്ടതിനോടനുബന്ധിച്ച് അദ്ദേഹം നടത്തിയ പ്രഭാഷണത്തിലാണ് ഈ ചരിത്രപ്രധാനമായ ക്ഷണമുണ്ടായത്. പിന്നീട് ഈജിപ്തിലെ ഇസ്‌ലാമികപോരാളിയും അറബിസാഹിത്യകാരനുമായിരുന്ന സയ്യിദ് ഖുത്ബും അറബിസാഹിത്യകാരനായ നജീബ് കീലാനിയും ഈ പാതയിൽ അദ്ദേഹത്തെ അനുകരിക്കുകയുണ്ടായി. പ്രസ്തുത വിഷയ സംബന്ധമായ ധാരാളം പ്രഭാഷണങ്ങളും പ്രബന്ധങ്ങളുമായി മൗലാന ദൗത്യം തുടർന്നുകൊണ്ടിരുന്നു. ഈ ലക്ഷ്യസാക്ഷാത്കാരത്തിന് 1981-ൽ ലഖ്നൗ ദാറുൽ ഉലൂമിൽ സാഹിത്യകാരന്മാരുടെ ഒരു ലോകസമ്മേളനം വിളിച്ചുകൂട്ടുകയുണ്ടായി. ഇസ്‌ലാമിക സാഹിത്യകാരന്മാരുടെ ആദ്യത്തെ വേൾഡ് കോൺഫറൻസായിരുന്നു ഇത്. പാശ്ചാത്യ സാഹിത്യശൈലിയെ അനുകരിക്കാൻ തുടങ്ങിയിരുന്ന അറബിസാഹിത്യത്തെ അതിൽനിന്ന് തിരിച്ചുകൊണ്ടുവന്ന് അതിന്റെ തനതായ സൗകുമാര്യവും കലാസൗന്ദര്യവും ധാർമികതയും നിറഞ്ഞുനിന്നിരുന്ന പൂർവികസൂരികളുടെയും പണ്ഡിതശ്രേഷ്ഠരുടെയും ഗ്രന്ഥങ്ങളിലേക്ക് ശ്രദ്ധതിരിക്കേണ്ട ആവശ്യകതയെ സംബന്ധിച്ച് ശൈഖ് ഊന്നിപ്പറയുകയും വിവിധ രാജ്യങ്ങളിൽനിന്നെത്തിയ മുസ്‌ലിം സാഹിത്യകാരന്മാർ വിഷയത്തിന്റെ പ്രാധാന്യം ഗൗരവപൂർവം ഉൾക്കൊള്ളുകയും ചെയ്തു.

തുടർന്ന് ഇസ്‌ലാമിക സാഹിത്യകാരന്മാരുടെ ഒരു അന്താരാഷ്ട്ര വേദി രൂപീകരിക്കണമെന്ന അഭിപ്രായം ഉയർന്നുവരികയും അതിനു വേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തു. 1982-ൽ മദീനാ യൂനിവേഴ്സിറ്റിയിലും 1984-ൽ റിയാദിലെ ഇമാം മുഹമ്മദബ്നു സുഊദ് യൂനിവേഴ്സിറ്റിയിലും ഇസ്‌ലാമികസാഹിത്യത്തെ സംബന്ധിച്ച് ചർച്ചാസമ്മേളനങ്ങൾ നടന്നു. അങ്ങനെ 1984 നവംബർ 24-ന് റിയാദിൽ വിളിച്ചുചേർക്കപ്പെട്ട മുസ്‌ലിം സാഹിത്യകാരന്മാരുടെ അന്താരാഷ്ട്ര സമ്മേളനം റാബിത്വത്തുൽ അദബിൽ ഇസ്‌ലാമി (യൂനിവേഴ്സൽ ലീഗ് ഓഫ് ഇസ്‌ലാമിക് ലിറ്ററേച്ചർ) എന്ന സംഘടനക്ക് രൂപം നൽകുകയും

www.abulhasanalinadwi.org

അതിന്റെ പ്രസിഡന്റായി ശൈഖ് നദ്‌വിയെ തന്നെ തെരഞ്ഞെടുക്കുകയും ചെയ്തു. രിയാദ്, മദീന, കയ്റോ, ഇസ്തംബുൾ തുടങ്ങിയ സ്ഥലങ്ങളിൽ സംഘടനയുടെ പ്രവർത്തനങ്ങളും കോൺഫറൻസുകളും നടക്കുകയുണ്ടായി. തുടർന്ന് സംഘടനയുടെ സന്ദേശപ്രചാരണത്തിനു വേണ്ടി ലഖ്നൗവിൽനിന്ന് പുറത്തിറങ്ങുന്ന *അർറാഇദ്* ദ്വൈവാരികക്ക് "അൽ അദബുൽ ഇസ്‌ലാമി" എന്ന പേരിൽ ഇടക്കിടെ സപ്ലിമെന്റുകൾ പ്രസിദ്ധീകരിക്കാനും തുടങ്ങി. ശൈഖ് നദ്‌വിയുടെ ഈ സംരംഭത്തിന് അറബ്‌ലോകത്ത് വളരെയേറെ സ്വീകാര്യതയും പ്രോത്സാഹനവും ലഭിക്കുകയുണ്ടായി. സമകാലിക അറബ് ഇസ്‌ലാമിക സാഹിത്യകാരന്മാരായിരുന്ന സയ്യിദ് ഖുത്ബ്, നജീബ് കീലാനി, അലിത്വൻത്വാവി, മുഹമ്മദുൽഗസ്സാലി, അഹ്മദ് ശർബാസി, ഡോ. അബ്ദുർറഹ്മാൻ റഅ്ഫത്ത് ബാഷ, ഡോ.അദ്നാൻ നഹവി, യൂസുഫുൽ ഖറദാവി, മുഹമ്മദ് ഖുത്ബ്, അബ്ദുർറഹ്മാൻ ഹസൻ ജൻബക്ക് അൽമൈദാനി, ഡോ. അബ്ദുൽബാസിത് അൽബദ്ർ തുടങ്ങിയവർ ഇവരിൽ പ്രധാനികളാണ്.

ഒരു സാഹിത്യകാരൻ എന്നതിലുപരി സാഹിത്യത്തിന്റെ മർമം തൊട്ടറിഞ്ഞ് അതിലേക്ക് ജനശ്രദ്ധ ആകർഷിപ്പിച്ച ഒരുന്നത സാഹിത്യപ്രചാരകനായിരുന്ന ശൈഖ് നദ്‌വിയാണ് അറബിഭാഷയിൽ തങ്ങൾക്ക് നഷ്ടപ്പെട്ട ആത്മവിശ്വാസം വീണ്ടെടുത്തുനൽകിയത് എന്നാണ് പ്രമുഖ അറബി സാഹിത്യകാരനും എഴുത്തുകാരനുമായിരുന്ന സയ്യിദ് അലിത്വൻത്വാവി അഭിപ്രായപ്പെട്ടത്.

www.abulhasanalinadwi.org

## മാനവത

മാനവത എന്നും ശൈഖിന്റെ ഒരു പ്രധാന വിഷയമായിരുന്നു. മാനവീയതയെ സംബന്ധിച്ചും മാനവസംസ്കരണത്തെക്കുറിച്ചും ആധികാരികമായി സംസാരിക്കാനും മാനവമൂല്യങ്ങൾക്കു വേണ്ടി നിലകൊള്ളാനും ഏറ്റവും അർഹൻ മുസ്‌ലിമാണ് എന്ന തിരിച്ചറിവും "നിങ്ങൾ നന്മ കൽപ്പിക്കുകയും തിന്മ തടയുകയും ചെയ്യുന്നവരായി മാനവസമുദ്ധാരണത്തിനു വേണ്ടി നിയോഗിക്കപ്പെട്ടവരാണ്" എന്ന ഖുർആൻ വചനവുമായിരുന്നു മാനവധർമപ്രചാരണത്തിനുള്ള ശൈഖിന്റെ പ്രചോദനം. ഇന്ത്യ ഭരിച്ച ഇന്ദിരാഗാന്ധി, രാജീവ്ഗാന്ധി, നരസിംഹറാവു തുടങ്ങിയവരിൽ താൻ ദർശിച്ച തെറ്റുകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് അവർക്ക് പലപ്പോഴും കത്തുകളെഴുതിയതും ശൈഖിന്റെ ഈ മാനവനയത്തിന്റെ ഭാഗമാണ്.

## ഹ്യൂമാനിറ്റി മൂവ്മെന്റ്

ജാതി-മത-ഭാഷാ ഭേദമില്ലാതെ മുഴുവൻ മനുഷ്യരിലും മാനവികചിന്ത വളർത്തുകയും മാനുഷികമൂല്യങ്ങളുടെ സുന്ദരമായ സന്ദേശങ്ങൾ രാഷ്ട്രത്തിലെ പൗരന്മാർക്കിടയിൽ പ്രചരിപ്പിച്ചുകൊണ്ട് വർധിച്ചുവരുന്ന ജാതീയ സംഘട്ടനങ്ങളും മതസ്പർധയും രാഷ്ട്രീയ പാർട്ടികൾ വളർത്തിക്കൊണ്ടിരുന്ന അഴിമതിയും അരാജകത്വവും ഇല്ലായ്മചെയ്ത് മതസൗഹാർദവും സദാചാരവും സമാധാനാന്തരീക്ഷവും നിലനിർത്തുകയും ചെയ്യുകയെന്ന ലക്ഷ്യങ്ങൾ മുൻനിർത്തി ശൈഖ് രൂപീകരിച്ച മാനവവേദിയാണ് 'ആൾ ഇന്ത്യാ മെസ്സേജ് ഓഫ് ഹ്യൂമാനിറ്റി മൂവ്മെന്റ്" (പൈഗാമേ ഇൻസാനിയത്ത്). മാനവികതയുടെ കാവലാളാവേ

ണ്ടതും സങ്കുചിതദേശീയതയും വംശീയതയും തൊട്ടുതീണ്ടാത്ത സർവലോക മാനവദർശനത്തിന്റെ വക്താക്കളും പ്രചാരകരുമാവേണ്ടതും മുസ്‌ലിമിന്റെ മതപരമായ ബാധ്യതയായി മൗലാന കാണുന്നു.

പ്രധാനമായും അമുസ്‌ലിംകളിൽപെട്ട ചിന്തകരെയും വിദ്യാസമ്പന്നരെയും സാംസ്കാരികനായകന്മാരെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള സിമ്പോസിയങ്ങളും സെമിനാറുകളും സംഘടിപ്പിക്കുക, അതിലൂടെ വിവിധ മതക്കാർക്കും വ്യത്യസ്ത വീക്ഷണക്കാർക്കും പരസ്പരം സമ്പർക്കം പുലർത്താനും അടുത്തറിയാനും വഴിയൊരുക്കുക, ഹിന്ദി, ഇംഗ്ലീഷ്, ഉർദു ഭാഷകളിൽ ലഘുലേഖകൾ പ്രസിദ്ധീകരിക്കുക തുടങ്ങിയവയാണ് "പൈഗാമി"ന്റെ പ്രവർത്തനമേഖലകൾ. ബീഹാർ, മധ്യപ്രദേശ്, രാജസ്ഥാൻ, ഹരിയാന, പഞ്ചാബ്, ഉത്തർപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിലെ വിവിധ ഭാഗങ്ങളിലേക്ക് മൗലാന "പൈഗാമി'ന്റെ സന്ദേശവുമായി പര്യടനങ്ങൾ നടത്തിയിട്ടുണ്ട്. രണ്ട് കാരണങ്ങൾകൊണ്ട് ഈ ബാധ്യത മുസ്‌ലിംകളിൽ അർപ്പിതമാണെന്ന് മൗലാന വ്യക്തമാക്കുന്നു:

1. മാനവതയുടെ അവസാനത്തെ വേദഗ്രന്ഥമായ ഖുർആനും ദൈവത്തിന്റെ അന്തിമ സന്ദേശവാഹകനായ മുഹമ്മദ് നബി(സ)യും വിനാശകരമായ തിന്മകളും കുഴപ്പങ്ങളും ധനപൂജയും ഭൗതികാരാധനയും വർജിക്കാൻ മാത്രമല്ല പ്രേരിപ്പിക്കുന്നത്; അവയുടെ ഒഴുക്ക് തടയാനും ജനങ്ങളെ അവയിൽനിന്ന് അകറ്റിനിർത്താനും കൂടിയാണ്.

2. ഇസ്‌ലാമികസാഹോദര്യം, സാമൂഹിക നീതി, മാനവികതയുടെ പവിത്രത തുടങ്ങിയ സന്ദേശങ്ങൾ പ്രചരിപ്പിച്ചുകൊണ്ടും അതിലൂടെ രാജ്യത്തിന് അമൂല്യമായ സംഭാവനകൾ അർപ്പിച്ചുമാണ് മുസ്‌ലിംകൾ ഈ രാജ്യത്തേക്ക് കടന്നുവന്നത്. ഇവിടെ സാംസ്കാരികവിപ്ലവങ്ങൾ സൃഷ്ടിച്ച ആ അനശ്വര സന്ദേശങ്ങൾ ഇന്ന് മതഗ്രന്ഥങ്ങളിൽ മാത്രം ഒതുങ്ങുന്നു. എന്നാൽ, മുങ്ങിക്കൊണ്ടിരിക്കുന്ന നമ്മുടെ രാജ്യമാകുന്ന കപ്പലിനെ രക്ഷിക്കാൻ തയാറാവാത്ത പക്ഷം മുസ്‌ലിംകൾ അല്ലാഹുവിങ്കൽ തെറ്റുകാരും ഉത്തരവാദിത്തം നിറവേറ്റാത്തവരുമായിത്തീരുകയും നന്മകളെ തിരസ്കരിച്ച അശ്രദ്ധരും നിഷ്കർമികളുമായി ചരിത്രം അവരെ രേഖപ്പെടുത്തുകയും ചെയ്യുന്നതാണ്.

www.abulhasanalinadwi.org

മുസ്‌ലിം എവിടെയായിരുന്നാലും അവൻ ഒരു ജനകീയ സമൂഹത്തിന്റെ പ്രതിനിധിയാവണം. തല മണ്ണിൽ പൂഴ്ത്തുന്ന ഒട്ടകപ്പക്ഷിയെപ്പോലെ സമൂഹത്തിന്റെ ആനുകാലികപ്രശ്നങ്ങളിൽനിന്ന് അവൻ തലയൂരരുത്. 'സംഭവാമി യുഗേയുഗേ' എന്ന് പാടിക്കൊണ്ടിരിക്കേണ്ടവനല്ല അവൻ. നന്മ കൽപ്പിക്കുകയും തിന്മ വിരോധിക്കുകയും ചെയ്തുകൊണ്ട് സദാചാരത്തിന്റെ കാവലാളും ദുരാചാരത്തിന്റെ ഉച്ചാടകനുമായിത്തീരേണ്ടവനും ഒരു സമൂഹത്തെ വഹിച്ചുകൊണ്ട് ആഴക്കടലിൽ മുങ്ങിക്കൊണ്ടിരിക്കുന്ന കപ്പലിലെ രക്ഷകനായ യാത്രക്കാരനുമായിരിക്കണം അവൻ. സാഹിത്യത്തിലോ മതഗ്രന്ഥങ്ങളിലോ തത്ത്വശാസ്ത്രത്തിലോ കാണാത്ത ഒരുദാഹരണം ഇതിന് നബി(സ) പറഞ്ഞിട്ടുണ്ട്. അത് ഇപ്രകാരമാണ്. അല്ലാഹുവിന്റെ വിധിവിലക്കുകളിൽ നിലകൊള്ളുന്നവരുടേയും അല്ലാത്തവരുടേയും ഉദാഹരണം ഒരു കപ്പലിൽ യാത്രചെയ്ത ചില മനുഷ്യരോട് തുല്ല്യമാണ്. നറുക്കെടുപ്പിലൂടെ അവരിൽ ചിലർ കപ്പലിന്റെ മുകൾത്തട്ടിലും മറ്റു ചിലർ താഴെത്തട്ടിലും യാത്ര ചെയ്തു താഴ്ഭാഗത്തുള്ളവർക്ക് വെള്ളം ആവശ്യമായപ്പോൾ മുകൾ ഭാഗത്തുള്ളവരുടെ ഇടവിലൂടെ നടക്കേണ്ടിവന്നപ്പോൾ അവർ പറഞ്ഞു: നമ്മുടെ ഭാഗത്തു തന്നെ (കപ്പലിനടിയിൽ) നാം ഒരു ദ്വാരമുണ്ടാക്കിയാൽ മുഗൾഭാഗത്തുള്ളവരെ നമുക്ക് ശല്യപ്പെടുത്തേണ്ടിവരില്ലല്ലോ. ഇവിടെ അവരുദ്ദേശിച്ചത് പോലെ അവരെ വിടുകയാണെങ്കിൽ എല്ലാവരും നശിക്കും ' എന്നാൽ മുകൾ ഭാഗത്തുള്ളവർ താഴെ ഭാഗത്തുള്ളവരുടെ കൈ പിടിച്ചാൽ കപ്പലിലെ യാത്രക്കാരെല്ലാം രക്ഷപ്പെടും.

നമ്മുടെ രാഷ്ട്രമെന്ന കപ്പലിലെ യാത്രക്കാരാണ് നാമെല്ലാവരും. ഈ രാഷ്ട്രം മുങ്ങിനശിക്കുമ്പോൾ ഇവിടെയുള്ള സ്ഥാപനങ്ങളോ ലൈബ്രറികളോ വിശിഷ്ട വ്യക്തികളോ ശ്രേഷ്ഠപണ്ഡിതരോ സുകൃതരോ അതിൽനിന്ന് മുക്തരായിരിക്കില്ല. ഈ രാജ്യത്തെ സ്നേഹിക്കുകയും സഹായിക്കുകയും ചെയ്തുകൊണ്ട് വർഷങ്ങളോളമായി നഷ്ടപ്പെട്ട സാംസ്കാരികനേതൃത്വം ഏറ്റെടുക്കുന്നതിലാണ് ഇന്ത്യൻമുസ്‌ലിംകൾക്ക് അഭിമാനവും അന്തസ്സുമുള്ളത്. ഏതൊരു ന്യൂനപക്ഷവിഭാഗത്തിനു അവരുടെ കർമഫലങ്ങൾ രാജ്യത്തിനു വേണ്ടി അർപ്പിക്കാതെ മാന്യതയും പ്രതാപവുമുള്ള ജീവിതം നയിക്കുന്നവരാവാൻ സാധ്യമല്ല.(1)

1. ഫീ മസീറത്തി ഹയാത്തി 1/338-340

www.abulhasanalinadwi.org

# പ്രവാചകസ്നേഹം

ഖുർആനികസംസ്കാരത്തിലും നബിചര്യയുടെ അന്തരീക്ഷത്തിലും ജീവിച്ച കുടുംബത്തിൽ വളർന്ന ശൈഖിന്റെ കുട്ടിക്കാലം തന്നെ ശുദ്ധമായ പ്രവാചകപ്രേമത്തിൽ സംസ്കരിക്കപ്പെട്ടതായിരുന്നു. പ്രവാചകചരിതങ്ങളെ സംബന്ധിച്ച വായനയായിരുന്നു ബാല്യകാലത്തിൽ അദ്ദേഹത്തിന് ഏറ്റവും പ്രിയങ്കരം. ഇത് ജീവിതാവസാനം വരെ തുടർന്നു. പ്രവാചകസ്നേഹം വളർത്തിയെടുക്കാൻ ജ്യേഷ്ഠനായ ഡോ.അബ്ദുൽഅലി നദ്‌വി പ്രവാചകചരിത്രപുസ്തകങ്ങൾ തനിക്ക് പ്രത്യേകം തെരഞ്ഞെടുത്തു നൽകാറുണ്ടായിരുന്നുവെന്ന് ശൈഖ് പലപ്പോഴും പറയാറുണ്ട്. തന്റെ കുട്ടിക്കാലത്തെ പ്രവാചകസ്നേഹം പ്രകടമാക്കുന്ന വരികളിൽ അദ്ദേഹം എഴുതുന്നു:

"ഇതിനിടയിൽ പ്രവാചകചരിത്രസംബന്ധമായ ചില കൊച്ചു ഉർദു പുസ്തകങ്ങളും ലഘുലേഖകളും എനിക്ക് വായിക്കാൻ കഴിഞ്ഞു. എന്റെ ഹൃദയത്തെയും ബുദ്ധിയെയും ആഴത്തിൽ സ്വാധീനിച്ച ആ പുസ്തകങ്ങളുടെ പേരുകൾ ഞാൻ ഓർക്കുന്നില്ല. പക്ഷേ ആ പുസ്തകങ്ങൾ സമകാലിക മുസ്‌ലിംകളുടെ ആചാരമായ നബിദിനയോഗം, അല്ലെങ്കിൽ നബിചരിതം വേദി സംഘടിപ്പിക്കണമെന്ന പ്രേരണ എന്റെ മനസ്സിൽ ജനിപ്പിച്ചു. അങ്ങനെ ഞാൻ എന്റെ സമപ്രായക്കാരായ കുട്ടികളെ മുഴുവൻ ക്ഷണിക്കുകയും അതിനുവേണ്ടി ഓരോരുത്തരുടെയും വീടുകളിൽ കയറിയിറങ്ങുകയും ചെയ്തു. അങ്ങനെ സഹോദരി എന്നെ ഒരു കൊച്ചു തലപ്പാവ് ധരിപ്പിച്ചു. അന്നെനിക്ക് എട്ട് വയസ്സു തികഞ്ഞിട്ടില്ല. എന്റെ കൊച്ചു ലൈബ്രേറിയിൽനിന്ന് നബിചരിതസംബന്ധമായ ഒരു പുസ്തകമെടുത്തു ഞാൻ വായന തുടങ്ങി. നബി (സ)യുടെ പിതാമഹൻ അബ്ദുൽമുത്തലിബിന്റെ പേര്

ഞാൻ "അബ്ദുൽ മതലബ്" എന്നായിരുന്നു പറഞ്ഞിരുന്നത്. അന്ന് അറിവ് അത്രമാത്രമായിരുന്നു. വേദിയുടെ ഒരു ഭാഗത്ത് വന്ദ്യപിതാവ് സ്ഥലം പിടിച്ചിരുന്നു. മകന്റെ ഗ്രന്ഥപാരായണം സശ്രദ്ധം വീക്ഷിക്കുകയാണദ്ദേഹം. അദ്ദേഹത്തിൽ പ്രകടമായ സന്തോഷത്തിന്റെ അലയൊലികളെകുറിച്ച് എന്നോട് ആരും ചോദിക്കരുത്. പ്രവാചകപ്രേമത്തിന്റെ ഗണ്യമായൊരു വിഹിതം അല്ലാഹു അദ്ദേഹത്തിന് നൽകിയിട്ടുണ്ട്. അദ്ദേഹത്തിന്റെ രചനകളെല്ലാം പ്രവാചകപ്രേമത്തിന്റെ വർണശബളവും ചാരുതയാർന്ന ആഭരണങ്ങൾ അണിഞ്ഞവയുമാണ്. അതിലൂടെ സൗന്ദര്യപൂർണമായ നബിചരിതങ്ങൾ എഴുതിയും പറഞ്ഞും വിജയശ്രീലാളിതരായവരുടെ പട്ടികയിൽ ഉൾപ്പെടാൻ വഴിതേടുകയാണദ്ദേഹം. സകല നന്മകളുടെയും സന്മാർഗത്തിന്റെയും വഴികാട്ടിയും പ്രേമഭാജനവുമായ നബി (സ)യുടെ സ്മരണകൾ നടത്തുന്ന തന്റെ കൊച്ചുമകനെ സംബന്ധിച്ചും അവന്റെ ഭാഷയെക്കുറിച്ചുമുള്ള പിതാവിന്റെ സന്തോഷം അവർണനീയമായിരുന്നു."(1)

ഡോക്ടർ അല്ലാമാ മുഹമ്മദ് ഇഖ്ബാലിന്റെ പ്രവാചകപ്രേമം നിറഞ്ഞു നിന്ന കവിതകളാണ് മൗലാനാ നദ്‌വിയെ അദ്ദേഹത്തിൽ കൂടുതൽ ആകൃഷ്ടനാക്കിയത്. 'ഇഖ്ബാൽ റസൂലിന്റെ മദീനയിൽ' എന്ന ശീർഷകത്തിൽ ഒരു പ്രഭാഷണം അദ്ദേഹം തയാറാക്കുകയും 1956-ൽ ദമസ്കസ് റേഡിയോ അത് പ്രക്ഷേപണം ചെയ്യുകയുമുണ്ടായി. ശേഷം വിപുലമായിത്തന്നെ ഇഖ്ബാൽകവിതകളിൽ പര്യടനം നടത്തുകയും അവയിലെ പ്രവാചകസ്നേഹവും ഇസ്‌ലാമികതൃഷ്ണയും തുടിക്കുന്ന വരികൾ അറബിയിലേക്ക് മൊഴിമാറ്റം നടത്തുകയും ചെയ്തത് മദീനയെക്കുറിച്ച് പറയുമ്പോഴേക്ക് കണ്ണുകൾ നിറഞ്ഞൊഴുകാറുണ്ടായിരുന്ന ഇഖ്ബാലിന്റെ കറകളഞ്ഞ പ്രവാചകസ്നേഹത്തിൽ ലയിച്ചതുകൊണ്ടായിരുന്നു.

1984 ഡിസംബറിൽ സുഊദിയിൽ റാബിത്വയുടെ ഒരു യോഗത്തിനെത്തിയ ശൈഖ് "സാഹിത്യത്തിലും കവിതയിലും ഡോ.മുഹമ്മദ് ഇഖ്ബാലിന്റെ സ്വാധീനം" എന്ന വിഷയത്തെ അധികരിച്ച് ഒരു പ്രഭാഷണം ചെയ്യാൻ മദീനയിലേക്ക് ക്ഷണിക്കപ്പെടുകയുണ്ടായി. ആ പ്രഭാഷണം മൗലാന ആരംഭിച്ചത് ഇപ്രകാരമായിരുന്നു:

1. ഫീ മസീറത്തിൽ ഹയാത്ത്; 1/57, 58

www.abulhasanalinadwi.org

"പുണ്യറസൂലി(സ)ന്റെ സമീപം അവിടുത്തെ മസ്ജിദിന്റെ ചുമരിന്റെ ചാരത്തുവെച്ച് അവിടുത്തെ ഒഴിച്ചുനിർത്തി മറ്റൊരാളെ സംബന്ധിച്ച് അല്ലാഹുവിന്റെയും എന്റെ സഹോദരങ്ങളുടെയും മുമ്പിൽ വെച്ച് സംസാരിക്കാൻ എനിക്ക് അതിയായ ലജ്ജയുണ്ട്.

ഒരു പുരാതന അറബികവി പറഞ്ഞു: 'തിളങ്ങുന്ന തുഷാരബിന്ദുക്കളാൽ ഈറനണിഞ്ഞ സ്ഥലത്തും പ്രഭാകിരണങ്ങൾ സദാ പതിച്ചുകൊണ്ടിരിക്കുന്ന പൂന്തോപ്പിലും നാം ചെന്നെത്തിയപ്പോൾ അവിടത്തെ സൗരഭ്യവും സൗന്ദര്യവും പ്രത്യാശയും നമുക്ക് അത്യാവേശം നൽകി. അങ്ങനെ എല്ലാ പ്രത്യാശയും അതൊന്ന് മാത്രമാകാൻ നാം ആശിച്ചുപോയി.'

തുഷാരബിന്ദുക്കൾ നനച്ച സ്ഥലമാണിത്. അന്തിമ വേദസന്ദേശവും സൗരഭ്യപൂർണമായ പ്രവാചകസഹവാസമാവുന്ന മഞ്ഞുതുള്ളികളുമാണ് ഈ സ്ഥലത്തെ ഈറനണിയിച്ചത്. അതിനാൽ ഈ മദീനക്ക് ശ്രേഷ്ഠത കൈവരുത്തുകയും അതുമൂലം മാനവതക്ക് പുതുജീവനും നവീന ആശയങ്ങളും സമ്മാനിക്കുകയും ചെയ്തവരെ സംബന്ധിച്ചുള്ള സ്മരണയുമല്ലാത്ത ഒന്നും ഇവിടെ ഭൂഷണമല്ല. എന്നാൽ പ്രവാചകനോട് (സ) ആഴമേറിയതും ശക്തവുമായ ബന്ധമുണ്ടായിരുന്ന ഒരു വ്യക്തിയെ സംബന്ധിച്ചാണ് ഈ മഹനീയ സാന്നിധ്യത്തിൽ ഞാൻ സംസാരിക്കാൻ ഉദ്ദേശിക്കുന്നത്.

നമ്മുടെ മഹാനായ കവി മുഹമ്മദ് ഇഖ്ബാലിന്റെ സദസ്സിൽ മദീനയുടെ പേര് പറയപ്പെട്ടാൽ (എന്നിട്ടല്ലേ റസൂലിന്റെ പേര്) തന്റെ കണ്ണുകളിൽനിന്ന് ഒഴുകുന്ന അശ്രുകണങ്ങളെ പിടിച്ചുനിർത്താൻ അദ്ദേഹത്തിന് കഴിയുമായിരുന്നില്ല. ആ ദൃശ്യത്തിന് എന്റെ രണ്ട് നയനങ്ങളും സാക്ഷിയാണ്. ഈ മസ്ജിദിനെ സാക്ഷിയാക്കി ഞാനത് പ്രഖ്യാപിക്കുകയാണ്. അദ്ദേഹം പാടിയ രണ്ട് പേർഷ്യൻ വരികൾ ആലപിക്കാൻ എന്നെ അനുവദിച്ചാലും.

അതിന്റെ ആശയം ഇപ്രകാരമാണ്.

'എന്റെ വാർധക്യദശയിൽ റസൂലിന്റെ മദീനാപലായനത്തിന് ഒരുങ്ങിയപ്പോൾ എന്റെ സഹോദരങ്ങൾ എന്നെ ആക്ഷേപിച്ചു. ഞാൻ സന്തോഷത്തിലും പ്രത്യാശയിലും പാട്ടുപാടുകയായിരുന്നു. എന്നാൽ ഇതെല്ലാം അവർക്ക് ആശ്ചര്യകരമായി തോന്നിയപ്പോൾ അവർ പറഞ്ഞു: ഇത് കഴിയാത്ത കാര്യത്തിനു

www.abulhasanalinadwi.org

വേണ്ടിയുള്ള ഇറങ്ങിപ്പുറപ്പെടലാണ്. ഞാൻ അവരോട് പറഞ്ഞു. മരുഭൂമിയിൽ അലഞ്ഞുതിരിയുന്ന പക്ഷിയും അന്തരീക്ഷത്തിൽ പറന്നുയരുന്ന പക്ഷിയും പകൽ പോയ്മറയുകയും രാവ് വന്നടുക്കുകയും ചെയ്യുമ്പോൾ സ്വന്തം കൂടിനെ സ്മരിക്കുകയും ചിറകടിച്ച് കൂട്ടിലേക്ക് പാറിപ്പറക്കുന്നതും അങ്ങനെ അതിന്റെ സങ്കേതത്തിലെത്തുന്നതുമാണ്. മദീന ആത്മാവിന്റെ ആശ്രമവും വിശ്വാസത്തിന്റെ വസതിയും മുസ്‌ലിമിന്റെ സങ്കേതവുമാണ്. എങ്കിൽപിന്നെ എന്റെ ജീവിതത്തിന്റെ സായംസന്ധ്യയിൽ എനിക്ക് എങ്ങനെയാണ് എന്റെ കൂട്ടിലേക്ക് അണയാതിരിക്കാൻ സാധിക്കുക?' (1)

"മദീനയിലേക്കുള്ള പാത" എന്ന ശൈഖിന്റെ കൃതിയുടെ ഓരോ വരയും പ്രവാചകസ്നേഹം നിറഞ്ഞുനിൽക്കുന്നതാണ്. വായനക്കാരുടെ മനസ്സുകളിൽ പ്രവാചകപ്രേമത്തിന്റെ തിരമാലകൾ അലയടിപ്പിക്കുകയും ഹൃദയത്തിൽ പ്രവാചകപ്രേമത്തിന്റെ തിരികൾ കത്തിക്കുകയും മദീനാപ്രയാണത്തിന് സജ്ജമാക്കുകയും ചെയ്യുന്നതാണത്. നബിചരിതങ്ങളും പ്രവാചകസന്ദേശവും പ്രചരിപ്പിക്കുവാൻ ഉത്തരേന്ത്യയിൽ വ്യാപകമായി സംഘടിപ്പിക്കപ്പെടാറുള്ള "സീറത്തുന്നബി ജൽസ"കളിൽ അത്യാവേശത്തോടെയാണ് മൗലാന പങ്കെടുക്കാറുണ്ടായിരുന്നത്. ദിനേന ധാരാളം സ്വലാത്തുകൾ ചൊല്ലുകയും അതിന് മറ്റുള്ളവരെ അദ്ദേഹം ഉപദേശിക്കുകയും ചെയ്യുമായിരുന്നു.

നദ്‌വയിൽ പഠിച്ചുകൊണ്ടിരിക്കെ അവസാനവർഷത്തിൽ രണ്ടാഴ്ച മൗലാനയുടെ ഗ്രാമത്തിൽ വെച്ചുള്ള സഹവാസത്തിലാണ് ഇതെഴുതുന്നവന് ശൈഖിന്റെ പ്രവാചകസ്നേഹത്തെ സംബന്ധിച്ച് കൂടുതൽ ബോധ്യമായത്. മൗലാനയുടെ കൃതികൾ പരിചയപ്പെടുത്തുന്ന വേദികൾ ദിവസവും ഉണ്ടായിരുന്നു. വിദ്യാർഥികളിൽ ആരെങ്കിലും പുസ്തകം വായിച്ചുകേൾപ്പിക്കും. ആവശ്യമുള്ള സ്ഥലത്ത് മൗലാന വിശദീകരണം നൽകും. ഈ സമയത്ത് മനസ്സിനെ ഏറ്റവും സ്വാധീനിച്ച ഒരു രംഗമായിരുന്നു പ്രവാചകന്റെ(സ) പുണ്യനാമം വായിക്കപ്പെടുമ്പോൾ ആ മുഖം ചുവന്നുതുടുത്തതും ചുണ്ടുകൾ ചലിച്ചതും. എന്നാൽ സാധാരണ കേട്ടുവരുന്ന സ്വലാത്തായിരുന്നില്ല ആ അധരങ്ങൾ ഉരുവിട്ടിരുന്നത്. തുടർന്നുള്ള ദിവസങ്ങളിൽ ഞാൻ മൗലാനയുടെ നേരെ

1. ഫീ മസീറത്തിൽ ഹയാത്ത്; 2/72,73

www.abulhasanalinadwi.org

മുമ്പിൽതന്നെ സ്ഥലം പിടിച്ചു. പ്രവാചകനാമം കേൾക്കുമ്പോൾ വികാരഭരിതനായി ആ പുണ്യവാൻ എന്താണ് പറയുന്ന തെന്നറിയാനുള്ള ആകാംക്ഷയായിരുന്നു എനിക്ക്. "റൂഹീ ഫിദാ മുഹമ്മദ് സ്വല്ലല്ലാഹു അലൈഹി വസല്ലം" (എന്റെ ആത്മാവ് മുഹമ്മദ് നബി(സ)ക്ക് ദണ്ഡമാണ്) എന്നായിരുന്നു ആ വാകൃങ്ങളെന്ന് ഞാൻ ശരിക്കും മനസ്സിലാക്കി.

1998 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ഏതാനും ദിവസങ്ങൾ മൗലാനയോടൊപ്പം കഴിച്ചുകൂട്ടാനും അവിടുത്തെ മജ്‌ലിസിൽ പങ്കെടുത്ത് അനുഗൃഹീതനാവാനും വിനീതനായ കുറിപ്പുകാരന് ഒരിക്കൽകൂടി അല്ലാഹു അവസരം നൽകി. ആത്മീയാനുഭൂതിയുടെയും മാനസികാനന്ദത്തിന്റെയും ആ ദിനരാത്രങ്ങളോട് വിട ചൊല്ലി നാട്ടിലേക്ക് തിരിക്കുമ്പോൾ സ്നേഹവും ആദരവും അതിലുപരി വേർപാടിന്റെ വിരഹവേദനയുമായി ഗദ്ഗദപ്പെടുന്ന മനസ്സോടെ ഞാൻ ശൈഖിനോട് യാത്ര ചോദിച്ചു. "ഇനി അവിടുത്തെ ദുൻയാവിൽനിന്ന് കാണുവാൻ കഴിയുമോ എന്ന് എനിക്കറിയില്ല. അതിനാൽ എനിക്ക് എന്തെങ്കിലും പ്രത്യേക ഉപദേശം തരണം"

കഴിയുന്നത്ര നബി(സ)യുടെ മേൽ സ്വലാത്തുകൾ വർധിപ്പിക്കുക. കൈയിലുണ്ടായിരുന്ന തസ്ബീഹ്മാല കാണിച്ചു തന്നു കൊണ്ട് പറഞ്ഞു: ഇതുപോലെയുള്ള ഒരു തസ്ബീഹ്മാല എപ്പോഴും പോക്കറ്റിൽ വെക്കണം. അത് നിന്നെ അല്ലാഹുവിന്ന് ദിക്റ് ചെയ്യാൻ പ്രേരിപ്പിക്കും. എന്നാൽ ഒരു സമയവും നിനക്ക് പാഴാവുകയില്ല എന്നു പറഞ്ഞുകൊണ്ട് ഒരു പ്രത്യേക ദിക്റും പതിവാക്കാൻ പറഞ്ഞുതന്നു. ഹസ്റത്ത് മൗലാന ഖുർആൻ ജപിച്ച് മന്ത്രിച്ച തേൻ സഹിതമാണ് ഈ യാത്രയിൽനിന്ന് വിനീതൻ മടങ്ങിയത്.

www.abulhasanalinadwi.org

# തസ്വവ്വുഫ്

മുസ്‌ലിംകളിൽ ആത്മീയബോധവും ദൃഢവിശ്വാസവും വളർത്തി അവരെ അല്ലാഹുമായി സദാ ബന്ധിതരാക്കാൻ വേണ്ടി, സംശുദ്ധ ജീവിതവും തഖ്‌വയും കൊണ്ട് അല്ലാഹുവിന്റെ ഇഷ്ട ദാസന്മാരായിത്തീർന്ന റബ്ബാനീ ആരിഫുമാരാൽ സ്ഥാപിതമായ സ്വൂഫീത്വരീഖത്തുകളുമായി ശൈഖിനും കുടുംബത്തിനും നദ്‌വയുടെ നായകർക്കും നല്ല നിലയിലുള്ള ബന്ധമുണ്ടായിരുന്നു. ഖുർആനിലെ 'തസ്കിയ', ഹദീസിലെ 'ഇഹ്സാൻ' എന്നിവയാണ് തസ്വവ്വുഫ് കൊണ്ട് ഉദ്ദേശിക്കുന്നതെന്ന് തസ്വവ്വുഫിനെ എതിർക്കുന്നവരോട് ശൈഖ് പറയാറുണ്ടായിരുന്നു. അതേസമയം, ഇമാമുമാരുടെ ദർശനങ്ങളിൽനിന്ന് വ്യതിചലിച്ച് തസ്വവ്വുഫിനെ തൗഹീദ്‌വിരുദ്ധ ആശയങ്ങളിലും ശിർക്കൻ ആചാരങ്ങളിലും തളച്ചിടുന്നവർക്ക് ശൈഖ് എന്നും ഒരു വിലങ്ങുതടിയായിരുന്നു. തസ്വവ്വുഫിനെ റബ്ബാനിയ്യഃ എന്നും സ്വൂഫികളെ റബ്ബാനികൾ എന്നുമാണ് ശൈഖ് വിളിച്ചത്. "റബ്ബാനിയ്യഃ ലാ റഹ്ബാനിയ്യ" (പൗരോഹിത്യമല്ല, റബ്ബാനിയ്യത്താണ്) എന്ന അദ്ദേഹത്തിന്റെ കൃതി യഥാർഥ തസ്വവ്വുഫിനെ സംബന്ധിച്ചുള്ള ഒരു ആധികാരിക രചനയാണ്. അതിൽ അദ്ദേഹം എഴുതുന്നു:

"റബ്ബാനിയ്യത്ത് സമ്മാനിക്കുന്നത് അലസതയും നിഷ്ക്രിയത്വവുമല്ല. അത് മണ്ണിനെ പൊന്നും ചരൽക്കല്ലുകളെ രത്നവും നിർജീവിയെ സജീവിയുമാക്കിമാറ്റുന്ന ഇസ്‌ലാമികചലനങ്ങളുടെ സ്രോതസ്സും ഇസ്‌ലാഹീപ്രയത്നങ്ങളുടെ സത്തയുമാണ്".(1)

തസ്വവ്വുഫിന്റെ പ്രചാരണത്തെ സംബന്ധിച്ച് ശൈഖ് പറയുന്നു:

"പ്രസിദ്ധങ്ങളായ സ്വൂഫീത്വരീഖത്തുകൾ ഇന്ത്യക്ക് പുറത്ത് ഉടലെടുത്തതാണെങ്കിലും ചില പ്രത്യേക സാഹചര്യങ്ങൾ

1. റബ്ബാനിയ്യഃ ലാറഹ്ബാനിയ്യ:44

www.abulhasanalinadwi.org

കാരണം ഇന്ത്യയിൽ അവക്ക് നല്ല സ്വീകാര്യതയും ശക്തമായ വേരോട്ടവും പ്രചാരവും ലഭിക്കുകയുണ്ടായി. അവക്ക് ഓരോന്നിനും സ്വതന്ത്രമായ വഴികളും ഇമാമുമാരും ഉണ്ടായിത്തീരുകയും ചെയ്തു.

ഖാദിരിയ്യ:, ചിശ്തിയ്യ:, നഖ്ശബന്ദിയ്യ:, സുഹ്റവർദിയ്യ: തുടങ്ങി ഇന്ത്യയിൽ പ്രചുരപ്രചാരം നേടിയ പ്രസിദ്ധ ത്വരീഖത്തുകൾക്ക് ഇവിടെ ജനിച്ചുമരിച്ച വിവിധ വ്യക്തിത്വങ്ങളിലേക്ക് എത്തിച്ചേരുന്ന ഉപശാഖകളും സിൽസിലകളും ഉടലെടുക്കുകയുണ്ടായി. ഫിർദൗസിയ്യ:, മദാരിയ്യ, ഖലന്തൂരിയ്യ: ശത്വാരിയ്യ, മുജദ്ദിദിയ്യ തുടങ്ങിയവയാണത്.

പത്താം നൂറ്റാണ്ടിൽ ശൈഖ് അലി മുത്തഖിയും പതിനൊന്നാം നൂറ്റാണ്ടിൽ ശൈഖ് താജുദ്ദീൻ സിൻബലി, ശൈഖ് ആദംബിന്നൂരി എന്നിവരും ഹിജാസിലേക്കു പലായനം ചെയ്ത് അവിടെ സ്ഥിരതാമസമാക്കിയശേഷം ഈ ത്വരീഖത്തുകളുടെ ഇന്ത്യൻ സിൽസിലകൾ ഹിജാസിലേക്കും അറബ്‌ലോകത്തേക്കും വ്യാപിക്കുകയുണ്ടായി. അങ്ങനെ പതിനൊന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ തസ്വവ്വുഫിന്റെയും ആത്മസംസ്കരണത്തിന്റെയും പതാക ഇന്ത്യയുടെ കൈയിലായിത്തീർന്നു. ശൈഖ് അഹ്മദ് സർഹിന്ദിയും അദ്ദേഹത്തിന്റെ മകനും ഖലീഫയുമായ ശൈഖ് മുഹമ്മദ് മഅ്സൂമുമായിരുന്നു അതിന്റെ ചുക്കാൻ പിടിച്ചത്. ശൈഖ് മുഹമ്മദ് മഅ്സൂമിന്റെ ഖലീഫമാർ അഫ്ഗാൻ, ഇറാൻ, തുർക്കിസ്താൻ തുടങ്ങിയ രാജ്യങ്ങളിൽ പരന്നു കിടന്നു. ഇറാഖ്, ശാം, ഈജിപ്ത്, ചൈന, ഹബ്ശ, ബുഖാറ, സമർഖന്ദ് തുടങ്ങിയ വിദൂരദിക്കുകളിൽനിന്ന് പതിമൂന്നാം നൂറ്റാണ്ടിലെ മുജദ്ദിദിയ്യാത്വരീഖത്തിന്റെ ശൈഖുമാരിൽ ഒരാളായ ശൈഖ് ഗുലാം അലി ദഹ്‌ലവിയുടെ അടുക്കലേക്ക് ആത്മീയദാഹികളുടെ പ്രവാഹമുണ്ടായി. അങ്ങനെ അദ്ദേഹത്തിന്റെ ഖലീഫ ശൈഖ് ഖാലിദ് ശഹ്റസൂരിയിലൂടെ ഈ സിൽസിലകൾ സിറിയ, തുർക്കി, ഇറാഖ്, തുർക്കിസ്താൻ എന്നിവിടങ്ങളിൽ പ്രചുരപ്രചാരം നേടി. പതിനാലാം നൂറ്റാണ്ടിൽ അൽഹാജ്ജ് ഇംദാദുല്ലാ അൽമക്കി അറബികളുടെയും അനറബികളുടെയും ശൈഖ് എന്ന അപരനാമത്തിൽ അറിയപ്പെട്ടു. ഹിജാസുകാരും ഹജ്ജിന് വരുന്നവരും അദ്ദേഹത്തിൽനിന്ന് ധാരാളം പ്രയോജനങ്ങൾ നേടുകയുണ്ടായി.

അങ്ങനെ ഇന്ത്യവഴി ആത്മീയസംസ്കരണത്തിന്റെ ഈ

www.abulhasanalinadwi.org

ത്വരീഖത്ത് ദീപശിഖ ഇസ്‌ലാമികലോകത്തിനു മുഴുവൻ വെളിച്ചമേകുകയും ഇലാഹീ സ്നേഹത്തിന്റെ ഉത്തമമാർഗമായി അവശേഷിക്കുകയും ചെയ്തു. ഇത്തരം സ്വൂഫിമാരിലൂടെയാണ് ഇന്ത്യയിലെ ഇസ്‌ലാമികകാലഘട്ടം ആരംഭിക്കുന്നത്. വിശിഷ്യാ സ്വന്തം ആത്മാർഥത കൊണ്ടും പരിശ്രമങ്ങളാൽ സുസ്ഥിരമായ സ്തംഭങ്ങൾ കൊണ്ടും ചിശ്തിയ്യാത്വരീഖത്തിന് ബീജാവാപം നൽകിയ ഖാജാ മുഈനുദ്ദീൻ ചിശ്തി അൽ അജ്മീരിയുമായി എല്ലാ വിഭാഗം ജനങ്ങളും സ്വൂഫികളും ബന്ധപ്പെടുകയും മാർഗദർശനങ്ങൾ സ്വീകരിക്കുകയും ചെയ്തുകൊണ്ടിരുന്നു. അങ്ങനെ രാജ്യം മുഴുവൻ ആത്മീയസംസ്കരണകേന്ദ്രങ്ങൾ ഉയർന്നുവന്നു. കുഗ്രാമങ്ങൾ പോലും ഇതിൽനിന്ന് ഒഴിവായിരുന്നില്ല. മാനസികവും ആത്മീയവുമായ ബന്ധങ്ങളും സ്നേഹത്തിന്റെയും ആദരവിന്റെയും ഘടകങ്ങളുമായിരുന്നു ജനങ്ങളെ സ്വൂഫികളിലേക്ക് അടുപ്പിച്ചത്.

തൗഹീദ്, ഇഖ്‌ലാസ്, പ്രവാചകചര്യ, പശ്ചാത്താപം, അല്ലാഹുവിനും റസൂലിനുമുള്ള അനുസരണം എന്നിവ അനുഷ്ഠിക്കുന്നത് സംബന്ധമായും ശിർക്ക്, ബിദ്അത്ത്, മറ്റു പാപങ്ങൾ എന്നിവ വർജിക്കുന്നത് സംബന്ധമായും സ്വൂഫികൾ ജനങ്ങളിൽനിന്ന് ബൈഅത്ത് വാങ്ങുകയും സ്രഷ്ടാവിനുള്ള ആരാധന, ജനസേവ, സ്നേഹം, വിനയം, ഈമാനികാവേശം മുതലായവയിൽ സ്വൂഫികൾ അനുകരണീയമാതൃകകളായി മാറുകയും ചെയ്തു."(1)

1. അൽ മുസ്‌ലിമൂന ഫിൽഹിന്ദ്: 120,123

www.abulhasanalinadwi.org

# മതേതര ഇന്ത്യ

ഇന്ത്യ ഒരു മതേതരരാജ്യമായി നിലനിന്നുകാണാൻ സയ്യിദ് നദ്‌വി സാഹിബ് ആത്മാർഥമായി ആഗ്രഹിച്ചിരുന്നു. അതിനുവേണ്ടി പ്രബന്ധങ്ങൾ എഴുതുകയും പ്രഭാഷണങ്ങൾ നടത്തുകയും അധികാരികൾക്കും നേതാക്കൾക്കും എഴുത്തുകുത്തുകൾ നടത്തുകയും ചെയ്തു. രാജ്യത്ത് നടന്ന വർഗീയസംഘട്ടനങ്ങൾ ആ മഹാത്മാവിനെ വല്ലാതെ വേദനിപ്പിച്ചു. സംഘ്പരിവാറിന്റെ ആസൂത്രിതമായ മുസ്‌ലിംവിരുദ്ധനയത്തിനെതിരെ അദ്ദേഹം ഉദ്ബോധനങ്ങൾ നടത്തി. അദ്ദേഹം എഴുതുന്നു. "ബി.ജെ.പി. അധികാരത്തിൽ വന്നശേഷം ഇന്ത്യയെ സമ്പൂർണമായി ഹൈന്ദവവൽക്കരിക്കുമെന്ന് നിരന്തരം പ്രഖ്യാപിച്ചുകൊണ്ടിരുന്നു. മതപരമായും സാംസ്കാരികമായും ഭാഷാപരമായും ഭരണഘടനാപരമായും മാത്രമല്ല വ്യവസ്ഥാപിതമായിത്തന്നെ ഇന്ത്യയെ ഹൈന്ദവവൽക്കരിക്കാനും, അക്രമികളും കൊള്ളക്കാരുമായി വന്ന് അമ്പലങ്ങൾ തകർത്ത് മസ്ജിദുകൾ നിർമിക്കുകയും ശരീഅത്ത് നിയമമാക്കുകയും ചെയ്തവരാണ് മുസ്‌ലിംകളെന്നാരോപിച്ച് ഇന്ത്യാചരിത്രം തിരുത്തിയെഴുതാനും തുടങ്ങി. 'സംശയലേശമന്യേ ഇന്ത്യ ഹിന്ദുക്കളുടെ മാത്രം രാജ്യമാണ്. ഹിന്ദുമതത്തിൽ വിശ്വസിക്കാത്തവരും ഹൈന്ദവ സംസ്കാരത്തിൽ അലിഞ്ഞു ചേരാത്തവരും ഹിന്ദിഭാഷയെ സ്വീകരിക്കാത്തവരും യഥാർഘ ദേശീയതയിൽനിന്ന്അകന്ന് നിൽക്കുന്നവരാണ്. ഈ ഹിന്ദുത്വം അംഗീകരിക്കാത്തവർ വഞ്ചകരും ശത്രുക്കളും വിഡ്ഢികളുമാണ്.'

'പരിപൂർണമായ മാറ്റം ഉൾക്കൊള്ളാതെയും ഹിന്ദുമതം തെരഞ്ഞെടുക്കാതെയും ഹൈന്ദവസംസ്കാരം ഉൾക്കൊള്ളാ

തെയും ദേശീയഭാഷ സംസാരിക്കാതെയും ദേശീയതയിൽ അലിഞ്ഞുചേരാതെയും മുസ്‌ലിംകൾക്ക് ദേശീയജീവിതത്തിൽ യാതൊരു സ്ഥാനവും ഉണ്ടായിരിക്കില്ല; അല്ലാത്ത പക്ഷം അവർക്ക് അന്യരായി ശേഷിക്കേണ്ടി വരും' മേൽവരികളെഴുതിയ ഗോൾവാൾക്കറുടെ ചിന്തയിൽനിന്ന് ഒട്ടും വ്യത്യസ്തമല്ല ബി.ജെ.പിയുടെ നയപരിപാടികളും.

ഇന്ത്യയിലെ വർഗീയവാദികൾക്കിടയിലും ഭീകരസംഘടനകൾക്കിടയിലും സ്വാധീനമുള്ള ശിവസേനാ നേതാവ് മിസ്റ്റർ ബാൽ താക്കറെയുടെ പ്രഖ്യാപനങ്ങൾ ഇവിടെ പരാമർശിക്കാതെവയ്യ. മഹാരാഷ്ട്രയിലെ മുസ്‌ലിംകൾക്കെതിരായി പൊട്ടിപ്പുറപ്പെട്ട കലാപങ്ങളുടെ മുഖ്യപങ്ക് അദ്ദേഹത്തിനായിരുന്നു.

1984-ലെ രക്തപങ്കിലമായ കലാപത്തിനുശേഷം അദ്ദേഹം നടത്തിയ പ്രസ്താവനകൾ ഇപ്രകാരമാണ്: 'വിഭജനാനന്തരം ഇന്ത്യയുടെ ഭരണാധികാരികൾ ഹിന്ദുക്കളാണ്. മുസ്‌ലിംകൾ രണ്ടാംകിടക്കാരായി ഇവിടെ വസിക്കേണ്ടവരാണ്. മുസ്‌ലിംകൾക്ക് ഇവിടെ മാന്യമായി ജീവിക്കണമെങ്കിൽ ഹിന്ദുമതം സ്വീകരിച്ചുകൊള്ളട്ടെ. അല്ലാത്തപക്ഷം ഞാൻ ഭരണം ഏറ്റെടുത്താൽ നാൽപ്പത്തിയെട്ട് മണിക്കൂറിനുള്ളിൽ അവരെ ശരിയാക്കിക്കളയും' (ജന്റിൽമേൻ 1984 - മെയ്)

'ഈ രാജ്യം ഹിന്ദുരാഷ്ട്രമാവുകതന്നെ വേണം. അതിനുള്ള കൃഷി ഞാൻ ചെയ്തുകൊണ്ടിരിക്കുന്നു. നാം അത് കൊയ്തെടുക്കുക തന്നെ ചെയ്യും' (ഇന്ത്യാറ്റുഡേ - 1984 ജൂൺ 15,)

മുസ്‌ലിംകളെ സാധാരണയായി ലാണ്ഡ (ലിംഗം ച്ഛേദിക്കപ്പെട്ടവർ) എന്നായിരുന്നു മിസ്റ്റർ താക്കറെ വിളിച്ചിരുന്നത്. അദ്ദേഹം പറയുന്നു: 'അവർ ഞെണ്ടുകളെപ്പോലെ ദൈനംദിനം വർധിച്ചുവരികയാണ്. ഓപ്പറേഷൻ അല്ലാതെ അതിന് ചികിത്സയില്ല' (സൻഡേ ഒബ്സർവർ 1984 - മെയ് 20)

1984-ലെ ശിവസേനാ പ്രകടനത്തിലെ ഒരു മുദ്രാവാക്യം ഇപ്രകാരമായിരുന്നു: "ഒന്നുകിൽ ഇന്ത്യവിടുക, അല്ലെങ്കിൽ ഖുർആൻ കൈവെടിയുക"(1)

1. ഫീ മസീറത്തിൽ ഹയാത്ത്: 2/107

www.abulhasanalinadwi.org

ഇന്ത്യയുടെ മതേതരസ്വഭാവം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും വർഗീയത വരുത്തുന്ന ദുരന്തങ്ങളും ഊന്നിപ്പറഞ്ഞ് ശൈഖ് 1986 ജനുവരിയിൽ അന്നത്തെ ഇന്ത്യൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിക്ക് അയച്ച കത്തിൽ ഇപ്രകാരം എഴുതി:

“രാഷ്ട്രം തുടക്കംമുതൽ പരിഗണിച്ചുവന്ന വിവിധ മതങ്ങളുടെയും സംസ്കാരങ്ങളുടെയും ഭാഷകളുടെയും നാഗരികതകളുടെയും സാന്നിധ്യത്തിലൂന്നിയ ജനാധിപത്യവും സത്യസന്ധമായ മതേതരത്വവും എല്ലാ പൗരന്മാരെയും തുല്യമായി പരിഗണിക്കലും രാഷ്ട്രനിർമാണത്തിലും പുരോഗതിയിലും മുഴുവൻ പൗരന്മാരുടെയും പങ്കാളിത്തം ഉറപ്പാക്കലുമാണ് ഈ രാജ്യത്തിന് ഏറ്റവും ഉചിതമായിട്ടുള്ളത്. വർഗീയതയും തീവ്രവാദവും സങ്കുചിതവാദവും വൈകാരികത ചൂഷണംചെയ്യലും വൻഭവിഷ്യത്ത് ക്ഷണിച്ചുവരുത്തുന്നതാണ്.

കഴിഞ്ഞ വർഷങ്ങളിൽ പൊട്ടിപ്പുറപ്പെട്ടതുപോലുള്ള വർഗീയസംഘർഷങ്ങളാണ് ഈ രാജ്യത്ത് അത്യന്തം അപകടകരമായിട്ടുള്ളത്. എന്നാൽ, മിസ്റ്റർ ഗാന്ധി അത് വേണ്ടതുപോലെ മനസ്സിലാക്കുകയും അതിനെതിരിൽ ശക്തമായി പ്രതികരിക്കുകയും ചെയ്തിട്ടുണ്ടെന്നത് സന്തോഷകരം തന്നെ. അഗ്നിക്ക് കത്താൻ മറ്റൊന്നും ലഭിച്ചില്ലെങ്കിൽ അത് സ്വയം കത്തുന്നതുപോലെ വർഗീയസംഘട്ടനങ്ങളും സാമുദായികസ്പർധയും ക്രമേണ ഗോത്രങ്ങളിലേക്കും വ്യക്തികളിലേക്കും വ്യാപിക്കുന്നതാണ്. അനന്തരമുണ്ടാവുന്ന വിപത്തുകൾ അല്ലാഹുവിനു മാത്രമേ തടയാൻ കഴിയൂ.”

ഇന്ത്യയുടെ മതേതരസ്വഭാവം തകർക്കുന്ന തരത്തിലുള്ള നീക്കങ്ങൾ ഏതു ഭാഗത്ത് നിന്നുണ്ടായാലും ശൈഖ് അതിനെതിരെ ശക്തമായ നിലപാടുകൾ സ്വീകരിക്കാറുണ്ട്. 1985-ൽ ശാബാനു കേസ് വിധിയെത്തുടർന്ന് മുസ്‌ലിം പേഴ്സനൽ ലോ റദ്ദാക്കി പകരം ഏകസിവിൽകോഡ് നടപ്പാക്കാൻ കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തുനിന്ന് നീക്കങ്ങളുണ്ടായപ്പോൾ അതിനെതിരിൽ ഇന്ത്യയിലൊന്നടങ്കം അദ്ദേഹം ലോ ബോർഡിന്റെ നേതൃത്വത്തിൽ ജനകീയപ്രക്ഷോഭം നടത്തുകയും തൽഫലമെന്നോണം ഗവൺമെന്റിന് ആ നീക്ക ത്തിൽനിന്ന് പിന്തിരിയേണ്ടിവരുകയും ചെയ്തു.

www.abulhasanalinadwi.org

അതുപോലെ 1999-ൽ സർക്കാർസ്കൂളുകളിൽ വന്ദേമാതരവും സരസ്വതി വന്ദനവും നിർബന്ധമാക്കിക്കൊണ്ട് ഉത്തർ പ്രദേശ്സർക്കാർ കൊണ്ട്വന്ന വർഗീയനിയമത്തിനെതിരിലും ശൈഖ് ശക്തമായ നിലപാട് സ്വീകരിക്കുകയുണ്ടായി. "യു.പി. സർക്കാർ വർഗീയനിയമം പിൻവലിക്കുക, അല്ലെങ്കിൽ മുസ്ലിംകൾ അവരുടെ കുട്ടികളെ സ്കൂളുകളിൽനിന്ന് പിൻവലിക്കും" എന്ന ശൈഖിന്റെ ധീരമായ പ്രഖ്യാപനം ബി.ജെ.പി. സർക്കാരിന്റെ അരമനകളിൽ പ്രതിധ്വനി സൃഷ്ടിക്കുകയും വിവാദമായ ഉത്തരവ് പിൻവലിക്കാൻ അവർ നിർബന്ധിതരാവുകയും ചെയ്തത് സ്മരണീയമാണ്.

www.abulhasanalinadwi.org

www.abulhasanalinadwi.org

# പ്രമുഖരുടെ ദൃഷ്ടിയിൽ

www.abulhasanalinadwi.org

അറബികളെ മുഴുവൻ എന്റെ മുമ്പിൽ ഹാജരാക്കി അവരുടെ കാതുകളിൽ തുളച്ചുകയറുന്നതും ഹൃദയങ്ങളിൽ തറക്കുന്നതുമായ ഒരു പ്രഭാഷണം ചെയ്യാൻ എനിക്ക് അവസരം ലഭിച്ചാൽ ഞാൻ ആദ്യമായി അവരോട് ഇപ്രകാരമായിരിക്കും പറയുക: ഇസ്‌ലാമികസന്ദേശവുമായി നിയോഗിക്കപ്പെട്ട മുഹമ്മദ് നബി (സ) യാണ് നിങ്ങളുടെ വിജയത്തിന്റെ പ്രഭവകേന്ദ്രം. ഇസ്‌ലാമിന്റെ ചക്രവാളത്തിലാണ് നിങ്ങൾക്ക് സുപ്രഭാതമുണ്ടായത്. നിങ്ങൾ നേടിയ പദവികളുടെയും ഉയർച്ചകളുടെയും എല്ലാവിധ പുരോഗതികളുടെയും, അല്ല ലോകത്തിന് ലഭിച്ച സകല നന്മകളുടെയും ഹേതു, മരുഭൂമിയിൽ ആടുകളെ മേച്ച് അലഞ്ഞുനടന്നിരുന്ന നിങ്ങളെ ലോകത്തിന്റെ നേതൃനിരയിലേക്ക് കൈപിടിച്ചുയർത്തിയ ആ പുണ്യറസൂലാണ് (സ).

സയ്യിദ് അബുൽഹസൻ അലി നദ്‌വി

1. ഫീ മസീറത്തിൽഹയാത്ത് 1/338-340

www.abulhasanalinadwi.org

# ശുദ്ധഹൃദയൻ

സയ്യിദ് അബുൽഹസൻ നദ്‌വിയുടെ വ്യക്തിത്വവും തൂലികയും ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. ശുദ്ധഹൃദയവും ഇസ്‌ലാമികചിന്തയും സമ്മേളിച്ച അദ്ദേഹം ദീനിനു വേണ്ടി ഇസ്‌ലാമിലൂടെ സഞ്ചരിക്കുകയും ഇസ്‌ലാമിക സംബന്ധമായ ഒരു നല്ല തിരിച്ചറിവ് നൽകുകയും ചെയ്ത വ്യക്തിത്വമാണ്. അല്ലാഹുവിനു വേണ്ടിയുള്ള അദ്ദേഹത്തെ സംബന്ധിച്ച സാക്ഷ്യമാണിത്.[1]

*ശഹീദ് സയ്യിദ് ഖുത്വ്ബ്*
*(വിശ്വപ്രസിദ്ധ ഇസ്‌ലാമിക ദാർശനികൻ)*

1. ഖസ്വാസ്സുന്നബിയ്യീൻ 13/ആമുഖം

www.abulhasanalinadwi.org

# ഇസ്‌ലാമിന്റെ നായകൻ

അജ്ഞതയിൽനിന്നും ഐതിഹ്യങ്ങളിൽനിന്നും ധിഷണയെ മോചിപ്പിക്കുന്നതും കൊളോണിയലിസം, അക്രമം, അരാജകത്വം, ദാരിദ്ര്യം എന്നിവയുടെ പിടിയിൽനിന്ന് മുസ്‌ലിംകളെയും അവരുടെ രാജ്യങ്ങളെയും മോചിപ്പിക്കുന്നതും ജനങ്ങൾക്കിടയിൽ തുല്യനീതി നടപ്പാക്കുന്നതുമായ ജീവസ്സുറ്റ ഇസ്‌ലാമികവ്യവസ്ഥയുടെ ചലനങ്ങൾ ഇന്ന് ലോകം മുഴുവൻ വ്യാപകമാണ്.

നവോത്ഥാനനായകനായ പണ്ഡിതനും നിഷ്കളങ്കനായ പ്രബോധകനുമായ ഉസ്താദ് അബുൽഹസൻ അലി നദ്‌വി ഇത്തരം ചലനങ്ങളുടെ നായകന്മാരിലൊരാളാണ്. അല്ലാഹു അദ്ദേഹത്തിന് വിജ്ഞാനം നൽകിയത് മുതൽ പ്രബന്ധവും പ്രഭാഷണവും പര്യടനവും പടവാളാക്കി പ്രബോധന പോർക്കളത്തിൽ പടവെട്ടുകയാണദ്ദേഹം. ഇന്ത്യയിലെ ഇസ്‌ലാമിക നവോത്ഥാനശിൽപികളുടെ മുൻനിരയിലുള്ള അദ്ദേഹത്തിന് എല്ലാ രാജ്യങ്ങളിലും ശിഷ്യഗണങ്ങളുണ്ട്. ശരീഅത്തിന്റെ രഹസ്യങ്ങളെ വ്യക്തമാക്കുന്ന വളരെ ആഴത്തിലുള്ള പഠനങ്ങളും ഇസ്‌ലാമികലോകത്തെ പ്രതിസന്ധികൾ സൂക്ഷ്മമായി അപഗ്രഥനം നടത്തി അതിനുള്ള പരിഹാരം നിർദേശിക്കുന്നതുമാണ് അദ്ദേഹത്തിന്റെ കൃതികൾ. ആത്മീയചൈതന്യവും ശ്രേഷ്ഠമായ പ്രവാചകസ്നേഹവും മുറ്റിനിൽക്കുന്ന അദ്ദേഹത്തിന്റെ ഐഹികവിരക്തിയും അധികരിച്ച ആരാധനയും ആദരവുനിറഞ്ഞ മുഖഭാവവും കാണുന്നവർക്ക് സലഫുസ്സ്വാലിഹീങ്ങളുടെ ജീവിതമാണ് ഓർമവരിക.(1)

*ഡോ. മുസ്ത്വഫാ സ്സിബാഈ*
*പ്രശസ്തനായ ഇസ്‌ലാമിക പണ്ഡിതൻ,*
*സിറിയയിലെ മുൻ പാർലമെന്റ് അംഗം*

1. ഫീമസീറത്തിൽ ഹയാത്ത് 1/338-340

www.abulhasanalinadwi.org

# ബോധമുള്ള മനസ്സ്

ബോധമുള്ള മനസ്സുകളുടെ ഉടമകൾക്കു മാത്രമേ ഇസ്‌ലാമികസേവനം സുസാധ്യമാവൂ. വരണ്ട മനസ്സുകൾക്ക് ഒരിക്കലും അതിന് കഴിയില്ല. ശൈഖ് നദ്‌വിയുടെ തൂലികകളിൽ പുതിയ ഭാഷയും പുതിയ ആത്മാവും നമുക്ക് നിത്യമായി ദർശിക്കാം. നാം ശ്രദ്ധിക്കാത്ത ചില കാര്യങ്ങൾ അത് നമുക്ക് നൽകുന്നുണ്ട്. പേർഷ്യൻ സൈന്യാധിപൻ റുസ്തമിന്റെ മുന്നിൽ തന്റെ നിലപാട് ധീരമായി പ്രഖ്യാപിച്ച രിബ്ഇയ്യുബ്നു ആമിറി(റ)ന്റെ ഇസ്‌ലാമിക തത്വശാസ്ത്രത്തെ സംബന്ധിച്ച പ്രൗഢവും സംക്ഷിപ്തവുമായ വാക്കുകളിലേക്ക് ആദ്യമായി നമ്മുടെ ശ്രദ്ധക്ഷണിച്ചത് അദ്ദേഹമാണ്.

സൃഷ്ടിപൂജ നടത്തുന്നതിനു പകരം സ്രഷ്ടാവിനെ വണങ്ങുന്നതിലേക്കും സങ്കുചിതലോകത്തു നിന്ന് പ്രവിശാലമായ ലോകത്തേക്കും മതങ്ങളുടെ ചൂഷണങ്ങളിൽനിന്ന് ഇസ്‌ലാമിന്റെ നീതിയിലേക്കും ജനങ്ങളെ മോചിപ്പിക്കുവാനാണ് അല്ലാഹു ഞങ്ങളെ നിയോഗിച്ചിട്ടുള്ളത് എന്നായിരുന്നു രിബ്ഇയ്യി(റ)ന്റെ സുന്ദരമായ പ്രഖ്യാപനം. ഈ മഹദ്‌വാക്യത്തിന്റെ പ്രസക്തി ശൈഖ് അബുൽ ഹസൻ അലി നദ്‌വി വിവരിച്ചശേഷമാണ് മറ്റ് എഴുത്തുകാർ അവ വ്യാപകമായി ഉദ്ധരിക്കാനും ഉപയോഗിക്കാനും തുടങ്ങിയത്.(1)

*മുഹമ്മദുൽ ഗസ്സാലി*
*(ലോക മുസ്‌ലിം പണ്ഡിതൻ)*

1. അൽ ബഅ്സുൽ ഇസ്‌ലാമി 2000 ഏപ്രിൽ, മെയ്, ജൂൺ

www.abulhasanalinadwi.org

# ബാലസാഹിത്യം

കരളിന്റെ കഷ്ണങ്ങളായ കുട്ടികളാണ് ഏറ്റവും അമൂല്യമായ സ്വത്ത്. മുതിർന്നവരിൽനിന്ന് അർഹമായ സംരക്ഷണവും വാൽസല്യവും അവർക്ക് ലഭിക്കേണ്ടതുണ്ട്. കുട്ടികൾ രക്ഷിതാവിന്റെ കൈയിലെ കുഴച്ച മാവാണ്. മുതിർന്നവരെ സംരക്ഷിക്കുന്നതിനേക്കാൾ ശ്രമകരമാണ് കുട്ടികളെ സംരക്ഷിക്കുന്നത്. സാഹിത്യ സാംസ്കാരിക രംഗങ്ങളിൽ യുവാക്കൾക്കും ബഹുജനങ്ങൾക്കും നൽകുന്ന പരിഗണനയേക്കാളുപരി കുട്ടികൾക്കാണ് നൽകേണ്ടത്.

സഹോദരനും ശ്രേഷ്ഠഭാജനവും പ്രബോധകനുമായ സയ്യിദ് അബുൽഹസൻ അലി നദ്‌വി ആ യാഥാർഥ്യം വേണ്ടതുപോലെ ഗ്രഹിച്ചിട്ടുണ്ട്. ഇന്ത്യക്കകത്തും പുറത്തുമുള്ള കുട്ടികൾക്ക് വേണ്ടി പ്രവാചകചരിത്രകഥകൾ രചിക്കുകയും അതുവഴി ദീനീസേവനം നടത്തുകയും ചെയ്തു. കഥകളിലൂടെ അടിസ്ഥാനപരമായ കുറെ കാര്യങ്ങൾ അദ്ദേഹം കുട്ടികൾക്ക് പകരുന്നുണ്ട്. സുന്ദരകഥകളും സത്യസന്ധമായ ചരിത്രങ്ങളും ചാരുതയാർന്ന സംഭാഷണങ്ങളും ശ്രവണമനോഹരമായ വർത്തമാനങ്ങളും കുട്ടികളുടെ മാനസികനിലവാരത്തോട് അനുയോജ്യമായ ശൈലിയിലും ഭാവത്തിലും വശ്യതയിലും അവതരിപ്പിച്ചു. മുതിർന്നവർക്ക് വേണ്ടി "മുസ്‌ലിംപതനംകൊണ്ട് ലോകത്തിന് എന്ത് വിനഷ്ടമായി"? "ഇസ്‌ലാമിലേക്ക് വീണ്ടും" എന്നീ മനോഹരകൃതികൾ രചിച്ച അതേ തൂലിക തന്നെ കുട്ടികൾക്കുവേണ്ടി ലളിതവും സരളവുമായ ശൈലിയിൽ പ്രവാചകകഥകൾ രചിച്ചു. ഗൗരവമുള്ള പഠനങ്ങളും ബാലകൃതികളും ഓരോന്നിന്റെയും മികവോടെ ഒരേപോലെ രചിക്കാൻ കഴിയുന്ന എഴുത്തുകാർ നമുക്കിടയിൽ വളരെ വിരളമാണ്.(1)

*ശൈഖ് അഹ്മദ് ശർബാസ്വി*
*(പ്രസിദ്ധ ഈജിപ്ഷ്യൻ പണ്ഡിതൻ)*

1. ഖസ്വസ്സുന്നബിയ്യീൻ 3/അവതാരിക

www.abulhasanalinadwi.org

# നൂറ്റാണ്ടിന്റെ അനുഗ്രഹം

അല്ലാഹുവുമായി ഭയഭക്തിയോടെ വർത്തിക്കുകയും പരലോകത്തെക്കുറിച്ചും ദൈവകാരുണ്യത്തെ സംബന്ധിച്ചും കൂടുതൽ സംസാരിക്കുകയും ചെയ്ത മുസ്‌ലിം ഉമ്മത്തിന്റെ നായകനും നൂറ്റാണ്ടിന്റെ ബർകത്തുമായിരുന്നു ശൈഖ് അബുൽഹസൻ അലി നദ്‌വി.

അദ്ദേഹത്തിന്റെ ഇന്ത്യാപക്ഷ നിലപാട് ഹിന്ദുത്വശക്തികളുടെ മുസ്‌ലിംവിദ്വേഷത്തിന് ഒരു പരിധിവരെ അറുതി വരുത്തിയിരുന്നു.

റാബിത്വതുൽ അദബിൽ ഇസ്‌ലാമി നിലവിൽവന്നത് അദ്ദേഹത്തിന്റെ പ്രാർഥനാനുഗ്രഹവും പ്രയത്നവും കൊണ്ടാണ്. അനാരോഗ്യാവസ്ഥകളിലും വിഷമസന്ധികളിലും മറ്റും കൂടുതൽ ഉത്സാഹിതനായി ചുറുചുറുക്കോടെയായിരുന്നു അദ്ദേഹം റാബിത്വയുടെ പരിപാടികളിൽ ഭാഗഭാക്കായിരുന്നതും നേതൃത്വം നൽകിയിരുന്നതും. (1)

*ശൈഖ് അബ്ദുൽഖുദ്ദൂസ് അബൂസ്വാലിഹ്*
*(വൈ.പ്രസിഡന്റ്: റാബിത്വതുൽ അദബിൽ ഇസ്‌ലാമി.)*

1. അൽ ബഅ്സുൽ ഇസ്‌ലാമി 2000 ഏപ്രിൽ, മെയ്, ജൂൺ

www.abulhasanalinadwi.org

# ഉത്തമ മാതൃക

നീണ്ട എൺപത്തിയേഴ് വർഷത്തെ ജീവിതം നിരന്തരമായ ഇസ്‌ലാമിക പ്രയത്നങ്ങൾ വഴി ധന്യമാക്കിയ നദ്‌വി റഹിമഹുല്ലാഹ് ഇസ്‌ലാമിന്റെ ധീരനായ വക്താവായിരുന്നു. അല്ലാഹുവിന്റെ പാതയിൽ അദ്ദേഹം ആക്ഷേപകരെ അവഗണിച്ചു. ഇസ്‌ലാമിനുവേണ്ടി പ്രതിരോധിക്കേണ്ടിവരുമ്പോൾ ചാഞ്ചല്യമില്ലാത്ത കർമഭടനായും ആശയപരമായി നേരിടേണ്ടിവരുമ്പോൾ നിരൂപണത്തിന് പഴുതില്ലാത്തവിധം സമഗ്രമായി കൈകാര്യം ചെയ്യുന്ന വാഗ്ധോരണിയായും അദ്ദേഹം അവതരിച്ചു. നിഷേധവും കാപട്യവും അവലംബമാക്കിയവർക്കല്ലാതെ അദ്ദേഹത്തെ അവഗണിക്കുവാൻ കഴിഞ്ഞിരുന്നില്ല. പലപ്പോഴും പ്രതിയോഗികൾക്കുപോലും അദ്ദേഹത്തിന്റെ നേതൃത്വം അംഗീകരിക്കേണ്ടിവന്നിട്ടുണ്ട്.

സാരവത്തായ ഉദ്ബോധനങ്ങളും അർഥവത്തായ സേവനങ്ങളും മാധ്യമമാക്കി ഇസ്‌ലാമികപ്രബോധനം തപസ്യയാക്കിയ മഹാരഥനെ ഞാൻ കൂടുതൽ മനസ്സിലാക്കുന്നത്, മലേഷ്യയിലെ ഇന്റർനാഷ്നൽ ഇസ്‌ലാമിക് യൂനിവേഴ്സിറ്റിയിലെ എം.എ. വിദ്യാർഥി മുഹമ്മദ് അബ്ദുസ്സലാം തയാറാക്കിയ "ശൈഖ് അബുൽഹസൻ അലി നദ്‌വിയുടെ അറബിസാഹിത്യ സംഭാവനകൾ" എന്ന തീസീസിന്റെ മേൽനോട്ടം വഹിക്കുമ്പോഴാണ്.

പ്രഭാഷണവേദികളിലെ സുഗന്ധമായിമാറിയ ആ ലോകപ്രശസ്ത പണ്ഡിതന്റെ ചിന്തകൾ ധാരാളം പഠനങ്ങൾക്കും ഗവേഷണങ്ങൾക്കും വിധേയമാവേണ്ടതുണ്ട്. വളർന്നുവരുന്ന നമ്മുടെ യുവസമൂഹത്തിന്റെ മുന്നിൽ ഒരു അനശ്വരമാതൃകയായി ശൈഖ് നദ്‌വി ജീവിക്കുന്നതിനുവേണ്ട ഗവേഷണങ്ങളാണ് അനിവാര്യമായിരിക്കുന്നത്. റാബിത്വതുൽ അദബ് പോലുള്ള പല സംരംഭങ്ങളും സൃഷ്ടിച്ച അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളെക്കുറിച്ച് ചർച്ചചെയ്യാൻ ഒരു ഇന്റർനാഷ്നൽ കോൺഫറൻസ് തന്നെ വേണമെന്നാണ് എന്റെ അഭിപ്രായം.(1)

*ഡോ. മുഹമ്മദ് അബ്ദു യമാനി*

*(മുൻ വാർത്താപ്രക്ഷേപണ മന്ത്രി, സുഊദി അറേബ്യ)*

1. അൽ ബഅ്സുൽ ഇസ്‌ലാമി 2000 ഏപ്രിൽ, മെയ്, ജൂൺ

www.abulhasanalinadwi.org

# മലക്കുകളോ?

ആധുനികയുഗത്തിലെ ദഅ്‌വത്തിന്റെയും ഇസ്‌ലാഹിന്റെയും ഇമാമായിരുന്ന അല്ലാമാ അബുൽഹസൻ അലി നദ്‌വി ഭൗതികവിരക്തിയും ഉന്നതപരിശ്രമവും ചിന്താശീലവും സാഹിത്യാഭിരുചിയും സമന്വയിച്ച വ്യക്തിത്വമായിരുന്നു. എന്റെ പിതാവിന്റെ കൂട്ടുകാരനായിരുന്ന നദ്‌വി സാഹിബ് ഉമ്മത്തിന്റെ സുഖദുഃഖങ്ങളെ സംബന്ധിച്ച് പിതാവുമായി ചർച്ചചെയ്യുക പതിവായിരുന്നു. ഇന്ത്യയിലെ മറ്റു ചില പ്രബോധകരോടൊപ്പം അദ്ദേഹം ഞങ്ങളുടെ ത്വാഇഫിലെ വീട്ടിൽ ഏതാനും ദിവസങ്ങൾ താമസിച്ചിട്ടുണ്ട്. അപ്പോൾ ഞങ്ങൾക്ക് അവരിൽ ദർശിക്കാൻ കഴിഞ്ഞ അങ്ങേയറ്റത്തെ ശുദ്ധിയും വൃത്തിയും വെടിപ്പും തെളിച്ചവും ദിക്ർ, ഖുർആൻ പാരായണം, മറ്റു ഇബാദത്തുകൾ എന്നിവയുടെ ആധിക്യവും നിമിത്തം സന്ദർശകർ, മലക്കുകളാണോ എന്ന തോന്നലുളവായി.

മുസ്‌ലിം ഐക്യത്തിന്റെ ശക്തനായ പ്രചാരകനും ഇസ്‌ലാമിക ഗ്രന്ഥപ്പുരയെ സമ്പുഷ്ടമാക്കിയ മഹാപ്രതിഭയുമായ അദ്ദേഹം വിജ്ഞാനത്തിലും ജീവിതരീതിയിലും മികവുറ്റ മാതൃകയായിരുന്നു. ഹസനുൽ ബസ്വരി, ഫൈദുബ്നു ഇയാദ്, ശൈഖ് അബ്ദുൽഖാദിർ ജീലാനി എന്നിവരുടെ അണിയിലാണ് അദ്ദേഹത്തിന്റെ സ്ഥാനം. (1)

*ഡോ.അഹ്‌മദുബ്നു ഉസ്‌മാൻ തൗജ്‌രി*

*(മെമ്പർ മജ്‌ലിസ് ശൂറ, സുഊദി അറേബ്യ)*

1. അൽ ബഅ്‌സുൽ ഇസ്‌ലാമി 2000 ഏപ്രിൽ, മെയ്, ജൂൺ

www.abulhasanalinadwi.org

# പ്രബോധനം മാത്രം

കണ്ണിന് ഗാംഭീര്യവും ഹൃദയത്തിന് ആനന്ദവും ബുദ്ധിക്ക് വിജ്ഞാനവും വിശ്വാസത്തിന് ദൃഢതയും മനസ്സിന് ഭക്തിയും നൽകുന്ന ചില പണ്ഡിതരുണ്ട്. അവരിൽ ഒരാളായിരുന്നു ശൈഖ് അബുൽഹസൻ അലി നദ്‌വി.

1951–ൽ ഞാൻ ഈജിപ്തിലെ അൽ അസ്ഹർ യൂനിവേഴ്സിറ്റിയിൽ വിദ്യാർഥിയായിരിക്കുമ്പോഴാണ് ശൈഖിനെ ആദ്യമായി കാണുന്നത്. ഈമാനും ഇഖ്‌ലാസും തഖ്‌വയും മുറ്റിനിന്ന അദ്ദേഹം അസ്ഹറിൽ നടത്തിയ പ്രൗഢോജ്ജ്വലമായ പ്രഭാഷണം കഴിഞ്ഞപ്പോൾ ശ്രോതാക്കളിൽ ഓരോരുത്തരും പ്രബോധകരാകാൻ ആഗ്രഹിച്ചുപോയി.

പിന്നീട് ഞാൻ ദമസ്കസ് യൂനിവേഴ്സിറ്റിയിലെ ശരീഅത്ത് കോളേജിൽ അധ്യാപകനായി ജോലിചെയ്യുമ്പോൾ ചിലയിടങ്ങളിൽ പ്രഭാഷണങ്ങൾ ചെയ്യാൻ വേണ്ടി അദ്ദേഹത്തെ യൂനിവേഴ്സിറ്റി ക്ഷണിച്ചപ്പോഴായിരുന്നു രണ്ടാമത്തെ കൂടിക്കാഴ്ച.

ശൈഖിന്റെ വ്യക്തിത്വം അറിയുമായിരുന്ന യൂനിവേഴ്സിറ്റിമേധാവികൾ സൗകര്യപ്രദമായ താമസസ്ഥലമാണ് ഒരുക്കിയിരുന്നത്. എന്നാൽ എല്ലാവരെയും ആശ്ചര്യപ്പെടുത്തിക്കൊണ്ട് ഹൽബൂനി പ്രവിശ്യയിലെ ഒരു കൊച്ചു മസ്ജിദിൽ താമസിക്കാനാണ് അദ്ദേഹം ഇഷ്ടപ്പെട്ടത്. അല്ലാഹുവിന്റെ മാർഗത്തിലേക്ക് നാക്ക്കൊണ്ട് ക്ഷണിക്കാൻ വേണ്ടി ആത്മാവ് സജ്ജമാക്കാനായിരുന്നു അത്.

ആത്മീയസജ്ജീകരണവും അല്ലാഹുവുമായുള്ള ഖൽവത്തും (ഒഴിഞ്ഞിരിക്കൽ) പ്രബോധനത്തിന്ന് ആവശ്യമാണ്. പ്രബോധനത്തിന്റെ പ്രതിഫലനം ഹൃദയത്തിലും ആത്മാവിലുമായതിനാൽ അതു വരേണ്ടത് ഹൃദയത്തിൽ നിന്നും ആത്മാവിൽനിന്നുമാണ്. അബുൽഹസൻ നദ്‌വിയുടെ പ്രബോധനം ഇത്തരത്തിലുള്ളതായിരുന്നു. തന്റെ പ്രബോധനദൗത്യത്തിന് പ്രതിഫലനം കാണാൻ വേണ്ടി മാത്രം സ്വുബ്ഹിന്റെ മുമ്പ് പത്ത് ജുസ്അ്

ഖുർആൻ പാരായണം ചെയ്തിരുന്ന ശൈഖ് അലി അദ്ഖർ എന്ന സിറിയൻപണ്ഡിതനെ ഞാൻ ഈ അവസരത്തിൽ ഓർത്തുപോയി.

ശൈഖ് നദ്‌വിയുടെ പ്രഭാഷണം നാക്കിൽനിന്ന് മാത്രമായിരുന്നില്ല. അദ്ദേഹത്തിന്റെ പ്രോജ്ജ്വലിക്കുന്ന ആത്മാവായിരുന്നു സിറിയൻയൂനിവേഴ്സിറ്റിയുടെ കോൺഫറൻസ് ഹാളിൽ മുഴുവൻ നിറഞ്ഞുനിന്നിരുന്നത്. ആത്മീയവും വൈജ്ഞാനികവുമായ ആ പ്രഭാഷണങ്ങൾ റിക്കാർഡ് ചെയ്യുകയും ഗ്രന്ഥാവിഷ്കാരം നൽകി ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും വിതരണം ചെയ്യുകയുമുണ്ടായി.

നിശ്ചയിക്കപ്പെട്ട പ്രഭാഷണങ്ങൾ നിർവഹിച്ചശേഷം ശൈഖ് ദമസ്കസിൽനിന്ന് മടങ്ങാൻ തയാറായിക്കൊണ്ടിരിക്കുമ്പോൾ പ്രഭാഷകർക്ക് പതിവനുസരിച്ച് യൂനിവേഴ്സിറ്റി നൽകാറുണ്ടായിരുന്ന പാരിതോഷികം ശൈഖ് സ്വീകരിച്ചില്ല. ഗവൺമെന്റ് ഡിപ്പാർട്ട്മെന്റിൽനിന്ന് ഏതെങ്കിലും കാര്യത്തിന് നീക്കിവെച്ച തുക പിന്നീട് ഒരു കാരണവശാലും തിരിച്ചെടുക്കുന്നതല്ലെന്ന് ഞങ്ങൾ ശൈഖ് അവർകളെ അറിയിച്ചെങ്കിലും ഫലമുണ്ടായില്ല. അദ്ദേഹം പാരിതോഷികം സ്വീകരിക്കില്ലെന്ന നിലപാടിൽ ഉറച്ചുനിന്നു. എങ്കിൽ ദരിദ്രരായ യൂനിവേഴ്സിറ്റി വിദ്യാർഥിക്ൾക്ക് ആ പാരിതോഷികത്തുക വിതരണം ചെയ്യാം എന്ന ഒരു സുഹൃത്തിന്റെ അഭിപ്രായമാണ് അവസാനം പ്രതിസന്ധി പരിഹരിച്ചത്.(1)

വൈജ്ഞാനിക കോണിലൂടെ ശൈഖ് നദ്‌വിയെ നോക്കിക്കാണുന്നവർക്ക് പാണ്ഡിത്യത്തിന്റെ കൊടുമുടിയായും പ്രബോധനകോണിലൂടെ വീക്ഷിക്കുന്നവർക്ക് പ്രബോധകരുടെ നായകനായും ഇഖ്‌ലാസിന്റെ വീഥിയിലൂടെ നോക്കുന്നവർക്ക് ഇഖ്‌ലാ

---

1. ദീനീപ്രവർത്തനത്തിന് പ്രതിഫലം പറ്റാതിരിക്കുക ശൈഖിന്റെ കുടുംബത്തെ ഒന്നടങ്കം ആവരണം ചെയ്ത പ്രത്യേകതയാണ്. ശൈഖിന്റെ സഹോദര പൗത്രൻ മൗലാനാ അബ്ദുല്ലാ മുഹമ്മദ് ഹസനി നദ്‌വി 1997-ൽ കേരളം സന്ദർശിച്ചപ്പോൾ വയനാട് മുസ്‌ലിം യതീംഖാനയിൽനിന്ന് അദ്ദേഹത്തിന് നൽകിയ ഉപഹാരം സ്വീകരിക്കാൻ വിസമ്മതിക്കുകയായിരുന്നു. ഉപഹാരം തിരസ്കരിക്കുന്നത് ഓർഫനേജ് പ്രവർത്തകരെ വളരെ ദുഃഖിതരാക്കുന്നതിനാൽ സ്വീകരിക്കാൻ ദയവുണ്ടാകണമെന്ന് കൂടെയുണ്ടായിരുന്ന ഈ കുറിപ്പുകാരൻ ആവശ്യപ്പെട്ടിട്ടും ഫലമുണ്ടായില്ല. അവസാനം തന്റെ യാത്രക്കിടയിൽ ഏതെങ്കിലും സ്ഥാപനത്തിലെ വിദ്യാർഥികൾക്ക് വിതരണം ചെയ്യാൻ സമ്മതിക്കുകയാണെങ്കിൽ മാത്രം സ്വീകരിക്കാമെന്നായി മൗലാന. അങ്ങനെ അത് സമ്മതിച്ചുകൊണ്ട് പ്രശ്നം പരിഹരിക്കുകയുണ്ടായി.

www.abulhasanalinadwi.org

സിന്റെ മൂർത്തീരൂപമായും ഭൗതികവിരക്തിയുടെയും പാരത്രികശ്രദ്ധയുടേയും രംഗത്ത് ഏറ്റവും ഉത്തമ ഉദാഹരണമായും അദ്ദേഹത്തെ കാണാൻ കഴിയുന്നു. എല്ലാ അർഥത്തിലും അനുകരണീയനായ ഒരു ഇമാമായിരുന്നു ശൈഖ് നദ്‌വി സാഹിബ്. (1)

*ഡോ: മുസ്ത്വഫാ സഊദ് ഖന്ന*

*(മുൻ പ്രഫസർ: ദമസ്കസ് യൂനിവേഴ്സിറ്റി)*

1. സയ്യിദ് അബ്ദുൽമാജിദ് ലുഗവി എഴുതിയ അബുൽഹസൻ അലി നദ്‌വി എന്ന പുസ്തകത്തിന്റെ ആമുഖത്തിൽ നിന്ന്.

www.abulhasanalinadwi.org

# അദ്വിതീയൻ

പ്രവാചകപാതയിലൂടെ സദാ സഞ്ചരിക്കുകയും ഖുർആനും സുന്നത്തും വരച്ചുതന്ന നിയമങ്ങളിലൂടെ ജീവിക്കുകയും ചെയ്ത സമകാലിക ലോകത്തിലെ ഏറ്റവും വലിയ ഇസ്‌ലാമിക പ്രബോധകനായിരുന്നു ശൈഖ് നദ്‌വി സാഹിബ്. ചിന്ത, പ്രബോധനം, സാഹിത്യം, രചന തുടങ്ങിയ മേഖലകളിൽ തിളങ്ങി നിന്ന മഹാ വ്യക്തിത്വമായിരുന്ന നദ്‌വിയുടെ ശൈലിയോട് അടുത്തെത്താൻ സമകാലികരായ പണ്ഡിതർക്കും നേതാക്കൾക്കും കഴിഞ്ഞിട്ടില്ല. അറബ്-ഇസ്‌ലാമിക സാംസ്കാരിക മേഖലകളിൽ അഗാധജ്ഞാനവും സൂക്ഷ്മ പഠനവുമുള്ള അദ്ദേഹത്തിന്റെ മാസ്മരികതൂലികകൊണ്ട് ഇസ്‌ലാമിക ഗ്രന്ഥപ്പുരക്ക് കൂടുതൽ അലങ്കാരവും അംഗീകാരവും കൈവന്നു. (1)

**ഡോ: അഹ്‌മദ് കഫ്താർ**
*(ഗ്രാന്റ് മുഫ്തി, സിറിയ)*

1. അൽ ബഅ്സുൽ ഇസ്‌ലാമി 2000 ഏപ്രിൽ, മെയ്, ജൂൺ

www.abulhasanalinadwi.org

# ഇമാം റബ്ബാനി

പഠിക്കുകയും അതനുസരിച്ച് ജീവിക്കുകയും അത് പഠിപ്പിക്കുകയും ചെയ്യുന്നവനാണ് "റബ്ബാനി" എന്ന് മുൻകാലപണ്ഡിതർ ഐക്യകണ്ഠേന അഭിപ്രായപ്പെട്ടിട്ടുണ്ട്. പഠിച്ച കാര്യങ്ങൾ കർമത്തിൽ കൊണ്ടുവരാത്തവൻ റബ്ബാനിയല്ല; അവന്റെ വിജ്ഞാനം അവനിൽ വിപരീതഫലമാണ് ഉളവാക്കുക. പ്രവാചകൻ (സ)അല്ലാഹുവോട് അഭയം തേടിയ ഉപയോഗശൂന്യമായ വിജ്ഞാനത്തിൽപെട്ടതാണവ. പഠിക്കുകയും അതനുസരിച്ച് ജീവിക്കുകയും എന്നിട്ട് മറ്റുള്ളവർക്ക് അറിവ് പകരാതിരിക്കുകയും ചെയ്യുന്നവൻ റബ്ബാനിയല്ല. അല്ലാഹു റബ്ബാനികളെ വിശേഷിപ്പിച്ചത് ഇപ്രകാരമാണെന്നതാണതിനു കാരണം:

"എന്നാൽ ഗ്രന്ഥം പഠിക്കുകയും അതിലുള്ളവ പഠിപ്പിക്കുകയും ചെയ്യുന്നത് മുഖേന നിങ്ങൾ റബ്ബാനികളാവുക"

"പഠിക്കുകയും അതനുസരിച്ച് ജീവിക്കുകയും മറ്റുള്ളവർക്ക് അറിവ് പകരുകയും ചെയ്യുന്നവരാണ് യഥാർഥ റബ്ബാനികളും ആകാശലോകങ്ങളിൽ മഹത്വം പ്രഘോഷിക്കപ്പെടുന്നവരും."

"അല്ലാഹുവിലേക്ക് ക്ഷണിക്കുകയും സൽക്കർമങ്ങൾ അനുഷ്ഠിക്കുകയും ഞാൻ മുസ്ലിമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നവരുടെ വാക്കിനേക്കാൾ ഉന്നതമായി മറ്റെന്തുണ്ട്?"

തസ്കിയത്തിനാണ് ശൈഖ് നദ്‌വി "റബ്ബാനിയ്യ" എന്ന് പ്രയോഗിക്കുന്നത്. ഖുർആൻ വളരെ ഗൗരവപൂർവം പരിഗണിക്കുകയും പ്രവാചകൻ(സ) ഒരു അടിസ്ഥാന ശാഖയായി കാണുകയും ചെയ്തതാണ് തസ്കിയത്ത്. "അല്ലാഹുവിനെ നീ കാണുന്ന വിധത്തിൽ വണങ്ങുക. നീ അവനെ കാണുന്നില്ലെങ്കിലും അവൻ നിന്നെ കാണുന്നുണ്ട്" എന്ന് നബി(സ) വിശദീകരിച്ച 'ഇഹ്സാനും' ഇതേ അർഥത്തിലുള്ളതാണ്.

"റബ്ബാനിയ്യ: ലാ റഹ്ബാനിയ്യ" എന്ന തന്റെ സുപ്രസിദ്ധ ഗ്രന്ഥത്തിൽ അദ്ദേഹം അത് വിശദീകരിച്ചിട്ടുണ്ട്.

www.abulhasanalinadwi.org

## ഇസ്‌ലാമി

ഇസ്‌ലാം ശൈഖിന്റെ മജ്ജയും മാംസവുമായിരുന്നു. തുടക്കവും ഒടുക്കവും ആദ്യവും അവസാനവുമെല്ലാം അദ്ദേഹത്തിന് ഇസ്‌ലാം തന്നെ. തന്റെ സമ്പാദ്യവും പ്രയത്നങ്ങളും സേവനങ്ങളും അതിനുവേണ്ടി അദ്ദേഹം വിനിയോഗിച്ചു. മഹാന്റെ രചനയും പ്രഭാഷണവും പ്രബന്ധങ്ങളും അധ്യാപനവും സ്നേഹവും വിരോധവും ഇസ്‌ലാമിക പാതയിലായിരുന്നു. പകലിലെ ജോലിയും രാത്രിയിലെ സ്വപ്നവും ഒഴിവുവേളകളിലെ വിനോദവും അദ്ദേഹത്തിന് ഇസ്‌ലാമികമായിരുന്നു. ബുദ്ധിയും ഹൃദയവും നിയോഗവും സംസ്കാരവും സന്ദേശവും ഉറക്കും ഉണർവും സാമൂഹികപ്രശ്നങ്ങളും ശത്രുവിന്റെ അക്രമണവും എന്നു വേണ്ട എല്ലാം ഇസ്‌ലാമായിരുന്നു. ബാഹ്യമായ എതിർപ്പുകളെ ചെറുക്കാൻ വ്യക്തികളുടെ ആന്തരികസംസ്കരണമായിരുന്നു ശൈഖ് ഏറ്റവും മുഖ്യമായി കണ്ടത്. സാമൂഹികനിർമാണത്തിന്റെ അടിസ്ഥാനശില വ്യക്തിയാണല്ലോ.

## ഖുർആനി

ശൈഖ് നദ്‌വിയുടെ ഒന്നാമത്തെ അടിസ്ഥാനവും അവലംബവും ആശ്രയവും വിശുദ്ധ ഖുർആനായിരുന്നു. അദ്ദേഹത്തിന് ആരാധനയും ആസ്വാദനവുമാണ് ഖുർആൻപാരായണം. ഖുർആൻ ആശയങ്ങൾ ചിന്തിച്ചും വാക്യങ്ങളോട് ഇണങ്ങിച്ചേർന്നുമാണ് മഹാൻ ജീവിച്ചത്. ഖുർആനിലെ മുത്തുകളും പവിഴങ്ങളും തപ്പിയെടുത്തായിരുന്നു നദ്‌വി ഗ്രന്ഥങ്ങളും പ്രഭാഷണങ്ങളും തയാറാക്കിയിരുന്നത്. ശൈഖിന്റെ പ്രഭാഷണങ്ങൾ ശ്രവിച്ചവരും ഗ്രന്ഥങ്ങൾ വായിച്ചവരും അദ്ദേഹം ഖുർആനികവ്യക്തിത്വമാണെന്ന സത്യം അംഗീകരിക്കാതിരിക്കില്ല.

## മുഹമ്മദി

റസൂലി(സ)ന്റെ സന്താനപരമ്പരയിൽ പിറന്ന ഏതെങ്കിലും ഒരു കണ്ണിയായോ ഹാശിമി, ഹസനി കുടുംബത്തിലെ കേവലം

www.abulhasanalinadwi.org

ഒരു അംഗമായോ അല്ല ഞാൻ അദ്ദേഹത്തെ കാണുന്നത്. പ്രപിതാക്കളിൽനിന്ന് വിഭിന്നരായി ജീവിക്കുന്ന എത്രയെത്ര ഹസനിമാരും ഹുസൈനിമാരും ഇവിടെയുണ്ട്?

ജീവിതത്തിലുടനീളം റസൂൽ കരീം(സ)യെ മാതൃകയാക്കുകയും ആരാധനയിലും ഭൗതികവിരക്തിയിലും ഐഹികലോകത്തിന്റെ അഴകും ആഡംബരവും വർജിക്കുന്ന കാര്യത്തിലും മറ്റെല്ലാ ജീവിതപാതയിലും നബിചര്യയെ പ്രകാശപൂരിതമാക്കിയ വ്യക്തിത്വമാണ് അദ്ദേഹം. മുൻ തലമുറയിലുള്ളവരുടെ മാതൃക പിൻതലമുറയിൽ ജീവിച്ചു കാണിച്ചുതന്ന ആ മഹാൻ നമ്മെപ്പോലുള്ളവർ പരിഗണിക്കാറുള്ള സമ്പത്ത്, മെത്ത, ആഡംബരം തുടങ്ങിയവ അവഗണിച്ചു. കാണുന്നവർക്ക് സൽമാനുൽ ഫാരിസി (റ)യായോ അബുദ്ദർദാഅ്(റ)ആയോ ആയിരിക്കും അദ്ദേഹത്തെ അനുഭവപ്പെടുക.

മുസ്ത്വഫാ ഹബീബി (സ)നെ അധികരിച്ചുള്ള അദ്ദേഹത്തിന്റെ വാക്കുകൾ ഒരു വിദ്യാർഥിയുടെയോ ഗവേഷകന്റെയോ വാക്കുകൾ മാത്രമല്ല, പ്രത്യുത അനുരാഗബദ്ധനായൊരു സ്നേഹിയുടെയും പ്രവാചകന്റെ മഹാവ്യക്തിത്വത്തിൽ അത്യധികം ആകൃഷ്ടനായൊരു നിഷ്കളങ്കന്റെയും വചസ്സുകളാണ്. അദ്ദേഹത്തിന്റെ അമൂല്യ ഗ്രന്ഥമായ "സീറത്തുന്നബവിയ്യ"യിൽ മാത്രമല്ല ഈ പ്രത്യേകതയുള്ളത്. എല്ലാ എഴുത്തുകളിലും പ്രഭാഷണങ്ങളിലും സംസാരങ്ങളിലും തദൈവ. പ്രവാചകചരിത്രങ്ങളിലുള്ള അദ്ദേഹത്തിന്റെ അവഗാഹത്തിന്റെയും അതിനോടുള്ള അഭിനിവേശത്തിന്റെയും മാനവരാശിക്ക് മുഴുക്കെ അല്ലാഹു വിഭജിച്ചുനൽകിയ സമ്പൂർണതയുടെ കേന്ദ്രമാണ് തിരുനബി (സ)യെന്ന അദ്ദേഹത്തിന്റെ തിരിച്ചറിവിന്റെയും ഫലമാണിതെല്ലാം.

## വിശ്വദാർശനികൻ

ശൈഖിന്റെ ചലനങ്ങളെ വീക്ഷിക്കുന്ന ഏതൊരാൾക്കും അദ്ദേഹത്തിന്റെ വിശ്വദർശനം ബോധ്യപ്പെടും. അല്ലാമാ നദ്‌വിയുടെ ജനനം, വളർച്ച, പഠനം എന്നിവ ഇന്ത്യയിലാണെങ്കിലും ചിന്തയും ദർശനവും പ്രബോധനവും വിശ്വമാനമാണ്.

www.abulhasanalinadwi.org

ഇന്ത്യൻമുസ്‌ലിംകളുടെ പ്രശ്നങ്ങളിൽ പ്രത്യേക ശ്രദ്ധയുണ്ടായിരിക്കുമ്പോൾതന്നെ അദ്ദേഹത്തിന്റെ ചലനങ്ങൾ ലോകം മുഴുക്കെ നിറഞ്ഞു നിന്നു. ഇന്ത്യാഗവൺമെന്റ് മുസ്‌ലിം വ്യക്തി നിയമങ്ങൾക്കെതിരെ തിരിഞ്ഞപ്പോൾ അതിനെതിരിൽ ഇന്ത്യ മുഴുവൻ മുഴങ്ങിക്കേട്ട പ്രതിഷേധത്തിന്റെ അലയൊലികൾക്ക് അദ്ദേഹം നേതൃത്വം നൽകിയത് ഏറ്റവും ശ്രദ്ധേയമാണ്. ഇന്ത്യയിൽ അദ്ദേഹത്തിനുള്ള പ്രശസ്തിയിൽനിന്ന് അൽപം പോലും കുറവല്ല, അറേബ്യൻരാജ്യങ്ങളിലുള്ള പേരും പെരുമയും. റാബിത്വ നിർവാഹക സമിതി, ഇന്റർനാഷ്നൽ മസ്ജിദ് കൗൺസിൽ, റാബിത്വയുടെ ഫിഖ്ഹ് കൗൺസിൽ, ജോർദാനിലെ ഇസ്‌ലാമിക നാഗരികതയെ സംബന്ധിച്ച കിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ദമസ്കസിലെ മജ്മഉൽ ഇൽമി തുടങ്ങിയ സ്ഥാപനങ്ങളിൽ അംഗമായ അദ്ദേഹം ഓക്സ്ഫോർഡ് യൂനിവേഴ്സിറ്റിയിലെ ഇസ്‌ലാമിക് ചെയറിന്റെ സ്ഥാപക ചെയർമാനും യൂനിവേഴ്സൽ ലീഗ് ഓഫ് ഇസ്‌ലാമിക് ലിറ്ററേച്ചറിന്റെ സ്ഥാപകനും ലോക മുസ്‌ലിംസാഹിത്യകാരന്മാർക്ക് സ്വന്തമായ ഒരു വേദി സമ്മാനിച്ച അതിന്റെ ചെയർമാനും കൂടിയാണ്.

ശൈഖിന്റെ പ്രഭാഷണങ്ങളുടെയും പ്രബന്ധങ്ങളുടെയും ശീർഷകങ്ങളും ഉള്ളടക്കവും ശ്രദ്ധിക്കുന്നവർക്ക് അദ്ദേഹത്തിന്റെ വിശ്വദർശനം മനസ്സിലാക്കാം. *അറബികൾക്ക് അമേരിക്കയിൽനിന്നുള്ള വർത്തമാനം, ഈജിപ്തേ കേൾക്കുക, ഇറാൻ നീ കേൾക്കുക, മരുഭൂമിയുടെ പുഷ്പമേ (കുവൈത്ത്) കേൾക്കുക* തുടങ്ങിയ അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ പ്രസിദ്ധമാണ്.

## എന്റെ സഹോദരൻ

എല്ലാ വിശ്വാസികളും പരസ്പരം സഹോദരന്മാരാണെന്ന ഖുർആൻ വാക്യവും ജ്ഞാനികളെ പരസ്പരം ബന്ധിപ്പിക്കുന്ന വൈജ്ഞാനിക സാഹോദര്യവും വിവിധ ദിക്കുകളിലെ പ്രബോധകരെ തമ്മിൽ കോർക്കുന്ന പ്രബോധനത്തിന്റെ ബന്ധവും പണ്ഡിതന്മാർക്കിടയിലെ ഭിന്നിപ്പ്, ശത്രുപാളയത്തിലെ ഐക്യം, ശത്രുനിരയുടെ ശക്തി, പ്രതിരോധനിരയുടെ ക്ഷയം, ഭരണാധിപരുടെ തോന്നിവാസങ്ങൾ, ഭരണീയരുടെ അശ്രദ്ധ, സമ്പന്നരുടെ

www.abulhasanalinadwi.org

അമിതവ്യയം, അണികളെ അടിസ്ഥാനവിഷയങ്ങളിൽനിന്ന് അകറ്റി ശാഖാപരമായ ഭിന്നിപ്പുകളിൽ തളച്ചിടുന്ന പ്രബോധകർ, യാഥാർഥ്യം വിട്ട് രൂപങ്ങളിലും ഹൃദയത്തെ ഒഴിവാക്കി കർമങ്ങളിലും കേന്ദ്രീകരിക്കുന്ന ഇസ്‌ലാമികപ്രവർത്തകർ തുടങ്ങിയ സാമൂഹികദുഃഖങ്ങളും ഞങ്ങളെ വീണ്ടും വീണ്ടും സഹോദരന്മാരാക്കി.

## എന്റെ ശൈഖ്

ഞാൻ ശൈഖിന്റെ ഗ്രന്ഥങ്ങൾ പഠിക്കുകവഴി അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിക്കുകയും അവ പ്രയോജനപ്പെടുത്തുകയും അവയിൽനിന്ന് എന്റെ ഗ്രന്ഥങ്ങളിൽ ഉദ്ധരിക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ ഓരോ ഗ്രന്ഥവും പ്രത്യേക അഭിരുചിയും ചിന്തയും ഉൾക്കൊള്ളുന്നതാണ്. ശൈഖിന്റെ ഗ്രന്ഥങ്ങൾ പ്രയോജനപ്പെടുത്തുകയും അവയിൽനിന്ന് ഉദ്ധരിക്കുകയും ചെയ്യാത്ത ഒരു സമകാലിക പണ്ഡിതനെയും ചിന്തകനെയും ഞാൻ കണ്ടിട്ടില്ല. ശഹീദ് സയ്യിദ് ഖുത്വ്ബ്, സുപ്രസിദ്ധ പ്രബോധകൻ മുഹമ്മദുൽ ഗസ്സാലി, പ്രസിദ്ധ സാഹിത്യകാരനും പണ്ഡിതനുമായ അലിത്വൻത്വാവി തുടങ്ങിയവരെല്ലാം ഈ ഗണത്തിൽപെടുന്നു. എന്നാൽ, എനിക്ക് നേരിട്ട് തന്നെ കണ്ടും കേട്ടും അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിക്കാൻ അവസരം ലഭിച്ചിട്ടുണ്ട്. 1951-ൽ ഈജിപ്തിൽ വെച്ചായിരുന്നത്. അതിനു ശേഷം ഞാൻ അദ്ദേഹത്തെ കാണുമ്പോഴെല്ലാം എനിക്ക് ഉന്നതമായ ഒരു മാതൃക അദ്ദേഹത്തിൽ കാണാൻ കഴിഞ്ഞിട്ടുണ്ട്. ചലനാവസ്ഥയിലും നിശ്ചലാവസ്ഥയിലും സംസാരത്തിലും നിശ്ശബ്ദാവസ്ഥയിലും അദ്ദേഹത്തിൽ മാതൃകയുണ്ടായിരുന്നു.

ഞാൻ ഒരു സംഭവം ഓർക്കുന്നു. ഏകദേശം മുപ്പത് വർഷങ്ങൾക്കു മുമ്പ് ശൈഖ് ഖത്തറിൽ ഞങ്ങളെ സന്ദർശിച്ചപ്പോൾ "ദാറുൽ ഉലൂം നദ്‌വത്തുൽ ഉലമ" സാമ്പത്തികമായി വലിയ പ്രാരാബ്ധത്തിലായിരുന്നു. പ്രശ്നപരിഹാരത്തിന് ചില ധനികരെ സന്ദർശിച്ച് സഹായാഭ്യർഥന നടത്താൻ ചിലർ ശൈഖിനെ പ്രേരിപ്പിച്ചു. എന്നാൽ അദ്ദേഹം അതിന് വിസമ്മതിച്ചു. ഞങ്ങൾ കാരണം ആരാഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു : 'അവർ രോഗികളാണ്, അവരുടെ രോഗം ഭൗതികപ്രേമമാണ്.

www.abulhasanalinadwi.org

എന്നാൽ നാമാണെങ്കിൽ അവരുടെ രോഗം ചികിത്സിക്കേണ്ട ഡോക്ടർമാരാണ്. ഒരു ഡോക്ടർക്ക് തന്റെ രോഗിയുടെ മുമ്പി ലേക്ക് കൈനീട്ടിച്ചെന്നശേഷം അയാളെ ചികിത്സിക്കുന്നതിനു വേണ്ടി സമീപിക്കാൻ എങ്ങനെ കഴിയും?' ഞങ്ങൾ പറഞ്ഞു: 'താങ്കൾ സ്വന്തം ആവശ്യത്തിന് വേണ്ടിയല്ലല്ലോ സംഭാവന ചോദി ക്കുന്നത്. ദാറുൽ ഉലൂമിന്നും അതിലെ അധ്യാപക വിദ്യാർഥി കൾക്കും വേണ്ടിയാണല്ലോ?' അതിന് അദ്ദേഹം പറഞ്ഞ മറുപടി ഇപ്രകാരമായിരുന്നു: 'ആളുകൾ ആർക്ക് വേണ്ടി ചോദിക്കുന്നു എന്നല്ല നോക്കുന്നത്. ചോദിക്കുന്നവനിലേക്കും വാങ്ങുന്നവനി ലേക്കുമാണ്.' 'റമദാനിലായിരുന്നു ഈ സംഭവം ഞങ്ങൾ പറ ഞ്ഞു : 'എന്നാൽ അവസാനത്തെ പത്ത് വരെ നിങ്ങൾ ഞങ്ങളോ ടൊപ്പം കഴിയുക. എങ്കിൽ സംഭാവന ചോദിക്കുന്ന ദൗത്യം ഞങ്ങൾ ഏറ്റെടുത്തുകൊള്ളാം' അപ്പോൾ അദ്ദേഹം പറഞ്ഞു: അവ സാനത്തെ പത്തിൽ എനിക്ക് ചില പരിപാടികളുണ്ട്. ഒരു കാര ണവശാലും അതിന് ഭംഗം വരുത്തുന്നത് എനിക്ക് ഇഷ്ടമല്ല. എന്റെ മനസ്സ് അല്ലാഹുവിനോടൊപ്പം മാത്രം കഴിയുന്ന സമയമാ ണത്'. അല്ലാഹുവുമായി ഒരു പ്രത്യേക അവസ്ഥയിൽ കഴിയുന്ന മനുഷ്യനാണ് അദ്ദേഹമെന്ന് മനസ്സിലാക്കിയതിനാൽ ഞങ്ങൾ അദ്ദേഹത്തിന്റെ താൽപര്യപ്രകാരം കാര്യങ്ങൾ വിട്ടുകൊടുത്തു.

## എന്റെ സ്നേഹിതൻ

ഞാൻ അദ്ദേഹത്തെ സ്നേഹിക്കുന്നു; അല്ലാഹുവിന്റെ മാർഗത്തിലുള്ള സ്നേഹം. അദ്ദേഹത്തിന്റെ ഏകാന്തതയും ഇഖ്‌ലാസും തഖ്‌വയും റബ്ബാനീജീവിതവും ദൃഢവിശ്വാസവും തവക്കുലും ഭക്ഷണരീതിയും മിതത്വവീക്ഷണവും ആചാര മാമൂ ലുകളിൽനിന്ന് മുക്തമായ ചിന്തയും ശിർക്കുകളിൽനിന്ന് സുര ക്ഷിതമായ വിശ്വാസവും ബിദ്അത്തുകൾ തൊട്ടുതീണ്ടാത്ത ആരാ ധനകളും വിശുദ്ധ ഹൃദയവും ആക്ഷേപങ്ങളോ പഴിചാരലുകളോ സ്പർശിക്കാത്ത ഭാഷയും പാർശ്വപ്രശ്നങ്ങൾ വിട്ട് മർമപ്രധാ നമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന സമീപനവും ലളിതജീവിതവും സൽസ്വഭാവവും കാരണമാണ് ഞാൻ അദ്ദേ ഹത്തെ സ്നേഹിതനാക്കിയത്.

www.abulhasanalinadwi.org

ഞാൻ മാത്രമല്ല ഈ മഹാനായ ശൈഖിനെ സ്നേഹിതനാക്കുന്നത്. അദ്ദേഹത്തെ അറിഞ്ഞവരും അദ്ദേഹത്തോട് അടുത്തവരും അവരുടെ അറിവിന്റെയും അടുപ്പത്തിന്റെയും തോതനുസരിച്ച് അദ്ദേഹത്തെ സ്നേഹിക്കുന്നവരാണ്. പല പണ്ഡിതന്മാരെ സംബന്ധിച്ചും വ്യതിരിക്ത അഭിപ്രായം വെച്ചുപുലർത്തുന്നവരും വ്യത്യസ്ത സംഘടനക്കാരും പ്രസ്ഥാനക്കാരും ശൈഖ് അബുൽ ഹസൻ അലിനദ്‌വിയെ സംബന്ധിച്ച് ഏകാഭിപ്രായക്കാരാണ്.

തങ്ങളുടെ വേദികളിലും സദസ്സുകളിലും അവർ ശൈഖിനെ തെരഞ്ഞെടുക്കുന്നു. മറ്റാരിലും ദർശിക്കാത്ത ചില പ്രത്യേകതകളെക്കൊണ്ട് അല്ലാഹു അദ്ദേഹത്തെ ആദരിച്ചതു കൊണ്ടാണത് (അല്ലാഹു അവന്റെ കാരുണ്യം അവൻ ഉദ്ദേശിച്ചവർക്ക് പ്രത്യേകമായി നൽകുന്നതാണ്. അവൻ ഉന്നതനും ഉദാരനുമാണ്.)

നാൽപത്തിനാല് വർഷങ്ങളായി എനിക്ക് ശൈഖിനെ പരിചയമുണ്ട്. അദ്ദേഹം ആദ്യമായി ഈജിപ്തിലെത്തിയത് 1951 -ലാണ്. ഞാൻ അന്ന് അൽ അസ്ഹർ യൂനിവേഴ്സിറ്റിയിലെ വിദ്യാർഥിയായിരുന്നു. ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ ചലനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുണ്ടായിരുന്നു. എന്റെ ഗ്രാമത്തിനരികിലുള്ള മസ്ജിദിൽ എനിക്ക് വെള്ളിയാഴ്ച ഖുത്‌ബയുണ്ട്. ഉസ്താദ് അഹ്‌മദ് അമീന്റെ പബ്ലിക്കേഷൻ വിഭാഗം പ്രസിദ്ധീകരിച്ച "മാദാഖസിറ" ഞാൻ വായിച്ചിരുന്നു. എന്നെ ആ പുസ്തകം അത്ഭുതപ്പെടുത്തുകയും അതു വായിക്കാൻ പല സുഹൃത്തുക്കളെയും ഞാൻ ഉപദേശിക്കുകയുമുണ്ടായി. എന്നാൽ അതിന്റെ കർത്താവിനെക്കുറിച്ച് ഒരിന്ത്യൻ മുസ്‌ലിം പണ്ഡിതൻ എന്നതിൽ ഉപരിയായി എനിക്ക് ഒന്നും അറിയില്ലായിരുന്നു. അഹ്‌മദ് അമീൻ പുസ്തകത്തിന് അവതാരിക എഴുതിയിരുന്നെങ്കിലും അത് ഗ്രന്ഥകാരനെക്കുറിച്ച് സമ്പൂർണ വിവരം നൽകുന്നതായിരുന്നില്ല. എന്നിരുന്നാലും പുസ്തകം ഇസ്‌ലാമികചരിത്രത്തിലേക്കുള്ള ഒരു പുതിയ കാഴ്ചപ്പാടായി. ഇസ്‌ലാമികദർപ്പണത്തിലൂടെയുള്ള ഒരു ലോകവീക്ഷണവും ചരിത്രം നന്നായി പഠിക്കുകയും അത് തന്റെ ലക്ഷ്യപ്രാപ്തിക്കു വേണ്ടി വിനിയോഗിക്കാൻ പരിചയിക്കുകയും ചെയ്ത ഒരു ചരിത്രപണ്ഡിതന്റെയും പരിഷ്കർത്താവായ പ്രബോധകന്റെയും വീക്ഷണമായിരുന്നു അത്. അദ്ദേഹത്തിന്റെ ഇംഗ്ലീഷ്പാടവവും നിരൂപണമനസ്സും സാംസ്കാരികനിലവാരവും

www.abulhasanalinadwi.org

പ്രബോധനചിന്തയും നവോത്ഥാനവീക്ഷണവും ഈ അതുല്യ പുസ്തകത്തിന്റെ മാറ്റ് കൂട്ടുന്നുണ്ട്.

ഒരു ദിവസം ഈജിപ്തിലുണ്ടായിരുന്ന ചില ഇന്ത്യൻ വിദ്യാർഥിസുഹൃത്തുക്കൾ എന്നെ സമീപിച്ചുകൊണ്ട് ചോദിച്ചു: 'താങ്കൾ അബുൽഹസൻ അലി നദ്‌വിയെ അറിയുമോ?' ഞാൻ ചോദിച്ചു. '*മാദാഖസിറയുടെ* രചയിതാവല്ലേ?', അവർ പറഞ്ഞു: ' 'അതെ', ഞാൻ വിശേഷം അന്വേഷിച്ചു. അദ്ദേഹം അടുത്ത് കയ്റോയിൽ വരുന്നുണ്ടെന്ന് അവർ അറിയിച്ചു. അദ്ദേഹം എത്തിയാൽ എന്നെ അദ്ദേഹവുമായി ബന്ധപ്പെടുത്തണമെന്ന് ഞാൻ അവരോട് അപേക്ഷിക്കുകയും ചെയ്തു. ഏതാനും ദിവസങ്ങൾക്കു ശേഷം ശൈഖ് രണ്ട് കൂട്ടുകാരോടൊപ്പം സ്ഥലത്തെത്തി. അസ്ഹറിന് സമീപത്തെ ഇടുങ്ങിയ വഴികളിലുള്ള ഒരു ചെറിയ റൂമിലാണ് അവർ താമസിച്ചത്. വലിയ ഹോട്ടലുകളിൽ താമസിക്കുന്നത് ശൈഖിന് ഇഷ്ടമായിരുന്നില്ല. റാബിത്വയുടെ കോൺഫറൻസുകൾ ഉണ്ടാകുമ്പോൾ അതിഥികൾക്ക് വേണ്ടി തയാർചെയ്യുന്ന ഫസ്റ്റ് ക്ലാസ് ഹോട്ടലുകൾ നിരസിച്ചുകൊണ്ട് ഏതെങ്കിലും സഹോദരങ്ങളുടെ കൂടെ താമസിക്കുന്നത് അദ്ദേഹത്തിന്റെ പതിവാണ്. അതുപോലെ ശുബ്ഹത്തിന്റെ മുതലും വിധേയത്വവും ഭയപ്പെട്ട് ഉന്നതന്മാരുടെയും പണക്കാരുടെയും ആതിഥേയത്വം നിരസിക്കുകയെന്നതും ശൈഖിന്റെ വിശിഷ്ട ഗുണമാണ്. തികഞ്ഞ യൗവനപ്രായത്തിലായിരുന്നു നദ്‌വി സാഹിബിന്റെ ഈ ഈജിപ്ഷ്യൻസന്ദർശനം.

ഞാനും കൂട്ടുകാരും അദ്ദേഹത്തെ ചെന്നുകണ്ടു. ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ പ്രവർത്തകരെ അഭിസംബോധന ചെയ്യാൻ ഞങ്ങളുടെ താമസസ്ഥലത്തേക്ക് ക്ഷണിക്കുകയുണ്ടായി. ക്ഷണം സ്വീകരിച്ച അദ്ദേഹം ആവേശത്തോടെ ഇഖ്‌വാനികളെ അഭിസംബോധന ചെയ്യുകയും ശൈഖ് ഹസനുൽബന്നായെ സംബന്ധിച്ചും അദ്ദേഹത്തിന്റെ പ്രബോധനപ്രവർത്തനങ്ങളെ സംബന്ധിച്ചും ചോദിച്ചറിയുകയും ചെയ്തു. മതവിധികൾ ചോദിക്കപ്പെടുന്ന കേവലം ഒരു നേതാവ് മാത്രമായിരുന്നില്ല അദ്ദേഹം. ഒരു യഥാർഥ റബ്ബാനീ ഇമാമും ഇസ്‌ലാമിനെക്കുറിച്ച് വിശാലമായി മനസ്സിലാക്കിയ അല്ലാമയും ദൃഢവിശ്വാസികളായ ഒരു തലമുറയെ വാർത്തെടുത്ത മുറബ്ബിയുമായിരുന്നു അവിടുന്ന്. ശൈഖ് അഹ്മദ് ഗസ്സാലും സഹോദരൻ ദവർദാശും ഉൾപ്പെടെയുള്ള ഇസ്‌ലാമിക

www.abulhasanalinadwi.org

പ്രബോധകരായ ഞങ്ങൾക്ക് ശൈഖിന്റെ ഈജിപ്ഷ്യൻവാസ കാലം ഒരനുഗ്രഹവും പ്രയോജനപ്രദവുമായിരുന്നു. അദ്ദേഹത്തിന്റെ പൊതുപ്രഭാഷണങ്ങളോ പ്രത്യേക ക്ലാസ്സുകളോ അഭിമുഖമോ ഇല്ലാത്ത ദിവസം ഇല്ലായിരുന്നു.(1)

**ഡോ: യൂസുഫുൽ ഖറദാവി**
*(പ്രമുഖ ആധുനിക മുസ്‌ലിം പണ്ഡിതൻ)(2)*

1. അർറാഇദ് ദ്വൈവാരിക 1420 റമദാൻ, ശവ്വാൽ, ദുൽഖഅ്ദ്
2. ദുബൈ ഗവൺമെന്റിന്റെ ഇന്റർനാഷ്നൽ ഇസ്‌ലാമിക് പേഴ്സനാലിറ്റി അവാർഡിന് 2000 -ത്തിൽ ഇദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു.

www.abulhasanalinadwi.org

# അന്ത്യനിമിഷങ്ങൾ

1420 റമദാൻ 22-ന് വെള്ളിയാഴ്ച ഉച്ചയോട് അടുത്ത സമയം. ലോക മുസ്‌ലിംകൾ ജുമുഅക്കു വേണ്ടി തയാറായിക്കൊണ്ടിരിക്കുകയാണ്. നദ്‌വയിലെ പള്ളിയിൽ ബാങ്ക് മുഴങ്ങിക്കഴിഞ്ഞു. അന്നേരം ടെലിഫോൺ ശബ്ദിക്കുന്നു. റസീവർ എടുത്തപ്പോൾ ഞങ്ങളുടെ നായകനായ ഹസ്റത്ത് മൗലാനാ സയ്യിദ് അബുൽഹസൻ അലി നദ്‌വി ഇഹലോകവാസം വെടിഞ്ഞ വാർത്തയണ് കേട്ടത്. ഞങ്ങളെല്ലാം പരിഭ്രമിക്കുകയും ദുഃഖഭാരം താങ്ങാനാവാതെ വിങ്ങിപ്പൊട്ടുകയും ചെയ്തു. രണ്ട് ദിവസങ്ങൾക്ക് മുമ്പ് വളരെ ഉന്മേഷവാനായ അവസ്ഥയിൽ അദ്ദേഹത്തെ ഞങ്ങൾ നദ്‌വയിൽനിന്ന് യാത്രയയച്ചതായിരുന്നു. ക്ഷീണത്തിന്റെ അടയാളങ്ങളൊന്നും അദ്ദേഹത്തിൽഅന്ന് പ്രകടമായിരുന്നില്ല. തകിയാകലാനിലെ 'ദാറത്ത് ശൈഖ് അലമുല്ല'യിൽ എത്തിയ ശേഷം അദ്ദേഹത്തിന്റെ ആരോഗ്യനില വഷളായത് ഞങ്ങൾ അറിഞ്ഞിരുന്നുമില്ല. പിന്നെ എന്താണ് സംഭവിച്ചതെന്നോ? അല്ലാഹുവിന്റെ അവധി എത്തിയാൽ പിന്നെ ഒരു നിമിഷം പോലും ആരും പിന്തിക്കപ്പെടുകയില്ലല്ലോ.

യാദൃച്ഛികമായി കേട്ട മരണവാർത്ത അവിശ്വസനീയമായി തോന്നിയെങ്കിലും സംഭവം സ്ഥിരീകരിച്ചതോടെ ഞങ്ങൾ റായ്ബറേലിയിലേക്ക് പുറപ്പെട്ടു. അസ്റിന് മുമ്പ് അവിടെ എത്തി. അന്ത്യകർമങ്ങളിലും ജനാസനമസ്കാരത്തിലും പങ്കെടുത്തു.

റമദാൻ 15-നായിരുന്നു ഞാൻ ലഖ്നൗവിൽ എത്തിയത്. ളുഹ്റിന്റെ അൽപസമയം മുമ്പ് ഞാൻ മൗലാനയെ അഭിമുഖീകരിച്ചു. അന്ന് അവിടുത്തോടൊപ്പം നോമ്പ് തുറന്നു. തറാവീഹ് നമസ്കാരാനന്തരം അവിടുത്തെ മജ്‌ലിസിൽ പങ്കെടുത്തു. ഒരാഴ്ച പൂർണമായി (ഞായറാഴ്ച വൈകുന്നേരം ഒഴികെ) അനുഗൃഹീതവും ആനന്ദകരവുമായ മജ്‌ലിസുകളിൽ പങ്കെടുക്കാൻ എനിക്ക് സൗഭാഗ്യമുണ്ടായി.

ഹിജ്റ 1419 ദുൽഹജ്ജിൽ അവിടുത്തെ ബാധിച്ച പക്ഷാഘാതം ഒരു പരിധിവരെ സുഖമായിരുന്നു. വലത്തെ കൈ, കാൽ എന്നിവക്കായിരുന്നു പക്ഷാഘാതം പിടിപെട്ടിരുന്നത്. തുടക്ക

www.abulhasanalinadwi.org

ത്തിൽ നാവിനും ബാധിച്ചിരുന്നു. ആ ധന്യജീവിതം അവസാനിക്കുകയാണെന്നായിരുന്നു അപ്പോൾ സഹകാരികൾക്ക് തോന്നിയത്. എന്തും സംഭവിക്കാൻ സാധ്യതയുണ്ടെന്ന് ഡോക്ടർമാർ വിധിയെഴുതുകയും ചെയ്തു. എന്നാൽ അല്ലാഹുവിന്റെ മഹത്തായ കാരുണ്യത്താൽ ഏതാനും ദിവസങ്ങൾക്കുള്ളിൽ അസുഖം ഭേദമായി. ബലിപെരുന്നാൾ നമസ്കാരം ശൈഖിന് നദ്‌വാ മസ്ജിദിൽ തന്നെ നിർവഹിക്കാൻ സാധിക്കുകയുണ്ടായി. ദിവസങ്ങൾ കഴിഞ്ഞപ്പോൾ വലതു കൈക്ക് സ്വാധീനം ലഭിച്ചു തുടങ്ങി. കാലുകൾക്ക് പതുക്കെ നടക്കാനുള്ള കഴിവും കിട്ടിത്തുടങ്ങി. രണ്ടു മാസം കൂടി പിന്നിട്ടപ്പോൾ പ്രസംഗിക്കാനുള്ള കഴിവും കിട്ടി. അങ്ങനെ നദ്‌വാ അങ്കണത്തിൽ നടന്ന തബ്‌ലീഗ് സമ്മേളനത്തിൽ അവിടുന്ന് പ്രസംഗിച്ചു. അതോടെ അദ്ദേഹത്തിന്റെ ആരോഗ്യത്തെ സംബന്ധിച്ചുണ്ടായിരുന്ന ആശങ്കകൾ നീങ്ങി.

കഴിഞ്ഞ വേനൽക്കാലത്ത് ഞാൻ അദ്ദേഹത്തെ സന്ദർശിച്ചപ്പോൾ സാധാരണനിലയിലാണ് കണ്ടത്. ദുഹാക്ക് ശേഷം മജ്‌ലിസിൽ ഇരുന്ന് സന്ദർശകരെ സ്വീകരിക്കുക, കത്തുകൾ വായിച്ചു മറുപടി എഴുതുക, പുസ്തകം കൈയിലെടുത്ത് വായിക്കുക, രേഖകളിൽ ഒപ്പ് വെക്കുക, അസ്വ്റിനും ഇശാക്കും ശേഷം ജനങ്ങളുമായി അഭിമുഖത്തിന്ന് ഇരിക്കുക തുടങ്ങിയ ദിനചര്യകളിൽ കാണപ്പെടുകയുണ്ടായി. രോഗബാധയുടെ മുമ്പ് തന്നെ മൗലാനയുടെ കാലുകൾക്ക് ബലക്ഷയം ഉണ്ടായിരുന്നു. നമസ്കാരത്തിൽ വീണുപോവുമോ എന്ന് പലപ്പോഴും ഭയപ്പെടാറുണ്ടെന്ന് മൗലാന പറയുന്നത് കേട്ടിട്ടുണ്ട്. (1) രോഗബാധക്ക് ശേഷം വാസസ്ഥലത്ത് വെച്ചായിരുന്നു ജമാഅത്തായി നമസ്കരിച്ചിരുന്നത്.

ഞാൻ രിയാദിലേക്ക് മടങ്ങിയ ശേഷവും മൗലാനയുമായി നിരന്തരം ടെലിഫോണിൽ ബന്ധപ്പെട്ടുകൊണ്ടിരുന്നു. രോഗത്തിന്റെ ഏറ്റക്കുറച്ചിൽ തുടർന്നിരുന്നെങ്കിലും ശഅ്ബാൻ പകുതിയോടെ ആശ്വാസവാർത്തകളാണ് കേട്ടുകൊണ്ടിരുന്നത്. ഒരു സംഭാഷണവേളയിൽ അവിടുന്ന് എന്നോട് പറഞ്ഞു: "റമദാനിൽ

1. വർഷങ്ങളായി അല്ലാമക്ക് നിവർന്നു നിൽക്കാൻ കഴിയാതെയായിട്ട്. അൽപം നടക്കണമെങ്കിൽതന്നെ ഊന്നുവടി വേണം. റായ്ബറേലിയിലായിരിക്കുമ്പോൾ വീൽചെയറിലായിരുന്നു പള്ളിയിൽ ജമാഅത്തിന് പങ്കെടുക്കാൻ പോവുക. എന്ത് ത്യാഗം സഹിച്ചും പള്ളിയിലെ ജമാഅത്ത് നമസ്കാരങ്ങളിൽ പങ്കെടുക്കുകയും ഫർദ് നമസ്കാരങ്ങൾ നിന്നു തന്നെ നിർവഹിക്കുകയും ചെയ്തിരുന്നു. അവിടുന്ന് നമസ്കരിക്കുന്നത് കാണുമ്പോൾ തന്നെ വളരെ പ്രയാസം തോന്നുമായിരുന്നു- ഗ്രന്ഥകർത്താവ്

www.abulhasanalinadwi.org

എനിക്ക് തകിയാകലാനിൽ കഴിയാൻ തൗഫീഖുണ്ടാകാൻ ദുആ ചെയ്യണം. അതിന് ഡോക്ടർമാർ സമ്മതിച്ചുകൊള്ളണമെന്നില്ല.'' ''അല്ലാഹു താങ്കൾക്ക് അതിന് ആരോഗ്യം നൽകട്ടെ'' എന്ന് ഞാൻ പ്രാർഥിച്ചപ്പോൾ അവിടുന്ന് ആവേശപൂർവം ആമീൻ പറഞ്ഞു. ഞങ്ങൾ കരുതിയ പോലെ തന്നെ റമദാനിൽ തകിയകലാനിൽ കഴിയാൻ ഡോക്ടർമാർ ശൈഖിനെ അനുവദിച്ചില്ല. (ലഖ്നൗ പട്ടണത്തിലെ ആശുപത്രി സൗകര്യങ്ങൾ ഇവിടെ ലഭ്യമല്ലാത്തതാണ് കാരണം) ഇതുമൂലം റമദാന്റെ ഏതാനും ദിവസങ്ങൾക്ക് മുമ്പ് തകിയയിൽ പോയി കുടുംബങ്ങളെ സന്ദർശിച്ചു. ഒരു ദിവസം പള്ളിയിൽപോയി നമസ്കരിച്ചശേഷം പള്ളിവരാന്തയിലിറങ്ങി അൽപം അവിടെ ചുറ്റിനടന്നു. പള്ളിയുടെ ചാരത്ത് ഒഴുകുന്ന നദിയിലേക്ക് കുറച്ച് സമയം നോക്കിനിന്നു. ഖബ്റിസ്ഥാനിൽ ചെന്ന് അവർക്കു വേണ്ടി പ്രാർഥന നടത്തിയ ശേഷം ജന്മനാടിനോട് സലാം പറഞ്ഞ് ലഖ്നൗവിലേക്ക് തിരിച്ചു.

റമദാൻ മാസം സ്വന്തം ഗ്രാമത്തിൽ കഴിച്ചുകൂട്ടുക വർഷങ്ങളോളമുള്ള അല്ലാമയുടെ പതിവാണ്. കഴിഞ്ഞ ഇരുപത് വർഷത്തിനുള്ളിൽ മൂന്ന് പ്രാവശ്യം മാത്രമാണ് റമദാനിൽ സ്വന്തം ഗ്രാമത്തിൽനിന്ന് അദ്ദേഹം വിട്ടുനിന്നത്. ഒരു പ്രാവശ്യം രോഗചികിത്സാർഥം ലഖ്നൗവിലേക്കും മറ്റൊരിക്കൽ നദ്‌വയിൽ ദാറുൽ ഖുദാത്തിന്റെ ശിലാസ്ഥാപനാവശ്യാർഥവും മൂന്നാമത് കഴിഞ്ഞ റമദാനി(ഹി:1421-)ൽ യു.എ.ഇ. ഗവൺമെന്റിന്റെ ഇന്റർനാഷ്നൽ ഇസ്‌ലാമിക് പേഴ്സനാലിറ്റി അവാർഡ് സ്വീകരിക്കാൻ ദുബൈയിലേക്കും പോയപ്പോഴായിരുന്നു അത്.

റമദാൻ മാസത്തിൽ മൗലാനയെ നദ്‌വയിൽ കിട്ടാറില്ലായിരുന്നു. പക്ഷേ, ഇപ്രാവശ്യം പതിവിനു വിപരീതമായി മൗലാനയെ നദ്‌വയിൽ കണ്ടപ്പോൾ നദ്‌വ ജീവനക്കാർക്കും ലഖ്നൗ വാസികൾക്കും തികഞ്ഞ സന്തോഷമായിരുന്നു. റമദാൻ 15-നാണ് ഞാൻ നദ്‌വയിലെത്തുന്നത്. അപ്പോഴെല്ലാം മൗലാന വളരെ ഉന്മേഷവാനായിരുന്നു. സാധാരണപോലെത്തന്നെ ഇരുപത് റക്അത്ത് തറാവീഹ് നമസ്കരിക്കും. പാതിരാക്കു ശേഷം ഖിയാമുല്ലൈൽ നമസ്കരിച്ചശേഷം അത്താഴം കഴിച്ചു, സ്വുബ്ഹ് നമസ്കാരാനന്തരം ഉറങ്ങി കാലത്ത് ഒമ്പത് മണിക്ക് എഴുന്നേൽക്കും, ഇശ്റാഖ് നമസ്കരിക്കുകയും ഖുർആൻപാരായണം നടത്തുകയും ദൈനംദിന ദിക്റുകൾ നിർവഹിക്കുകയും അനന്തരം മാതാപിതാക്കൾക്കും ഗുരുവര്യന്മാർക്കും പണ്ഡിതന്മാർക്കും വേണ്ടി

പ്രാർഥന നടത്തുകയും ചെയ്യും, സന്ദർശകരെ സംബോധന ചെയ്യും, കത്തുകൾ വായിച്ച് മറുപടി എഴുതും, ഗ്രന്ഥപാരായണം നടത്തും, രേഖകളിൽ ഒപ്പ് വെക്കും. ളുഹ്ർ മുതൽ അസ്വ്ർ വരെ വിശ്രമിച്ചും. അസ്വ്ർ നമസ്കാരാനന്തരം അൽപം മജ്‌ലിസിൽ ഇരിക്കും. പിന്നീട് ദിക്ർ, ദുആ, മുനാജാത് എന്നിവകളിൽ വ്യാപൃതനാവുകയും അതിഥികളുടെ കൂടെ നോമ്പ് തുറക്കുകയും അൽപം വിശ്രമിച്ച ശേഷം ഇശാഉം തറാവീഹും ജമാഅത്തായി നമസ്കരിക്കുകയും പിന്നെ അരമണിക്കൂറിലധികം മജ്‌ലിസിൽ ഇരിക്കുകയും ചെയ്യും. പ്രസ്തുത ദിനചര്യകൾ മൗലാന മുടങ്ങാതെ പാലിച്ചു. വിശ്രുത പണ്ഡിതരായ ശൈഖ് അബ്ദുൽ അസീസ് ഇബ്നുബാസ്, അബ്ദുർറഹ്മാൻ അൽബാനി, ഹറമിലെ ഇമാം ശൈഖ് അബ്ദുൽഅസീസ് ബിൻ അബ്ദുല്ല എന്നിവരെ സംബന്ധിച്ച് അവിടുന്ന് എന്നോട് ചോദിക്കുകയുണ്ടായി. പിന്നീട് ഇസ്‌ലാമിക വിദ്യാഭ്യാസരംഗത്ത് മൗലാനയുടെ ചില ചിന്തകൾ മജ്‌ലിസിൽ പരാമർശിക്കപ്പെട്ടു.

മുസ്‌ലിം ഭവനങ്ങളിലും ഓഫീസുകളിലും പ്രദർശിപ്പിക്കാൻ ഒരു ബോർഡ് സമർപ്പിക്കാൻ എന്നോട് ആരെങ്കിലും ആവശ്യപ്പെട്ടാൽ "എന്റെ കാലശേഷം നിങ്ങൾ ആരെയാണ് ആരാധിക്കുക?" എന്ന ഖുർആൻവചനമാണ് ഞാൻ നിർദേശിക്കുക എന്ന് മൗലാന പറയുകയുണ്ടായി.

സ്വന്തം സന്താനങ്ങൾ തന്റെ കാലശേഷം യഥാർഥ മുസ്‌ലിംകളായി ജീവിക്കണമോ അല്ലെങ്കിൽ ഭൗതിക നിരീശ്വര വാദികളാകണോ, അസത്യചിന്തകളുടെയും പ്രസ്ഥാനങ്ങളുടെയും വക്താക്കളാകണോ എന്ന ചിന്ത ഇത് കാണുമ്പോൾ മുസ്‌ലിമിന് ഓർമവരുന്നു. അനന്തരം അവരെ ഇസ്‌ലാമിക തർബിയത്തിൽ വാർത്തെടുക്കാൻ അയാൾക്ക് മനസ്സുവരുമെന്നും മൗലാന പറയുകയുണ്ടായി.

റമദാൻ 19-ന്റെ രാത്രിയിൽ മജ്‌ലിസിൽ വന്നവരോട് മേൽബോർഡ് കുടുംബങ്ങളിലും വീടുകളിലും സ്ഥാപിക്കുന്നതിന്റെ പ്രസക്തിയെ സംബന്ധിച്ച് മൗലാന ഊന്നിപ്പറഞ്ഞിരുന്നു.

റുസ്തമിന്റെ മുമ്പിൽ രിബ്ഇയ്യുബ്നു ആമിർ(റ) പ്രഖ്യാപിച്ച അനശ്വര വാക്കുകൾ ഈ രാത്രിയിലും മൗലാനയുടെ സംസാരത്തിൽ വരികയുണ്ടായി. പ്രവാചകന്റെ ആഗമനത്തെ സംബന്ധിച്ച് പേർഷ്യൻ സൈന്യാധിപന്റെ ചോദ്യത്തിന് അദ്ദേഹം

പറഞ്ഞ മറുപടി ഇപ്രകാരമായിരുന്നു: 'സൃഷ്ടിപൂജയിൽനിന്ന് സ്രഷ്ടാവിനെ മാത്രം ആരാധിക്കുന്നതിലേക്കും സങ്കുചിത ലോകത്തു നിന്ന് വിശാല ലോകത്തേക്കും ഇരുളിൽനിന്ന് വെളിച്ചത്തിലേക്കും ജനങ്ങളെ നയിക്കാൻ അല്ലാഹു നിയോഗിച്ച ദൂതനാണ് മുഹമ്മദ് നബി(സ), പ്രവാചക നിയോഗം കേവലം ഒരു വ്യക്തിയുടെ നിയോഗമല്ല, മറിച്ച് ഒരു സമൂഹത്തിന്റെ നിയോഗമാണ്. മൗലാനയുടെ "രിജാലുൽ ഫിക്‌രി വദ്ദഅ്‌വ" എന്ന പുസ്തകപരമ്പര പൂർത്തിയാക്കാൻ സഹോദരീപുത്രനും പ്രമുഖ പണ്ഡിതനുമായ വാദിഹ് റശീദ് നദ്‌വിയെ ഈ രാത്രിയിൽ ചുമതലപ്പെടുത്തുകയുണ്ടായി.

റമദാൻ ഇരുപതിന്റെ മജ്‌ലിസ് അതീവ ഹൃദ്യമായിരുന്നു. ഈ രാത്രി മൗലാനയുടെ നദ്‌വയിലെ അവസാന രാത്രിയായിരുന്നു. നദ്‌വയിലെ ചില വിദ്യാർഥികളുടെ ഖുർആൻപാരായണവും പ്രശസ്ത ഉർദു കവി ഡോ.തുഫൈൽ അഹ്മദിൽനിന്ന് അദ്ദേഹത്തിന്റെ പ്രവാചകപ്രകീർത്തന കാവ്യവും ശ്രവിച്ചു. മൗലാനയുടെ പ്രധാന ഗ്രന്ഥങ്ങളെ സംബന്ധിച്ച്, വിശിഷ്യാ അഖീദപരമായ ഗ്രന്ഥങ്ങളെക്കുറിച്ച് ചർച്ചകൾ നടന്നു.

റമദാൻ 21-ന്റെ പ്രഭാതത്തിൽ മൗലാനയെ കൂടുതൽ സന്തോഷവാനായി കാണപ്പെട്ടു. റമദാനിലെ അവസാന പത്ത് ദിനരാത്രങ്ങൾ ജന്മഗ്രാമത്തിൽ കഴിച്ചുകൂട്ടാനുള്ള മൗലാനയുടെ അത്യാവേശം ആ വന്ദ്യമുഖത്ത് പ്രകടമായിരുന്നു. അപ്പോൾ ഡോക്ടർമാരും അതിന് സമ്മതിക്കുകയായിരുന്നു.

ദുഹാനമസ്കാരം, ദൈനംദിന ദിക്‌റുകൾ, ഖുർആൻ പാരായണം എന്നിവക്ക് ശേഷം റായ്ബറേലിയിലേക്ക് പുറപ്പെട്ടു. കൂടെ മുഹമ്മദ് റാബിഅ് നദ്‌വി, വാദിഹ് റശീദ് നദ്‌വി എന്നിവരും. മൂന്ന് കാറിലും ഒരു ബസിലുമായി നദ്‌വയിലെ ഉസ്താദുമാരും വിദ്യാർഥികളും മറ്റു അതിഥികളും ഉണ്ടായിരുന്നു (മൗലാനയോടൊപ്പം റായ്ബറേലിയിൽ കഴിയാൻ.) ളുഹ്റ് നമസ്കാരത്തിന്റെ മുമ്പ് റായ്ബറേലിയിൽ എത്തിച്ചേർന്നു. കാര്യമായ ആരോഗ്യത്തകരാറുകളൊന്നും കാണപ്പെട്ടില്ല. വ്യാഴാഴ്ചയും പതിവുപോലെ മജ്‌ലിസുകൾ നടന്നു. വ്യാഴാഴ്ച വൈകുന്നേരത്തോടെ മൗലാനാ നള്റുൽഹഫീസ് അൽ അസ്ഹരി അന്നദ്‌വി ഗൾഫ്പര്യടനം കഴിഞ്ഞ് തിരിച്ചെത്തുകയുണ്ടായി. ആഖിബത്തിനെ (പര്യവസാനം) സംബന്ധിച്ചാണ് ഈ രാത്രി (വെള്ളി

www.abulhasanalinadwi.org

യാഴ്ച രാവ്) മജ്‌ലിസിൽ ചർച്ച വന്നത്. സജ്ജനങ്ങളുടെ നല്ല നിലയിലുള്ള പര്യവസാനവും ദുർജനങ്ങളുടെ ചീത്ത പര്യവസാനവും മൗലാന വ്യക്തമാക്കി. നല്ല പര്യവസാനത്തിനു വേണ്ടി മൗലാന പ്രാർഥിച്ചുകൊണ്ടിരിക്കുന്നത് കേൾക്കാമായിരുന്നു.

22-ന് വെള്ളിയാഴ്ച പതിവുപോലെ സ്വുബ്ഹിനു ശേഷമുള്ള ഉറക്കിൽ നിന്ന് 9 മണിക്ക് ഉണർന്നു. ദുഹാനമസ്കാരം കഴിഞ്ഞ് ലഖ്നൗവിൽ നിന്നെത്തിയ ഡോ.അബ്ദുൽ മഅ്ബൂദ് ഖാന്റെ വൈദ്യ പരിശോധനക്കുശേഷം ദൈനംദിന ദിക്റുകൾ അനുഷ്ഠിച്ചു. പതിനൊന്ന് പ്രാവശ്യം സൂറത്ത് യാസീൻ പാരായണം ചെയ്ത് ദുആ ചെയ്യുകയുണ്ടായി. ശേഷം ബാത്ത് റൂമിൽ പ്രവേശിച്ചു. കൂടെ സഹകാരിയായിരുന്ന അബ്ദുർറസ്സാഖ് സാഹിബും ജ്യേഷ്ഠന്റെ പൗത്രൻ സയ്യിദ് ബിലാൽ ഹസനിയുമുണ്ടായിരുന്നു. (പക്ഷാഘാതം ബാധിച്ച ശേഷം മൗലാനക്ക് കുളിക്കാൻ സഹായികൾ ആവശ്യമായിരുന്നു) കുളിച്ചു വസ്ത്രം മാറി പള്ളിയിൽ പോവുമ്പോൾ ഏറ്റവും നല്ല വസ്ത്രമണിയണമെന്ന നിർബന്ധം മൗലാനയുടെ സ്വഭാവമായിരുന്നു. പൂർണ വസ്ത്രധാരണത്തിന് ശേഷം സൂറത്തുൽ കഹ്ഫ് പാരായണം ചെയ്യുന്നതിനായി സയ്യിദ് ബിലാൽ ഹസനിയോട് മുസ്ഹഫ് ആവശ്യപ്പെട്ടു. ജുമുഅക്ക് പള്ളിയിലേക്ക് പുറപ്പെടുന്നതിന് മുമ്പ് സൂറത്തുൽ കഹ്ഫ് പാരായണം ചെയ്യുന്നത് അഭിവന്ദ്യയായ മാതാവ് ചെറുപ്പത്തിൽ ശീലിപ്പിച്ചതാണ്. എന്നാൽ ബിലാൽ ശർവാനി (1) യുടെ ബട്ടൺ പൂർണമായും ധരിപ്പിക്കാൻ തുടങ്ങി. രണ്ടാം പ്രാവശ്യവും മുസ്ഹഫ് ആവശ്യപ്പെട്ടുകൊണ്ട് മൗലാന യാസീൻ പാരായണം തുടങ്ങി. എന്നാൽ ബിലാൽ ശ്രദ്ധിച്ചത് തണുപ്പുള്ള അന്തരീക്ഷത്തിൽ മൗലാനയെ വേഗം ശർവാനി ധരിപ്പിച്ച് ആരോഗ്യത്തെ സംരക്ഷിക്കാനായിരുന്നു. ഏതാനും യാസീൻ വാക്യങ്ങൾ ഓതിയതേയുള്ളൂ. അപ്പോഴേക്കും അവിടുത്തെ നാവ് സ്തബ്ധമാകുന്നതും പിൻവശത്തേക്ക് ചാഞ്ഞുവരുന്നതുമാണ് കണ്ടത്. ഉടനെ ബിലാലും ശൈഖ് അബ്ദുർറസ്സാഖും മൗലാനയെ താങ്ങിക്കിടത്തി. അപ്പോഴേക്കും അത് സംഭവിച്ചിരുന്നു. അതെ – ആ ജ്ഞാന ജ്യോതിസ്സിന്റെ ആത്മാവ് അല്ലാഹുവിന്റെ സ്വർഗീയാരാമത്തിലേക്ക് പറന്നകന്നിരുന്നു (ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ). അപ്പോൾ സമയം 11.50 ആയിരുന്നു. 12.15-ന് ആ

1. ഉത്തരേന്ത്യൻ മുസ്‌ലിം നേതാക്കൾ പ്രധാന പരിപാടികളിൽ സംബന്ധിക്കുമ്പോൾ ധരിക്കുന്ന കട്ടിയുള്ള നീളൻ കുപ്പായം.

www.abulhasanalinadwi.org

ദുഃഖവാർത്ത പുറംലോകത്തിന് കൈമാറി. "അലീമിയാൻ അന്ത രിച്ചു". പിന്നീട് ശിഷ്യഗണങ്ങളുടെയും പണ്ഡിതസൂരികളുടെയും പ്രവാഹം കൊണ്ട് തകിയാകലാൻ ഗ്രാമവും റായ്ബറേലി പട്ട ണവും വീർപ്പുമുട്ടുകയായിരുന്നു. രാത്രി 10.15-ന് സഹോ ദരീപുത്രൻ മൗലാനാ മുഹമ്മദ് റാബിഅ് നദ്‌വിയുടെ നേതൃത്വ ത്തിൽ ജനാസനമസ്കാരവും പള്ളി അങ്കണത്തിൽ ഖബ്റടക്കവും നടന്നു. രണ്ട് ലക്ഷത്തിൽപരം ആളുകൾ അന്ന് മൗലാനയുടെ അന്തിമോപചാരത്തിനെത്തിയിരുന്നു. അടുത്ത ദിവസം സ്വുബ്ഹ് ബാങ്ക് മുഴങ്ങുമ്പോഴും സന്ദർശകരുടെ പ്രവാഹം തുടരുകയായി രുന്നു.(1)

*മൗലാനാ സഈദ് മുർതദാ നദ്‌വി*
*(ഹിഫ്ള് അധ്യാപകൻ, രിയാദ്).*

1. അർറാഇദ് ദ്വൈവാരിക 1420 റമദാൻ, ശവ്വാൽ, ദുൽഖഅ്ദ്

www.abulhasanalinadwi.org

www.abulhasanalinadwi.org

# പ്രധാന കൃതികൾ

www.abulhasanalinadwi.org

ഞാൻ ജീവിച്ചിരിക്കുമ്പോൾ ഇസ്‌ലാം ക്ഷയിക്കുകയോ? ഓരോ ഹൃദയത്തിലും മേൽചോദ്യം കൊത്തിവെക്കാൻ എനിക്ക് സാധ്യമായാൽ ഞാൻ അത് ചെയ്യുമായിരുന്നു. ഞാൻ ജീവിച്ചിരിക്കുമ്പോൾ ഇസ്‌ലാം ക്ഷയിക്കുകയോ? എന്ന് വലിയ അക്ഷരത്തിൽ അലങ്കരിച്ച് എഴുതിയ കലണ്ടർ ഓരോ ചുമരിലും തൂങ്ങിക്കിടക്കുന്ന സുപ്രഭാതം എത്ര മനോഹരം!

സയ്യിദ് അബുൽഹസൻ അലി നദ്‌വി

www.abulhasanalinadwi.org

# മാദാഖസിറൽ ആലം

## ബിൻഹിത്വാതിൽ മുസ്‌ലിമീൻ

(മുസ്‌ലിംകളുടെ പതനംകൊണ്ട് ലോകത്തിന് വിനഷ്ടമായതെന്ത്?)

ശൈഖ് നദ്‌വിയുടെ ഏറ്റവും പ്രശസ്തമായ ഗ്രന്ഥമാണ് "മാദാഖസിറൽ ആലം'. ലോകത്തിലെ മിക്ക ഭാഷകളിലേക്കും ഇത് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിനകം ഈ പുസ്തകത്തിന്റെ അമ്പതോളം പതിപ്പുകൾ പ്രസിദ്ധീകരിച്ചുകഴിഞ്ഞു. ശൈഖിന്റെ അതിസൂക്ഷ്മമായ ഗവേഷണപഠനവും ചിന്തയുമായ ഈ പുസ്തകം ഇസ്‌ലാമികചിന്തകരുടെയും യുവപണ്ഡിതരുടെയും പ്രവർത്തകരുടെയും എണ്ണമറ്റ പ്രശംസയും സ്നേഹവും പിടിച്ചുപറ്റിയിട്ടുണ്ട്. ശൈഖിന്റെ മാസ്റ്റർപീസ് രചനയായി അറിയപ്പെടുന്ന ഈ ഗ്രന്ഥം ഇസ്‌ലാമിക നവജാഗരണചിന്തക്ക് ലഭിച്ച ശക്തമായ പ്രചോദനമായിരുന്നു. ചിന്തകരെയും പണ്ഡിതരെയും വിശാരദന്മാരെയും അത്യധികം ആകർഷിച്ച ഈ അതുല്യഗ്രന്ഥം ചിന്തകർക്ക് വിജ്ഞാനവും പണ്ഡിതർക്ക് വിചിന്തനവും ഇസ്‌ലാമികപ്രവർത്തകർക്ക് ഉണർത്തുപാട്ടും പൂർവോപരി മുഴുവൻ മുസ്‌ലിംകൾക്കും വീര്യവും ആവേശവുമാണ്.

വിശ്രുതപണ്ഡിതനും ഇസ്‌ലാമിക ചിന്തകനുമായിരുന്ന ശഹീദ് സയ്യിദ് ഖുത്ബ് എഴുതുന്നു: "ഈ ഗ്രന്ഥത്തിന്റെ ഏറ്റവും വലിയ പ്രത്യേകത വിശാലമായ ആശയത്തിലുള്ള ഇസ്‌ലാമിക ആത്മീയതയെ സംബന്ധിച്ചുള്ള ആഴത്തിലുള്ള പഠനമാണതെന്നാണ്. അതിലുപരി ഇത് കേവലമൊരു മത-സാമൂഹിക ഗവേഷണമല്ല. മറിച്ച് ഇസ്‌ലാമിക കോണിലിരുന്ന് എഴുതപ്പെടേണ്ട ചരിത്രപരമായൊരു ദൗത്യനിർവഹണം കൂടിയാണ്. പാശ്ചാത്യർ അവരുടെ വീക്ഷണത്തിലും സംസ്കാരത്തിലും തത്ത്വശാസ്ത്രത്തിലും പക്ഷപാതിത്വത്തിലും സങ്കുചിത മതചിന്തയിലും ലോകത്തിന്റെ ചരിത്രം നിർമിച്ചുകൊണ്ടിരിക്കുന്നു. അതുകാരണം അവരുടെ ചരിത്രനിർവഹണത്തിൽ അനേകം പിഴവുകൾ കടന്നു കൂടുകയുണ്ടായി. മനുഷ്യജീവിതത്തെ സംബന്ധിച്ച അനേകം മൂല്യങ്ങൾ കളഞ്ഞുകുളിച്ച അവരുടെ ചരിത്രനിർമാണം യഥാർഥത്തിൽ വിപരീതഫലമാണ് ഉളവാക്കിയത്.

ലോകത്തിന്റെ കേന്ദ്രവും അച്ചുതണ്ടും യൂറോപ്പായി അവർ അവതരിപ്പിച്ചു. മനുഷ്യചരിത്രത്തെ സ്വാധീനിച്ച അനേകം മൂല്യങ്ങളെ അവർ കാണാതെ പോവുകയോ അല്ലെങ്കിൽ യൂറോപ്പിന്റെ സ്ഥാനം കുറഞ്ഞുപോവുമെന്ന ആശങ്ക കാരണം ആ ഭാഗത്തെ അവർ അവഗണിക്കുകയോ ചെയ്തു. എല്ലാ കാര്യങ്ങളെയും നാം പാശ്ചാത്യരുടെ അബദ്ധവീക്ഷണങ്ങളിലൂടെ സമീപിക്കുന്നപോലെ ചരിത്രം പഠിക്കാനും പാശ്ചാത്യരെയാണ് നാം ആശ്രയിച്ചത്. അവയത്രയും മൂല്യരഹിതവും മാനുഷികജീവിതത്തെ ഒരു കോണിലൂടെ മാത്രം വീക്ഷിച്ചു കൊണ്ട് എഴുതിയ പിഴവുകളും അബദ്ധങ്ങളും കുത്തിനിറച്ച ചരിത്രരചനയുമായതിനാൽ അവ കൊണ്ടുള്ള ഫലവും വിപരീതമായിരുന്നു.

വിഭിന്നമൂല്യങ്ങളെയും വ്യത്യസ്ത ചരിത്രസംഭവങ്ങളെയും വ്യതിരിക്ത നാഗരികതകളെയും ഉൾക്കൊള്ളുന്ന മൊത്തം മാനവചരിത്രത്തെ മുഴുവൻ നോക്കിക്കാണാനുള്ള ഒരു മാതൃകയാണ് ഈ പുസ്തകം. ഇസ്‌ലാമിന്റെ ആത്മീയശക്തിയിൽ ദൃഢവിശ്വാസമുള്ള, ലോകനേതൃത്വത്തെ അതിലേക്ക് തിരിച്ചു കൊണ്ടുവരാൻ ആവേശമുള്ള; ലോകനേതൃത്വത്തിന്റെ അവകാശികളെ സംബന്ധിച്ച് സംസാരിക്കുന്ന, ആത്മീയമുന്നേറ്റങ്ങൾക്കിടയിൽ സൈനിക സജ്ജീകരണങ്ങളെ കുറിച്ചും മോഡേൺ സയൻസിന്റെ ചലനങ്ങളെ സംബന്ധിച്ചും ചർച്ചചെയ്യുന്ന ഇത്തരം ഒരു കൃതി ഒരുപക്ഷേ ഒരനുവാചകനും ഒരു മുസ്‌ലിം തൂലികയിൽനിന്ന് പ്രതീക്ഷിച്ചുകാണില്ല."(1)

തന്റെ പ്രൗഢമായ തൂലികകൊണ്ട് വശ്യമായ ശൈലിയിൽ ചരിത്ര സംഭവങ്ങളെ സൂക്ഷ്മമായി അവതരിപ്പിക്കുന്നു. ഒട്ടകങ്ങളെയും ആടുകളെയും മേച്ചുനടന്നിരുന്ന ഒരു വിഭാഗത്തെ ചിന്തയുടെയും ധിഷണയുടെയും വിജ്ഞാനത്തിന്റെയും വിപ്ലവത്തിന്റെയും ശ്രേണിയിലേക്ക് പരിവർത്തനം നടത്തിയപ്പോൾ അവരിൽ ജ്വലിച്ചുനിന്ന ഉത്തമമാതൃകകളെയും ഉന്നത മൂല്യങ്ങളെയും തിരശ്ശീലമാറ്റി ഈ ഗ്രന്ഥം അവതരിപ്പിക്കുന്നുണ്ട്.

പ്രവാചകനിയോഗത്തിനു മുമ്പുള്ള മാനവിക നാഗരികത, മതങ്ങളുടെ ചിത്രം, മേലാളവർഗത്തിന്റെ ക്രൂരവിനോദങ്ങൾ, കീഴാളവർഗം സഹിക്കേണ്ടിവന്ന പീഡനമർദന താണ്ഡവങ്ങൾ, ലോകത്തിലെ വിവിധ രാജ്യങ്ങളിൽ നിലനിന്നിരുന്ന സാമ്രാജ്യത്വ

1. "മാദാഖസിറ"യുടെ അവതാരികയിൽനിന്ന്

www.abulhasanalinadwi.org

ത്തിന്റെയും അവിടെയെല്ലാം മാനുഷ്യകം അനുഭവിച്ച യാതനക ളുടെയും ചരിത്രങ്ങൾ തുടങ്ങിയവ സത്യസന്ധമായ അവലംബ ങ്ങളിലൂടെ ഈ പുസ്തകം വരച്ചുകാണിക്കുന്നുണ്ട്.

കേംബ്രിഡ്ജ് യൂനിവേഴ്സിറ്റിയിലെ പ്രമുഖ ഓറിയന്റ ലിസ്റ്റ് നിരൂപകനായ സാർജന്റ് പാശ്ചാത്യരുടെ ഉറക്കം കെടു ത്തുന്ന ഒരു കൃതിയായി ഇതിനെ വിശേഷിപ്പിക്കുന്നു. അദ്ദേഹം പറയുന്നു: "ഏതെങ്കിലും ഒരു പുസ്തകത്തിന് വിലക്ക് ഏർപ്പെടു ത്താൻ ബ്രിട്ടന് കഴിയുമായിരുന്നെങ്കിൽ 'മാദാഖസിറ' എന്ന അബുൽഹസൻ നദ്‌വിയുടെ പുസ്തകം നിരോധിക്കാൻ ഞാൻ ഗവൺമെന്റിനോട് ശിപാർശ ചെയ്യുമായിരുന്നു. കാരണം പാശ്ചാ ത്യ സംസ്കാരത്തിനുമേൽ വന്നു വീണ ഒരു ഇടിമുഴക്കമാണത്".

ലണ്ടൻ യൂനിവേഴ്സിറ്റിയിലെ ഈസ്റ്റേൺ സ്റ്റഡീസ് ചേംബ റിന്റെ പ്രഫസർ ഡോക്ടർ ബകൻജാം പുസ്തകത്തെ വിലയി രുത്തുന്നത് ഇപ്രകാരമാണ്: "ഈ നൂറ്റാണ്ടിലെ ഇസ്‌ലാമികനവ ജാഗരണത്തിന്റെ ഏറ്റവും ഉന്നതമായ പ്രയത്നവും വൈജ്ഞാ നികമായ ധർമനിർവഹണവും ചരിത്രപരമായ അമൂല്യ മാതൃക യുമാണ് "*മാദാഖസിറ*"(1)

## രിജാലുൽഫിക്‌രി വദ്ദഅ്‌വ

### (ചിന്തയുടെയും പ്രബോധനത്തിന്റെയും വക്താക്കൾ)

ഹിജ്റ ഒന്നാം നൂറ്റാണ്ട് മുതൽ പതിനാലാം നൂറ്റാണ്ടുവരെ യുള്ള ഇസ്‌ലാമികചിന്തകരിലും പ്രബോധകരിലും പെട്ട പ്രമുഖ രുടെ ചരിത്രങ്ങൾ കോർത്തിണക്കിയതാണ് ഈ ഗ്രന്ഥം. ആധു നിക ഇസ്‌ലാമികപ്രബോധകരെയും വിദ്യാഭ്യാസമുള്ള മുസ്‌ലിം ചെറുപ്പക്കാരെയും ഉദ്ദേശിച്ചുകൊണ്ട് ശൈഖ് രചിച്ച ഗ്രന്ഥമാണി ത്.

ഇസ്‌ലാമിന്റെ അനശ്വരതയും സ്ഥലകാലങ്ങൾ ഭേദമന്യേ യുള്ള അതിന്റെ പ്രസക്തിയും ലക്ഷ്യങ്ങളിലൂടെ വരച്ചുകാണിക്കു ന്ന ഈ ഗ്രന്ഥം വിശ്വാസദാർഢ്യവും ശത്രുക്കളുടെ വിവിധ തര ത്തിലുള്ള ആക്രമണങ്ങളെ പ്രതിരോധിക്കാൻ വീര്യമുള്ള മനസ്സും

1. അൽബഅ്സുൽ ഇസ്‌ലാമി 2000, ഏപ്രിൽ, മെയ്, ജൂൺ

www.abulhasanalinadwi.org

വായനക്കാരന് നൽകുന്നുണ്ട്.

അമേരിക്കയിൽനിന്ന് ഇസ്ലാം സ്വീകരിച്ച ഇസ്രയേൽ എഴുത്തുകാരിയായ മർയം ജമീല ഈ പുസ്തകം വായിച്ച ശേഷം മൗലാനക്ക് എഴുതിയ ഒരു കത്തിൽ പറയുന്നു:

"അമൂല്യവും പ്രൗഢവുമായ നിങ്ങളുടെ "*രിജാലുൽ ഫിക്‌രി വദ്ദഅ്‌വ*" എന്ന ഗ്രന്ഥത്തിന്റെ ഒന്നാം വാള്യം 1970 ജൂലൈയിൽ കുവൈത്ത് വഖ്ഫ് മന്ത്രാലയത്തിൽനിന്നും എനിക്ക് ലഭിക്കുകയുണ്ടായി.

അത് എന്നിൽ വലിയ സ്വാധീനം ചെലുത്തുകയും ഇസ്ലാമിക ചരിത്ര സംബന്ധമായി എനിക്ക് ധാരാളം അറിവു നൽകുകയും ചെയ്തു. എന്റെ എളിയ അഭിപ്രായത്തിൽ ഈ ഗ്രന്ഥമാണ് താങ്കളുടെ ഏറ്റവും നല്ല പുസ്തകം. ഇസ്ലാമിക നവോത്ഥാനനായകരുടെ ഭിന്നാഭിപ്രായങ്ങളെ സംബന്ധിച്ച് സമകാലികശ്രേഷ്ഠരായ എഴുത്തുകാർ രചിച്ച കൃതികളിൽനിന്ന് വ്യത്യസ്തമായി ഒരു സമ്പൂർണ കൃതിയായി എനിക്കതനുഭവപ്പെട്ടു. രചനാവൈഭവവും ഉത്കൃഷ്ട ശൈലിയും, വിശിഷ്യാ ഇസ്ലാമികരാഷ്ട്രങ്ങളെ താർത്താരികൾ ആക്രമിച്ചതു സംബന്ധമായ വിവരണശൈലിയും വളരെയധികം ശ്ലാഘനീയമാണ്.

വാസ്തവത്തിൽ നിങ്ങളുടെ പുസ്തകം അത്യന്തം ആസ്വാദ്യവും ധീരവുമാണ്. അത് സംസ്കാരത്തെ ജ്വലിപ്പിക്കുന്നതും ശരിയായ ഇസ്ലാമിക ചരിത്രവും ചിന്തയും വളരെ സൂക്ഷ്മവും സത്യസന്ധവുമായി ചിത്രീകരിക്കുന്നതുമാണ് "(1).

നാല് വാള്യങ്ങളുള്ള ഈ പുസ്തകത്തിന്റെ ഒന്നാം ഭാഗം ഹസ്രത്ത് ഉമറുബ്നു അബ്ദിൽഅസീസ്, ഹസൻ ബസ്വരി, നാല് മദ്ഹബുകളുടെ ഇമാമുമാർ, അബുൽഹസൻ അൽ അശ്അരി, ഇമാം ഗസ്സാലി, ഇമാം മുഹ്‌യിദ്ദീൻ ജീലാനി, ജലാലുദ്ദീൻ റൂമി എന്നീ പൂർവസൂരികളുടെ പുണ്യങ്ങൾ നിറഞ്ഞ ജീവിതവും അവരുടെ അനശ്വരമായ ഇസ്ലാമികചിന്തകളും രണ്ട്, മൂന്ന്, നാല് വാള്യങ്ങളിൽ യഥാക്രമം ഇമാം ഹാഫിളുബ്നു തൈമിയ്യ, ഇമാം ശൈഖ് അഹ്മദ് സർഹിന്ദി, ഇമാം ശാഹ് വലിയ്യുല്ലാഹിദ്ദഹ്‌ലവി എന്നീ പണ്ഡിതശ്രേഷ്ഠരുടെ സമ്പൂർണ ചരിത്രവും ദർശനങ്ങളുമാണ് പ്രതിപാദ്യം.

1. അബ്ദുൽമാജിദ് ലുഗവിയുടെ *അബുൽഹസൻ നദ്‌വി* എന്ന പുസ്തകത്തിൽ നിന്ന് പേജ് 251-256

www.abulhasanalinadwi.org

# അൽ അഖീദതു വൽ ഇബാദത്തു വസ്സുലൂക്
(വിശ്വാസവും ആരാധനയും സംസ്കരണവും)

തന്റെ ഗ്രന്ഥങ്ങളിൽ ശൈഖ് ഏറ്റവും പ്രധാനമായി കണ്ടവയിലൊന്നാണിത്. വിശ്വാസം, ആത്മീയബോധം, സ്വഭാവസംസ്കരണം എന്നിവക്ക് പ്രാധാന്യം നൽകിയ ഇമാം ഗസ്സാലിയുടെ 'ഇഹ്‌യാ ഉലൂമിദ്ദീൻ', ശൈഖ് അബ്ദുൽഖാദിർ ജീലാനിയുടെ 'ഗുൻയതുത്ത്വാലിബീൻ', ഇമാം ഇബ്നുൽ ഖയ്യിമിന്റെ 'സാദുൽ മആദ്' എന്നിവയുടെ ശൈലിയാണ് ഈ പുസ്തകരചനക്ക് ശൈഖ് അവലംബിച്ചിട്ടുള്ളത്.

ശൈഖ് തന്നെ എഴുതുന്നു:

"ഈ വീക്ഷണത്തിലുള്ള രചനയിലും കാലത്തിന്റെ ആവശ്യ നിർവഹണത്തിലും ഇസ്‌ലാമിന്റെയും തർബിയത്തിന്റെയും തേട്ടക്കാർക്കും വിശിഷ്യ", ഒരു മുറബ്ബിയായ ശൈഖിനും നവോത്ഥാനനായകനും അവരുടെ ത്വരീഖത്തിൽ സഞ്ചരിക്കാനുദ്ദേശിക്കുന്നവർക്കും സഹായകരമായ *ഇഹ്‌യാ ഉലൂമിദ്ദീൻ* എന്ന ഗ്രന്ഥത്തോട് ചേർന്നുവരുന്നതാണ് ഇമാം അബ്ദുൽഖാദിർ ജീലാനിയുടെ *ഗുൻയതുത്ത്വാലിബീൻ.* ഉന്നത ഗ്രന്ഥകാരനും ഇസ്‌ലാമിന്റെ ഇമാമുമാരിൽ ഒരാളും സമുദായത്തിന്റെ ശ്രേഷ്ഠമുറബ്ബികളിൽ പ്രമുഖനുമായ അദ്ദേഹത്തിന്റെ സത്യസന്ധരായ ശിഷ്യന്മാർക്കു വേണ്ടി രചിച്ചതാണീ ഗ്രന്ഥം. ബോധമുള്ള മുസ്‌ലിം അറിഞ്ഞിരിക്കേണ്ട ശുചിത്വം, നമസ്കാരം, സകാത്ത്, വ്രതം, ഹജ്ജ്, ഖുർആനിലും സുന്നത്തിലും സ്ഥിരപ്പെട്ട ഇസ്‌ലാമിക മര്യാദകൾ എന്നിവ പരാമർശിക്കുന്ന ഈ ഗ്രന്ഥം കർമശാസ്ത്ര പണ്ഡിതനും അധ്യാപകനും മുറബ്ബിയുമായ ഒരാൾക്കൊഴികെ രചിക്കാൻ കഴിയില്ല. നബിചര്യയിൽ ജീവിച്ച അദ്ദേഹം ഇമാം അഹ്മദുബ്നു ഹമ്പലിന്റെ അനുയായിയും മദ്ഹബുകാരനുമായിരുന്നു. വിധിവിലക്കുകളെ സംബന്ധിച്ചും അഹ്‌ലുസ്സുന്നത്തിന്റെ അഖീദയെ സംബന്ധിച്ചും വിശദീകരിക്കുന്ന ഗ്രന്ഥം വഴിപിഴച്ച വിഭാഗങ്ങൾക്കെതിരെയുള്ള ശക്തമായ പ്രതികരണം കൂടിയാണ്.

www.abulhasanalinadwi.org

ഖുർആൻ, സുന്നത്ത്, വിശുദ്ധ വിശ്വാസം, മാനസിക സ്വഭാവസംസ്കരണം എന്നീ മാർഗങ്ങളിലൂടെ ജീവിതത്തെ രൂപപ്പെടുത്താൻ ഉദ്ദേശിക്കുന്നവർക്കും അദ്ദേഹത്തിന്റെ ത്വരീഖത്തിൽ ചേർന്ന ഏഷ്യനാഫ്രിക്കൻ വൻകരകളിലെ ആയിരങ്ങൾക്കും ഒരു മാർഗരേഖയാണത്''(1)

തൗഹീദ്, ശിർക്ക്, സുന്നത്ത്, ബിദ്അത്ത്, തർബിയത്ത്, തസ്കിയത്ത്, ദിക്ർ, ദുആ, ജിഹാദ്, പ്രവാചകചര്യ തുടങ്ങിയവ ഖുർആന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിൽ വിശദീകരിക്കുന്നതാണ് പ്രസ്തുത ഗ്രന്ഥം; വിശ്വാസവൈകല്യങ്ങളിൽനിന്ന് മുസ്‌ലിം ഉമ്മത്തിനെ രക്ഷപ്പെടുത്തി അവരിൽ ആത്മീയ ചൈതന്യം വളർത്തിയെടുക്കാൻ വേണ്ടി രചിക്കപ്പെട്ടതാണത്.

# അൽ അർകാനുൽ അർബഅഃ

## ഫീദൗഇൽ കിതാബി വസ്സുന്നഃ

## (നാല് സ്തംഭങ്ങൾ)

നമസ്കാരം, നോമ്പ്, സകാത്ത്, ഹജ്ജ് എന്നീ നാല് ഇസ്‌ലാമിക സ്തംഭങ്ങളെ സംബന്ധിച്ചുള്ള ആധികാരിക പഠനമാണിതിൽ. മറ്റു മതങ്ങളുടെ ആചാരാനുഷ്ഠാനങ്ങളുമായി തുലനം ചെയ്തുകൊണ്ട് ആധുനിക ഗവേഷണങ്ങളിലൂടെ ഇസ്‌ലാമികാനുഷ്ഠാനങ്ങളുടെ പ്രസക്തി ഈ പുസ്തകം വരച്ചു കാണിക്കുന്നു.

പുസ്തകം വായിച്ചശേഷം അമേരിക്കയിലെ മുസ്‌ലിം എഴുത്തുകാരി മർയം ജമീല ശൈഖിന് അയച്ച കത്തിൽ പറയുന്നു:

“നിങ്ങളുടെ *അൽ അർകാനുൽ അർബഅ*യുടെ ഇംഗ്ലീഷ് പതിപ്പ് ഞാൻ കൈപ്പറ്റി. ഇംഗ്ലീഷിൽ ഈ വിഷയസംബന്ധമായി ഇതുവരെ പുറത്തിറങ്ങിയ ഗ്രന്ഥങ്ങളിൽ വെച്ച് ഏറ്റവും സമ്പുഷ്ടവും സമ്പൂർണവുമാണ് നിങ്ങളുടെ കൃതി. ഈ വിഷയത്തിൽ

1. അൽ അഖീദത്തു വൽഇബാദത്തു വസ്സുലൂക്. പേജ്:7,8,9

www.abulhasanalinadwi.org

മുസ്‌ലിം എഴുത്തുകാർ രചിച്ച പുസ്തകങ്ങളൊന്നും എന്നെ ഇതുപോലെ ആകർഷിച്ചിട്ടില്ല. മിക്ക ഗ്രന്ഥകാരന്മാരുടെ പുസ്തകങ്ങളും പലപ്പോഴും വിപരീതഫലമാണ് സൃഷ്ടിക്കുന്നത്. ഇബാദത്തുകളെ സംബന്ധിച്ച് അശ്രദ്ധരായ മുസ്‌ലിംകളെ പരലോകശിക്ഷ പറഞ്ഞ് പേടിപ്പിക്കുന്ന കൃതികളാണവ. ആരാണിവിടെ പരലോകശിക്ഷ നിഷേധിക്കുന്നത്? ഇത്തരം ശൈലികൾ ഇസ്‌ലാമിനെ തെറ്റിദ്ധരിപ്പിക്കുന്നതിനും അത് ശാഠ്യത്തിന്റെയും വലയങ്ങളുടെയും മതമെന്ന മുദ്രക്കും കാരണമാവുകയാണുണ്ടാവുക. ഇമാം ഗസ്സാലിയുടെയും ശാഹ് വലിയുല്ലാഹിദ്ദഹ്‌ലവിയുടെയും ചിന്തകൾ ആധുനിക ശൈലിയിൽ പുതിയ തലമുറക്ക് പകരുകയും ഹിന്ദു - ബുദ്ധ- ജൂത- ക്രിസ്ത്യൻ മതങ്ങളുടെ ആരാധനാകർമങ്ങളുമായുള്ള ബൃഹത്തായ താരതമ്യപഠനം നടത്തുന്നതുമായ നിങ്ങളുടെ പുസ്തകം വളരെ പ്രയോജനകരമാണ്" (1).

## അസ്സിറാഉ ബൈനൽ

### ഫിക്റതിൽ ഇസ്‌ലാമിയ്യഃ വൽഫിക്റതിൽ ഗർബിയ്യഃ
### (ഇസ്‌ലാമിക-പാശ്ചാത്യ ചിന്താസംഘട്ടനങ്ങൾ)

അനുദിനം ലോകത്തെ ഗ്രസിച്ചുകൊണ്ടിരുന്ന പാശ്ചാത്യൻ സംസ്കാരത്തെയും ഇസ്‌ലാമിനെതിരിലുള്ള അതിന്റെ ആക്രമണങ്ങളെയും ഇസ്‌ലാമിന്റെ ഭാഗത്തു നിന്നുണ്ടായ വ്യത്യസ്ത പരിഷ്കർത്താക്കളുടെ പ്രതിരോധങ്ങളെയും സംബന്ധിച്ച ആധികാരിക പഠനമാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം.

പാശ്ചാത്യ സംസ്കാരത്തിന്റെ മുമ്പിൽ പകച്ചുനിൽക്കുന്ന ആധുനിക മുസ്‌ലിംയുവതയെ വിളിച്ചുണർത്തി, ഇസ്‌ലാമിന്റെ മൗലികതയും കാലത്തെ അതിജയിക്കാനുള്ള അതിന്റെ അത്ഭുതകരമായ കഴിവും സാർവകാലികമായ അതിന്റെ ആശയങ്ങളും മനസ്സിലാക്കിക്കൊടുക്കുകയാണ് ശൈഖ് ഈ പുസ്തകത്തിലൂടെ ചെയ്യുന്നത്.

1. അബ്ദുൽമാജിദ് ദരിയാബാദി എന്ന പുസ്തകത്തിൽനിന്ന് - പേജ് 268-269

www.abulhasanalinadwi.org

# അത്ത്വരീഖു ഇലൽമദീന

(മദീനയിലേക്കുള്ള പാത)

ശൈഖിന്റെ കൃതികളിൽ കൂടുതൽ കാവ്യാത്മകത നിറഞ്ഞ ഗ്രന്ഥമാണിത്. 'മദീനയിലേക്കുള്ള പാത' എന്നർഥമുള്ള പുസ്തകം വായനക്കാരിൽ പ്രവാചകസ്നേഹത്തിന്റെ ആരോഗ്യമുള്ള വിത്തുകൾ വിതക്കുന്നതാണ്. ഗ്രന്ഥരചനയുടെ പശ്ചാത്തലം ശൈഖ് വിവരിക്കുന്നത് ഇങ്ങനെയാണ്: "പ്രവാചകനോടുള്ള ആത്മീയസ്നേഹവും വൈകാരികബന്ധവും മുസ്‌ലിം രാജ്യങ്ങളിൽ ക്ഷയിച്ചുവരുന്നത് എന്നെ അസ്വസ്ഥനാക്കുകയുണ്ടായി. സർവ കുഴപ്പങ്ങളുടെയും സംഘർഷങ്ങളുടെയും എല്ലാവിധ അരാജകത്വങ്ങളുടെയും യഥാർഥ നിദാനം അതൊന്നു മാത്രമാണ്. ഭൗതികതയുടെ അലയൊലികളെ ചെറുക്കുകയും വെണ്ണീരിന്നടിയിലെ തീക്കനൽപോലെ ഓരോ മുസ്‌ലിമിന്റെയും ഹൃദയാന്തരാളത്തിൽ ഗോപ്യമായിക്കിടക്കുന്ന ആ പ്രവാചകസ്നേഹത്തെ ഉദ്ദീപിപ്പിക്കുകയും പോഷിപ്പിക്കുകയും ചെയ്യുന്ന ഒരു കൊച്ചു സൈന്യാധിപനാവാനാണ് ഗ്രന്ഥകാരൻ ഉദ്ദേശിക്കുന്നത്"(1)

പ്രസിദ്ധ എഴുത്തുകാരൻ മുഹമ്മദ് അസദിന്റെ 'മക്കയിലേക്കുള്ള പാത' എന്ന പുസ്തകനാമത്തെ അനുകരിച്ചാണ് 'മദീനയിലേക്കുള്ള പാത' എന്ന നാമകരണം. ഇഖ്ബാൽ റസൂലിന്റെ മദീനയിൽ (1952-ൽ ദമസ്കസ് റേഡിയോ പ്രക്ഷേപണം ചെയ്തത്), സമുദായനേതാക്കൾ റസൂലിന്റെ മുന്നിൽ (1962-ൽ ജിദ്ദ റേഡിയോ പ്രക്ഷേപണം ചെയ്തത്), ഹിറാഗുഹയിൽ നിന്ന് (1950-ൽ മക്കാ റേഡിയോ പ്രക്ഷേപണം ചെയ്തത്), ഒരു നവലോകത്തിന്റെ ജന്മം (ഒരു റബീഉൽ അവ്വലിനോടനുബന്ധിച്ച് ദൽഹി റേഡിയോ പ്രക്ഷേപണം ചെയ്തത്), ഇസ്‌ലാമിന്റെ മടിത്തട്ടിലിൽ (1951-ൽ ദൽഹി റേഡിയോ പ്രക്ഷേപണം ചെയ്തത്) എന്നീ പ്രഭാഷണങ്ങളും പ്രവാചകസ്നേഹം മുറ്റിനിൽക്കുന്ന ശൈഖിന്റെ ഏതാനും പ്രബന്ധങ്ങളുമാണ് പുസ്തകത്തിന്റെ ഉള്ളടക്കം.

തന്റെ ഗ്രന്ഥങ്ങളിൽ തനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടത് *അത്ത്വരീഖു ഇലൽ മദീന*യാണെന്ന് ശൈഖ് പറയാറുണ്ടായിരുന്നു.

---

1. *അത്ത്വരീഖു ഇലൽ മദീന*യുടെ ആമുഖത്തിൽനിന്ന്

www.abulhasanalinadwi.org

# ഫീ മസീറത്തിൽ ഹയാത്ത്

(ജീവിതപാതയിൽ)

ശൈഖ് നദ്‌വിയുടെ ആത്മകഥയാണിത്. സാധാരണ കാണപ്പെടാറുള്ള ആത്മകഥകളിൽനിന്ന് വ്യത്യസ്തമായി എഴുതപ്പെട്ട ഈ ഗ്രന്ഥം ഒരു ചരിത്രകൃതി കൂടിയാണ്. തന്റെ ജീവിതത്തിനിടയിൽ ഉണ്ടായ ചരിത്രസംഭവങ്ങൾ, ഇസ്‌ലാമിക പ്രബോധനമേഖലകൾ, താൻ സന്ദർശിച്ച രാജ്യങ്ങളിൽ നടത്തിയ പ്രഭാഷണങ്ങൾ, ഓരോ വിഷയത്തോടുമുള്ള തന്റെ സമീപനങ്ങൾ, തന്റെ കുടുംബവേരുകളെ സംബന്ധിച്ച ആധികാരികമായ വിവരണങ്ങൾ, ലോകത്തിലെ വിവിധ ഇസ്‌ലാമികപ്രസ്ഥാനങ്ങളെയും അതിന്റെ നായകന്മാരെയും സംബന്ധിച്ചുള്ള പരാമർശങ്ങൾ തുടങ്ങിയവ ഉൾക്കൊള്ളുന്ന ഈ ഗ്രന്ഥം ഇസ്‌ലാമിന്റെ അന്തർദേശീയ ചലനങ്ങളെ സംബന്ധിച്ച് നല്ലൊരു ചിത്രം വായനക്കാരന് നൽകുന്നുണ്ട്. മൂന്ന് വാള്യങ്ങളിൽ 1100-ൽപരം പേജുകളിലായി പ്രസിദ്ധീകരിക്കപ്പെട്ട ഈ പുസ്തകത്തിന്റെ ശൈലി ഹൃദ്യവും സരളവും ചാരുതയാർന്നതുമാണ്.

www.abulhasanalinadwi.org

www.abulhasanalinadwi.org

# ഗ്രന്ഥങ്ങളിലൂടെ

www.abulhasanalinadwi.org

എല്ലാറ്റിനും യാഥാർഥ്യവും രൂപവുമുണ്ട്. നാം ഭുജിക്കുന്ന ആപ്പിളും മുന്തിരിയും യാഥാർഥ്യങ്ങളാണ്. അതിന് രുചിയും സൗരഭ്യവും പോഷകഗുണങ്ങളുമുണ്ട്. എന്നാൽ, നമുക്ക് ആപ്പിളിന്റെയും മുന്തിരിയുടെയും പ്ലാസ്റ്റിക് രൂപങ്ങൾ കാണാം. അതിൽ മേൽഗുണങ്ങളുണ്ടാവില്ല. അത് കേവലം രൂപങ്ങൾ മാത്രമാണ്. സത്തയിൽ മുഴുവൻ ആപ്പിളിന്റെയും മുന്തിരിയുടെയും വിശേഷഗുണങ്ങളുള്ള ആപ്പിളും മുന്തിരിയും മാത്രമേ ലോകത്തിന് ഫലം ചെയ്യൂ. മുസ്‌ലിമിന്റെ വിഷയവും ഇതുപോലെത്തന്നെയാണ്. സത്യത്തിൽ ഇസ്‌ലാമിനെക്കൊണ്ട് മാത്രമേ ലോകത്തിന് നന്മ ലഭിക്കുകയുള്ളൂ.

സയ്യിദ് അബുൽഹസൻ അലി നദ്‌വി

www.abulhasanalinadwi.org

ചെറുതും വലുതുമായി ഇരുനൂറോളം കൃതികൾ സയ്യിദ് നദ്‌വി സാഹിബിന്റെ അനുഗൃഹീത തൂലികത്തുമ്പിൽനിന്ന് ജന്മം കൊണ്ടിട്ടുണ്ട്. ബൃഹത്തായ പഠനങ്ങളും ഗൗരവമേറിയ ചിന്തകളുമാണ് നദ്‌വീകൃതികളിലധികവും. ചില പുസ്തകങ്ങൾ ശൈഖിന്റെ പ്രധാന പ്രഭാഷണങ്ങളുടെ ഗ്രന്ഥാവിഷ്കാരമാണ്. വലിയ പുസ്തകങ്ങളിലെ വിവിധ വിഷയങ്ങൾ പ്രത്യേകം പുസ്തകങ്ങളായും ലഘുലേഖകളായും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. മിക്ക ഗ്രന്ഥങ്ങളുടെയും രചന ഖുർആന്റെയും തിരുനബി(സ)യുടെയും ഭാഷയായ അറബിയിൽ നിർവഹിച്ചപ്പോൾ ഏതാനും ഗ്രന്ഥങ്ങളുടെ രചന മാതൃഭാഷയായ ഉർദുവിലാണ് സയ്യിദ് സാഹിബ് നിർവഹിച്ചത്. മിക്ക ഗ്രന്ഥങ്ങളുടെയും അറബി, ഉർദു, ഇംഗ്ലീഷ് പതിപ്പുകൾ ലഭ്യമാണ്.(1)

ലഖ്നോവിലെ അക്കാദമി ഓഫ് ഇസ്‌ലാമിക് റിസർച്ച് ആന്റ് പബ്ലിക്കേഷൻ, നദ്‌വത്തുൽ ഉലമ, ബൈറൂത്തിലെ മുഅസ്സസതുർ രിസാല, ദാറുബ്നികസീർ, മുഅസ്സസതുൽ കിതാബ്, ദാറുമക്തബതിജിദ്ധ, കുവൈത്തിലെ ദാറുൽ ഖലം, മക്തബതുൽ മനാർ, കെയ്റോവിലെ ദാറുസ്സലാം, ദാറുസ്സഹ്‌വ, മക്കയിലെ റാബിത്വതുൽ ആലമിൽ ഇസ്‌ലാമി, യൂണിവേഴ്സൽ ലീഗ് ഓഫ് ഇസ്‌ലാമിക് ലിറ്ററേച്ചർ എന്നീ പ്രസിദ്ധീകണാലയങ്ങളാണ് ശൈഖിന്റെ കൃതികൾ പ്രസിദ്ധീകരിച്ചിട്ടുള്ളത്.

ശൈഖിന്റെ പ്രസിദ്ധീകരിക്കപ്പെട്ട അറബിഗ്രന്ഥങ്ങളുടെ പേരും അതിന്റെ ഏകദേശ മലയാളസാരവുമാണ് താഴെ.

1. الإجتهاد ونشأة المذاهب الفقهية

ഇജ്തിഹാദും ഫിഖ്ഹീമദ്ഹബുകളുടെ ഉൽഭവവും

2. أحاديث صريحة في أمريكا

അമേരിക്കയിൽവെച്ചുള്ള പ്രഖ്യാപനം

3. أحاديث صريحة مع إخواننا العرب والمسلمين

നമ്മുടെ അറബ്-മുസ്‌ലിം സഹോദരങ്ങളോടുള്ള പ്രഖ്യാപനം

4. إذا هبت ريح الإيمان

വിശ്വാസത്തിന്റെ മന്ദമാരുതൻ വീശിയപ്പോൾ

5. ارتباط مسير الإنسانية ومسيرها بقيام المسلمين بواجبهم

മനുഷ്യജീവിതവും മുസ്‌ലിം ബാധ്യതയും

(1) ശൈഖിന്റെ അറബി, ഉർദു, ഇംഗ്ലീഷ്, ഹിന്ദി പുസ്തകങ്ങൾ വാങ്ങാനാഗ്രഹിക്കുന്നവർ Academy of Islamic Research & Publications P.B.No. 119., P.O. Nadwa Lucknow, UP, 226007 എന്ന വിലാസത്തിൽ ബന്ധപ്പെടുക.

www.abulhasanalinadwi.org

6. الأركان الاربعة في ضوء الكتاب والسنة (1)

ഇസ്ലാമിന്റെ നാല് സ്തംഭങ്ങൾ, ഖുർആന്റെയും സുന്നത്തിന്റെയും വെളിച്ചത്തിൽ.

7. أريد أن أتحدث إلى الإخوان

ഇഖ്‌വാനികളോടുള്ള പ്രഖ്യാപനം

8. إزالة اسباب الخذلان أهمس إزالة أثار العوان

അധോഗതിയുടെ കാരണങ്ങൾ

9. أزمة إيمان وأخلاق

വിശ്വാസത്തിന്റെയും സംസ്കാരത്തിന്റെയും പ്രതിസന്ധികൾ

10. أسبوعان في المغرب الأقصى

മൊറോക്കോയിൽ രണ്ടാഴ്ച

11. الإسلام وأثره في الحضارة وفضله على الإنسانية

മാനവനാഗരികതയും ഇസ്ലാമും

12. الإسلام فوق القوميات والعصبيات

ഇസ്ലാം വംശീയതക്കും വർഗീയതക്കും എതിരെ

13. الإسلامي في عالم متغير

ഇസ്ലാമും മാറുന്ന ലോകവും

14. الإسلام في عالم متغير بحوث إسلامية قيمة

ഇസ്ലാം പുരോഗമനലോകത്ത്

15. الإسلام والحكم

ഇസ്ലാമും ഭരണവും

16. الإسلام والغرب

ഇസ്ലാമും പടിഞ്ഞാറും

1. എം.എം. നദ്‌വി വിവർത്തനം ചെയ്തു (അർകാനെ അർബഅ: പ്രസാധനം: യുവത, കോഴിക്കോട്.)

www.abulhasanalinadwi.org

17. الإسلام والمستشرقون

ഇസ്‌ലാമും ഓറിയന്റലിസവും

18. اسمعوها منى صريحة أيها العرب

അറബികളേ, കേൾക്കുക

19. إسمعي يا إيران

ഇറാൻ, നീ കേൾക്കുക

20. إسمعي يا زهرة الصحراء

മരുഭൂമിയിലെ പുഷ്പമേ, കേൾക്കുക.

21. إسمعي يا سورية

സിറിയ, നീ കേൾക്കുക

22. إسمعي يا مصر

ഈജിപ്തേ, കേൾക്കുക

23. أضواء على الحركات والدعوات الدينية والإصلاحية

ഇസ്‌ലാമികസംഘടനകളും പ്രബോധകസംഘങ്ങളും

24. أكبر خطر على العالم العربي – المؤامرات والمخططات الدقيقة العميقة لقطع العرب عن الإسلام

അറബ്‌ലോകത്തെ ഇസ്‌ലാമിൽനിന്നകറ്റാൻ വൻ ഗൂഢാലോചന

25. (1) إلى الإسلام من جديد

വീണ്ടും ഇസ്‌ലാമിലേക്ക്

26. إلى الراية المحمدية أيها العرب

അറബികളേ, മുഹമ്മദീയപതാകയിലേക്ക് വരിക

27. إلى شاطئ النجاة

വിജയത്തിന്റെ തീരത്തേക്ക്

28. إلى قمة القيادة العالمية

ലോകനേതൃത്വത്തിലേക്ക്

1. ഹംസ റഹ്‌മാനി വിവർത്തനം ചെയ്തു ('ഭൗതികതയിൽനിന്ന് ആത്മീയതയിലേക്ക്' ബഹ്ജത്തുൽ ഉലമാ, റഹ്‌മാനിയ്യ, കടമേരി)

www.abulhasanalinadwi.org

29. الى ممثلي البلاد الإسلامية

ഇസ്‌ലാമികരാഷ്ട്രങ്ങളുടെ പ്രതിനിധികളോട്

30. الإمام حسن البصرى

ഇമാം ഹസനുൽ ബസ്വരി

31. الإمام عبد القادر الجيلانى

ഇമാം അബ്ദുൽഖാദിർ ജീലാനി

32. الإمام الذى لم يوف حقه من الإنصاف والاعتراف به (أحمد بن عرفان الشهيد)

അവഗണിക്കപ്പെട്ട ഇമാം (അഹ്‌മദുബ്നു ഇർഫാൻ ശഹീദ്)

33. الإمام محمد بن إسماعيل البخارى وكتابه صحيح البخارى

ഇമാം ബുഖാരി

34. الأمة الإسلامية ووحدتها ووسطيتها وآفاق المستقبل

ഇസ്‌ലാമികസമൂഹത്തിന്റെ ഭാവി

35. أمريكا وأوروبا واسرائيل

അമേരിക്ക, യൂറോപ്പ്, ഇസ്രയേൽ

36. إن فى ذلك لذكرى لمن كان له قلب

ഹൃദയമുള്ളവരോട്

37. أهمية الحضارة في تاريخ الديانات وحياة أصحابها

മതങ്ങളുടെ ചരിത്രത്തിൽ നാഗരികതയുടെ സ്ഥാനം

38. أهمية نظام التربية والتعليم فى الأقطار الإسلامية

പഠനവും പരിപാലനവും ഇസ്‌ലാമികമേഖലകളിൽ

39. بين الإنسانية وأصدقائها

മാനവത

40. بين الجباية والهداية

സന്മാർഗം

www.abulhasanalinadwi.org

41. بين الدين والمدينة

മതവും നാഗരികതയും

42. بين الصورة والحقيقة (1)

രൂപവും യാഥാർഥ്യവും

43. بين العالم وجزيرة العرب

ലോകവും അറബ്‌രാജ്യങ്ങളും

44. بين نظرتين

രണ്ട് വീക്ഷണങ്ങൾ

45. تأملات في القرآن الكريم

ഖുർആൻചിന്തകൾ

46. التربية الإسلامية الحرة في الحكومات والبلاد الإسلامية

സ്വതന്ത്ര ഇസ്‌ലാമികപരിപാലനം

47. ترجمة السيد الإمام أحمد بن عرفان الشهيد

ഇമാം അഹ്‌മദുബ്‌നു ഇർഫാൻ ശഹീദ്

48. ترشيد الصحوة الإسلامية

ഇസ്‌ലാമിക ജാഗരണം

49. تضحية شباب العرب قنطرة إلى سعادة البشرية

അറബ് യുവതയും മാനവവിജയവും

50. تعالوا نحاسب نفوسنا وقادتنا

നമ്മുടെയും നേതൃത്വത്തിന്റെയും വീണ്ടുവിചാരം

51. التفسير السياسي للإسلام في مرآة كتابات الأستاذ أبي الأعلى (2)
المودودي وسيد قطب

ഇസ്‌ലാമിന് രാഷ്ട്രീയവ്യാഖ്യാനം

1. ഐ.പി.എച്ച്, കോഴിക്കോട് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്.
2. സുഹൈർ ചുങ്കത്തറ വിവർത്തനം ചെയ്തു.((പ്രസാധനം:കെ.എൻ.എം, കോഴിക്കോട്)

www.abulhasanalinadwi.org

52. ثورة في التفكير

ചിന്താവിപ്ലവം

53. جوانب السيرة المضيئة في المدائح النبوية الفارسية والأردية

പ്രവാചകമാഹാത്മ്യങ്ങൾ ഉർദു -പേർഷ്യൻ ഭാഷകളിൽ

54. حاجة البشرية إلى معرفة صحيحة ومجتمع إسلامي

യഥാർഥ വിജ്ഞാനത്തിന്റെ ആവശ്യകത

55. حاجة العالم إلى الدعوة الإسلامية

ഇസ്‌ലാമികപ്രബോധനം തേടുന്ന ലോകം

56. حاجة العالم إلى مجتمع إسلامي مثالي أفضل

മാതൃകാ ഇസ്‌ലാമികസമൂഹത്തെ തേടുന്ന ലോകം

57. الحاجة إلى التركيز على جانب حاسم

ധീരമായ ചുവടുവെപ്പിന്റെ ആവശ്യകത

58. حديث مع الغرب

പടിഞ്ഞാറിനോട് ചില വർത്തമാനം

59. الحضارة الغربية الوافدة وأثرها في الجيل المثقف

പടിഞ്ഞാറൻനാഗരികതയും സാംസ്കാരികസമൂഹവും

60. حكمة الدعوة وصفة الدعاة

പ്രബോധനത്തിന്റെ യുക്തിയും പ്രബോധകരുടെ സ്വഭാവവും

61. خليج بين الإسلام والمسلمين

മുസ്‌ലിംകൾ ഇസ്‌ലാമുമായി അകലുന്നു

62. خواطر وفصول

ചിന്തകൾ

63. الداعية الكبير الشيخ محمد إلياس الكاندهلوي ودعوته

ശൈഖ് മുഹമ്മദ് ഇൽയാസും അദ്ദേഹത്തിന്റെ പ്രബോധനവും

www.abulhasanalinadwi.org

64. دراسة السيرة من خلال الأدعية المأثورة المروية

നബിചര്യയും പ്രാർഥനയും

65. درس من الحوادث

ചില പാഠങ്ങൾ

66. دعوة وتاريخ

പ്രബോധനവും ചരിത്രവും

67. الدعوة الإسلامية في العصر الحاضر: جبهاتها الحاسمة ومجالاتها الرئيسية

ആധുനികയുഗത്തിലെ ഇസ്‌ലാമികപ്രബോധനം

68. الدعوة الإسلامية في الهند وتطوراتها

ഇസ്‌ലാമികപ്രബോധനം ഇന്ത്യയിൽ

69. الدعوة إلى الله حماية المجتمع من الجاهلية وصيانة الدين من التحريف

പ്രബോധനവും അജ്ഞതയും

70. الدعوة والدعاة مسئولية وتاريخ

പ്രബോധനവും പ്രബോധകരുടെ ബാധ്യതയും

71. دور الإسلام الإصلاحي في مجال العلوم الإنسانية

മാനവികവിജ്ഞാനങ്ങളിൽ ഇസ്‌ലാമികനവോത്ഥാനത്തിന്റെ പങ്ക്

72. دور الإسلام في تقدم البلاد التي دخلها

രാഷ്ട്രപുരോഗതിയിൽ ഇസ്‌ലാമിന്റെ പങ്ക്

73. دور الإسلام في نهضة الشعوب

ജനകീയമുന്നേറ്റത്തിൽ ഇസ്‌ലാമിന്റെ പങ്ക്

74. دور الأمة الإسلامية في إنقاذ البشرية وإسعادها

മാനവമോചനവും മുസ്‌ലിംസമുദായവും

75. دور الجامعات الإسلامية المطلوب في تربية العلماء وتكوين الدعاة وحماية الأقطار الإسلامية من التناقض والجاذبية

ഇസ്‌ലാമികപ്രബോധകരെയും പണ്ഡിതരെയും വാർത്തെടുക്കൽ

www.abulhasanalinadwi.org

76. دور الحديث فى تكوين المناخ الإسلامى وصيانته

ഇസ്‌ലാമികപ്രമാണങ്ങളിൽ ഹദീസിന്റെ സ്ഥാനം

77. دور المسلمين القيادى والإجتهادى فى الهند

ഇന്ത്യയിലെ മുസ്‌ലിംനേതൃത്വം

78. ربانية لا رهبانية

പൗരോഹിത്യമല്ല; ദൈവികതയാണ്

79. رجال الفكر والدعوة فى الإسلام ١ - ٤

ഇസ്‌ലാമികചിന്തയും പ്രബോധകരും

80. ردة ولا أبابكر لها(1)

അഭിനവ മതംമാറ്റം

81. رسائل الأعلام

പ്രതിഭകളുടെ കത്തുകൾ

82. رسالة التوحيد

ഏകദൈവത്തിന്റെ സന്ദേശം (1)

83. رسالة سيرة النبى الأمين إلى إنسان القرن العشرين

ഇരുപതാം നൂറ്റാണ്ടിന് റസൂലിന്റെ സന്ദേശം

84. روائع إقبال (2)

ഇഖ്ബാലിയൻസൗന്ദര്യം

85. روائع من أدب الدعوة فى القرآن والسيرة

സുന്ദരമായ പ്രബോധനസാഹിത്യം

86. سياسة التربية والتعليم السليمة

മൂല്യാധിഷ്ഠിത വിദ്യാഭ്യാസവും ശിക്ഷണവും

---

1. സുഹൈർ ചുങ്കത്തറ വിവർത്തനം ചെയ്തു (ശ്രദ്ധിക്കപ്പെടാത്ത മതം മാറ്റം, പ്രസാധനം കെ.എൻ.എം, കോഴിക്കോട്).
2. അബ്ദുസ്സമദ് സമദാനി വിവർത്തനം ചെയ്തു. (പ്രസാധനം നവോത്ഥാനം പബ്ലിക്കേഷൻസ്, സർഹിന്ദ് നഗർ, കോട്ടക്കൽ)

www.abulhasanalinadwi.org

87. سيرة خاتم النبيين (للأطفال)

പ്രവാചകകഥകൾ

88. السيرة النبوية

നബിചരിത്രം

89. شاعر الإسلام الدكتور محمد إقبال

ഡോ.മുഹമ്മദ് ഇഖ്ബാൽ

90. شخصيات وكتب

പ്രമുഖ വ്യക്തിത്വങ്ങളും പ്രധാന ഗ്രന്ഥങ്ങളും

91. الصراع بين الإيمان والمادية

വിശ്വാസവും ഭൗതികതയും

92. الصراع بين الفكرة الإسلامية والفكرة الغربية في الأقطار الإسلامية

ഇസ്‌ലാമികചിന്തയും പടിഞ്ഞാറൻസങ്കൽപങ്ങളും

93. صلاح الدين الأيوبي

സ്വലാഹുദ്ദീൻ അയ്യൂബി

94. صورتان متضادتان لنتائج جهود الرسول صلى الله عليه وسلم الدعوية والتربوية وسيرة الجيل المثالي الأول عند أهل السنة والشيعة الإمامية

സുന്നികളും ശീഇകളും

95. الطريق إلى السعادة والقيادة للدول والمجتمعات الإسلامية الحرة

ഇസ്‌ലാമിക സമൂഹങ്ങളുടെ വിജയപാത

96. الطريق إلى المدينة المنورة (1)

മദീനയിലേക്കുള്ള പാത

97. عاصفة يواجهها العالم الإسلامي والعربي

ഇസ്‌ലാമികലോകത്തെ കൊടുങ്കാറ്റ്

1. അബ്ദുസ്സമദ് സമദാനി വിവർത്തനം ചെയ്തു. (പ്രസാധനം നവോത്ഥാനം പബ്ലിക്കേഷൻസ്, സർഹിന്ദ് നഗർ, കോട്ടക്കൽ)

www.abulhasanalinadwi.org

98. العرب والإسلام

അറബികളും ഇസ്‌ലാമും

99 العرب يكتشفون أنفسهم

അറബികൾക്ക് ആത്മബോധം വരുന്നു

100. العقيدة والعبادة والسلوك

വിശ്വാസവും ആരാധനയും സംസ്കരണവും

101. على الخشبة

മരച്ചില്ലക്കു മുകളിൽ

102. العوامل الأساسية في كارثة فلسطين

ഫലസ്തീൻ ദുരന്തത്തിന്റെ അടിസ്ഥാന കാരണങ്ങൾ

103. غارة التتار على العالم الإسلامي وظهور معجزة الإسلام

താർത്താരികളുടെ ആക്രമണവും ഇസ്‌ലാമിന്റെ വിജയവും

104. فاستخف قومه فأطاعوه

സമൂഹവും അനുസരണവും

105. الفتح للعرب المسلمين

അറബികളുടെയും മുസ്‌ലിംകളുടെയും വിജയം

106. فضل البعثة المحمدية على الإنسانية

മുഹമ്മദീയ നിയോഗവും മാനവതയും

107. في ظلال البعثة المحمدية على الإنسانية

മാനവത പ്രവാചകത്വത്തിന്റെ നിഴലിൽ

108. في مسيرة الحياة ١ — ٣

ജീവിത പാതയിൽ

109. القاديانية ثورة على النبوة المحمدية والإسلام

ഖാദിയാനികളും ഇസ്‌ലാമും

www.abulhasanalinadwi.org

110 القاديانية مؤامرة خطيرة وثورة على النبوة المحمدية

ഖാദിയാനിസമെന്ന ഗൂഢാലോചന

111. القاديانى والقاديانية (1)

ഖാദിയാനിയും ഖാദിയാനിസവും

112. قارنوا بين الربح والخسارة

ലാഭവും നഷ്ടവും

113. القراءة الراشدة للأطفال

നല്ല വായന

114. القرن الخامس عشر الهجرى الجديد فى ضوء التاريخ والواقع

ഹിജ്റ പതിനഞ്ചാം നൂറ്റാണ്ട്

115. قصص من التاريخ الإسلامى للأطفال

ഇസ്‌ലാമിക ചരിത്രകഥകൾ

116. قصص النبيين للأطفال ١ - ٥

പ്രവാചകകഥകൾ

117. قصة كتاب يحكيها مؤلفه

ഗ്രന്ഥകാരൻ പറയുന്ന കഥ

118. قيمة الأمة الإسلامية بين الأمم

ഇസ്‌ലാമികസമൂഹത്തിന്റെ സ്ഥാനം

119. كارثة التعصب اللغوى والثقافى

ഭാഷയും സംസ്കാരവും പക്ഷപാതിത്വവും

120. كارثة العالم العربى الحقيقية وأسبابها

അറബ്‌ലോകത്തിന്റെ യഥാർഥ ദുരന്തം

121. كلمة عن أدب التراجم والحديث عن الكتب

ജീവിതകഥകൾ

1. സുഹൈർ ചുങ്കത്തറ വിവർത്തനം ചെയ്തു. (ഖാദിയാനിസം. പ്രസാ:കെ.എൻ.എം. കോഴിക്കോട്)

www.abulhasanalinadwi.org

122. كيف ترجه المعارف في الأقطار الإسلامية

ഇസ്‌ലാമികരാഷ്ട്രങ്ങളിലെ വിദ്യാഭ്യാസം

123. كيف دخل العرب التاريخ

അറബികളും ലോകചരിത്രവും

124. كيف يستعيد العرب مكانتهم اللائقة بهم وكيف يحافظون عليها

അർഹമായ സ്ഥാനം അറബികൾ വീണ്ടെടുക്കേണ്ടത് എങ്ങനെ?

125. كيف ينظر المسلمون إلى الحجاز والجزيرة العربية

അറബ്‌രാജ്യങ്ങളെ സംബന്ധിച്ചുള്ള മുസ്‌ലിംവീക്ഷണം

126. المأساة الأخيرة في العالم العربي ودراستها من الناحية الدينية والخلقية والمبدئية والدعوية.

അറബ് നാട്ടിലെ അവസാന ദുരന്തം

127. المأساة الفلسطينية في بيروت

ബൈറൂത്തിലെ ഫലസ്തീൻദുരന്തം

128. (1) ماذا خسر العالم بانحطاط المسلمين

മുസ്‌ലിംകളുടെ പതനംകൊണ്ട് ലോകത്തിനെന്ത് വിനഷ്ടമായി?

129. المجتمع الإسلامي المعاصر فضله وقيمته

ആധുനിക ഇസ്‌ലാമികസമൂഹം

130. محمد رسول الله صلى الله عليه وسلم الرسول الأعظم وصاحب المنة الكبرى على العالم

മുഹമ്മദുർറസൂലുല്ലാഹ്

131. مختارات من أدب العرب ١ — ٢

അറബിസാഹിത്യങ്ങളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ടവ

132. المدخل إلى دارسات الحديث

ഹദീസ്പഠനത്തിന് ഒരു പ്രവേശിക

1. സഊദ് മുഹമ്മദ് പരിഭാഷപ്പെടുത്തി (ഇസ്‌ലാമും ലോകവും, ഹിന്ദുസ്ഥാൻ പബ്ലിക്കേഷൻ, കോഴിക്കോട്)

www.abulhasanalinadwi.org

133. المدخل إلى الدراسات القرآنية

ഖുർആൻ പഠനത്തിന് ഒരാമുഖം

134. المد والجزر في تاريخ الإسلام(1)

പുരോഗതിയും അധോഗതിയും ഇസ്‌ലാമികചരിത്രത്തിൽ

135. مذكرات سائح في الشرق العربي

ഓർമക്കുറിപ്പുകൾ

136. المرتضى (سيرة امير المؤمنين على بن أبي طالب رضى الله عنه

ഇമാം അലി(റ)

137. مستقبل الأمة العربية الإسلامية بعد حرب الخليج

ഗൾഫ്‌യുദ്ധവും ഇസ്‌ലാമികസമൂഹവും

138. المسلمون تجاه الحضارة الغربية

പാശ്ചാത്യനാഗരികതയും മുസ്‌ലിംസമീപനവും

139. المسلمون في الهند

ഇന്ത്യൻ മുസ്‌ലിംകൾ

140. المسلمون ودورهم

മുസ്‌ലിംകളും അവരുടെ പങ്കും

141. المسلمون وقضية فلسطين

മുസ്‌ലിംകളും ഫലസ്തീൻപ്രശ്നവും

142. مصادر العلوم الإسلامية

ഇസ്‌ലാമികവിജ്ഞാനങ്ങളുടെ അടിസ്ഥാനങ്ങൾ

143. مطالبة القرآن الانقياد التام والإستلام الكامل

ഖുർആന്റെ തേട്ടം

144. مع الإسلام

ഇസ്‌ലാമിനോടൊപ്പം

1. അബ്ദുശ്ശുക്കൂർ മൗലവി വിവർത്തനം ചെയ്തു. പ്രസാ: അൽഫാറൂഖ് ബുക്ക് ഡിപ്പോ എറണാകുളം

www.abulhasanalinadwi.org

145. معقل الإنسانية

മാനവതയുടെ സങ്കേതം

146. المعهد العالي للدعوة والفكر الإسلامي

ഇസ്‌ലാമികചിന്തയും പ്രബോധനവും

147. ملة إبراهيم وحضارة الإسلام

ഇസ്‌ലാമികനാഗരികതയും ഇബ്‌റാഹിമീമാർഗവും

148. من الجاهلية إلى الإسلام

അജ്ഞതയിൽനിന്ന് ഇസ്‌ലാമിലേക്ക്

149. من دون أحد

ഉഹ്ദ്

150. من غار حراء (1)

ഹിറാഗുഹയിൽനിന്ന്

151. من مؤلفات الشيخ

ശൈഖിന്റെ ഗ്രന്ഥത്തിൽനിന്ന്

152. من نفحات القرن الأول

ഒന്നാം നൂറ്റാണ്ടിന്റെ സുഗന്ധം

153. من نهر كابل إلى نهر اليرموك

കാബൂൾനദി മുതൽ യർമൂക്നദി വരെ

154. منهج أفضل في الإصلاح للدعاة والعلماء

പണ്ഡിതർക്കും പ്രബോധകർക്കും ഒരുത്തമ വഴി

155. مواساة أم مساواة

സമത്വം, സഹായം

156. موقف العالم الإسلامي تجاه الحضارة الغربية

പാശ്ചാത്യ നാഗരികതയും ഇസ്‌ലാമികലോകവും

1. എം.എം. നദ്‌വി വിവർത്തനം ചെയ്തു (അർകാനെ അർബഅ: പ്രസാധനം: യുവത, കോഴിക്കോട്.)

www.abulhasanalinadwi.org

157. موقف المسلم إزاء أسلافه الجاهليين
അജ്ഞരോട് മുസ്‌ലിമിന്റെ നിലപാട്

158. النبوة والأنبياء في ضوء القرآن
പ്രവാചകരും പ്രവാചകത്വവും

159. النبوة في الوسيلة الوحيدة للمعرفة الصحيحة والهداية الكاملة
സന്മാർഗത്തിന്റെ യഥാർഥ വഴി പ്രവാചകത്വം മാത്രം

160. النبي الخاتم
അന്ത്യപ്രവാചകൻ

161. النبي الخاتم والدين الكامل
അന്ത്യപ്രവാചകനും സമ്പൂർണമതവും

162. نحن الآن في المغرب
നാം മൊറോക്കോയിൽ

163. نحو تكوين مجتمع إسلامي جديد
പുതിയ ഇസ്‌ലാമികസമൂഹത്തെ വാർത്തെടുക്കൽ

164. ندوة العلماء تاريخها ورسالتها
നദ്‌വത്തുൽ ഉലമയുടെ സന്ദേശം

165. ندوة العلماء مدرسة فكرية شاملة
നദ്‌വയെന്ന ചിന്താപ്രസ്ഥാനം

166. نظامان إلهيان للغلبة والانتصار
രണ്ട് ദൈവിക രൂപരേഖ

167. نظام التربية والتعليم في الأقطار الإسلامية وأثره البعيد في اتجاهاتها وقياداتها
വിദ്യാഭ്യാസത്തിനും ശിക്ഷണത്തിനും ഒരു രൂപരേഖ

168. نظرات في الأدب
സാഹിത്യവീക്ഷണങ്ങൾ

www.abulhasanalinadwi.org

169. نظرات على الجامع الصحيح للإمام البخاری ومیزات أبوابه وتراجمه

ബുഖാരിയുടെ പ്രത്യേകതകൾ

170. نظرة جديدة إلى التراث الأدبي العربي

അറബിസാഹിത്യപൈതൃകം: ഒരു വീണ്ടുവിചാരം

171. نظرة مؤمن واع إلى المدنيات المعاصرة الزائفة

ആധുനികനാഗരികതയും വിശ്വാസിയുടെ സമീപനവും

172. نفحات الإيمان بين صنعاء وعمان

വിശ്വാസത്തിന്റെ കുളിർതെന്നൽ

173. هلال رمضان يتكلم

കഥപറയുന്ന റമദാൻചന്ദ്രിക

174. وأذن في الناس بالحج

ഹജ്ജ്

175. واقع العالم الإسلامي وما هو الطريق السديد لمواجهته واصلاحه

നവോത്ഥാനത്തിന്റെ യഥാർഥ പാത

176. وامعتصماه

ഓ, മുഅ്തസിം!

www.abulhasanalinadwi.org

لكنو
٢٠/٨/١٩٩٩

بسم الله الرحمن الرحيم

أخي العزيز يوسف الندوي! زاده الله توفيقا.

السلام عليكم ورحمة الله.

نرجو من الله لكم الصحة ودوام التوفيق، وبعد

فقد استلمت خطابكم منذ عدة أيام، وعرفت منه
تعلقكم وإخلاصكم نحو المحبين الذي قد صدر منذ أربعة
شهور، وشكر الله عز وجل منة علينا بالشفاء العاجل
نشكركم على هذه العناية، وندعو الله لكم بالتوفيق والسداد.
ونفيدكم علما بأن محبي الأمة قد كثرت الحمد لله
ونطلب منكم أن تكونوا بالدعاء وتنشروا هذه الروح
للدعوة إلى الله وتقوية الصلة مع الله عز وجل.
عليك أن تطالع كتبي، خاصة كتاب العقيدة
والعبادة والسلوك، والأركان الأربعة، والسيرة النبوية.
المحافظة على الصلوات والقيام بالليل.
ندعو الله لكم بالتوفيق والسداد.

والسلام عليكم ورحمة الله

أبو الحسن الندوي

عنه/ نعيم

نذير الندوي

ഗ്രന്ഥകാരന് അല്ലാമാ നദ്‌വി സാഹിബ് അവസാനമായി എഴുതിയ
കത്തിന്റെ പകർപ്പും പരിഭാഷയും

www.abulhasanalinadwi.org

ലഖ്നൗ

20-8-1999

റഹ്മാനും റഹീമുമായ അല്ലാഹുവിന്റെ തിരുനാമത്തിൽ

എന്റെ പ്രിയസഹോദരൻ യൂസുഫ് നദ്‌വി,

അല്ലാഹു താങ്കൾക്ക് തൗഫീഖുകൾ വർധിപ്പിക്കട്ടെ!

അസ്സലാമു അലൈകും വറഹ്മതുല്ലാഹ്

അല്ലാഹുവിൽനിന്നുള്ള നിത്യ തൗഫീഖും ആരോഗ്യവും നിങ്ങൾക്കുണ്ടാകുവാൻ ഞാൻ ആഗ്രഹിക്കുന്നു. മൂന്നു ദിവസം മുമ്പാണ് നിങ്ങളുടെ കത്ത് കിട്ടിയത്. നാലു മാസങ്ങൾക്കു മുമ്പ് എന്നെ ബാധിച്ച ആരോഗ്യക്ഷയം സംബന്ധമായി നിങ്ങൾക്കുണ്ടായ അസ്വസ്ഥതയും മനോവേദനയും ഞാൻ മനസ്സിലാക്കുന്നു. എന്നാൽ, വേഗത്തിൽ ശമനം നൽകി അല്ലാഹു നമ്മെ അനുഗ്രഹിച്ചിരിക്കുന്നു. ഈ അവസരത്തിൽ നിങ്ങൾക്ക് നാം പ്രത്യേകം നന്ദി പറയുകയും നേർവഴിക്കും തൗഫീഖിനും വേണ്ടി അല്ലാഹുവിനോട് പ്രാർഥിക്കുകയും ചെയ്യുന്നു.


ഇപ്പോൾ എന്റെ ആരോഗ്യനില വളരെ മെച്ചപ്പെട്ട നിലയിലാണെന്ന് നിങ്ങളെ അറിയിക്കുന്നതോടൊപ്പം പ്രാർഥനയിൽ പ്രത്യേകം ശ്രദ്ധിക്കണമെന്നും അല്ലാഹുവിനോടുള്ള ബന്ധം ഊട്ടിയുറപ്പിച്ചും അല്ലാഹുവിന്റെ മാർഗത്തിലേക്ക് ദഅ്വത്ത് നടത്തിയും അവസരങ്ങൾ വിനിയോഗിക്കണമെന്നും നിങ്ങളെ പ്രത്യേകം ഉപദേശിക്കുന്നു. എന്റെ ഗ്രന്ഥങ്ങൾ, വിശിഷ്യാ അൽ അഖീദത്തു വൽ ഇബാദത്തു വസ്സുലൂക്, അൽ അർകാനുൽ അർബഅ:, സീറത്തുന്നബവിയ്യ എന്നിവ വായിച്ചുകൊണ്ടിരിക്കുകയും നമസ്കാരങ്ങളിൽ, വിശിഷ്യാ ഖിയാമുല്ലൈലിൽ താങ്കൾ സൂക്ഷ്മത പുലർത്തുകയും ചെയ്യണം.

നിങ്ങൾക്ക് തൗഫീഖിനും നേർവഴിക്കും വേണ്ടി ഞാൻ അല്ലാഹുവിനോട് ദുആചെയ്യുന്നു.

അസ്സലാമു അലൈകും വറഹ്മതുല്ലാഹ്

അബുൽഹസൻ നദ്‌വി

www.abulhasanalinadwi.org



بسم الله الرحمن الرحيم

ندوة العلماء
لكهنؤ، الهند

أبو الحسن علي الحسني الندوي
Abul Hasan Ali Nadwi

Date: ____________

التاريخ : ١٨/٨/١٤١٦هـ

بسم الله الرحمن الرحيم

وبعد فإنه لا مانع لدي من أن يقوم الكريم/ وي كے يوسف محمد من أهل كيرلا
الطالب بندوة العلماء بنقل مؤلفاتي إلى لغة مليالم لغة كيرلا بشرط أن يراجع
الترجمة التي يقوم بها الطالب أحد الموثوقين بهم في معرفة لغة مليالم من علماء
أما بالنسبة إلى نشر هذه التراجم فعليه أن يراجعني في شأن النشر فهذا ما يريد
ذلك هذا ومن الله التوفيق وإتمام الأمور وله الحمد أولا وآخرا

١٨/٨/١٤١٦هـ

الداعي
أبو الحسن علي الحسني الندوي

ص ب : ٩٣ لكهنؤ - ٢٢٦٠٠٧ (الهند) هاتف : ٧٢٣٣٨ - ٧٢٣٣٦ - ٧٣٨٦٤ (٠٥٢٢)
Nadwatul Ulama, P.O.Box: No. 93 Lucknow - 226007. U.P. (India) Phones: (0522) 73864 - 72336 - 72338

ഗ്രന്ഥകാരൻ നദ്‌വയിലെ വിദ്യാർത്ഥിയായിരിക്കെ ശൈഖിന്റെ ഗ്രന്ഥങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യുന്നതിന് ശൈഖ് നൽകിയ സമ്മത പത്രത്തിന്റെ പകർപ്പ്.

www.abulhasanalinadwi.org